# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 11 തുലാം - 1193 നവംബർ 2017



എറണാകുളം കരയോഗത്തിന്റെ ഉപനിഷദ് വിചാര യജ്ഞം 2017
പ്രസിഡന്റ് കെ.പി.കെ. മേനോൻ ഉദ്ഘാടനം ചെയ്യുന്നു





എറണാകുളം കരയോഗത്തിലെയും പ്രശാന്തി
ഹോസ്റ്റലിലെയും ദീപാവലി ആഘോഷം





സാനു മാഷിന്റെ നവതി ആഘോഷത്തോടനുബന്ധിച്ച് പ്രഥമ ടി.എൻ.ശേഷൻ ദേശീയ സാഹിത്യ
പുരസ്ക്കാര സമർപ്പണ ചടങ്ങ് പണ്ഡിറ്റ് ശിവകുമാർ ശർമ്മ, ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.
സ്വാമി സുനിൽദാസ്, കെ.പി.കെ.മേനോൻ, പ്രൊഫ.എം.കെ.സാനു, ഫാദർ റോബി കണ്ണഞ്ചിറ,
പി.രാമചന്ദ്രൻ(വേണു) തുടങ്ങിയവർ സമീപം.







എഡിറ്റോറിയൽ

# ജാതിവ്യവസ്ഥയും മിശ്രവിവാഹവും

'ജാതി വ്യവസ്ഥ രാജ്യത്തിന്റെ ശാപമാണ്. അത് എത്രയും വേഗം ഇല്ലാതാക്കിയാൽ അത്രയും നന്ന്.'

നമ്മുടെ ഉന്നത നീതി പീഠത്തിന്റെ ഒരു വിധിയിലെ ഈ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ബഹു:കേരള ഹൈക്കോടതി ഈയിടെ ഒരു കേസിൽ തീർപ്പ് കൽപ്പിച്ചത്. അതിനായി മിശ്രവിവാഹം പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ആ വിധിന്യായത്തിൽ പറയുന്നു. ശരിയാണ് ഇന്ന് ഭാരതത്തെ ഏറ്റവും കൂടുതൽ സംഘർഷഭരിതമാക്കുന്നത് ജാതിമത ചിന്തകളും ആ അടിസ്ഥാനത്തിൽ ചേരിതിരിഞ്ഞുള്ള മത്സരങ്ങളുമാണ്. എന്നാൽ മിശ്ര വിവാഹം കൊണ്ട് എത്രത്തോളം ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. മിശ്രവിവാഹത്തെ ആരും എതിർക്കുന്നില്ല. എതിർക്കുന്നത് ഒരേ ആൾ തന്നെ പ്രണയം നടിച്ച് പലരേയും വിവാഹം കഴിക്കുന്നതിനേയും, വിവാഹശേഷം സ്ത്രീകളെ മതം മാറ്റി സിറിയയിലേക്കും മറ്റ് ഭീകരരുടെ കേന്ദ്രങ്ങളിലേയ്ക്കും കൊണ്ടുപോയി തീവ്രവാദത്തിലേർപ്പെടുത്തുന്നതിനെയുമാണ്. അത് ഭരണഘടനാ വിരുദ്ധവും, ദേശവിരുദ്ധവും രാജ്യദ്രോഹവുമാണല്ലോ? അതിനെയാണ് ഞങ്ങൾ എതിർക്കുന്നത് ഏത് ജാതിയിലും മതത്തിലും പെട്ടവർ തമ്മിൽ പ്രണയിക്കാം, വിവാഹം കഴിക്കാം, പക്ഷെ അത് വഞ്ചനയിലൂടെ മതം മാറ്റാനായിരിക്കരുത്. തീവ്രവാദ പ്രവർത്തനങ്ങളിലെ ചാവേറുകളാക്കുവാനായിരിക്കരുത്. അത്രയേ ഉള്ളു. എങ്കിലും ഒന്ന് അന്വേഷിക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള പ്രണയവിവാഹങ്ങൾ മൂലം എത്ര മതം മാറ്റങ്ങൾ നടന്നിട്ടുണ്ട്, അത് ഏതെല്ലാം മതത്തിലേയ്ക്കാണ്? ഇവരെല്ലാവരും ഇപ്പോൾ ഒന്നിച്ച് സുഖമായി ജീവിക്കുന്നുണ്ടോ? എല്ലാവരും നമ്മുടെ ദേശത്തിന്റെയും ഭരണഘടനയുടെയും സീമകൾക്കുള്ളിൽ തന്നെയുണ്ടോ? ഇതൊക്കെ കൂടി അന്വേഷിക്കേണ്ട ചുമതല സർക്കാരിനുണ്ടല്ലോ? കാരണം അവരും ഈ നാട്ടിൽ പൗരത്വമു

## ഉള്ളടക്കം

വാല്യം 10 | ലക്കം 11 | നവംബർ 2017

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം | 18 |
| തവാങ്ങ് - ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം | 23 |
| ഉണ്ണിയുടെ ധർമ്മസങ്കടം | 27 |
| ചില ദൈവനിശ്ചയങ്ങൾ | 28 |
| പ്ലൂട്ടോയുടെ പതനം | 31 |
| ഹാപ്പി മദേഴ്സ് ഡേ | 33 |
| നിങ്ങൾ മരിക്കുമ്പോൾ ആരെല്ലാം കരയും | 37 |
| മഹാത്മജിയെ കണ്ടെത്തൽ | 40 |
| ഹരിസുധാലഹരി | 42 |
| ആരോഗ്യവും നല്ല ശീലങ്ങളും | 45 |
| തോൽക്കാതിരിക്കാൻ | 48 |
| കരളേ, കരളിന്റെ കരളേ | 51 |
| പാതഞ്ജല യോഗദർശനം | 54 |
| മാസഫലം | 56 |
| മാട്രിമോണിയൽ | 57-66 |

കവർചിത്രം:
*വള്ളി-ദേവയാനി സമേതനായി ശ്രീമുരുകൻ*

### പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ള്ളവരാണല്ലോ?

ഇനി, ജാതി/മതരഹിത സമൂഹത്തെക്കുറിച്ച്. ഭാരതത്തിലെ ഭരണ സംവിധാനം രൂപം കൊണ്ട നാൾ മുതൽ ജാതിമത സ്പർദ്ധ വർദ്ധിക്കുവാൻ തുടങ്ങിയതാണ്. ജാതിരഹിത മതരഹിത സമൂഹം പടുത്തുയർത്തണം എന്നൊക്കെ ഘോരഘോരം പ്രസംഗിക്കുന്ന നേതാക്കൾ തന്നെയാണ് ഭരണം കിട്ടുമ്പോൾ വോട്ട് ബാങ്ക് രാഷ്ട്രീയം നടത്തി നാട്ടാരെ പല തട്ടുകളിലാക്കുന്നത്. ജാതിയുടേയും മതത്തിന്റേയും പേരിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ഒരു നാട്ടിൽ, സ്കൂൾ പ്രവേശനം മുതൽ ജോലിയും, ജോലിയിൽ പ്രമോഷനും വരെ ജാതിയും മതവും നോക്കി നൽകുന്ന ഒരു രാജ്യത്ത്, കിടപ്പാടവും ബാങ്കുലോണും ഉൾപ്പെടെ സർവ്വതും ജാതിയും മതവും തിരിച്ച് വിതരണം ചെയ്യുന്ന നാട്ടിൽ ജാതി മത ചിന്തകൾ വളരുകയല്ലേ ഉള്ളു? ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷുകാരന്റെ ശൈലി പിന്തുടരുന്ന പുതിയ നാടൻ സായ്പ്പന്മാർ ജനങ്ങൾ തമ്മിൽ ഒരിക്കലും യോജിക്കാതിരിക്കുവാൻ വേണ്ടി എറിഞ്ഞ് കൊടുക്കുന്ന അപ്പക്കഷ്ണങ്ങളാണ് ഇതെല്ലാം. അതിലെ അപാകത പരിശോധിക്കപ്പെടേണ്ടതാണ്. പുസ്തകം വാങ്ങാൻ നിവൃത്തിയില്ലാത്ത കുട്ടികൾക്കല്ല, യൂണിഫോം വാങ്ങാൻ നിവൃത്തിയില്ലാത്ത കുട്ടികൾക്കല്ല സർക്കാർ സഹായം നൽകുന്നത്. ചില പ്രത്യേക ജാതി മത വിഭാഗത്തിൽപെട്ട കുട്ടികൾക്ക് മാത്രമായി ആനുകൂല്യങ്ങൾ നിജപ്പെടുത്തുന്നു. അത് എത്ര ധനികനാകട്ടെ മതാടിസ്ഥാനത്തിൽ ആനുകൂല്യത്തിന് അർഹത നേടുന്നു, പട്ടിണിക്കാരനായ പാവം കുട്ടി ജാതിയുടെ പേരിൽ മാറ്റി നിർത്തപ്പെടുന്നു. ഇങ്ങനെ ചില പ്രത്യേക വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ ജാതിമത സംവിധാനങ്ങൾ നിലനിൽക്കണം, അതിനായി അവർ ജാതിമത മതിൽകെട്ടുകൾ ബലവത്താക്കിക്കൊണ്ടേയിരിക്കുന്നു. അവരുടെ പിന്തുണയ്ക്കു വേണ്ടി സംഘടിത വോട്ട്ബാങ്കിനു വേണ്ടി രാഷ്ട്രീയക്കാർ അവരെ പ്രീണിപ്പിക്കുന്നു. വീണ്ടും വീണ്ടും ആനുകൂല്യങ്ങൾ വാരിക്കോരി നല്കുന്നു. അങ്ങനെ ചില വിഭാഗക്കാർ മറ്റുള്ള സമുദായക്കാരെക്കാളും മുൻപന്തിയിലെത്തിക്കഴിഞ്ഞു. എന്നിട്ടും മുമ്പെന്നോ പിന്നിലായിരുന്നു എന്ന പേരിൽ ഇന്നും ഈ സമ്പന്നർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തുകൊണ്ടേയിരിക്കുന്നു. എല്ലാം ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ. സർക്കാർ ഇങ്ങനെ ജാതി, മതാടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ചാൽ ഇവിടെ എങ്ങനെ ബഹു. കോടതി പറഞ്ഞ ജാതിരഹിത സമൂഹം നിലവിൽ വരും. ഒന്നു വ്യക്തം ജാതിരഹിത സമൂഹത്തിന് തടസ്സം സർക്കാർ തന്നെയാണ്. സർക്കാരിന്റെ ഈ പിന്തിരിപ്പൻ പ്രീണന നയം തിരുത്താതെ, ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നല്കുന്നതവസാനിപ്പിച്ച്, എല്ലാ വിഭാഗത്തിലും പെട്ട പാവങ്ങളായ ആളുകൾക്ക് ആനുകൂല്യം നൽകുന്നതുവരെ ഇവിടെ ജാതി വ്യവസ്ഥ നിലനിൽക്കും. നിയമത്തിന്റെ മുമ്പിൽ, നീതിയുടെ മുമ്പിൽ തുല്യത വേണം. അത് ഹിന്ദുവിനും, ക്രിസ്ത്യാനിക്കും, മുസ്ലീമിനും ഒരുപോലെ ആയിരിക്കണം. അന്നേ ഇതൊരു യഥാർത്ഥ ജനാധിപത്യ രാജ്യമെന്ന് പറയാൻ കഴിയുകയുള്ളു. അന്നേ ഇവിടെ ജാതിരഹിത സമൂഹം നിലവിൽ വരികയുള്ളു●

***14.11.2017 ചൊവ്വാഴ്ച മുതൽ 16.11.2017 വ്യാഴാഴ്ച വരെ***
***ശ്രീ അയ്യപ്പ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്.***
***സമയം : രാവിലെ 8 മുതൽ 12 വരെ***
***എല്ലാവരും പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.***

*ജനറൽ സെക്രട്ടറി*

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2017 നവംബർ മാസം 12-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

*ജനറൽ സെക്രട്ടറി*

# ജനറൽ സെക്രട്ടറിയുടെ പംക്തി

വളരെ സന്തോഷത്തോടു കൂടിയാണ് ഈ പംക്തി ഇവിടെ കുറിക്കുന്നത്. കഴിഞ്ഞ ലക്കത്തിൽ നാം സൂചിപ്പിച്ചതും പങ്കുവച്ചതുമായ ആശയങ്ങളും ആകാംക്ഷകളും ബഹുമാനപ്പെട്ട ഹൈക്കോടതിയും ഒരു സുപ്രധാനമായ വിധിയിലൂടെ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. എന്നു മാത്രമല്ല നമ്മുടെ ആശയവുമായി തികച്ചും യോജിച്ചുപോകുന്നു എന്നു പറയുന്നതിൽ അഭിമാനമുണ്ട്.

ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളിലൂടെയും സാങ്കേതിക വിദ്യയിലൂടെയും ഒരു മനുഷ്യന്റെ വിരൽതുമ്പിൽ ലോകം മുഴുവൻ നിമിഷനേരം കൊണ്ട് എത്തുവാൻ കഴിയുന്ന ഈ കാലഘട്ടത്തിൽ അതിനേക്കാൾ എത്രയോ മടങ്ങ് വേഗതയിൽ സഞ്ചരിക്കുന്ന മനസ്സിനെ നിയന്ത്രിക്കുവാൻ ആർക്ക് കഴിയും? അതിനുള്ള വിദ്യ കണ്ടുപിടിച്ചിട്ടുമില്ല. സാങ്കേതിക വിദ്യകളിലെ തെറ്റുകൾ ആവർത്തിക്കാതിരിക്കാനും, തിരുത്തുവാനും ധാരാളം വഴികളുണ്ട്.

എന്നാൽ മനുഷ്യന്റെ ഒരു നിമിഷത്തെ വീണ്ടുവിചാരമില്ലായ്മകൊണ്ടും പ്രലോഭനങ്ങൾ കൊണ്ടും വീണുപോകുന്ന ജീവിതത്തെ തിരിച്ചു പിടിക്കുവാനോ, തിരുത്തുവാനോ ചിലപ്പോൾ ഒരു ജന്മം കൊണ്ടു കഴിയില്ല. ഒരു വ്യക്തിക്ക് അവന്റെ പൂർണ്ണ സ്വാതന്ത്ര്യവും അവകാശവും നിലനിർത്തിക്കൊണ്ടു തന്നെ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുവാനും അധികാരമുണ്ട്. തനിക്ക് ജന്മം നൽകിയ മാതാപിതാക്കളേയും സമൂഹത്തേയും സമുദായത്തേയും തള്ളിക്കളയാതെ സ്വന്തം വ്യക്തിത്വവും സ്വത്വവും സ്വാഭിമാനവും നിലനിർത്തിക്കൊണ്ട് വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിക്കുകയും അത് ജീവിതകാലം മുഴുവനും നിലനിർത്തുകയും വേണമെന്നാണ് സമൂഹം ആഗ്രഹിക്കുന്നത്. മതം മനുഷ്യനെ അന്ധമായ അനാചാരങ്ങളിലേക്കും അനുഷ്ഠാനങ്ങളിലേക്കും കൊണ്ടുപോകുവാനുള്ള ഒരു മാർഗ്ഗമായി കാണാതെ, ജന്മനാടിന്റെ സംസ്ക്കാരവും പൈതൃകവും നിലനിർത്തുവാൻ, പ്രത്യേകിച്ച് സനാതന ധർമ്മം നിലനിർത്താൻ ആഗ്രഹിക്കുന്ന ഓരോ ഹിന്ദുവിന്റെയും മനസ്സിൽ ഈ ചിന്ത ഉണ്ടാവട്ടെ എന്നു ആശംസിക്കുന്നു.

ക്ഷേത്രപ്രവേശനം എല്ലാവർക്കും എന്ന ആശയത്തെക്കാൾ 'ക്ഷേത്രപ്രവേശനം ആർക്കെല്ലാം'........ എന്നാണ് ചിന്തിക്കേണ്ടത് 1936 ലെ ക്ഷേത്ര പ്രവേശനവിളംബരത്തിനു ശേഷം എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രത്തിൽ പ്രവേശിക്കാൻ അവകാശമുണ്ടായിട്ടും ഇപ്പോൾ എത്ര ഹിന്ദുക്കൾ ക്ഷേത്രത്തിലെത്തുന്നു എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. 'മതേതരം' പറഞ്ഞു നടക്കുന്ന ചില കപട രാഷ്ട്രീയ നേതാക്കൾ ഒളിച്ചും പതുങ്ങിയും തന്റെ കുടുംബാംഗങ്ങളെ ക്ഷേത്രാരാധനയ്ക്കു പറഞ്ഞുവിടുകയും വഴിപാടുകൾ നടത്തുകയും ചെയ്തിട്ട് പാവപ്പെട്ട അണികളെ തെറ്റിദ്ധരിപ്പിച്ച് ഹൈന്ദവന്റെ ഈശ്വരാരാധന എന്തോ വലിയ അപകടമാണെന്ന് വരുത്തി തീർത്ത്, മതേതരത്വത്തിന്റെ പേരിൽ ഹിന്ദുവിനെ മാത്രം തള്ളിപ്പറഞ്ഞ് വോട്ടു കൈക്കലാക്കുന്ന ഈ നാടകം നാം തിരിച്ചറിയുകയും അത് അവസാനിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ വിഗ്രഹാരാധനയെയും ക്ഷേത്രങ്ങളെയും വിമർശിക്കുന്ന, വിശ്വസിക്കാത്ത ഇത്തരക്കാർ ക്ഷേത്രഭരണത്തിന്റെ അധികാരം കൈക്കലാക്കാൻ എല്ലാ തന്ത്രങ്ങളും കുതന്ത്രങ്ങളും പയറ്റുന്നത് എന്തിനാണെന്ന് ഈ സമൂഹം ചിന്തിക്കണം?

എറണാകുളം കരയോഗത്തെ സംബന്ധിച്ച് ഇടതും വലതും മദ്ധ്യവും ആയ എല്ലാ രാഷ്ട്രീയ കക്ഷികളോടും പ്രത്യേകമായ യാതൊരു താല്പര്യവും കാണിക്കുന്നില്ല എന്നു മാത്രമല്ല എല്ലാവരോടും ഒരുപോലെ അടുപ്പം മാത്രം നിലനിർത്തുവാൻ ആഗ്രഹിക്കുന്നു. ഭാരതത്തിന്റെ അഖണ്ഡതയും സനാതന ധർമ്മവും ഹൈന്ദവ സംസ്ക്കാരവും മുറുകെപ്പിടിച്ച് എന്നും ഇത്തരം വിഷയങ്ങളിൽ സമൂഹത്തിന് ഒപ്പമുണ്ടാവുമെന്ന് മാത്രം ഇവിടെ കുറിക്കട്ടെ.

92-ാമത് വാർഷിക പൊതുയോഗത്തിന്റെ തീരുമാനത്തിനു വിധേയമായി കരയോഗം നിയമാവലിക്കുള്ളിൽ നിന്നുകൊണ്ട്, കരയോഗത്തിലെ അംഗത്വം നിലനിർത്തിക്കൊണ്ടു തന്നെ കരയോഗത്തിലെ ഏതെങ്കിലും ഇനത്തിലേക്ക് കുടിശ്ശിക തീർക്കുവാൻ അവസരം നൽകിക്കൊണ്ട് ഏകദേശം 1497 കരയോഗം അംഗങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഇതിൽ 400 ഓളം അറിയിപ്പുകൾ തെറ്റായ മേൽവിലാസമാണെന്ന് കാണിച്ച് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് കത്തുകൾ മടക്കിയിട്ടുണ്ട്. കരയോഗാംഗമായ താങ്കളുടെയോ കുടുംബാംഗങ്ങളുടെയോ കുടിശ്ശിക സംബ

ഡിച്ച് സംശയമുണ്ടെങ്കിൽ അംഗത്വ നമ്പർ സഹിതം കരയോഗം ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ, കരയോഗം ഔദ്യോഗിക വെബ്സൈറ്റായ www.ernakulamkarayogam.com ൽ പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

92-ാമത് സ്ഥാപകദിനം, ഡിസംബർ 25ന് മുൻ വർഷങ്ങളിലെപ്പോലെ വിവിധപരിപാടികളോടെ ടി.ഡി.എം ഹാളിൽ ആഘോഷിക്കുന്നു. ഈ പരിപാടികളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഡിസംബർ മാസത്തെ സൗഹൃദത്തിൽ അറിയിപ്പായി നൽകുന്നതായിരിക്കും.

നാരായണീയ ദിനം ഡിസംബർ 13-ാം തീയതി സമ്പൂർണ്ണ നാരായണീയ പാരായണത്തോടെ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ സിനിമ 'സൗണ്ട് ഓഫ് മ്യൂസിക്' നവംബർ 18 ഞായർ വൈകിട്ട് 5.30ന് ടി ഡി എം കാവേരി ഹാളിൽ ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ 'Cult' അവതരിപ്പിക്കുന്ന നാടകം - 'മരണമാർച്ച്' നവംബർ 30ന്, ടിഡിഎം ഗംഗാ ഹാളിൽ 6.30ന് നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ നവംബർ മാസപരിപാടിയിൽ 'ബകവധം' കഥകളി 28-ാം തീയതി, 6.30ന് ടി.ഡി.എം ഗംഗാ ഹാളിൽ അവതരിപ്പിക്കുന്നു. ഏവർക്കും സ്വാഗതം.

തുടർന്നും കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം

### 16.11.2017 മുതൽ 15.12.2017 വരെയുള്ള നവംബർ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 16.11.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 18.11.2017 | ശനി | 5.00 p.m. | കരയോഗം ഫിലിം ക്ലബ്ബ്-സിനിമാപ്രദർശനം-(സൗണ്ട് ഓഫ് മ്യൂസിക്) |
| 22.11.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | വിമൺസ് ഫോറം- സംഗീത സായാഹ്നം |
| 23.11.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 28.11.2017 | ഞായർ | 6.30 p.m. | കരയോഗം കഥകളി ക്ലബ്ബ്-പ്രതിമാസ കഥകളി : ബകവധം |
| 29.11.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 30.11.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.30 p.m. | ബീം പ്രതിമാസ പരിപാടി : മരണമാർച്ച് (നാടകം) |
| 6.12.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 7.12.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.12.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സ (ഇകെഎൻഎം പോളിക്ലിനിക്) |
| 13.12.2017 | ബുധൻ | 3.00 p.m. | നാരായണീയ ദിനം - സമ്പൂർണ്ണ നാരായണീയ പാരായണം |
| 14.12.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |

## ശ്രീമന്നാരായണീയ ദിനം 2017

**2017 ഡിസംബർ 13-ാം തീയതി (ബുധനാഴ്ച) നാരായണീയ ദിനത്തിൽ ശ്രീമതി രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ ടി.ഡി.എം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.**

**ജനറൽ സെക്രട്ടറി**

# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

തിരുവോണവും, ദുർഗാപൂജയും എല്ലാം ഭംഗിയായി ആഘോഷിച്ചിരിക്കുമല്ലോ അല്ലെ? മിക്ക മാസങ്ങളിലും ഉണ്ടല്ലോ കൂട്ടുകാർക്കാഘോഷിക്കാൻ വിശേഷദിനങ്ങൾ. അതോടൊപ്പം പഠനത്തിലും, ശ്രദ്ധവേണം കേട്ടോ.

അതവിടെ നിൽക്കട്ടെ.

കൂട്ടുകാർ ഭഗവത്ഗീത എന്നൊരു കൃതിയെപ്പറ്റി കേട്ടിട്ടുണ്ടാവുമല്ലോ? ഇതിലെ ചില ശ്ലോകങ്ങളെങ്കിലും കൂട്ടുകാർ സ്വായത്തമാക്കിയിരിക്കും. ഈ ഗ്രന്ഥത്തെക്കുറിച്ച് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിയപ്പൂപ്പൻ പറഞ്ഞ വരികൾ എന്തെന്നോ? 'മോഹത്തിന്റെയും പരീക്ഷണത്തിന്റെയും ഘട്ടത്തിൽ തെറ്റാതെ ശരിയായ മാർഗദർശനം നൽകുന്ന ശാസ്ത്രീയ ഗ്രന്ഥത്തിന്റെ ആവശ്യകത, എനിക്ക് ബാല്യത്തിലെ നേരിട്ടു. വെറും എഴുന്നൂറു ശ്ലോകത്തിൽ ശാസ്ത്രങ്ങളുടെയും, ഉപനിഷത്തുക്കളുടെയും സാരം ഗീതയിൽ നിറച്ചിരിക്കുന്നുവെന്ന് എവിടെയോ വായിച്ചു. എന്റെ മനസ്സിൽ തീരുമാനമായി ഗീത പഠിക്കാൻ സംസ്കൃതം അഭ്യസിച്ചു.' ഇനി നമ്മുടെ ജവഹർലാൽ നെഹ്റു പറഞ്ഞതും കേൾക്കൂ. ഭഗവത്ഗീത മഹാഭാരതത്തിന്റെ അംശമാണ്. എഴുനൂറ് ശ്ലോകങ്ങളുള്ള ചെറിയൊരു കൃതിയാണത്. 'അറിയപ്പെട്ട എല്ലാ ഭാഷകളിലുമുള്ള മനോഹരമായ ഗാനം – ഒരുപക്ഷെ യാഥാർത്ഥത്തിൽ തത്വശാസ്ത്രപരമായ ഒരൊറ്റ ഗാനം'

യഥാർത്ഥത്തിൽ ഗീതാമൃതം ഭഗവാൻ ശ്രീകൃഷ്ണൻ ഉപനിഷത്തുക്കളായ പശുക്കളെ കറന്ന് പാർത്ഥന് നൽകുന്ന പാലാണെന്നാണ് സങ്കല്പം.

ഗീതയിലെ ആദ്യശ്ലോകം തന്നെ നോക്കൂ

'പാർത്ഥായ പ്രതിബോധിതാം ഭഗവതാം നാരായണേനസ്വയം

വ്യാസേനഗ്രഥിതാം പുരാണമുനിനാം മദ്ധ്യേ മഹാഭാരതം' എന്ന് തുടങ്ങുന്ന ആദ്യ ശ്ലോകം തന്നെ എത്ര മനോഹരവും അർത്ഥവത്തും ആണ്. ഭഗവാൻ നാരായണൻ തന്നെ അർജ്ജുനനെ നേരിട്ട് ഉപദേശിച്ചതും പുരാണമുനിയായ വ്യാസൻ മഹാഭാരതമെന്ന ഇതിഹാസമധ്യത്തിൽ കോർത്തുചേർത്തതും അദ്വൈതാമൃതത്തെ വർഷിക്കുന്നതും പതിനെട്ടു അധ്യായങ്ങളോടു കൂടിയതും, സംസാരദു:ഖനാശിനിയും ഭഗവതിയും ആയ അല്ലയോ ഗീതാമാതാവേ, നിന്നെ ഞാൻ സദാ ധ്യാനിക്കുന്നു. കൂട്ടുകാരും ഇന്ന് തന്നെ തുടങ്ങണെ ഗീതാശ്ലോകങ്ങൾ പഠിക്കാൻ. തീർച്ചയായും നിങ്ങളുടെ ജീവിതത്തിനു കരുത്തും വെളിച്ചവും പകരാൻ ഈ കൃതിക്ക് സാധിക്കും.

മലയാള ഭാഷയിലെ ഉത്തമകൃതികളിൽ ഒന്നാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. എഴുത്തച്ഛൻ സരസ്വതിയോടു 'വാരിധിതന്നിൽ തിരമാലകളെന്നപോലെ ഭാരതീപദാവലി തോന്നേണം കാലേ കാലേ' എന്ന് പ്രാർത്ഥിച്ചപോലെതന്നെ. ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചപ്പോഴും പ്രാർത്ഥിച്ചത് അതുതന്നെയായിരുന്നുവത്രെ. അദ്ദേഹം കൃഷ്ണഗാഥ രചിക്കുമ്പോൾ

'ഭാരതീദേവിതൻ ഭൂരിയായുള്ളോരു
കാരുണ്യപൂരവും വേറിടാതെ
നന്മധുവോലുന്ന നൻമൊഴി നൽകുവാൻ
തണ്മ കളഞ്ഞു വിളങ്ങുകെന്നിൽ.'

എത്ര മനോഹരമായ വർണനയാണ് ഇതെന്ന് കൂട്ടുകാർക്ക് ക്രമേണ മനസ്സിലാകും കേട്ടോ

ശ്രീകൃഷ്ണന്റെ ശിശുസ്വരൂപ വർണ്ണന കൃഷ്ണഗാഥയിൽ

'ഓമനയായി വളർന്നു നിന്നീടുന്ന
രാമനും പിന്നെയക്കാർവർണനും
ചന്തമെഴുന്നൊരു ചെന്തൊണ്ടി വാ തന്നിൽ
ദന്തങ്ങൾ പോന്നുവന്നങ്കുരിച്ചു
പല്ലവം പൂണ്ടൊരു മുല്ലയാവല്ലിമേൽ
ഉല്ലാസമൊട്ടുകളെന്നപോലെ
നന്മുല നൽകുവാൻ അമ്മമാർ ചെന്നങ്ങു
സമ്മോദം പൂണ്ടു വിളിക്കയാലേ
ചെഞ്ചെമ്മേയുള്ളോരു പുഞ്ചിരി തൂകുമ്പോൾ
കിഞ്ചന കാണായി വന്നു കൂടി'●

രാഗപരിചയം

# ഹംസാനന്ദി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

53-ാമത്തെ മേളകർത്താരാഗമായ ഗമനശ്രമയുടെ ജന്യരാഗമാണ് ഹംസാനന്ദി. അർദ്ധശാസ്ത്രീയ ഗാനങ്ങൾക്കും ലളിതഗാനങ്ങൾക്കും വളരെയധികം യോജിക്കുന്ന രാഗമാണിത്.

ആരോഹണം : സ രി ഗ മ ധ നി സ

അവരോഹണം : സ നി ധ മ ഗ രി സ

സ്വരസ്ഥാനങ്ങൾ: ഷഡ്ജം, ശുദ്ധ രിഷഭം, അന്തര ഗാന്ധാരം, പ്രതിമദ്ധ്യമം, ചതു:ശ്രുതി ധൈവതം, കാകളി നിഷാദം.

ഹംസാനന്ദി രാഗത്തിൽ പഞ്ചമം വർജ്ജ്യമാണ്. ആറു സ്വരങ്ങൾ വരുന്നതിനാൽ ഇത് ഒരു ഷാഡവ രാഗമാണ്. ഭക്തി, കരുണ എന്നീ ഭാവങ്ങളാണ് ഹംസാനന്ദി രാഗം ആലപിക്കുന്നതിലൂടെ പ്രതിഫലിക്കുന്നത്. മാർവ്വ ഥാട്ടിൽ ജന്യമായ 'സോഹിനി' എന്ന ഹിന്ദുസ്ഥാനി രാഗം ഹംസാനന്ദി രാഗത്തിനു സമാനമാണ്.

സുനാദവിനോദിനി എന്ന കർണ്ണാടക രാഗവും (സഗമധനിസ - സനിധമഗസ) ഹംസാനന്ദി രാഗത്തോടു സമാനത പുലർത്തുന്നു. അന്യസ്വരങ്ങൾ വരാത്തതിനാൽ ഹംസാനന്ദി ഒരു ഉപാംഗ രാഗമാണ്.

കച്ചേരികളിൽ മുഖ്യ രാഗമായി ഹംസാനന്ദി ആലപിക്കാറില്ല. മുഖ്യകൃതികളായി ആലപിക്കാവുന്ന കൃതികളും ഈ രാഗത്തിൽ വിരളം. രാത്രി സമയമാണ് ഈ രാഗം ആലപിക്കുന്നതിന് കൂടുതൽ അഭികാമ്യം. വളരെ മധുരവും, ഗഹനവും സുസ്ഥിരമായ അവസ്ഥയിലേക്കു മനസ്സിനെ ഉയർത്താൻ കഴിവുള്ള രാഗം. അതുകൊണ്ടു തന്നെ ഈ രാഗം കേൾക്കുന്നതിലൂടെ മാനസിക ആഘാതങ്ങൾക്കും ദഹന സംബന്ധമായ അസുഖങ്ങൾക്കും ശാന്തി വരുമെന്ന് സംഗീത ചികിത്സകർ അഭിപ്രായപ്പെടുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | | |
|---|---|---|---|---|---|
| 1. | പാവനഗുരു | - | രൂപകം | - | ലളിതാദാസർ |
| 2. | ശ്രീനിവാസ തിരുവെങ്കിട | - | ആദി | - | പാപനാശം ശിവൻ |
| 3. | പാഹി ജഗജ്ജനനീ | - | ആദി | - | സ്വാതി തിരുനാൾ |
| 4. | നിറൈമദി മുഖമെനും (തിരുപ്പുഗഴ്) | - | ആദി | - | അരുണഗിരിനാഥർ |
| 5. | ധീം തര നര | - | ആദി | - | മുത്തയ്യാ ഭാഗവതർ |

## ചലച്ചിത്രഗാനങ്ങൾ

| | | | |
|---|---|---|---|
| 1. | വെണ്ണക്കൽ കൊട്ടാരവാതിൽ | - | അമ്മക്കിളിക്കൂട് |
| 2. | ഹേ കൃഷ്ണാ ഗോപീകൃഷ്ണാ | - | നിവേദ്യം |
| 3. | ജ്വാലാമുഖികൾ | - | പാഥേയം |
| 4. | പകലൊന്നു മാഞ്ഞ വീഥിയിലെ | - | നീലത്താമര |
| 5. | പണ്ടത്തെ കളിത്തോഴൻ | - | ഓർക്കുക വല്ലപ്പോഴും |
| 6. | രാപ്പാടിപക്ഷീ ഇതിലെ | - | രാക്കിളിപ്പാട്ട് |
| 7. | രാത്തിരിയിൽ പൂത്തിര്ക്കും | - | തങ്കമകൻ (തമിഴ്) |
| 8. | കുഹൂ കുഹൂ ബോലേ കോയലിയാ | - | സുവർണ്ണസുന്ദരി (ഹിന്ദി) |
| 9. | പയണങ്കൾ മുടിവതില്ലൈ | - | രാഗദീപം (തമിഴ്) |
| 10. | വേദം അണുവിലും ഒരു | - | സലങ്കൈ ഒളി (തമിഴ്)● |

വാസ്തു

# പ്രധാന വാതിലും ഗേറ്റും

**ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)**

ഇന്നലെ ഒരു വീട് പരിശോധിക്കേണ്ടി വന്നു. വളരെ നല്ല വീടാണ്. വീടിന്റെ മുൻവശം പടിഞ്ഞാറോട്ടാണ്. പറമ്പിന്റെ തെക്കുപടിഞ്ഞാറ് 16 അടി വീതി ഗേറ്റ് മാത്രമാണ് പറമ്പിലേക്കുള്ള ഏകവഴി. വലിയൊരു കടയുടെ പുറകിലാണ് പറമ്പ്. കടയുടെ തെക്കുവശത്ത് ഗേറ്റ്. വീടിന്റെ തെക്കുപടിഞ്ഞാറു ഗേറ്റും. പ്രധാന വാതിലും തെക്കുപടിഞ്ഞാറു തന്നെ.

കിഴക്ക് തെക്കും വടക്കും കിടപ്പുമുറികൾ. അതിനു നടുവിലായി ലിവിങ്ങ്, ഡൈനിങ്ങ് മുറികൾ. അടുക്കള പടിഞ്ഞാറ് മദ്ധ്യത്തിൽ. പുതിയ വീട് പണിതു താമസമാക്കിയിട്ട് വെറും 44 മാസം മാത്രം. വീട്ടിൽ ആർക്കും തന്നെ ഉറക്കം വരുന്നില്ല. ആകപ്പാടെ എല്ലാവർക്കും എപ്പോഴും ടെൻഷൻ തന്നെ. എപ്പോഴും കുടുംബത്തിൽ ചെറിയ കാര്യങ്ങൾക്കുപോലും കലഹം.

തെക്കുപടിഞ്ഞാറ് ഗേറ്റ് ഒരു കാരണവശാലും മാറ്റുവാൻ തരമില്ല. ഗേറ്റിനും വീടിനും ഇടയിൽ ധാരാളം സ്ഥലമുണ്ട്. ഗേറ്റിനു മുൻവശം കാർ സുഖമായി തിരിയുവാൻ പാകത്തിന് സ്ഥലം വിട്ട ശേഷം വീടിനു സമാന്തരമായി 24സെ.മീ ഉയരത്തിൽ തെക്കു നിന്ന് വടക്കോട്ട് ഒരു മതിൽ കെട്ടി അകത്തേയ്ക്കുള്ള വഴി മദ്ധ്യത്തിലേക്കു മാറ്റണം.

അടുക്കള വടക്കുവശത്തു പുതിയതായി ഉണ്ടാക്കണം. വടക്ക് കിഴക്ക് കിടപ്പുമുറിയുടെ വടക്കേ ചുമർ പടിഞ്ഞാറോട്ട് നീട്ടി. അവിടെ അടുക്കള വരണം. അടുക്കളയുടെ വടക്കു ഭാഗം ജനൽ വേണം. വടക്കോട്ടോ കിഴക്കോട്ടോ തിരിഞ്ഞു കത്തിക്കണം. എല്ലാ പ്രശ്നങ്ങളും തീരുന്നതാണ്.




യാതൊരു കാരണവശാലും താമസിക്കുന്ന വീടിന്റെ തെക്കുവശത്തു പടിഞ്ഞാറായി കിണർ വരരുത്. അവിടെ പലതരം പ്രശ്നങ്ങൾ ഉണ്ടാകാം, അപകട പരമ്പരയ്ക്കും.

ഏതെങ്കിലും കാരണവശാൽ തെക്കുപടിഞ്ഞാറു ഗേറ്റു വരികയും മാറ്റുവാൻ നിവൃത്തിയില്ലാത്ത കരയോഗമായി ബന്ധപ്പെട്ടവർ എന്നെ വിളിച്ചാൽ നേരിൽ വന്ന് കണ്ടു പ്രതിവിധി പറഞ്ഞു തരുന്നതായിരിക്കും. ഗേറ്റ് മാറ്റി ഗുണം കിട്ടിയ ധാരാളം ആളുകൾ നമുക്കു ചുറ്റും ഉണ്ട്●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### മാലിക് മുഹമ്മദ് ജായസി

എ.ഡി. 1477 ൽ ഉത്തർപ്രദേശിലെ റായ്ബറേലി ജില്ലയുടെ പ്രാന്തപ്രദേശമായ ജായസിലാണ് മാലിക് മുഹമ്മദ് ജായസി ജനിച്ചത്. ബാല്യം മുതൽക്കേ ഹിന്ദിയിലും അവധിയിലുമുള്ള സാഹിത്യരചനകൾ വായിക്കുന്നതിൽ താൽപര്യമുണ്ടായിരുന്നു. ക്രമേണ അദ്ദേഹം സ്വന്തമായി അവധി ഭാഷയിൽ കൃതികൾ രചിക്കാൻ തുടങ്ങി. താമസിയാതെ അദ്ദേഹം വിവാഹിതനായി. മൂന്നു വർഷങ്ങൾക്കകം രണ്ടു സന്താനങ്ങളുമുണ്ടായി. സന്തുഷ്ടമായ കുടുംബജീവിതം നയിച്ചുപോരുന്നതിനിടെ, സന്താനങ്ങൾക്ക് അകാലമരണം സംഭവിച്ചു. മനം നൊന്ത ജായസി വീടുവിട്ടിറങ്ങി. ശാന്തിതേടി അലഞ്ഞു നടന്ന അദ്ദേഹം സൂഫി ദർശനങ്ങളിൽ ആകൃഷ്ടനായി. പിന്നെ മടിച്ചു നിന്നില്ല. സയ്യദ് അസ്റഫിനെ ഗുരുവായി സ്വീകരിച്ചുകൊണ്ട് സന്യാസജീവിതം തുടങ്ങി. ഷെയ്ക്ക് ബുർഹാനായിരുന്നു ജായസിയുടെ മറ്റൊരു ഗുരു. ആത്മീയ പ്രേമത്തിൽ നിന്നുൾക്കൊണ്ട പ്രചോദനം ജായസിയിലെ കവിഹൃദയത്തെ വീണ്ടുമുണർത്തി. അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് അതിസുന്ദരമായ കവിതകൾ പിറന്നു. 1540 ൽ രചിച്ച 'പത്മാവത്' ആണ് ജായസിയുടേതായി വീണ്ടെടുക്കപ്പെട്ട മുഖ്യകൃതി. ഇതിന്റെ ഉള്ളടക്കത്തെക്കുറിച്ചുകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. രജപുത്രവീരനായ റാണാറാവൽ രത്തൻസിങ്ങിന്റെ പത്നിയായ റാണി പത്മിനി ലോകൈക സുന്ദരിയായിരുന്നു. ദില്ലിയിലെ സുൽത്താനായിരുന്ന അലാവുദ്ദീൻ ഖിൽജി ചിത്തോർഗഢിലെ ഈ സൗന്ദര്യധാമത്തെക്കുറിച്ചു കേട്ടറിഞ്ഞു. പത്മിനി എന്ന അപ്സരസിനെ കാണാനുള്ള ഉൽക്കടമായ ആഗ്രഹമുണ്ടായതോടെ സുൽത്താൻ ചിത്തോർഗഢിനെ ആക്രമിക്കാൻ തയ്യാറെടുത്തു. രത്തൻസിങ്ങിന് അദ്ദേഹം ഒരു സന്ദേശമയച്ചു. റാണി പത്മിനിയെ ഒന്നു കാണാനുള്ള അവസരമുണ്ടാക്കിത്തരുമെങ്കിൽ യുദ്ധം ഒഴിവാക്കാം എന്നായിരുന്നു ആ സന്ദേശം. റാണാ പ്രതിസന്ധിയിലായി. അതിശക്തമായ ദില്ലിസേനയെ എതിരിടാനുള്ള സജ്ജീകരണങ്ങളുടെ അഭാവത്തിൽ അദ്ദേഹം ചിന്താക്രാന്തനായി. ഭർത്താവിന്റെ ആശയക്കുഴപ്പത്തിന്റെ കാരണം മനസ്സിലാക്കിയ റാണി പോംവഴി നിർദേശിച്ചു. അതനുസരിച്ച് അവർ കോട്ടക്കകത്തെ തടാകത്തിലേക്കു ചെന്നു. ശരീരമാകെ മൂടിപ്പുതച്ച് ജലത്തിലേക്കിറങ്ങി നിന്നു. നേരേ എതിർവശത്തെ കുളപ്പുര മാളികയുടെ ചുമരിൽ വലിയ ഒരു ദർപ്പണം പതിച്ചിരുന്നു. സുൽത്താൻ ഖിൽജി മാളികയിൽ, ദർപ്പണത്തിനുനേരേ നോക്കിനിന്നു. താഴെ നിലക്കണ്ണാടിപോലെ നിശ്ചലമായ ജലപ്പരപ്പിൽ റാണിയുടെ മുഖം തെളിഞ്ഞു. ഈ ഛായയുടെ പ്രതിബിംബം മാളികമുകളിലെ ദർപ്പണത്തിൽ പ്രതിഫലിച്ചു. റാണിയുടെ മുഖം കണ്ണാടിയിൽ കണ്ട സുൽത്താൻ ശ്വാസമടക്കി നിന്നു. ഇത്രയും സുന്ദരിയായ ഒരു വനിതയെ ജീവിതത്തിൽ ഇന്നോളം കണ്ടിട്ടില്ലാത്ത അദ്ദേഹം മോഹാലസ്യപ്പെട്ടു. റാണാ വാക്കു പാലിച്ചെങ്കിലും സുൽത്താൻ വാക്കു തെറ്റിക്കുക തന്നെ ചെയ്തു. അദ്ദേഹം രത്തൻസിങ്ങിനെ തടങ്കലിലാക്കുകയും ചിത്തോർഗഢ് കോട്ടക്കകത്തേക്ക് പട നയിക്കുകയും ചെയ്തു. ശത്രുസേനയിൽ നിന്നു മാനം രക്ഷിക്കാൻ റാണി പത്മിനിയും മൂവായിരത്തോളം രജപുത്ര വനിതകളും 'ജൗഹർ' അനുഷ്ഠിച്ചു. (ഭർത്താവ് ജീവിച്ചിരിക്കെ അഭിമാനം രക്ഷിക്കാൻ രജപുത്ര വനിതകൾ ആത്മാഹൂതി ചെയ്യുന്നത് 'ജൗഹർ'; ഭർത്താവിന്റെ മരണശേഷം അദ്ദേഹത്തിന്റെ ചിതയിൽ ഉടന്തടി ചാടിമരിക്കുന്നതു 'സതി'). ഈ ദാരുണസംഭവമാണ് ജായസിയുടെ 'പത്മാവത്' എന്ന കൃതിയുടെ ഇതിവൃത്തം.സ്ത്രീയെ മാതാവായി കാണാനും സ്ത്രീകളെ സംരക്ഷിക്കാനും തയ്യാറാവുന്നവനാണു യഥാർത്ഥ പുരുഷൻ എന്ന് ജായസി ഈ കൃതിയിലൂടെ ഉദ്ഘോഷിക്കുന്നു. സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കാൻ സമൂഹത്തിനുള്ള ഉത്തരവാദിത്തത്തെക്കുറിച്ചും അദ്ദേഹം ഈ കൃതിയിൽ എടുത്തു പറയുന്നുണ്ട്. സൂഫി സാഹിത്യത്തിലെ അത്യുൽകൃഷ്ടമായ ഒരു കൃതിയാണ് 'പത്മാവത്'.'അയ്റവാത്', 'അഖിരികലാം' എന്നിവ

യാണ് ജായസിയുടെ മറ്റു രണ്ടു രചനകൾ.സമൂഹത്തിലെ തിന്മകൾക്കെതിരെ പൊരുതാൻ തൂലിക പടവാളാക്കിയ ജായസി സനാതനധർമ്മത്തിന്റെയും ഇസ്ലാമിന്റെയും അന്തർധാരകൾ ഒന്നുതന്നെ എന്നു വിശ്വസിച്ചു. നല്ലതിനെ സ്വാംശീകരിക്കാനും അദ്ദേഹം തന്റെ കൃതികളിലൂടെ ആഹ്വാനം നൽകി. മഞ്ജൻ, ഉസ്മാൻ തുടങ്ങിയവർ ജായസിയുടെ സാഹിത്യപന്ഥാവിലൂടെ സഞ്ചരിച്ച സൂഫി കവികളാണ്. എ.ഡി. 1542 ൽ അമേഠി ജില്ലക്കടുത്ത രാംനഗറിൽ വെച്ചു ജായസി ദിവംഗതനായി. അവിടെ ഇന്നും അദ്ദേഹത്തിന്റെ സമാധി കാണാം. ജായസിയോടുള്ള ആദരവിന്റെ സൂചകമായി നിർമ്മിക്കപ്പെട്ട ഒരു സ്മാരകം ജായസ് നഗരത്തിലുമുണ്ട്. പ്രേമഭക്തിയുടെ പ്രണേതാക്കളായ ഒട്ടേറെപ്പേർ ഇന്നും ജായസിയുടെ സമാധിയും സ്മാരകവും സന്ദർശിച്ച് ആദരാഞ്ജലികളർപ്പിക്കാറുണ്ട്.

## മഞ്ജൻ

സൂഫി കവികളിൽ മുൻശ്രേണിയിലുള്ള മറ്റൊരാളാണ് മഞ്ജൻ. ഇദ്ദേഹം ഗ്വാളിയറിലെ ചുനാർ നിവാസിയായിരുന്നുവത്രേ! മഞ്ജൻ ഉത്തർപ്രദേശിലെ ലഖ്നൗവിൽ ജനിച്ചതായി ചില ഗവേഷകർ അഭിപ്രായപ്പെടുന്നു. ഗുരുവായ ഷെയ്ക്ക്മുഹമ്മദ് ഘൗസിൽ നിന്നു വിദ്യ അഭ്യസിക്കുന്നതിനാവണം അദ്ദേഹം ചുനാറിൽ താമസിച്ചത് എന്നു കരുതുകയാവും ഉചിതം.

ഷെർഷായുടെ പുത്രനും പിൻഗാമിയുമായ ഇസ്ലാംഷായുമായി മഞ്ജൻ അടുത്ത സൗഹൃദം പുലർത്തിപ്പോന്നു. കൊട്ടാരം രേഖകളിൽ മഞ്ജനെ മീർസയ്യദ് മഞ്ജൻ രാജ്ഗിരി എന്നു വിശേഷിപ്പിച്ചു കാണുന്നു. വംശപാരമ്പര്യം തികഞ്ഞ ഒരു കുടുംബത്തിലാണ് മഞ്ജൻ ജനിച്ചത്. പിതാവിന്റെ നാമം കാജീ താജ്ജുദ്ദീൻ നഹ്വി എന്നായിരുന്നു. ദില്ലിയിലെ രാജീ സമാവുദ്ദീന്റെ പുത്രിയായിരുന്നു മാതാവ്. മഞ്ജന്റെ പുത്രനായ ഉസ്മാനെക്കുറിച്ചും സൂഫി രേഖകളിൽ പരാമർശമുണ്ട്. മാൾവാ സന്ദർശനവേളയിൽ അക്ബർ ചക്രവർത്തിയും മഞ്ജനുമായി ഒരു കൂടിക്കാഴ്ചയുണ്ടായതായി ഉസ്മാന്റെ കുറിപ്പുകൾ സാക്ഷ്യപ്പെടുത്തുന്നു.

'മധുമാലതി' യാണ് മഞ്ജന്റെ ഏറ്റവും പ്രശസ്തമായ രചന. നിത്യനൂതനമായ ആ കൃതിക്കുപുറമെ അദ്ദേഹം ഒട്ടേറെ ഗീതങ്ങളും ഭക്തിസങ്കീർത്തനങ്ങളും രചിച്ചു. സമൂഹത്തിലെ അനീതികൾക്കെതിരെയും അസമത്വങ്ങൾക്കെതിരെയും പ്രതികരിക്കുന്ന രചനകൾ അദ്ദേഹത്തിന് ഒരു നവോത്ഥാന നായകന്റെ പരിവേഷം നൽകി. മാൾവയിലെ സാരംഗ്പൂറിനു സമീപം ആശ്താ എന്ന ഗ്രാമത്തിലാണ് അദ്ദേഹം ഏറെക്കാലം താമസിച്ചത്. പിന്നീട് ദേശാടനം തുടങ്ങി. ഉത്തരേന്ത്യയിലെ നിരവധി ഗ്രാമങ്ങളിലൂടെ ചുറ്റിക്കറങ്ങിയ ശേഷം വാർദ്ധക്യമായപ്പോഴേക്കും സാരംഗ്പൂറിലേക്കു തന്നെ മടങ്ങി. ഭാവതീവ്രമായ രചനകളിലൂടെ ജനഹൃദയങ്ങളിലിടം നേടിയ മഞ്ജൻ എ.ഡി. 1593ൽ നിര്യാതനായി.

## മുല്ലാ ദാവൂദ്

സൂഫി ദർശനങ്ങളുടെ പ്രചാരകനായ മുല്ലാ ദാവൂദ് ഉത്തർപ്രദേശിലെ റായ്ബറേലി ജില്ലയിൽ ജനിച്ചു. അലാവുദ്ദീൻ ഖിൽജിയുടെ സമകാലികനായ ഇദ്ദേഹം ചിഷ്തി സിൽസിലാഹിലെ അംഗവും മികച്ച കവിയും സാമൂഹ്യപ്രവർത്തകനുമായിരുന്നു. സൂഫി കവികൾ പ്രേമഗായകരായിരുന്നുവല്ലോ.! 'പ്രേമത്തിലൂടെ മതമൈത്രി' എന്നതായിരുന്നു അവരുടെ നയം. മുല്ലാദാവൂദിന്റെ 'ചന്ദാവൻ' എന്ന കൃതിയുടെ പ്രമേയവും പ്രേമം തന്നെ! ഇതിന്റെ ഒരപൂർണ്ണരൂപം മാത്രമേ വീണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. നായകനായ നൂറക്കും നായികയായ ചന്ദയും തമ്മിലുള്ള ദൈവീകപ്രണയത്തിന്റെ മനോഹരമായ ചിത്രീകരണം ജനഹൃദയങ്ങളെ വശീകരിച്ചു. ഖുർആൻ തത്വങ്ങളുടെ വ്യാഖ്യാനങ്ങൾക്കു പുറമെ മതസൗഹാർദ്ദത്തെ മുന്നിൽ കണ്ടുകൊണ്ട് കവി മറ്റു മതഗ്രന്ഥങ്ങളിൽ നിന്നുള്ള പ്രസക്തഭാഗങ്ങളും ഈ കൃതിയിൽ ഉൾപ്പെടുത്തി!

ചന്ദായന്റെ രചനാകാലം എ.ഡി.1436 ആണെന്ന് അനുമാനിക്കപ്പെടുന്നു. ഇതിൽ തന്റെ ജന്മസ്ഥലം റായ്ബറേലിക്കടുത്ത്, ഡൽമൗനഗറിൽ ഗംഗാതടമാണെന്ന് മുല്ലാ ദാവൂദ് സൂചന നൽകുന്നു.ഹിന്ദിയിൽ രചിക്കപ്പെട്ടിരിക്കുന്ന ചന്ദായൻ സൂഫി പ്രേമാഖ്യാനങ്ങളിൽ പ്രഥമസ്ഥാനമലങ്കരിക്കുന്നു. ഷെയ്ക്ക് അബ്ദുൽകദൂസ് ഈ കൃതിയുടെ മുഖ്യഭാഗങ്ങൾ തിരഞ്ഞെടുത്ത് പേഴ്സ്യൻ ഭാഷയിലേക്ക് തർജ്ജമ ചെയ്തു. അക്കാലത്തെ പ്രമുഖ പ്രഭാഷകനായ മൗലാനാ ഷെയ്ക്ക് തകിയുദ്ദീൻ തന്റെ മതപ്രഭാഷണങ്ങൾക്കിടെ ചന്ദായനിലെ ചില പദങ്ങൾ ആലപിച്ചിരുന്നുവത്രേ! കേൾവിക്കാരായ ഭക്തജനങ്ങളെ ഈ പദങ്ങൾ ഏറെ സ്വാധീനിച്ചു.

## കുത്ബൻ

ഗതകാലസാഹിത്യലോകത്തുനിന്ന് അനേകം സൂഫി കൃതികൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്നാം സ്ഥാനത്ത് മുല്ലാദാവൂദിന്റെ 'ചന്ദായൻ' പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ രണ്ടാം സ്ഥാനമലങ്കരിക്കുന്നത് 'മൃഗവതി' എന്ന കൃതിയാണ്. ഈ കൃതിയുടെ രചയിതാവായ കുത്ബൻ എന്ന കവിയുടെ ജീവിതരേഖ

പൂർണ്ണമായും ലഭ്യമല്ല. ജോൺപൂരിലെ ബാദ്ഷാ ഹുസൈൻഷായുടെ സമകാലികനായിരുന്നു കുത്ബൻ എന്ന് അനുമാനിക്കുന്നതിൽ അപാകതയൊന്നുമില്ല. എ.ഡി. 1560 ആണ് മൃഗവതിയുടെ രചനാകാലം എന്നു ഗവേഷകർ കണക്കാക്കുന്നു. ആ കൃതി രചിക്കാൻ കുത്ബന് കേവലം രണ്ടു മാസവും പത്തു ദിവസവും മാത്രമേ വേണ്ടിവന്നുള്ളുവത്രേ! കൃതിയിൽ ഷെയ്ക്ക് ബുർഹാൻപീർ ആണ് തന്റെ ഗുരു എന്ന് കവി സൂചിപ്പിക്കുന്നുമുണ്ട്.

## ഷെയ്ക്ക് നബി

നിർഗുണപരബ്രഹ്മത്തെക്കുറിച്ചും പ്രവാചകനെക്കുറിച്ചും ഒരേ മതിപ്പോടെ പ്രശംസിച്ച സൂഫി ദാർശനികൻ എന്ന നിലയിലാണ് ഷെയ്ക്ക് നബിയെ നാം അറിയുന്നത്. എ.ഡി. 1676-ൽ രചിക്കപ്പെട്ട 'ജ്ഞാൻ ദീപ്' ആണ് അദ്ദേഹത്തിന്റെ ഒരേയൊരു കൃതി! താൻ ജഹാംഗീർ ചക്രവർത്തിയുടെ സമകാലികനാണെന്ന് കവി ഈ പ്രേമാഖ്യാനത്തിൽ സൂചന നൽകുന്നു. ജോൺപൂർ സർക്കാരിന്റെ അധീനതയിലുള്ള ദോസ്പൂർഥാനയിലെ അൽദേമൗ എന്ന സ്ഥലത്താണ് ഷെയ്ക്ക് നബി ജീവിച്ചിരുന്നതെന്ന് ജ്ഞാൻദീപിൽ നിന്നു മനസ്സിലാക്കാം. സമൂഹത്തിൽ സാംസ്കാരികമായ ചലനങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ കൃതി വലുതായ പങ്ക് വഹിച്ചു.

## ജാൻകവി

നിയാമത്ഖാൻ എന്ന അപരനാമം കൂടിയുള്ള ജാൻകവിയുടേതായി എഴുപത്തൊന്നു കൃതികൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. പ്രശസ്ത ചരിത്രഗവേഷകനായ ഹരിനാരായൺ ശർമ്മയുടെ അഭിപ്രായത്തിൽ ഫത്തേപൂരിലെ (ജയ്പൂർ) നവാബ് അലഫ്ഖാൻ തന്നെയാണ് ജാൻകവി. ഇദ്ദേഹത്തെ ഷാജഹാൻ ചക്രവർത്തിയുടെ പ്രീതിപാത്രം എന്നുകൂടി ശർമ്മ വിശേഷിപ്പിക്കുന്നു. 'ഷാജഹാൻ ചക്രവർത്തിയുടെ സ്യാലനായ ജാൻകവി' എന്ന് ചില ഗവേഷണ രേഖകളിൽ സൂചിപ്പിച്ചു കാണാം. അലഫ്ഖാൻ ജാൻകവിയുടെ പിതാവായിരുന്നെന്നും ഒരു ശ്രുതിയുണ്ട്. ജാൻകവിയുടെ എല്ലാ കൃതികളും പ്രേമാഖ്യാനങ്ങളുടെ ഗണത്തിൽപ്പെടുന്നില്ല. കഥാ രത്നാവതി, കഥാ കനകാവതി, ഗ്രന്ഥ്ബുധിസാഗർ, കഥാ കനകാവലി എന്നീ കൃതികൾക്ക് സൂഫീ പരമ്പരയിൽ സ്ഥാനം നൽകിക്കാണുന്നു.

## പിൻമുറക്കാർ

ഷെയ്ക്ക് ഷറഫുദ്ദീൻ മാഹിയാമനേരി, ഷെയ്ക്ക് അബ്ദുൾ കുഹൂസ് ഗംഗോഹി, മുഹമ്മദ്, അഫ്സൽ ത്സംത്സാവാതി തുടങ്ങിയവർ ഉത്തരമേഖലയിലും നിജാമി, മുല്ലാവജഹി, ഗവാസി, മുകീമി, ഷെയ്ക്ക് ഐനുദ്ദീൻ ഗംജ്ജൂൽ ഇൽമ്, ഖാജാ ബന്ദാനവാസ്, ഷാഹ് മിരാൻ ജി, ഷെയ്ക്ക് വഹാവുദ്ദീൻ വാജൻ, ഷാഹ് അലി ഗാൻവധ്നി, ഷെയ്ക്ക് ബുർഹാനുദ്ദീൻ ജാനം, ഷെയ്ക്ക് ഖൂബ്മുഹമ്മദ് ചിശ്തി, മീരാൻ ഹുസേനി തുടങ്ങിയവർ ദക്ഷിണമേഖലയിലും സൂഫിദർശനങ്ങൾ പ്രചരിപ്പിച്ചു. ഇവരുടെ രചനകൾ ഇന്നും പ്രചാരത്തിലുണ്ട്. ഹിന്ദുസ്ഥാനി സംഗീതവേദിയിൽ സൂഫിഗീതങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. പ്രശസ്തസംഗീത സംവിധായകനായ എ.ആർ. റഹ്മാൻ നിരവധി സൂഫി ഗീതങ്ങൾക്ക് സംഗീതം നൽകി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഗസലുകളും, ഖയാലുകളും, തരാനകളും ഹിന്ദുസ്ഥാനി സംഗീത വേദികളെ സമ്പന്നമാക്കുന്നു.

## 11. ജൈന കവികൾ

ജൈനമതത്തിന്റെ പ്രാചീനതയെക്കുറിച്ച് മുൻപേ പ്രസ്താവിച്ചിരിക്കുന്നതോർക്കുമല്ലോ. ജൈനമതത്തിന് ശ്വേതാംബർ, ദിഗംബർ എന്നീ രണ്ടു ശാഖകളുള്ള കാര്യവും സുവിദിതമാണല്ലോ. രണ്ടു വിഭാഗങ്ങളിലും ഉന്നത ശ്രേണിയിൽപ്പെട്ട മഹാത്മാക്കളുണ്ടായിരുന്നു. ഇവരിൽ പലരും സമുദായ പരിഷ്കർത്താക്കളുമായിരുന്നു. സമൂഹത്തിലെ അനാചാരങ്ങളെയും ഉച്ചനീചത്വങ്ങളെയും വിമർശിക്കുന്ന സാഹിത്യരചനകളിലൂടെ ഈ ജൈന കവികൾ ഭാരതീയ സമൂഹത്തിലും ഭക്തിസാഹിത്യമേഖലയിലും തങ്ങളുടേതായ സ്ഥാനമുറപ്പിച്ചു. ഭാഗ്യവശാൽ രാജസ്ഥാൻ, ഗുജറാത്ത്, കർണ്ണാടക തുടങ്ങിയ പ്രദേശങ്ങളിൽ ജൈനസാഹിത്യത്തിനു തഴച്ചുവളരാൻ പറ്റിയ അന്തരീക്ഷം ലഭിച്ചു. മദ്ധ്യകാലഘട്ടത്തിലും അതിനു മുമ്പും പിമ്പും നിരവധി ജൈനകവികൾ തങ്ങളുടേതായ രീതിയിൽ ആത്മീയനവോത്ഥാനത്തിനുവേണ്ടി തൂലിക ചലിപ്പിച്ചു. ഈ ശ്രേണിയിൽപ്പെടുന്ന ചിലരെക്കുറിച്ചെങ്കിലും അറിഞ്ഞിരിക്കേണ്ടതുണ്ട്.

## ലോകാശാഹ്

എ.ഡി. 1482-ൽ രാജസ്ഥാനിലെ സിരോഹി ജില്ലയിൽ അർഹഡ്വാഡ എന്ന ഗ്രാമത്തിലാണ് ലോകാശാഹിന്റെ ജനനം. സേഠ്ഹേമാഭായും ഗംഗാബായിയുമായിരുന്നു മാതാപിതാക്കൾ. ബാല്യം മുതൽക്കേ ആത്മീയ വിഷയങ്ങളിൽ തൽപരനായിരുന്ന ലോകാശാഹ് മാതാപിതാക്കളുടെ നിർബന്ധം മൂലം വിവാഹിതനായി. വൈകാതെ ഒരു പുത്രന്റെ പിതാവുമായി.നല്ലൊരു നിരീക്ഷകനായിരുന്ന ലോകാശാഹ് സമൂഹത്തിലെ അനാചാരങ്ങളെ പലപ്പോഴും ചോദ്യം ചെയ്തു. ജാതിമതചിന്തകളെ എതിർത്തു. ഇക്കാരണങ്ങളാൽ അദ്ദേഹത്തിന് ധാരാളം ശത്രു

ക്കളുണ്ടായി. ഇതിനിടെ അദ്ദേഹം സ്വാമി മുനിവർ എന്ന പണ്ഡിതനെ പരിചയപ്പെട്ടു. ലോകാശാഹിന്റെ അറിവും ഉൾക്കാഴ്ചയും തിരിച്ചറിഞ്ഞ സ്വാമി ധാർമ്മികഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികൾ തയ്യാറാക്കാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തി. ഒരിക്കൽ, ചില പിശകുകൾ കണ്ടെത്തിയതിനാൽ സ്വാമി ലോകാശാഹിനെ പറഞ്ഞയച്ചു. ഖിന്നനായ ലോകാശാഹ് വീണ്ടും ആത്മീയകാര്യങ്ങളിലേക്കു തിരിഞ്ഞു. ലഖ്മസി, ജഗ്മൽ തുടങ്ങിയ അനുയായികൾ അദ്ദേഹത്തിന്റെ സഹായികളായിത്തീർന്നു. ലോകാശാഹിന്റെ സാമൂഹ്യ പരിവർത്തനോന്മുഖ പ്രഭാഷണങ്ങൾ യുവാക്കളെ സാധീനിച്ചു. അദ്ദേഹത്തിന്റെ സുഭാഷിതങ്ങൾ കേൾക്കാൻ അവർ തടിച്ചുകൂടി. ഗുരുവിന്റെ നിർദ്ദേശപ്രകാരം അവർ സമൂഹത്തിന് വിവിധ ദർശനങ്ങൾ പകർന്നു കൊടുത്തു. വിഗ്രഹാരാധനക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും ശബ്ദമുയർത്തിക്കൊണ്ട് ലോകാശാഹ് മുഖ്യധാരാസമൂഹങ്ങളിൽ പരിവർത്തനമുണ്ടാക്കി. ഗുരുമുഖത്തു നിന്ന് ദീക്ഷ സ്വീകരിച്ചില്ലെങ്കിലും ഇദ്ദേഹത്തിന് ഒരു മഹർഷിയുടെ സ്ഥാനം ലഭിച്ചു. അനുദിനം പെരുകിപ്പെരുകി വന്ന ലോകാശാഹ് അനുയായികളെക്കണ്ട് ശത്രുക്കൾ അമ്പരന്നുപോയി. തങ്ങളുടെ വാക്കുകളും വചനങ്ങളും ജനഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലുന്നില്ലെന്ന തിരിച്ചറിവ് അവരെ വിറളിപിടിപ്പിച്ചു. ലോകാശാഹിന്റെ ജനപ്രിയതയിൽ അസൂയപൂണ്ട ശത്രുക്കൾ അദ്ദേഹത്തിന്റെ ആഹാരത്തിൽ രഹസ്യമായി വിഷം കലർത്തി. ഇപ്രകാരം ശ്രേഷ്ഠമായ ആ ജീവിതം പൊലിഞ്ഞു●

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2017 ഒക്ടോബർ മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. വിജയശങ്കർ, സി.24, എച്ച് ഐ ജി അപ്പാർട്ട്മെന്റ്, ഗാന്ധി നഗർ കൊച്ചി-20 | 5,001/- |
| 2. | മേജർ രഘുനാഥ്, 403, പ്രസന്ന വിഹാർ, മറൈൻ ഡ്രൈവ്, കൊച്ചി | 5,000/- |
| 3. | ശ്രീ. കണ്ണൻ, ഡി റ്റി പി സി സ്റ്റാൾ, ഡി.എച്ച് ഗ്രൗണ്ട്, എറണാകുളം | 5,000/- |
| 4. | ശ്രീമതി ശാന്തി മേനോൻ, (L/4971) ദ്വാരക എൻക്ലേവ്, (39/733) ഇയ്യാട്ടിൽ ലെയ്ൻ, ചിറ്റൂർ റോഡ്, കൊച്ചി-682011 | 5,000/- |
| 5. | ശ്രീമതി ഷൈലജ, മന്നന്താഴത്ത് | 10,000/- |
| 6. | ശ്രീ. കൃഷ്ണകുമാർ പി, സി.2, വൈറ്റ് പേൾ അപ്പാർട്ട്മെന്റ്സ് അബ്ദു ഹാജി റോഡ്, തമ്മനം P.O, കൊച്ചി-32 | 10,000/- |
| 7. | ശ്രീ.മുരളീധരൻ.വി., ശിവം, കിഴക്കേക്കര റോഡ്, തൃക്കാക്കര.പി.ഒ | 10,000/- |
| 8. | ശ്രീ.നവനീത്കൃഷ്ണൻ, 134, ഐഡിയൽ ഹോംസ്, ഫെയ്സ് 2, രാജരാജേശ്വരി നഗർ, ബാംഗ്ലൂർ-560098. | 5,000/- |

## നായർ സ്ത്രീ സമാജത്തിലെ
## 2017 നവംബർ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 13.11.2017 (തിങ്കൾ) | നാടകഗാന മത്സരം | 11.30 a.m. |
| 21.11.2017 (ചൊവ്വ) | അംഗങ്ങളുടെ ഒത്തു ചേരൽ | 4.00 p.m. |

## വിമൻസ് ഫോറം 2017 നവംബർ മാസത്തെ പരിപാടി

| തീയ്യതി | പരിപാടി | സമയം | അവതാരക |
|---|---|---|---|
| 22.11.2017 (ബുധൻ) | സംഗീത സായാഹ്നം | 4.00 P.M | ശ്രീ.വിക്രമൻ മാസ്റ്റർ |

ക്ഷേത്രങ്ങളിലൂടെ

# തിരുവഞ്ചിക്കുളം ശിവക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ:8078552892)**

ഭാരതീയ സംസ്കാരത്തിന്റെയും ആദ്ധ്യാത്മികതയുടെയും മൂർത്തിമത്ഭാവങ്ങളാണ് നമ്മുടെ ക്ഷേത്രങ്ങൾ. പിൻതലമുറകളുടെ നന്മക്കായി പൂർവ്വികർ നൽകിയ അമൂല്യസമ്പത്തുക്കളാണ് നമ്മുടെ ക്ഷേത്രങ്ങളും സംസ്ക്കാരവും. നമ്മുടെ ഹൈന്ദവസംസ്ക്കാരത്തെയും ആചാരാനുഷ്ഠാനങ്ങളെയും പൈതൃകത്തേയും തകർക്കുവാൻ വേണ്ടി പടയോട്ടം നടത്തിയ ടിപ്പുവിന്റെ ആക്രമണത്തിനിരയായ ഒരു ശിവക്ഷേത്രമാണ് തിരുവഞ്ചിക്കുളം ശിവക്ഷേത്രം. അത്യുന്നതങ്ങളും ശില്പകലാസമ്പന്നങ്ങളുമായ നാലു ഗോപുരങ്ങൾ ഈ ഉമാമഹേശ്വരസ്ഥാനത്തിന്റെ മഹിമയെ വിളിച്ചറിയിക്കുവാനെന്നവണ്ണം തലയുയർത്തി നിന്നിരുന്നു. ടിപ്പു തല്ലിതകർത്തതിന്റെ ബാക്കി പത്രമാണ് ഇന്ന് ഇവിടെ നാം കാണുന്ന ശിവക്ഷേത്രം. പണ്ട് ചിദംബരത്തെ ഗോപുരമാതൃകയിൽ മൂന്നു നിലകളുള്ളതും നാട്യശാസ്ത്രത്തിലെ 108 ഭാവശില്പങ്ങൾ കൊത്തിവച്ചിട്ടുള്ളതുമായ ഗോപുരത്തിന്റെ വാതിൽ കടന്നാണ് ക്ഷേത്രാങ്കണത്തിൽ പ്രവേശിച്ചിരുന്നത്. എന്നാൽ ടിപ്പു ഇടിച്ചു നിരത്തിയിട്ടിരിക്കുന്ന ആ ഗോപുരാവശിഷ്ടങ്ങളിലൂടെയാണ് ഇന്ന് ക്ഷേത്രാങ്കണത്തിലേക്കു പ്രവേശിയ്ക്കുന്നത്.



കേരളത്തിലെ വളരെ പ്രസിദ്ധമായ ഒരു ശിവക്ഷേത്രമാണ് തിരുവഞ്ചിക്കുളം ക്ഷേത്രം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ശ്രീകുരുംബക്കാവ് ക്ഷേത്രത്തിനടുത്താണ് തിരുവഞ്ചിക്കുളം ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പ്രശസ്തമായ 274 ശൈവതിരുപ്പതി ക്ഷേത്രങ്ങളിൽ കേരളത്തിൽ സ്ഥിതി ചെയ്യുന്ന ഏക ശൈവ തിരുപ്പതി ക്ഷേത്രമാണ് തിരുവഞ്ചിക്കുളം ശിവക്ഷേത്രം. ഇവിടെ പരമശിവന്റെ ഏറ്റവും ഉത്തമഭാവമായ സദാശിവഭാവത്തിൽ ഭഗവാൻ കിഴക്കോട്ടു ദർശനമായി പരിലസിക്കുന്നു. ഏറ്റവും കൂടുതൽ ഉപദേവന്മാരുള്ള ഇന്ത്യയിലെ രണ്ടാമത്തെ ക്ഷേത്രവും, കേരളത്തിലെ ഒന്നാമത്തെ ക്ഷേത്രവുമാണ് തിരുവഞ്ചിക്കുളം ശിവക്ഷേത്രം. ഇവിടെ മുപ്പത്തിരണ്ട് ഉപദേവന്മാരുണ്ട്. ചേരമാൻ പെരുമാളിന്റെ കാലത്ത് പണിയുകയോ പുതുക്കിപ്പണിയുകയോ ചെയ്ത ക്ഷേത്രമാണിത് എന്നു വിശ്വസിക്കുന്നു.

എ.ഡി.351 മുതൽ എ.ഡി 851 വരെയുള്ള കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന ശൈവസന്യാസിമാരായിരുന്നു നായനാർമാർ. 63 ശൈവനായനാർമാരിൽ രണ്ടുപേർ മലയാളികളായിരുന്നു. ചേരമാൻ പെരുമാൾ നായനാരും സുന്ദരമൂർത്തി നായനാരും നായനാർമാരിലെ പ്രമുഖന്മാരായിരുന്നു. ചേരമാൻ പെരുമാളും ചെങ്ങന്നൂരിലെ വിറൽമീണ്ട നായനാരുമായിരുന്നു നായനാർമാരിലെ രണ്ടു മലയാളികൾ. ചേരമാൻ പെരുമാളും സുന്ദരമൂർത്തിനായനാരും തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിൽ വച്ച് സ്വർഗ്ഗാരോഹണം ചെയ്തു എന്നു വിശ്വസിക്കുന്നു. ഇവരുടെ രണ്ടുപേരുടേയും പഞ്ചലോഹ വിഗ്രഹങ്ങൾ തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ഒരേ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചിരിക്കുന്നതു കാണുമ്പോൾ ഈ വിശ്വാസത്തിനു വിശ്വാസ്യത വർദ്ധിക്കുന്നു. കേരളോൽപ്പത്തിയനുസരിച്ച് അവസാനത്തെ പെരുമാളാണ് ചേരമാൻ പെരുമാൾ. ചേരമാൻ പെരുമാൾ മുസ്ലീമായി മക്കയിൽ പോയി മുഹമ്മദ് നബിയെ കണ്ടു എന്നൊരു കഥയുണ്ട്. കലിദിന സംഖ്യ അനുസരിച്ച് എ.ഡി 428 ലാണ് ചേരമാൻ പെരുമാൾ രാജ്യഭാരം ഏറ്റെടുത്തത്. എ.ഡി 428ൽ രാജ്യഭാരമേറ്റ പെരുമാൾ എ.ഡി 632-ൽ മരിച്ച മുഹമ്മദ് നബിയെ എ.ഡി.628-ൽ കണ്ടു എന്ന ഐതിഹ്യത്തിൽ കാല

വൈരുദ്ധ്യം നിഴലിക്കുന്നില്ലേ. എ.ഡി.632-ൽ മരിച്ച നബിയെ ചേരമാൻ പെരുമാൾ കാണണമെങ്കിൽ അദ്ദേഹം 150-ൽപരം വർഷങ്ങളെങ്കിലും ജീവിച്ചിരിക്കണ്ടേ?. ചേരമാൻ പെരുമാളും സുന്ദരമൂർത്തി നായനാരും തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ വച്ച് സ്വർഗ്ഗാരോഹണം ചെയ്തു എന്ന വിശ്വാസത്തെ 16-ാം നൂറ്റാണ്ടിലെ മുസ്ലിം ചരിത്രപണ്ഡിതനായ ഷൈക്ക് സൈനുദ്ദീൻ ശരി വയ്ക്കുന്നുണ്ട്. സ്വർഗ്ഗാരോഹണത്തെപ്പറ്റി ജനങ്ങളുടെ ഇടയിലുള്ള വിശ്വാസത്തെപ്പറ്റിയും അവരോടുള്ള ബഹുമാനാർത്ഥം കർക്കിടകമാസത്തിലെ ചോതി നക്ഷത്ര ദിവസം അവരുടെ ചരമദിനം കൊണ്ടാടിയിരുന്നതും 'തുഹുത്തുൽ മുജാഹുദ്ദീനി'ൽ ഷൈക്ക് സൈനുദ്ദിൻ രേഖപ്പെടുത്തിയിട്ടുമുണ്ട്. എല്ലാ മതവിഭാഗക്കാരെയും ഒരു പോലെ സ്നേഹിച്ചിരുന്ന ആളായിരുന്നു ചേരമാൻ പെരുമാൾ. ഓരോ മതവിഭാഗത്തിലുള്ളവരും അവരവരുടെ മതത്തിലേക്ക് അദ്ദേഹം മതപരിവർത്തനം ചെയ്തു എന്നു അവകാശപ്പെട്ടിരുന്നു. ചേരമാൻ പെരുമാളിന് എല്ലാ ജീവജാലങ്ങളുടെയും ഭാഷ അറിയാമായിരുന്നു. നായനാർമാർക്കിടയിൽ സകല ജീവജാലങ്ങളുടെയും ഭാഷ അറിയാവുന്ന ആളെന്ന നിലയിൽ അദ്ദേഹത്തെ 'കീഴാറ്ററിവർ' എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

കേരളത്തിലെ ഏക ശൈവ തിരുപ്പതിയെന്നറിയപ്പെടുന്ന തിരുവഞ്ചിക്കുളം ശിവക്ഷേത്രം നിരവധി ചരിത്ര സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ച ക്ഷേത്രമാണ്. കൈലാസ സാനുവിൽ ധ്യാനനിരതനായിരുന്ന അഗസ്ത്യമുനിക്ക് ധ്യാനത്തിനിടെ ഒരു ചൈതന്യധാരപ്രത്യക്ഷമായി. ദക്ഷയാഗത്തിനു പുറപ്പെടുന്ന സതീദേവി മഹാദേവനോട് യാത്ര ചോദിക്കുകയാണ്. 'അപമാനിതയായാൽ ഞാൻ തിരികെ വരികയില്ല. എനിക്ക് ഭഗവാനോടൊപ്പം ജീവിച്ചു കൊതി തീർന്നില്ല. വരും ജന്മത്തിലും അങ്ങയുടെ വാമഭാഗത്തിരിക്കുവാനുള്ള യോഗമുണ്ടാകണം'. യാഗാഗ്നിയിൽ ദേഹത്യാഗം ചെയ്ത സതീദേവിയുടെ ശരീര ഭാഗങ്ങൾ പല സ്ഥലങ്ങളിലായി പതിച്ചപ്പോൾ ദേവിയുടെ ചുണ്ടിലെ പഞ്ചാക്ഷരങ്ങൾ അടർന്നു വീണ സ്ഥലം പഞ്ചാക്ഷരീസ്ഥാനമായി. 'ഈ പഞ്ചാക്ഷരീ സ്ഥാനത്ത് ദേവി അനാഥയായി കഴിയുന്നു. മഹേശ്വരചൈതന്യത്തെ ദേവിയോടൊപ്പമിരുത്തി ദേവിയെ സനാഥയാക്കണം. ഇത് ഈശ്വരനിശ്ചയമാണ്.' യോഗ നിദ്രയിൽ നിന്നുണർന്ന അഗസ്ത്യ മഹർഷി ദേവീ ചൈതന്യത്തെ ആവാഹിച്ച് മഹാദേവനോടൊപ്പം കുടിയിരുത്തി. അഗസ്ത്യ മുനി കുടിയിരുത്തിയ ദമ്പതി ചൈതന്യത്തെ തിരുവഞ്ചിക്കുളം ശിവക്ഷേത്ര സന്നിധിയിൽ ഉമാമഹേശ്വരന്മാരായി ദർശിക്കുന്നു. അത്യപൂർവ്വമായ പള്ളിയറ പൂജയാൽ പ്രശസ്തി നേടിയ ക്ഷേത്രമാണിത്. പിന്നീട് പ്രളയം ഈ ശക്തി ചൈതന്യങ്ങളെ ഭൂമിക്കടിയിലൊളിപ്പിച്ചു. പെരുമാൾമാരുടെ കാലത്ത് ഈ ശക്തി ചൈതന്യസ്ഥാനങ്ങൾ കോവിലകത്തിന്റെ ഉപവനമായി മാറി. ഈ സ്ഥാനത്തോടു ചേർന്ന് ഏക്കറുകളുടെ വിസ്തൃതിയുള്ള തരിശുനിലങ്ങളും ഉണ്ടായിരുന്നു. ഈ സ്ഥലങ്ങൾ ചേരമാൻ പറമ്പെന്നും അറിയപ്പെട്ടിരുന്നു. ചേരമാൻ പെരുമാളിന്റെ കാലത്ത് ചേരമാൻ പറമ്പിനുള്ളിൽ മറഞ്ഞുകിടന്നിരുന്ന ശക്തിപഞ്ചാക്ഷരീ സ്ഥാനത്തിന്റെ മഹത്വം ദേവപ്രശ്നത്തിൽ തെളിഞ്ഞു. ഈ ശക്തിപഞ്ചാക്ഷരി സ്ഥാനത്ത് ചേരമാൻ പെരുമാൾ തഞ്ചാവൂർ മാതൃകയിൽ ഉമാമഹേശ്വരന്മാർക്ക് ക്ഷേത്രം പണികഴിപ്പിച്ചു. 1500-ൽ പരം വർഷങ്ങൾക്കു മുമ്പ് ചേരമാൻ പെരുമാൾ പണികഴിപ്പിച്ച ഈ ക്ഷേത്രത്തിന് ചിദംബരം ക്ഷേത്രത്തിന്റെ അതേ പ്രൗഢിയായിരുന്നു എന്നാണ് ചരിത്രരേഖകളിൽ കാണപ്പെടുന്നത്. ചരിത്രരേഖകളിൽ കാണുന്ന പ്രൗഢിയൊക്കെ തല്ലിത്തകർത്തു എങ്കിലും ഇന്നും ഈ മഹാദേവ ക്ഷേത്രം പ്രൗഢിയോടു കൂടി തന്നെ നിലനില്ക്കുന്നു.

എ.ഡി.1801-ൽ കൊച്ചിയിലെ മന്ത്രി പാലിയത്തെ ഗോവിന്ദനച്ചൻ ക്ഷേത്രം പുതുക്കിപ്പണിതതിനെക്കുറിച്ച് ഒരു സംസ്കൃതശ്ലോകം നമസ്കാര മണ്ഡപത്തിൽ മലയാള ലിപിയിൽ എഴുതി വച്ചിട്ടുണ്ട്. ക്ഷേത്രാങ്കണത്തിലെത്തി ബലിക്കല്ലും വന്ദിച്ച് നാലമ്പലത്തിലേക്കു കടന്നാൽ ശ്രീകോവിലിൽ സദാശിവഭാവമാർന്ന മഹാദേവനേയും വാമഭാഗത്ത് ദേവിയേയും ദർശിക്കാം. കന്നിമൂലയിൽ കിഴക്കോട്ടു ദർശനമായി ഗണപതിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. വിഘ്നേശ്വര പ്രതിഷ്ഠക്കു പടിഞ്ഞാറായി ചേരമാൻ പെരുമാളിന്റെയും സുന്ദരമൂർത്തിനായനാരുടെയും സന്നിധാനം കാണാം. കിഴക്കോട്ടാണ് ദർശനം. ഈ സ്ഥാനത്തുവച്ചാണ് അവർ രണ്ടുപേരും ഉടലോടെ സ്വർഗ്ഗം പൂകിയത്. ഇതിനു തൊട്ടു പടിഞ്ഞാറായി ഭൃംഗീരടി പ്രതിഷ്ഠ കാണാം. ഭൃംഗത്തെപ്പോലെ ഹുംകാരശബ്ദമുയർത്തുന്ന ശിവപാർഷദന്റെ തിരുനടയാണിത്. ഇവിടെ തൊഴുതശേഷം തെക്കുപടിഞ്ഞാറു മൂലയിൽ പല്ലക്കു മുറി കാണാം. പല്ലക്കുമുറിയുടെ വടക്കായി സന്ധ്യാ ശിവപ്രതിഷ്ഠയുമുണ്ട്. അടുത്തതായി കാണുന്നത് പള്ളിയറ മൂർത്തിയാണ്. പള്ളിയറ മൂർത്തിക്കു സമീപം തന്നെ കിഴക്കോട്ടു ദർശനമായി പള്ളിയറയും കാണാം. ഈ പള്ളിയറ

യിലാണ് പ്രസിദ്ധമായ ദമ്പതി പൂജ അരങ്ങേറുന്നത്. പള്ളിയറയുടെ കിഴക്കായി കിഴക്കോട്ടു ദർശനമായി ശക്തിപഞ്ചാക്ഷരീ സ്ഥാനവും കാണാം. ദേവീചൈതന്യം ഇവിടെ ക്രിയാശക്തിരൂപമായി സനാഥയായി വാഴുന്നു. ഈ ശക്തിപഞ്ചാക്ഷരി സ്ഥാനത്താണ് സതീദേവിയുടെ ചുണ്ടത്തെ പഞ്ചാക്ഷരീ മന്ത്രം വീണടിഞ്ഞത് എന്നാണ് വിശ്വാസം. ഈ സ്ഥാനത്തു വന്ദിക്കുമ്പോൾ തന്നെ കിഴക്കുഭാഗത്ത് പടിഞ്ഞാട്ടു ദർശനമായി വാഴുന്ന ജ്ഞാനശക്തിയാർന്ന ശ്രീപാർവ്വതിയേയും ഭൂതനാഥനേയും കാണാം. അടുത്തു തന്നെ ഇടതു തുടയിലിരിക്കുന്ന ദേവിയെ മാറത്തടക്കിയിരിക്കുന്ന ഭഗവാനെ കനക സഭാപതിയായി ദർശിക്കാം. അതേ ശ്രീകോവിലിൽ തന്നെ പ്രദോഷനൃത്തേശനായ നടരാജപ്രതിഷ്ടയും കാണാം. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഈ വിഗ്രഹങ്ങളെ പിഴുതെടുക്കുവാൻ വന്ന പടയോട്ടക്കാരുടെ ശരീരം ഭസ്മമാക്കി വിഗ്രഹങ്ങൾക്ക് ഭസ്മാഭിഷേകം നടന്നു എന്നു വിശ്വസിക്കുന്നു. ഭഗവാന്റെ ചൈതന്യം നിറഞ്ഞ വിഗ്രഹത്തെ പിഴുതെടുത്തു നശിപ്പിക്കാം എന്നു കരുതി വന്നവരെ ഭസ്മമാക്കി ഭഗവാൻ സ്വയം അഭിഷേകം നടത്തി എന്നു നമുക്കും വിശ്വസിക്കാം. ഈ തിരുനടയിൽ നടരാജ ദർശനം നടത്തിയ ശേഷം ശ്രീകോവിലിന്റെ പിൻഭാഗത്തു കൂടി തെക്കു ഭാഗത്തെത്തിയാൽ വടക്കോട്ടു ദർശനമായിരിക്കുന്ന സപ്തമാതൃക്കളേയും പടിഞ്ഞാട്ടു ദർശനമായിരിക്കുന്ന വീരഭദ്രനേയും കിഴക്കോട്ടു ദർശനമായിരിക്കുന്ന ഗണനാഥനേയും കാണാം. പിന്നീട് തിരികെ വടക്കെ നടയിലെത്തി ഉണ്ണിത്തേവരെ ദർശിച്ച ശേഷം തെക്കോട്ടു ദർശനമായിരിക്കുന്ന ചണ്ഡികേശ്വരനു മുന്നിലെത്താം. ചണ്ഡികേശ്വരനെ തൊഴുതു അനുവാദം വാങ്ങിയശ്ശേഷമാണ് ഉമാമഹേശ്വരന്മാരെ വണങ്ങേണ്ടത്. ഭഗവാന്റെ തിരുനടയിൽ ഋഷഭദേവനെ വന്ദിച്ചു കിഴക്കോട്ടു ദർശനമായുള്ള സ്വയംഭൂവായ കൈലാസനാഥനേയും ഇച്ഛാശക്തിയുടെ തേജോരൂപമായ മഹേശ്വരിയേയും തൊഴുത് പുറത്തേക്കിറങ്ങി ചുറ്റമ്പല പ്രദക്ഷിണം നടത്താം. തെക്കുകിഴക്കേ മൂലയിൽ തീർത്ഥക്കുളവും ദക്ഷിണാമൂർത്തിയുടെ ലിംഗ പ്രതിഷ്ഠയും കാണാം. തെക്കുപടിഞ്ഞാറേ മൂലയിൽ കിഴക്കോട്ടു ദർശനമായി ശാസ്താവിനേയും ഹനുമാനേയും കാണാം. അതേ ശ്രീകോവിലിൽ തന്നെ നാഗയക്ഷിയും നാഗരാജാവും കുടികൊള്ളുന്നുണ്ട്. അല്പം വടക്കുമാറി പടിഞ്ഞാറെ ഗോപുരത്തിന്റെ തെക്കുഭാഗത്ത് പശുപതിയും വാഴുന്നു. പടിഞ്ഞാറെ വിളക്കുമാടത്തിനു മുന്നിലായി കിഴക്കോട്ടു ദർശനമായി നടക്കൽ ശിവനേയും കാണാം. നടക്കൽ ശിവനെ തൊഴുതശ്ശേഷം പടിഞ്ഞാറേ നടയിൽ നിന്നുകൊണ്ട് ശിവനെ തൊഴുതുവേണം ദർശനം തുടരേണ്ടത്. കിഴക്കോട്ടു ദർശനമായി സുബ്രഹ്മണ്യനും തൊട്ടു വടക്കായി കിഴക്കോട്ടു തന്നെ ദർശനമായി ദുർഗ്ഗയും കുടികൊള്ളുന്നു. ദുർഗ്ഗാദേവിയുടെ സമീപത്തു തന്നെയാണ് ഗംഗാസ്ഥാനം. ഇവിടെ നിന്ന് വടക്കെ നടയിലെ എന്നും പൂക്കുന്ന കൊന്നമരം കാണാം. ഈ കൊന്നയുടെ ചുവട്ടിലാണ് അഗസ്ത്യമുനി ശിവചൈതന്യത്തെ ദർശിച്ചത്. ഇതാണ് മൂലസ്ഥാനമെന്നും വിശ്വസിക്കുന്നുണ്ട്. ഈ കൊന്നയുടെ ചുവട്ടിൽ കൊന്നയ്ക്കൽ ശിവൻ കുടികൊള്ളുന്നു. കൊന്നയ്ക്കൽ ശിവനെ തൊഴുത് നേരെ കിഴക്കെ നടയിലെത്തി ഉമാമഹേശ്വരന്മാരെ ഒരിക്കൽ കൂടി തൊഴുതു വേണം തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രപ്രദക്ഷിണം പൂർത്തിയാക്കേണ്ടത്.

തിരുവഞ്ചിക്കുളത്തപ്പനും ദേവിക്കും എല്ലാ ദിവസവും പള്ളിയറക്കോവിലിൽ പള്ളിയറപൂജ നടക്കുന്നുണ്ടെങ്കിലും തിങ്കളാഴ്ചയും പൗർണ്ണമി ദിവസവും നടക്കുന്ന പള്ളിയറ പൂജ വളരെ വിശേഷമാണ്. മംഗല്യത്തിനും സന്താനലബ്ദിക്കും പള്ളിയറ പൂജ തൊഴുന്നത് വളരെ ഉത്തമമെന്നു വിശ്വസിക്കുന്നു. അത്താഴ പൂജയ്ക്കു ശേഷമാണ് പള്ളിയറ പൂജാ ചടങ്ങുകൾ നടക്കുന്നത്. ദേവീ ദേവന്മാരുടെ തിടമ്പുകൾ അലങ്കരിച്ച വെള്ളി പല്ലക്കിൽ വച്ച് ശംഖ്, ഇടയ്ക്ക, ഓടക്കുഴൽ, ഇലത്താളം, മൃദംഗം, കൊമ്പ്, കുഴൽ തുടങ്ങിയ വാദ്യമേളങ്ങളോടെ പള്ളിയറയിലേക്കെഴുന്നള്ളിക്കുന്നു. പള്ളിയറയുടെ നടയിലെത്തിയാൽ ദേവനേയും ദേവിയേയും അകത്തേയ്ക്കാനായിച്ച് പൂജിക്കുന്നു. അപ്പം, പാൽ, കദളിപ്പഴം, പാൽപ്പായസം, നെയ്പ്പായസം, ഇളനീർ, താംബൂലം, കുങ്കുമം, അട, വെള്ള നിവേദ്യം എന്നിവ നിവേദിക്കുന്നു. നിവേദ്യം കഴിഞ്ഞ് ആട്ടുമഞ്ചലിൽ പട്ടുമെത്തയും തലയിണയും വച്ച് ദേവീദേവന്മാരെ കിടത്തുന്നു. മഞ്ചലിനരികെ താംബൂലം, കുങ്കുമം, വെള്ളിക്കിണ്ടിയിൽ തീർത്ഥം, പള്ളി ശംഖ് എന്നിവയും ഒരുക്കി വച്ചശേഷം ദേവീദേവന്മാരെ നമസ്ക്കരിച്ച് പള്ളിയറ വാതിലടക്കുന്നതോടെ പള്ളിയറ പൂജ സമാപിക്കുന്നു. ദേവീ ദേവന്മാരുടെ പള്ളിയുറക്കത്തിനു ഭംഗം വരാതിരിക്കുവാൻ പള്ളിയറ പൂജ കഴിഞ്ഞാൽ പിന്നെ തിരുമുറ്റത്ത് ആൾ സഞ്ചാരം പാടില്ല. എല്ലാവരും പുറത്തേക്കിറങ്ങുന്നു. പിറ്റേന്നു വെളുപ്പിനെ പള്ളിയറയിൽ നിന്നും ദേവീദേവന്മാരെ ശ്രീകോവിലേക്കെഴുന്നള്ളിക്കുന്നു.

ശംഖാഭിഷേകമാണ് തിരുവഞ്ചിക്കുളത്തപ്പ

ന്റെ പ്രധാന വഴിപാട്. കുംഭമാസത്തിലെ കറുത്ത വാവു നാൾ ആറാട്ടു വരത്തക്ക വിധമാണ് തിരുവഞ്ചിക്കുളത്തപ്പന്റെ ഉത്സവം നടക്കുന്നത്. തിരുവഞ്ചിക്കുളത്തെ ഉത്സവകാലത്ത് കൊടുങ്ങല്ലൂരമ്മ ഉമാമഹേശ്വര സന്നിധിയിലുണ്ടാകും എന്നാണ് വിശ്വാസം. എന്നാൽ ആറാട്ടിന് കൊടുങ്ങല്ലൂരമ്മ എഴുന്നള്ളാറില്ല. ആറാട്ടിന്റെ പിറ്റേ ദിവസം ദീപാരാധന കഴിഞ്ഞാൽ കൊടുങ്ങല്ലൂരമ്മ തിരിച്ചെഴുന്നള്ളുന്നു. മൂന്നാനപ്പുറത്താണ് എഴുന്നള്ളത്ത്. ഒരാനയുടെ പുറത്ത് ഒരു ചെമ്പുകുടം നിറയെ നെല്ലും നാണയങ്ങളും കാണും. ഇത് ഒരുവർഷത്തെ ചിലവിനായി മകൾക്കു നൽകുന്ന ധന ധാന്യങ്ങളാണെന്നാണ് സങ്കൽപ്പം. ഈ യാത്രയയപ്പിന് കൊടുങ്ങല്ലൂർ കിഴക്കേ നടവരെ ദേവീ ദേവന്മാർ കൊടുങ്ങല്ലൂരമ്മയെ അനുഗമിക്കുന്നു. പാതിരാവോടടുത്ത സമയത്ത് നിശബ്ദമായി ദേവിയോടു യാത്ര പറഞ്ഞു പിരിയുന്നു.

എല്ലാ പ്രദോഷത്തിനും നടരാജ മൂർത്തിക്ക് പൂജകളുണ്ട് ശിവരാത്രിക്കു മുമ്പുള്ള പ്രദോഷം നൃത്തപരിപാടിയോടെ ആഘോഷിക്കുന്നു. പ്രദോഷ നൃത്തചടങ്ങ് സർവ്വപാപമുക്തിക്കുത്തമമാണെന്ന് ഭക്തജനങ്ങൾ വിശ്വസിക്കുന്നു. നൃത്ത സമയത്ത് ഭഗവാന്റെ കാൽകീഴിൽ നിന്നും രക്ഷപ്പെട്ട അസുരൻ ദുഷ്കർമ്മങ്ങൾക്കു മുതിരുമ്പോൾ അസുരനെ സംഹരിക്കാനൊരുങ്ങുന്ന മഹേശ്വരനെയാണ് പ്രദോഷ നൃത്തസമയത്തു ഭക്തർ ദർശിക്കുന്നത് എന്നാണ് വിശ്വാസം.

ഗജതുരഗ സഹസ്രം ഗോകുലം കോടിദാനം
കനക രചിതപാത്രം മേദിനീ സാഗരാന്തം
ഉഭയകുലവിശുദ്ധം കോടികന്യാപ്രദാനം.
നഹി: നഹി: ബഹുദാനം അന്നദാനം സമാനം.

തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രത്തിൽ നിത്യം ഏഴരപ്പറ അരിയുടെ നിവേദ്യം നടത്തിയിരുന്ന ഒരു നല്ലകാലം ഉണ്ടായിരുന്നു.

കേരളപ്പിറവിക്കുശേഷം നീതിരഹിതമായ ഭൂപരിഷ്ക്കരണ നിയമങ്ങൾ നടപ്പിലാക്കിയതിലൂടെ മഹാപ്രഭുവായ തിരുവഞ്ചിക്കുളത്തപ്പൻ ദരിദ്രനും പട്ടിണിക്കാരനുമായി. 32 ഉപദേവന്മാരുടെ ഒരു നേരത്തെ നേദ്യത്തിനുപോലും ബുദ്ധിമുട്ടുന്ന അവസ്ഥയാണിന്ന്. എങ്കിലും തിരുവഞ്ചിക്കുളത്തപ്പന്റെ ഭക്തരുടെയും ദേശവാസികളുടെയും സഹായസഹകരണത്തോടെ ഇന്നും ഇവിടെ നിത്യാന്നദാനം നടന്നുവരുന്നു. തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രം ഇന്ന് കൊച്ചിൻ ദേവസ്വംബോർഡിന്റെ മേൽനോട്ടത്തിലാണ്.

ദമ്പതി പൂജയെന്ന പള്ളിയറ പൂജയേറ്റു കൊണ്ട് ഭക്തരിൽ ഏറെ പ്രസന്നനാകുന്ന മഹാപ്രഭോ അങ്ങയുടെ തിരുസന്നിധിയിലെത്തി അന്നദാനത്തിന്റെ മഹാപുണ്യം നേടുവാൻ എല്ലാവർക്കും അവസരമുണ്ടാകട്ടെ. ഭക്തജനങ്ങൾക്കെല്ലാം ഉമാമഹേശ്വരന്മാരുടെ അനുഗ്രഹാശ്ശിസ്സുകൾ സിദ്ധിക്കുമാറാകേണമേഎന്ന പ്രാർത്ഥനയോടെ ഈ അക്ഷരമാല്യത്തെ തിരുവഞ്ചിക്കുളത്തപ്പന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളട്ടെ●

മാംഗല്യം
നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്
* രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ
ടി.ഡി.എം.ഹാൾ കോംപ്ലക്സ്
ഡി.എച്ച്.റോഡ്,കൊച്ചി 682016
ഫോൺ: 0484 2361160, Extn. 32
Web: www.karayogammangalyam.com/
www.karayogammangalyam.in
Email :ekmkgm@gmail.com

*(മിനിക്കഥ)*

## വിശാലമനസ്സ്

ഉണ്ണി വാരിയത്ത്
ഫോൺ: 09867179480

രക്ഷിതാക്കൾ മക്കളെ ആശ്രയിക്കുന്നത് തെറ്റല്ല. എങ്കിലും, ആരെയും ആശ്രയിക്കാതിരിക്കുന്നതാണ് കൂടുതൽ ശരി.

നമുക്കെന്നും നമ്മളേയുള്ളു എന്ന ചിന്ത ഭയാനകമല്ല, ബലം നൽകുന്നതാണ്.

നമ്മളെ കാത്തിരിക്കാൻ ആരുമില്ലെന്നു പറയുന്നതു വെറുതെ. മരണമുണ്ടല്ലോ. നമ്മുടെ ഊഴമെത്തും വരെ ക്ഷമയോടെ കാത്തിരിക്കാനും ഊഴം തെറ്റിക്കാൻ നാം ശ്രമിച്ചാൽ പഴിക്കാതെ സ്വീകരിക്കാനും വിശാലമനസ്സുള്ള മരണം.

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

## ശാന്ത

ദശരഥമഹാരാജാവിന്റെയും അയോദ്ധ്യയുടെയും വിവരണങ്ങൾ നമുക്കു ലഭിച്ചതിനുശേഷമാണ് തന്റെ വംശത്തിന്റെ നിലനിൽപ്പിനു വേണ്ടി ഒരു പുത്രൻ ജനിക്കണമെന്നു ദശരഥൻ ആഗ്രഹം പ്രകടിപ്പിക്കുന്നത്. അങ്ങനെ യജ്ഞം നടത്താനൊരുങ്ങി. മന്ത്രിയായ സുമന്ത്രർ പറയുന്ന കഥയിലൂടെയാണ് ഋഷ്യശൃംഗന്റെ ഭാര്യയായ ശാന്തയേക്കുറിച്ചറിയുന്നത്.

കശ്യപപുത്രനായ വിഭാണ്ഡകൻ എന്ന മുനിവര്യന് ഋഷ്യശൃംഗൻ എന്നൊരു പുത്രനുണ്ടായി. പിതാവിന്റെ ശിക്ഷണത്തിൽ വളർന്ന പുത്രൻ ബ്രഹ്മചര്യം കാത്തുസൂക്ഷിച്ച് അഗ്നിസപര്യയനുഷ്ഠിച്ച് ആശ്രമത്തിൽ കഴിഞ്ഞുവന്നു. അക്കാലത്ത് രോമപാദൻ എന്ന രാജാവിന്റെ ദേശത്ത് മഴയില്ലാതെയായി. ബ്രാഹ്മണമുഖ്യരുടെ ഉപദേശപ്രകാരം ഋഷ്യശൃംഗനെ കൊണ്ടു വന്ന് യാഗം നടത്തി മകളായ ശാന്തയെ പൂർണ്ണമനസ്സോടെ വിവാഹം ചെയ്തുകൊടുത്തു. ഈ ഋഷ്യശൃംഗനെ ദശരഥൻ സമീപിക്കുകയും ഭാര്യസമേതം അദ്ദേഹം യജ്ഞത്തിൽ പങ്കെടുക്കുകയും ചെയ്തു. ഭർത്താവിനോടൊപ്പം ശാന്ത വന്നതുകണ്ടിട്ട് ദശരഥനും പത്നിമാരും സന്തോഷിച്ചുവെന്നും വിവരിക്കുന്നു.

ഋഷ്യശൃംഗനെ സന്തോഷപ്പെടുത്തി ദ്വിജശ്രേഷ്ഠന്മാർ അശ്വമേധത്തിനുള്ള കർമ്മങ്ങൾ ചെയ്തു. മുനിപുംഗവന്മാർ പ്രാതഃസവനം നടത്തി, ഐന്ദ്രദാനം നടത്തി. ഋഷ്യശൃംഗൻ മന്ത്രങ്ങളുച്ചരിച്ചു. യജ്ഞം സമാപിച്ചു. സന്തുഷ്ടനായ രാജാവ് ഋഷ്യശൃംഗനോട് കുലവർദ്ധനക്കു വേണ്ടതു ചെയ്യണമെന്നപേക്ഷിച്ചു. മുനി രാജാവിനു നാലു പുത്രന്മാരുണ്ടാകുമെന്നനുഗ്രഹിച്ചു. പുത്രലാഭകരമായ യാഗം നടത്താനും പറഞ്ഞു. യാഗം നടത്തി. യാഗാവസാനം സംപൂജിതനായ മുനി ശാന്തയോടുകൂടി യാത്രയായിയെന്നും വാല്മീകി പറയുന്നു.

ഈ ശാന്ത ദശരഥരാജാവിന്റെയും കൗസല്യയുടെയും മകളാണ് എന്നൊരു കഥയുണ്ട്.ദശരഥ കൗസല്യ വിവാഹശേഷം ഗർഭിണിയായ കൗസല്യ ഒരു പെൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടിക്കു കാലിനു ചില കുഴപ്പങ്ങൾ ഉണ്ടായിരുന്നു. ധാരാളം ചികിത്സകൾ നടത്തിയെങ്കിലും ശരിയായില്ല. വസിഷ്ഠമഹർഷി പറഞ്ഞു, ദശരഥനും കൗസല്യയും ഒരേ ഗോത്രത്തിലുള്ളവരായതുകൊണ്ടാകാം അവരുടെ കുട്ടിക്ക് ഇങ്ങനെയുണ്ടായതെന്ന്. (ആധുനിക ആരോഗ്യശാസ്ത്രം പറയുന്നതുപോലെ അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം ജനിക്കുന്ന കുഞ്ഞിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാം എന്നുള്ള ശാസ്ത്രീയ സത്യം അന്ന് വസിഷ്ഠൻ അറിഞ്ഞിരുന്നുവെന്നത് അത്ഭുതാവഹം തന്നെ. ഭാരതീയ തത്വചിന്ത ശാസ്ത്രാധിഷ്ടിതമാണ്). അതുകൊണ്ട് വേറെയേതെങ്കിലും മഹത്തുക്കൾ ഇവളെ വളർത്തും. ഇതുകേട്ട ദശരഥൻ കൗസല്യയുടെ മൂത്ത സഹോദരിയെ ഏൽപ്പിച്ചു. അംഗരാജാവായ രോമപാദൻ ശാന്തയുടെ വളർത്തച്ഛനായി മാറി. ഈ ശാന്തയാണ് ഋഷ്യശൃംഗന്റെ ഭാര്യയായത്. ശാരദപീഠം സ്ഥിതി ചെയ്യുന്ന ശൃംഗേരി എന്ന പർവ്വതത്തിലായിരുന്നു ഋഷ്യശൃംഗന്റെ ആശ്രമം എന്നും പറയപ്പെടുന്നു. സ്വന്തം പുത്രിയുടെ ഭർത്താവുതന്നെയാണ് രാജകുലത്തിന്റെ രക്ഷക്കായി യാഗം നടത്താൻ നിമിത്തമായതും. ധർമ്മത്തെ രക്ഷിക്കാനായി നാരായണൻ ജന്മം കൊണ്ടതും.

## കൈകേയി

ദശരഥ മഹാരാജാവിന്റെ രണ്ടാമത്തെ പത്നിയാണ് കൈകേയി. സർവ്വഗുണങ്ങളും തികഞ്ഞ വിഷ്ണുവിന്റെ കാൽഭാഗമാണെന്നു വിശ്വസിക്കുന്ന ഭരതനാണ് കൈകേയീപുത്രൻ. ഭരതൻ മാണ്ഡവിയുമായുള്ള വിവാഹശേഷം അമ്മാവൻ യുധാജിത്തിന്റെ ആഗ്രഹപ്രകാരം കേകയത്തിലേക്ക് സുമിത്രാതനയൻ ശത്രുഘ്നനുമായി പോയി. ദശരഥൻ രാമന്റെ പട്ടാഭിഷേകത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങുമ്പോഴാണ് നാം കൈകേയിയെ കൂടുതലായി കാണുന്നത്. സദ്ഗുണസമ്പന്നനായ രാമനാണ് ഭരതനേക്കാൾ തനിക്കിഷ്ടം എന്നു പറയുന്ന കൈകേയി പിന്നീട് രാമനെ വൽക്കലധാരിയായി കാട്ടിലേക്കയക്കണമെന്നു ശഠിക്കുന്ന ദുഷ്ടയായ ഒരു സ്ത്രീയായി മാറുന്ന

രീതിയിലാണ് വർണ്ണിക്കപ്പെടുന്നത്.

തോഴിയായ മന്ഥര അസൂയ നിറഞ്ഞ വാക്കുകൾ കൈകേയിയുടെ മനസ്സിലൂടെ കടത്താൻ ആവുന്ന വിധം യത്നിച്ചു. ദുഃഷ്ടാത്മാവായ ദശരഥൻ ഭരതനെ ബന്ധുക്കളുടെയടുത്തേക്കു തള്ളിവിട്ടിട്ട് രാമനെ രാജാവാക്കാൻ പോകുന്നു. അതു കൊണ്ടു നീ തക്കസമയത്ത് വേണ്ടതു ചെയ്യുക തുടങ്ങിയ വാക്കുകൾ മന്ഥര പറഞ്ഞതുകേട്ടു സന്തോഷം തോന്നിയ കൈകേയി അവർക്ക് അമൂല്യമായ ഒരു രത്നം പ്രതിഫലമായി നൽകി. രാമനെ രാജാവാക്കുന്ന സന്തോഷം കൈകേയി പ്രകടിപ്പിച്ചു. പക്ഷെ കുടിലതന്ത്രങ്ങൾ കൈമുതലായുള്ള മന്ഥര കൂടുതൽ കുടിലത പറയാൻ തുടങ്ങി. വീണ്ടും കൈകേയി പറഞ്ഞു, ഭരതൻ എപ്രകാരം വത്സലനായിരിക്കുന്നുവോ, അപ്രകാരംതന്നെ രാമനുമാണ് എനിക്ക്. മന്ഥര അടങ്ങുന്നില്ല. രാമൻ രാജ്യം ഭരിച്ചാൽ കാട്ടിൽ ആനത്തലവനെ സിംഹം എന്നപോലെ രാമൻ ഭരതനെ ആട്ടിയോടിക്കുമെന്നും അതുകൊണ്ട് രാമനെ കാട്ടിലയച്ച് ഭരതനെ രക്ഷിക്കേണ്ടത് കൈകേയിയുടെ ധർമ്മമാണെന്നും മറ്റും പറഞ്ഞ് കൈകേയിയുടെ മനസ്സിനെ ഇളക്കി. അവസാനം കൈകേയി പറഞ്ഞു, ഒരുപായം പറയൂ, ഭരതനു രാജ്യം കിട്ടാനും രാമന് കിട്ടാതിരിക്കാനും. ആ സമയത്താണ് മന്ഥര കൈകേയിയേ ദശരഥൻ കൊടുക്കാമെന്നേറ്റ വരത്തേക്കുറിച്ച് ഓർമ്മിപ്പിക്കുന്നത്.

കൈകേയിയെന്ന സുന്ദരിയായ പത്നിയെ ദശരഥൻ വളരെയധികം സ്നേഹിച്ചിരുന്നു. ദശരഥന്റെ യുദ്ധസ്ഥലത്തും കൈകേയി രഥം തെളിയിച്ചിരുന്നുവെന്നും കഥയുണ്ട്. ദശരഥൻ, ഇന്ദ്രനും അസുരന്മാരുമായുണ്ടായ യുദ്ധത്തിൽ ഇന്ദ്രനെ സഹായിക്കാനായി പുറപ്പെട്ടു. ശംബരൻ എന്ന രാക്ഷസൻ ധർമ്മയുദ്ധമല്ല ചെയ്തിരുന്നത്. യുദ്ധത്തിൽ മുറിവേറ്റ ദശരഥനെ കൈകേയി യുദ്ധക്കളത്തിൽനിന്നും കൊണ്ടുപോയി ശുശ്രൂഷിച്ചു രക്ഷിച്ചു. ഇതിനു പ്രത്യുപകാരമായി ദശരഥൻ രണ്ടു വരം നൽകാം എന്നും, കൈകേയി താൻ ഇഛിക്കുമ്പോൾ ചോദിച്ചോളാം എന്നു പറഞ്ഞ കാര്യം മന്ഥര ഓർമ്മിപ്പിക്കുന്നു. ആ വരം ഇപ്പോൾ ആവശ്യപ്പെടണം. ഒന്നു ഭരതനെ രാജാവാക്കുക. മറ്റൊന്ന് രാമനെ 14 വർഷത്തേക്ക് കാട്ടിലേക്കയക്കുക എന്നതായിരുന്നു ചോദിക്കാനുപദേശിച്ച വരം. അതെങ്ങനെ അവതരിപ്പിക്കണമെന്നുകൂടി മന്ഥര പറഞ്ഞുകൊടുത്തു. കൈകേയിയെ ക്രോധിപ്പിക്കാൻ സാധിക്കില്ലായെന്നും പ്രീതിക്കുവേണ്ടി പ്രാണൻ ത്യജിക്കാൻകൂടി രാജാവു തയാറാകുമെന്നും പറയുന്നു. ഇതു കേട്ട കൈകേയി മന്ഥരയെ ഏറ്റവും നല്ല ഉപദേശം തരുന്നവളേ എന്നാണ് വിളിച്ചിരുന്നത്. കൈകേയിയുടെ ചിന്താശക്തിക്കു കോട്ടം സംഭവിപ്പിച്ചു. അവർ ക്രോധാലയത്തിലെത്തി രാജാവിനെ പ്രതീക്ഷിച്ചിരുന്നു. വാല്മീകി

നരേന്ദ്രപത്നി വിമനാബദുവസാ
ദമോവൃതാവുനരിവമഗതാരക

എന്നും, എഴുത്തച്ഛൻ

'ചിത്തമോഹേന കോപാലയേ പുകിനാർ' എന്നും വിവരിക്കുന്നു. ആഭരണങ്ങൾ വലിച്ചെറിഞ്ഞ് ക്രോധാലയത്തിൽ കിടന്ന കൈകേയിയെ ചൈതന്യമറ്റ ഒരു കിന്നരിയേപ്പോലെയായിരുന്നുവെന്നും വർണ്ണിക്കുന്നു.

അവിടെ, പ്രാണനേക്കാൾ പ്രീയപ്പെട്ടവളായി കരുതിയിരുന്ന കൈകേയി നിലത്തുകിടക്കുന്നതു കണ്ട് രാജാവ് ദുഃഖിതനായി വിവരമമ്പേഷിച്ചു. അങ്ങനെ ദശരഥനിൽനിന്നും പലതും പറഞ്ഞ് വശത്താക്കി കൈകേയി വരം ആവശ്യപ്പെടുന്നു. കൈകേയിയുടെ കഠിനമായ വാക്കുകൾ രാജാവിനെ വേദനിപ്പിച്ചു. രാജപുത്രിയായ നിന്നെ ഘോരവിഷമുള്ള വ്യാളിയാണെന്നറിയാതെ ഞാൻ എന്റെ നാശത്തിനായി തന്നെയാണല്ലോ ഇവിടെ കുടിവെച്ചത് എന്നും മറ്റും പറഞ്ഞു വിലപിച്ചു. കൈകേയിയെ കൈ കൂപ്പി കാലുപിടിക്കുന്നു എന്നുവരെ ദശരഥൻ കൈകേയിയോടു പറയുന്നു. പക്ഷെ കൂടുതൽ കോപിഷ്ടയാവുകയാണ് കൈകേയി ചെയ്യുന്നത്. അവർ ചോദിച്ചു, നരാധിപാ, വരം തന്നിട്ടു ഇപ്പോൾ മറിച്ചു പറയുന്നതിലൂടെ നരേന്ദ്രന്മാർക്കെല്ലാം കളങ്കമുണ്ടാക്കുകയാണോ. ഒരു പടി കൂടി കടന്ന് വിഷം കുടിച്ചു മരിക്കുമെന്നുകൂടി അവർ പറയുന്നു. ഉള്ളിൽ പലതും ഒളിപ്പിച്ച് പ്രിയം പുറത്തു പറയുന്ന, ദുഷ്ടയായ നീ ജീവിച്ചിരിക്കുന്നതെനിക്കിഷ്ടമില്ല. ആരെയും പേടിക്കാത്ത കൈകേയി വീണ്ടും ദശരഥനെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. കരയുന്ന ഭർത്താവിന്റെ ദയനീയ വാക്കുകൾ കേട്ടിട്ടും ദുഷ്ടയായ കൈകേയി ഒന്നും പറഞ്ഞില്ലായെന്നാണ് വാല്മീകി പറയുന്നത്.

ശ്രുതാ വിചിത്രം കരുണം വിലാപം
ഭർതൃർനൃശംസാ ന ചാകര വാക്യം

അവസാനം നിന്നെയും പുത്രനേയും ഞാൻ ത്യജിക്കുന്നു എന്നുവരെ ദശരഥൻ കൈകേയിയോടു പറയുന്നു. രാമാഭിഷേകം മുടക്കുകയാണെങ്കിൽ നീയും പുത്രനും എന്റെ ഉദകക്രീയ ചെയ്യാൻ പാടില്ലായെന്നും പറഞ്ഞു.

സുമന്ത്രരും മറ്റും രാജാവിനേ കാണാൻ വന്നപ്പോൾ സംസാരിക്കാതിരുന്ന രാജാവിനെ കണ്ട് അത്ഭുതപ്പെട്ടു. എന്തും സന്ദർഭോചിതമായി പറയാൻ കഴിവുള്ള കൈകേയി രാമന്റെ അഭിഷേകം ആലോ

ചിച്ച് ഉറങ്ങിയില്ലെന്നും രാമനെ ഇവിടേക്കു കൊണ്ടുവരികയെന്നും പറഞ്ഞു. രാമൻ വന്നാൽ മാത്രമേ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ എന്നറിയാവുന്ന കൈകേയിയുടെ കൗശലത്താൽ രാമനെ വരുത്തി. ദുഃഖിതനായ രാജാവിനോടു കാരണമന്വേഷിച്ച രാമനോടു അഛന്റെ വാക്കു പാലിക്കേണ്ടത് രാമനാണെന്നു പറയുകയാണ്. അങ്ങനെ രണ്ടു വരവും കൈകേയി രാമനോടു പറഞ്ഞു. സത്യപ്രതിജ്ഞക്കു വില കൽപിക്കുന്നുവെങ്കിൽ പിതാവിന്റെ സത്യം പാലിക്കുക. ഇങ്ങനെ കഠിനമായ വാക്കുകൾ കൈകേയി രാമനോടു പറയുകയാണ്. രാമൻ കൈകേയിയുടെ ഇഷ്ടം സാധിക്കാനായി പിതാവിന്റെ ആജ്ഞ പാലിക്കാൻ തയ്യാറായി. രാമന്റെ വാക്കുകൾ കേട്ട കൈകേയി ഭരതനെ ഇവിടെയാരെങ്കിലും കൂട്ടിക്കൊണ്ടു വരും, നീ ഉടനേ പുറപ്പെട്ടു കാട്ടിലേക്കു പോകുകയെന്നു പറയുന്നു. നീ ഈ പുരത്തിൽനിന്നു വനത്തിലേയ്ക്ക് അതിവേഗം പുറപ്പെടാത്തിടത്തോളം പിതാവ് കുളിക്കുകയോ ഭക്ഷിക്കുകയോ ഇല്ലയെന്നു കൂടി കൈകേയി പറയുന്നു. ഭരതന്റെ രാജ്യാഭിഷേകം നടക്കുമോയെന്നുള്ള ആകാംക്ഷ കൈകേയിയിൽ ഉണ്ടായിരുന്നു. രാമൻ കിടക്കുന്ന ദശരഥനെ എഴുനേൽപ്പിച്ചിരുത്തുമ്പോൾ പോലും കുതിരയെ ചാട്ടയടിച്ച് ഓടിക്കുംപോലെ കൈകേയി ധൃതി കാണിച്ചുവെന്നാണ് ഇതിനെപ്പറ്റി വാല്മീകി പറയുന്നത്. രാമൻ ഇവിടെ സനാതനധർമ്മം എന്താണെന്നു കൈകേയിക്കു പറഞ്ഞുകൊടുക്കുന്നു.

കോപാകുലനായ ലക്ഷ്മണൻ കൈകേയിയേക്കുറിച്ച് പറയുന്നത് അവരുടെ സ്വഭാവവിശേഷണങ്ങളിലൂടെയാണ്. രാമൻ തന്നെ ലക്ഷ്മണനോടു പറയുന്നു, ഞാൻ നാടു വിടുന്നതു കണ്ടു കൃതകൃത്യയായ നൃജാത്മജാ

സുതം ഭരതമന്യഗ്രമഭിഷേചയതാം തത്

എന്നാണ്. കൈകേയിക്കു പുത്രന്മാരെല്ലാവരും ഒരേപോലെയായിരുന്നുവെന്ന സത്യം രാമനോർക്കുന്നുമുണ്ട്. കൈകേയിക്കു വശംഗതനായിട്ടാണ് പിതാവിതു പറയുന്നതെന്നും ഈ രണ്ടുപേരുടേയും ഇഷ്ടം മനസ്സുകൊണ്ടുപോലും കൈക്കൊള്ളാൻ പാടില്ലായെന്നും അഹിതം പറയുന്ന ശത്രുക്കളാണ് മാതാപിതാക്കളെന്ന പേരോടു കൂടിയ ഈ രണ്ടു പേരെന്നും ലക്ഷ്മണൻ പറയുന്നു.

ദശരഥൻ രാമന് വനവാസത്തിനു വേണ്ട ധനവും മറ്റും കൊടുത്തയക്കണമെന്നു പറഞ്ഞപ്പോൾ കൈകേയി ഭയന്നു. വീണ്ടും ദശരഥനോടു വാക്കുതർക്കത്തിലേർപ്പെട്ടു. അവസാനം ഞാൻ രാമനെ അനുഗമിക്കുമെന്നും ഭരതരാജാവിന്റെ കൂടെ നീ സുഖമായി രാജ്യഭോഗം അനുഭവിക്കുകയെന്നും ദശരഥൻ പറഞ്ഞു.

കൈകേയിക്ക്, രാമനു മരവുരി കൊടുക്കാൻ യാതൊരു വൈമുഖ്യവുമില്ലായിരുന്നു. സീത മരവുരി ധരിക്കുന്നതു കണ്ട് വസിഷ്ഠമഹർഷിക്കു സങ്കടം വന്നു. കുലം കെടുത്തവളേയെന്നും നെറികെട്ടവളേയെന്നും മറ്റും കൈകേയിയെ വിളിക്കുന്നു. രാമനോടൊപ്പം സീതയും ഞങ്ങളെല്ലാവരും പോകുമെന്നും ശൂന്യമായി മരങ്ങൾ മാത്രമുള്ള ഭൂമിയെ നീ ഒറ്റക്കു ഭരിച്ചോളൂയെന്നും ഭരതനിൽ വിശ്വാസമുള്ള മഹർഷി വീണ്ടും പറഞ്ഞു. ഭവതി ഭൂമിയിൽനിന്നും ആകാശത്തേക്കു പറക്കുമെന്നാലും കൂടി പിതൃവംശ ചരിത്രമറിയുന്ന ഭരതൻ ഇതൊന്നും അംഗീകരിക്കുകയില്ല. ഇവിടെ ഭരതൻ സദ്ഗുണസമ്പന്നനാണെന്ന് വസിഷ്ഠൻ തറപ്പിച്ചു പറയുന്നു. ഗ്രാമവാസികളെല്ലാം കൈകേയിയെ ശപിച്ചു.

ഭരതനെ കേകയത്തിൽനിന്നും കൊണ്ടുവരാൻ പോയവരോട് അയോദ്ധ്യയിലെ സുഖവിവരങ്ങൾ അന്വേഷിക്കുന്ന ഭരതൻ കൈകേയിയേക്കുറിച്ച് പറയുന്നതിങ്ങനെയാണ്. എന്റെ അമ്മയും സ്വാർത്ഥതൽപരയും വാശിയേറിയവളും ക്രോധശീലയുമായ കൈകേയിക്കു സുഖമല്ലേയെന്ന്. പുത്രൻ തിരികെ വന്നതു കണ്ട് കൈകേയി ചെന്ന് കുശലാന്വേഷണം നടത്തി. അച്ഛനേക്കുറിച്ചന്വേഷിച്ചപ്പോൾ കൈകേയി നിസ്സാരഭാവത്തിൽ പറഞ്ഞു, ജനിച്ചവരൊക്കെ ഏതു ഗതി പ്രാപിക്കുന്നുവോ അതുതന്നെ ദശരഥനും സംഭവിച്ചുവെന്ന്. അപ്രിയസത്യത്തെ നിസ്സാരവൽക്കരിച്ചു ഭാഷണം ചെയ്യാൻ കൈകേയിക്കു കഴിഞ്ഞിരുന്നു. രാമന്റെ കാര്യവും അതുപോലെ തന്നെ അവർ പറഞ്ഞു. ഇതിനെല്ലാം കാരണക്കാരി കൈകേയിയാണെന്നറിഞ്ഞ ഭരതൻ അസഹിഷ്ണുതയോടെ അഹിതവാക്കുകളുപയോഗിച്ചു. ഞാൻ ഭവതിയെ കൊല്ലാനാഗ്രഹിക്കുന്നുവെന്നും മറ്റും പറഞ്ഞു. ഇതു കേട്ട കൈകേയി രാജ്യം ഭരിക്കാൻ ഭരതനെ ഉപദേശിച്ചു. അച്ഛനും ജ്യേഷ്ഠനും ഇല്ലാതെ ദുഃഖിക്കുന്ന എനിക്ക് രാജ്യം കൊണ്ടെന്തുകാര്യം. അമ്മയെ നിന്ദിച്ചു. കൈകേയി അശ്വപതിയുടെ മകളല്ലെന്നും അവിടെ പിറന്ന രാക്ഷസിയാണെന്നും മറ്റും പറഞ്ഞ് അധിക്ഷേപിച്ചു. കോപംകൊണ്ടു വിറക്കുന്ന ശത്രുഘ്നന്റെ വാക്കുകൾ കേട്ട് കൈകേയി ഭയന്നു പുത്രനെ ശരണം പ്രാപിച്ചു. രാമനെ തിരികെ കൊണ്ടുവരാൻ പോകുന്നവരുടെ കൂട്ടത്തിൽ കൈകേയിയുമുണ്ടായിരുന്നു.

ഭരദ്വാജമഹർഷിക്ക് ഓരോരുത്തരെ പരിചയപ്പെടുത്തുന്ന ഭരതൻ കൈകേയിയേക്കുറിച്ചു പറഞ്ഞതെന്താണെന്നോ, ആരുടെ പ്രവർത്തിമൂലമാണോ രാമലക്ഷ്മണന്മാർ വനത്തിൽ വന്നതും, പുത്രഹീന

നായി ദശരഥൻ സ്വർഗ്ഗം പൂകിയതും, ആ ദ്വേഷ്യക്കാരിയും ബുദ്ധിക്കു പക്വതയില്ലാത്തവളും ഗർവ്വിഷ്ഠയും സൗന്ദര്യാഭിമാനിയും ഐശ്വര്യക്കൊതിപൂണ്ടവളും ദുഷ്ടയമായ കൈകേയി എന്റെ അമ്മയാണെന്നറിഞ്ഞാലുമെന്നാണ്. അവർ മൂലമാണ് എനിക്കീ ദുഃഖം വന്നതെന്നും പറയുന്നു. ഭരദ്വാജമഹർഷി കൈകേയിയെ വിദ്വേഷത്തോടെ വീക്ഷിക്കരുതെന്നും എല്ലാം ശുഭപര്യവസായിയായി തീരുമെന്നും പറയുന്നു.

രാമനും സഹോദരന്മാരും വനത്തിൽ കണ്ടുമുട്ടി. എങ്ങനെയെങ്കിലും ശ്രീരാമനെ അയോദ്ധ്യയിലേക്ക് തിരികെ എത്തിക്കുകയെന്നതാണ് ഭരതന്റെ ഉദ്ദേശം. ദശരഥന്റെ മരണവും രാജ്യഭരണവും ചർച്ചചെയ്തു. ഭരതൻ അപ്പോഴും കൈകേയിയേക്കുറിച്ചു പറയുന്നത് രാജ്യം കിട്ടാൻ വേണ്ടി പാടുപെട്ട് വിധവയായി തീർന്ന അമ്മ മഹാഘോരനരകത്തിൽ പതിക്കുമെന്നും ആണ്. രാജ്യം എനിക്കു നേടിത്തന്നുവെന്ന് എന്റെ അമ്മ തൃപ്തിപൂണ്ടു. എനിക്കാ രാജ്യം വേണ്ടായെന്നും മറ്റും പറഞ്ഞു കരയുന്ന ഭരതനെയാണ് നാം ഇവിടെ ദർശിക്കുന്നത്. രാമനോട് അപരാധങ്ങൾക്ക് മാപ്പപേക്ഷിക്കുമ്പോഴും അമ്മയെ കുറ്റപ്പെടുത്തുകയാണ് ചെയ്തത്. അവസാനം അമ്മയുടെ ദുഷ്പേരുമായിച്ചുകളഞ്ഞ് രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

രാമരാവണയുദ്ധത്തിനുശേഷം ഭരതന്റെ ആശ്രമത്തിലെത്തിയ രാമനെ കൈകേയി മറ്റു ദശരഥപത്നിമാരോടൊപ്പം പോയികണ്ടു. രാമൻ എല്ലാവരേയും വന്ദിച്ചു. അങ്ങനെ സന്തോഷമായി കൈകേയി അയോദ്ധ്യയിൽ വ്യതാനുഷ്ഠാനങ്ങളിൽ മുഴുകി കഴിഞ്ഞുകൂടി. കൗസല്യയുടെ മരണശേഷം കൈകേയി ദുഃഖിതയായിരുന്നു. അവസാനകാലം ശ്രീരാമന്റെ ദിവ്യപ്രകാശം കണ്ടുകൊണ്ട് ഇഹലോകവാസം വെടിഞ്ഞു.

കേകയരാജാവായ അശ്വപതിക്ക് 7 പുത്രന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നു. ഏഴു സഹോദരന്മാരുടെ ഇടയിൽ വാത്സല്യം വേണ്ടുവോളം അനുഭവിച്ച് കൈകേയി വളർന്നു. ചെറുപ്പത്തിൽതന്നെ തന്റെ സഹോദരന്മാരേക്കാൾ യുദ്ധപാടവവും ധൈര്യവും കൈകേയി കാണിച്ചിരുന്നു. കൈകേയിയുടെ അച്ഛൻ അശ്വപതിക്ക് പക്ഷികളുടെ ഭാഷ വശമായിരുന്നു. ഒരുദിവസം ഭാര്യയുമൊത്ത് പൂന്തോട്ടത്തിൽ ഉല്ലസിച്ചിരുന്ന രാജാവിന് ഇണപക്ഷികൾ സംസാരിക്കുന്നത് കേൾക്കാനിടയായി. ആ സംഭാഷണം കേട്ട് അദ്ദേഹം പുഞ്ചിരിച്ചു. ഈ പുഞ്ചിരിയുടെ കാരണം രാജ്ഞി അന്വേഷിച്ചു. പക്ഷെ ഈ കാര്യം പറയാൻ പാടില്ലായെന്നും പറഞ്ഞാൽ രാജാവിന്റെ ജീവിതം തന്നെ ഇല്ലാതാകുമെന്നും രാജാവ് പറഞ്ഞു. പക്ഷെ രാജ്ഞി കൂട്ടാക്കിയില്ല. നിർബ്ബന്ധിച്ചുകൊണ്ടേയിരുന്നു. അവസാനം രാജാവ് രാജ്ഞിയെ രാജ്യത്തുനിന്നും പുറത്താക്കി. തന്റെ ഭാര്യക്ക് കുടുംബജീവിതവുമായി ധർമ്മനിഷ്ഠയോടുകൂടി കഴിയാൻ പറ്റില്ലായെന്നു രാജാവു മനസ്സിലാക്കി. കൈകേയി പിന്നീട് അമ്മയെ കണ്ടിട്ടില്ല. മന്ഥരയെന്ന ദാസിയാണ് കൈകേയിയെ വളർത്തിയത്. ഇങ്ങനെ പല അനുഭവങ്ങളും ചെറുപ്പത്തിൽ കൈകേയിയുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. യുദ്ധരംഗങ്ങളിൽ പ്രാവീണ്യമുള്ള കൈകേയി യുദ്ധക്കളത്തിലും ദശരനെ അനുഗമിച്ചിരുന്നതുകൊണ്ടണല്ലോ വരം നേടാനായത്. അതീവസുന്ദരിയും പ്രിയമായി സംസാരിക്കാനറിയാവുന്നവളുമായ കൈകേയിയോടൊപ്പമായിരുന്നു ദശരഥരാജാവ് കൂടുതൽ സമയവും കഴിച്ചിരുന്നത്. അതുകൊണ്ടയിരിക്കാം കൈകേയി കുത്തുവാക്കുകൾ പറയുമ്പോഴും വരമാവശ്യപ്പെട്ടപ്പോഴും രാമനെ കാട്ടിലയക്കണമെന്ന് ആവശ്യപ്പെട്ടപ്പേഴും ദശരഥന് തിരിച്ചൊന്നും പറയാൻ കഴിയാതിരുന്നത്. കുശുമ്പിയും അസൂയാലുവുമായ മന്ഥരയുടെ വളർത്തൽ, അമ്മയ്ക്ക് നിഷ്കരുണം രാജ്യം വിട്ടുപോകേണ്ടിവന്ന അവസ്ഥ, അതിൽനിന്നുണ്ടായ അരക്ഷിതാവസ്ഥ, ഇവയെല്ലാമായിരിക്കും രാമന്റെ പ്രിയമാതാവായി പെരുമാറിയിരുന്ന കൈകേയിയെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. ഒരു മനുഷ്യന്റെ വളർച്ച അവന്റെ ചെറുപ്പകാലത്തെ അനുഭവങ്ങളുടെ തുടർക്കഥയാണ്.

ഇവിടെയും ഒരു ശപഥത്തിന്റെ കഥ കേൾക്കാനുണ്ട്. ചെറുപ്പത്തിൽ കുസൃതിക്കാരിയായിരുന്ന കൈകേയി ധ്യാനത്തിൽ മുഴുകിയിരുന്ന ഒരു മുനിയുടെ മുഖത്ത് കൺമഷി പുരട്ടിയെന്നും ദേഷ്യം പൂണ്ട സംന്യാസി കൈകേയിയെ ശപിച്ചുവെന്നും പറയപ്പെടുന്നു. ഈ ശാപം എന്തെന്നാൽ, തന്റെ മുഖം കറുപ്പാക്കിയതുപോലെ നിന്റെ പ്രശസ്തിക്കും ഒരു ഭാഗം കറുപ്പു വീഴും എന്നായിരുന്നു.

ദശരഥൻ കൈകേയിയെ വിവാഹം ചെയ്തത് പുത്രനുണ്ടാവുകയെന്ന ലക്ഷ്യത്തോടെ യായിരുന്നുവെന്നും കൗസല്യക്കു പുത്രനില്ലാത്തതുകൊണ്ട് കൈകേയിയുടെ പുത്രൻ മൂത്തവനായിരിക്കുമെന്നത് വാസ്തവം തന്നെ. ഇക്ഷ്വാകുവംശത്തിന്റെ പാരമ്പര്യം അങ്ങനെയാണ് നടന്നുവന്നിരുന്നത്. ഇവർക്കും കുട്ടികൾ ജനിക്കാതെവന്നപ്പോൾ രാജാവ് മൂന്നാമതും വിവാഹം ചെയ്തു. കുട്ടികളില്ലാതെവന്നപ്പോൾ പുത്രകാമേഷ്ടിയാഗം നടത്തി. അതിൽ ആദ്യപുത്രൻ ജനിച്ചത് കൗസല്യക്കാണ്. അങ്ങനെവരുമ്പോൾ മൂത്തയാൾ രാമനാണ്. ഇനി കേകയരാജാവ് അങ്ങനെ ധരിച്ചിരുന്നുവെങ്കിൽകൂടി ദശരഥൻ യാതൊരു വാക്കും തെറ്റിച്ചിട്ടില്ല. ഇതാ

ണ് മന്ഥര യുദ്ധക്കളത്തിലെ വരദാനത്തെക്കുറിച്ചു പറഞ്ഞുകൊടുത്തത്. ഏതായാലും കുറച്ചു സ്വാർത്ഥമതിയാണ് രാജപത്നി കൈകേയി.

സുമന്ത്രർ പോലും കൈകേയിയുടെ മനസിന് എന്തെങ്കിലും മാറ്റം വന്നാലോയെന്നുകരുതി കൈകേയിയെ ഭർത്താവിനേയും കുലത്തേയും നശിപ്പിക്കുന്നവൾ എന്നു വിളിക്കുന്നു. ഭർത്തൃഹിതം പുത്രകോടികളേക്കാൾ വലുതാണ് സ്ത്രീകൾക്ക്. എല്ലാ ചരിത്രങ്ങളും അറിയാവുന്ന സുമന്ത്രർ പറയുന്നു, ഭവതിയുടെ അമ്മയുടെ ആഭിജാത്യത്തിനു ചേർന്നതാണ് ഇതെന്നു കരുതുന്നു. വേപ്പിൽനിന്നും തേനൊഴുകില്ലയെന്ന പഴഞ്ചൊല്ലു കൂടി അദ്ദേഹം പറയുന്നു.ഒന്നുകൂടി കടന്ന് പുത്രന്മാർ പിതാവിനേപ്പോലെയും പുത്രിമാർ മാതാവിനേപ്പോലെയും പ്രവർത്തിക്കുന്നു. പാപികൾ പറയുന്നതുകേട്ടു ഭർത്താവിനെ ധർമ്മമില്ലാത്തവനാക്കാതിരിക്കൂ. ഇതെല്ലാം കേട്ടിട്ടും കൈകേയിക്ക് യാതൊരു മാറ്റവുംമുണ്ടായില്ല.

എന്തായാലും ഉത്തമയായ, സുന്ദരിയായ, സരസസംഭാഷണപ്രിയായ, യുദ്ധരംഗത്തും രാജ്യഭരണരംഗത്തും ഒരുപോലെ തിളങ്ങിയ കൗസല്യയോടും സുമിത്രയോടും സ്നേഹബഹുമാനാദികളോടു പെരുമാറിയ, നാലുപുത്രന്മാരോടും ഒരുപോലെ, രാമനെ ഒരു പടി മുമ്പിലാക്കി സ്നേഹിച്ച കൈകേയി, ഒരു ദാസിയുടെ പ്രലോഭനത്തിനു വശംവദയായി ഭർത്തൃമരണവും കുടുംബചരിദ്രവും ഉണ്ടാക്കി. ജനങ്ങളുടെ കുത്തുവാക്കുകൾ സഹിച്ചു. മകന്റെ കർണ്ണകഠോരമായ വാക്കുകൾ കേട്ടു. ചരിത്രത്തിൽ മോശമായി പലരും ചിത്രീകരിച്ചു. പക്ഷെ അതു കഴിഞ്ഞുള്ള കാലഘട്ടത്തിൽ ആത്മീയാന്വേഷണത്തിന്റെ പാതയിൽ നല്ലൊരു രാജമാതാവായി കൈകേയി മാറി.

ഒരുപക്ഷെ വിധിയുടെ കരാളഹസ്തങ്ങളായിരിക്കാം കാരണം. രാവണ വധത്തിനായിട്ടാണ് രാമൻ ജനിച്ചതെന്നാണല്ലോ കഥ. ആ കഥ സംഭവിക്കണമെങ്കിൽ രാമനും സീതയും വനവാസത്തിനു പോകണം. ഏതിനും ഒരു കാരണം വേണം. ഇവിടെ കൈകേയി എന്ന രാജമാതാവ് അങ്ങനെ രാവണവധത്തിന്റെ ആദ്യ ചുവടായി വരമാവശ്യപ്പെട്ടു. ഏതായാലും സ്വന്തം മകന്റെ ഉയർച്ച ലക്ഷ്യമാക്കുന്ന ഏതൊരമ്മയെപ്പോലെ മാത്രമേ കൈകേയിയും പ്രവർത്തിച്ചുള്ളൂ. ആ അർത്ഥത്തിൽ ഒരു പക്ഷെ കൈകേയിയുടെ പ്രവർത്തി അനുചിതമെന്നു പറയാൻ കഴിയില്ല. വാല്മീകി തന്നെ ആദ്യം ദശരഥപത്നിമാരെ ഉത്തമ സ്ത്രീകളെന്നാണ് പറഞ്ഞിരുന്നത്. വിഷ്ണുവിന്റെ കാൽഭാഗമായ ഭരതനെ പുത്രനായി ലഭിക്കുവാനും ഭാഗ്യം സിദ്ധിച്ച കൈകേയി മറ്റു പല കാര്യങ്ങളിലും അമ്മ തന്നെയാണ്. ഭരതനെക്കാൾ രാമനോടാണ് സ്നേഹക്കൂടുതലെന്നു പലപ്പോഴും കൈകേയിയുടെ വാക്കുകളിൽ കൂടി കേൾക്കുന്ന നാം അവർക്ക് പുത്രന്മാരോടുള്ള സ്നേഹം അളവറ്റതാണെന്നുകാണുന്നു. അദ്ധ്യാത്മരാമായണത്തിൽ നാരദ സംവാദത്തിൽ നിന്നും രാമന്റെ വനവാസം ആവശ്യമാണെന്നു കാണാം. കാലവിളംബനമില്ലാതെ മന്ഥരയെന്ന ദാസിയുടെ നാവിൽകൂടി കൈകേയിയെന്ന രാജമാതാവിന്റെ മനസിലേക്ക് ദുരുപദേശം എത്തിയില്ലായിരുന്നുവെങ്കിൽ വിഷ്ണുഭഗവാന്റെ അവതാരോദ്ദേശം അസാധ്യമാകുമായിരുന്നുവെന്നതാണ് കൈകേയിയുടെ പ്രസക്തി●

# വിശേഷ ദിവസങ്ങൾ

## 2017 നവംബർ 16 മുതൽ ഡിസംബർ 15 വരെ

| | | |
|---|---|---|
| നവംബർ | 16 | മണ്ഡലകാലാരംഭം |
| | 18 | തൃപ്പൂണിത്തുറ പൂർണ്ണത്രയീശക്ഷേത്ര ഉത്സവം കൊടിയേറ്റ് |
| | 23 | സത്യസായി ജയന്തി |
| | 25 | തൃപ്പൂണിത്തുറ ക്ഷേത്രഉത്സവം ആറാട്ട് |
| | 30 | ഗുരുവായൂർ ഏകാദശി, ഗീതാദിനം, രവിപുരം ക്ഷേത്രത്തിൽ ഏകാദശി ഉത്സവം |
| ഡിസംബർ | 3 | ചക്കുളത്തുകാവ് പൊങ്കാല, തൃക്കാർത്തിക |
| | 5 | പരശുരാമജയന്തി |
| | 6 | അംബേദ്കർ ചരമദിനം |
| | 10 | വൈക്കത്തഷ്ടമി |
| | 13 | നാരായണീയ ദിനം, തൃപ്രയാർ ഏകാദശി |

തുടർച്ച

# തവാങ്ങ്-ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം

എം.ആർ. ഹരിരാജ് (ഫോൺ: 9447072461)

## മഴയുടെ സ്വന്തം വീട്

ലോകത്തിൽഏറ്റവുംഅധികം മഴ ലഭിക്കുന്ന സ്ഥലം ചിറാപുഞ്ചി - എന്നാണ് സ്കൂളിൽ പഠിച്ചിരിക്കുന്നത്. എന്നാൽ അത് പൂർണമായും ശരിയല്ല. ഇന്നേ ദിനം വരെ ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ മഴ ചിറാപുഞ്ചിയിലാണത്രേ പെയ്തത്. അത് 1861 ലായിരുന്നു. 2646 സെന്റിമീറ്റർ മഴ. അതിന്നും ലോക റിക്കോർഡാണത്രെ. എന്നാൽ ഇന്ന് ഏറ്റവും മഴ ലഭിക്കുന്നയിടം ചിറാപുഞ്ചിക്ക് അല്പം കൂടി പടിഞ്ഞാറു മാറിയുള്ള മൗസിൻറാമാണ്. ലോകത്തിലെ ഏറ്റവും സാന്ദ്രമായ ഇടം എന്ന പുകൾ ചിറാപുഞ്ചിക്ക് വളരെ നാളായി നഷ്ടമായിട്ട്.

എന്നാൽ സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 1400 മീറ്റർ ഉയരത്തിലുള്ള ഈ പർവ്വതപട്ടണം പ്രകൃതിയുടെ ഏറ്റവും സുന്ദരമായ ചില കാഴ്ചകൾ സന്ദർശകർക്ക് കരുതി വയ്ക്കുന്നു. യാത്രയിൽ ശല്യമാകാനിടയുണ്ടെന്ന് കരുതിയ മഴ പൊതുവെ മാറി നിന്ന് സഹായിച്ച ദിവസവും കൂടിയാകയാൽ അവ വളരെ ആസ്വദിക്കാനായി.

പണ്ടു കാലങ്ങളിൽ ഇവിടം 'സൊഹ്ര'എന്നറിയപ്പെട്ടിരുന്നു. ഇന്നും ഇവിടുത്തുക്കാർക്ക് ചിറാപുഞ്ചി സൊഹ്രയാണ്. സൊഹ്ര എന്ന ഖാസി ഗോത്രങ്ങൾ വിളിച്ചയിടം ബ്രിട്ടീഷുകാർക്ക് 'ചുർറ'എന്നേ വഴങ്ങിയുള്ളു. കാലക്രമേണ അത് ചിറാപുഞ്ചിയായി തീർന്നു. ചിറാപുഞ്ചിക്ക് 'ഓറഞ്ച് ചന്ത' എന്നുമുണ്ടത്രെ അർത്ഥം.

ചിറാപുഞ്ചിയിലേക്കുള്ള യാത്രാ മദ്ധ്യേ അതിന്റെ ഗിരിശൃംഗങ്ങളിൽ നിന്ന് പല വെള്ളച്ചാട്ടങ്ങൾ യാത്രക്കാർക്ക് കാഴ്ച ഒരുക്കുന്നു. അവയിൽ ഞങ്ങൾ ആദ്യം കണ്ടത് വാഹ് കാബ വെള്ളച്ചാട്ടമാണ്. വളരെ സുന്ദരമായ ഒരു കാഴ്ചയാണത്രെ മഴക്കാലത്ത് വാഹ് കാബ. നിർഭാഗ്യവശാൽ ഞങ്ങൾ അവിടെയെത്തിയത് മെയ് മാസത്തിന്റെ ചൂടിലായിരുന്നു. നേർത്തതും വളരെ പൊക്കം കൂടിയതുമായ ഒരു വെള്ളച്ചാട്ടം.

യാത്ര തുടങ്ങിയപ്പോൾ മേഘാലയ കാണാൻ പരിപാടിയില്ലാതിരുന്നതിനാൽ അവിടത്തെ പറ്റി പഠിക്കാതെയാണ് പോയത്. കാണേണ്ടയിടങ്ങളൊക്കെ ഡ്രൈവർ ധൻജിത്തിനു വിട്ടുകൊടുത്തിരിക്കയാണ്. അയാൾ സാധാരണ യാത്രക്കാർ കാഴ്ച കാണാനിറങ്ങുന്നയിടങ്ങളിലൊക്കെ ഒന്ന് നിറുത്തി കാണിച്ച് പോകുന്നു എന്ന് മാത്രം.

പിന്നീട് വായിച്ചപ്പോൾ വാഹ് കാബയെ പറ്റി ഒരുഗ്രൻ കഥകിട്ടി. അവിടെ രണ്ട് യക്ഷികൾ താമസമുണ്ടത്രെ. ഒന്ന് വെളുത്തതും, മറ്റേത് കറുത്തതും. അവർ ഇടക്കൊക്കെ സൊഹ്രയിലെ അങ്ങാടിയിൽ സാധനങ്ങൾ വാങ്ങാൻ സാധാരണക്കാരുടെ വേഷത്തിൽ വരും. അവരെ തിരിച്ചറിയാനുള്ള മാർഗ്ഗം അവർക്ക് നിഴലുണ്ടാകില്ല. എന്നതാണ്. നട്ടുച്ചക്ക് വരുന്ന അപരിചിതരെ കണ്ട് തെറ്റിദ്ധരിച്ചതാവാം. മുൻപറിയാഞ്ഞതിനാൽ യക്ഷികളാരെങ്കിലും അവിടെയുണ്ടോ എന്ന് നോക്കാൻ കഴിഞ്ഞില്ല.

വാസ്തവത്തിൽ ഒരിടം കാണാനിറങ്ങുമ്പോൾ അവിടെയുള്ള കാഴ്ചകളെ കുറിച്ച് പഠിച്ച് വേണം പോകാൻ. തത്കാലം ഈ മേഘാലയ സന്ദർശനം ഒരു ബോണസാണ്. തവാങ് കാണാൻ പോകുമ്പോൾ, അഥവാ വേണ്ടി വന്നാൽ ഉപയോഗിക്കാനിട്ടിരുന്ന ഒന്ന് രണ്ട് ദിവസത്തെ അധിക സമയത്തിന്റെ സദുപയോഗം മാത്രം.

ഇന്നത്തെ യാത്രയുടെ ആദ്യ ആകർഷണം ഒരു ഗുഹ കാണലാണ്.

## ഗുഹായാത്ര

ഷില്ലോങ്ങിൽ നിന്ന് ഏതാണ്ട് രണ്ട് മണിക്കൂർ യാത്ര ചെയ്താൽ 'അർവാ ലുംഷിന്നാ' ഗുഹകളിലെത്താം. പ്രധാന വഴിയിൽ നിന്ന് തിരിഞ്ഞ് അല്പദൂരം മൺ വഴികളിലൂടെ യാത്ര ചെയ്യണം അർവയുടെ കവാടങ്ങളിലെത്താൻ.

വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യത്തിനടുത്ത് ഒരു ടിക്കറ്റ് കൗണ്ടറും, ഒരു ചെറിയ ഭക്ഷണശാലയുമുണ്ട്. അവിടെ നിന്ന് ഗുഹയുടെ കവാടം വരെ സുന്ദരമായി കല്ല് പാകിയ പാതയാണ്. അല്പം സാഹസം വേണ്ടവർക്ക് ഈ പാതയിൽ നിന്ന് പിരിഞ്ഞ് പോകുന്ന ഒരു കാനന പാതയും കാണാം. ഗുഹാ കവാടത്തിലേക്ക് പത്ത് പതിനഞ്ച് മിനിട്ട് നടക്കാനുണ്ട്.

ചുണ്ണാമ്പ് കല്ലുകൾക്കിടയിലൂടെ വെള്ളം ഒഴുകി പ്രകൃതി കൊത്തിയുണ്ടാക്കിയവയാണിവിടുള്ള ഗുഹകൾ. ഭിത്തിയിലും മേൽക്കൂരയിലും ഒലിച്ചിറങ്ങുന്ന നനവും, തറയിലെ ഒഴുക്കും ഇന്നും ഈ ഗുഹയുടെ നിർമാണം നടത്തിക്കൊണ്ടിരിക്കുന്നു. പ്രകൃതിയുടെ പണിതീരാത്ത വീടായി ഈ ഗുഹ നമ്മളെ മാടി വിളിക്കുന്നു.

ഗുഹയുടെ കവാടത്തിൽ തന്നെ ഒരു ഗൈഡ് ഞങ്ങളെ സമീപിച്ചു. പരിചയമില്ലാത്തയിടം. അതെ പറ്റി ഒന്നും വായിച്ചിട്ടുമില്ല. എന്നാൽ ഇരിക്കട്ടെ ഒരു മാർഗദർശി എന്ന് കരുതി ഞങ്ങൾ. അത് നന്നായി. ഇസ്കോ എന്ന് പേരുള്ള (അവരുടെ ഭാഷയിൽ ഭാഗ്യം എന്നാണത്രെ അതിനർത്ഥം) ആ മാർഗദർശി ഞങ്ങൾക്ക് ഭാഗ്യമായി. പ്രത്യേകിച്ച് യാതൊരു വഴകാട്ടിയുമില്ലാതെ അർവയുടെ തുരങ്കങ്ങളിൽ ഇറങ്ങുന്നത് ബുദ്ധിയായിരിക്കില്ല. ചരിഞ്ഞും, കുനിഞ്ഞും, ഇരുന്നും, നിരങ്ങിയും ഇഴഞ്ഞുമൊക്കെ വേണം ഗുഹയുടെ ഉള്ളുകള്ളിയിലേക്കിറങ്ങാൻ. വഴിയറിയുന്നവനൊപ്പമില്ലെങ്കിൽ മടക്കം പ്രയാസമായേക്കും.

വെള്ളത്തിന്റെ ഒഴുക്കിനനുസരിച്ച് ഇവിടെ ഭിത്തികളിൽ ചിത്രപ്പണികൾ രൂപപ്പെട്ടിരിക്കുന്നു. ഭിത്തിയിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന ചിപ്പികളുടെയും പുരാതന മത്സ്യങ്ങളുടെയും അവശിഷ്ടങ്ങളും കാണാം.

ഈ കാഴ്ചകളെക്കാളൊക്കെ മനസ്സിനെ തൊട്ടത് ഒരനുഭവമാണ്. ഒരിടത്ത് ചെന്ന് ഇസ്കോ ഞങ്ങളോട് നിൽക്കാൻ പറഞ്ഞു. മൊബൈലും മറ്റും ഓഫ് ചെയ്യിച്ചു. എന്നിട്ട് അത് വരെ വെളിച്ചം നൽകിയിരുന്ന അദ്ദേഹത്തിന്റെ ടോർച്ച് ഓഫാക്കി. കണ്ണിൽ കുത്തിയാൽ അറിയാത്ത ഇരുട്ട്. അതിൽ എവിടെയോ ഗുഹ രൂപപ്പെടുത്തുന്ന ജലപ്രവാഹത്തിന്റെ നേർത്ത കളകളം. ചുറ്റും നിൽക്കുന്നവരുടെ ശ്വാസം അവ്യക്തമായി കേൾക്കാം. ഒരു പക്ഷെ സ്വന്തം ഹൃദയമിടിപ്പും.അഞ്ച് മിനിട്ട് അങ്ങനെ നിന്നു. മനസ്സിനെ ഒരു പ്രത്യേക അവസ്ഥയിലേക്കെത്തിക്കും ആ ഇരുട്ടും നിശബ്ദതയും നിഗൂഢതയും.

വളഞ്ഞ് പുളഞ്ഞ തുരങ്കങ്ങളിലൂടെ യാത്ര ചെയ്ത് ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞ് പുറത്തേക്ക്. ആകാശവും സൂര്യനുമുള്ള നമ്മുടെ ലോകത്തേയ്ക്ക്.

## മൂലസേതു

അർവാ ഗുഹയിലേക്കുള്ള ടിക്കറ്റ് കൗണ്ടറിൽ 'ലിവിങ് ബ്രിഡ്ജ്'എന്നൊരു പോസ്റ്റർ കണ്ടു. ഷില്ലോങ്ങിൽ ജീവനുള്ള പാലങ്ങളുണ്ട്. ജീവിച്ചിരിക്കുന്ന വൃക്ഷങ്ങളുടെ വേരുകൾ പുഴക്ക് കുറുകെ പായിച്ച് ഉണ്ടാക്കുന്ന പാലങ്ങളാണത്രെ അവ. അത്തരം ജൈവ പാലങ്ങളെ പറ്റി പലയിടത്തും വായിച്ചിട്ടുണ്ട്. ഡ്രൈവർ ധൻജിത്ത് പറഞ്ഞത് അത് വളരെ ദൂരെയായതിനാൽ പോകാൻ പറ്റില്ല എന്നാണ്.വാസ്തവത്തിൽ അതൊരു നിരാശയായിരുന്നു ഉള്ളിൽ. പോസ്റ്റർ കണ്ടപ്പോൾ അവിടുള്ള ഒരാളോട് ഇതെവിടെയാണന്ന് ചോദിച്ചു. ഒരു മണിക്കൂർ പോയാൽ മതി എന്നായി അയാൾ. അങ്ങനെ പ്രാദേശികമായി ലഭിച്ച അറിവുമായി ഞങ്ങൾ ധൻജിത്തിനെ നിർബന്ധിച്ചു. 'അവിടെ പോയാൽ ഒരുപാട് നടക്കണം. മല കയറണം. നിങ്ങളെ കൊണ്ടതൊന്നും നടക്കില്ല'. ധൻജിത് വാശിപിടിച്ചു. 'ഞങ്ങളെക്കുറിച്ച് നിങ്ങൾക്കൊരു ചുക്കുമറിയില്ല. ഞങ്ങളെത്ര നടന്നിരിക്കുന്നു? ഇനിയും നടക്കും'എന്നായി ഞങ്ങൾ. അയാളെക്കാൾ വാശി ഞങ്ങൾക്കായതിനാൽ ഒടുവിൽ അയാൾ സമ്മതിച്ചു. അയാൾ കൂടെ വരില്ല. അവിടെ വരെ കൊണ്ട് ചെല്ലാം എന്ന നിബന്ധനയിൽ.

അങ്ങനെ ഞങ്ങൾ ദൈവ സേതു തേടി യാത്ര തുടങ്ങി.

വഴി ചോദിക്കാനാണ് ഞങ്ങൾ സ്റ്റെഡി എന്ന ചെറുപ്പക്കാരനോട് സംസാരിക്കുന്നത്. അയാൾ തിൺറോ എന്ന ഗ്രാമത്തിൽ താമസിക്കുന്ന ഒരു വിദ്യാർത്ഥിയാണ്. ബിരുദത്തിനു പഠിക്കുന്നു. ഞങ്ങൾക്ക് മാർഗ്ഗദർശിയായി വരാൻ അയാൾ തയ്യാറായി. നല്ല ഒന്നാന്തരമായി ഇംഗ്ലീഷ് പറയും. തിൺറോയിൽ നിന്ന് ജീവിക്കുന്ന പാലങ്ങളിലേക്കുള്ള പടികൾ ആരംഭിക്കുന്നു. അങ്ങോട്ടുള്ള യാത്ര ഇറക്കമാണ്.

ഞങ്ങൾ ഇറക്കം തുടങ്ങിയപ്പോൾ ചിലർ മടങ്ങി വരുന്നുണ്ട്. വളരെ ദീർഘമായ ഒരു കയറ്റത്തിന്റെ എല്ലാ ക്ഷീണവും കാണുന്നുണ്ട് അവരുടെ മുഖത്ത്. പക്ഷെ ഒപ്പം പ്രസന്നമായ പുഞ്ചിരിയും. മദ്രാസിൽ നിന്നുള്ള സംഘമാണ്. 'നല്ല നടപ്പുണ്ട്. പക്ഷെ കാത്തിരിക്കുന്ന കാഴ്ച ആ അദ്ധ്വാനം ന്യായീകരിക്കുന്നു. ധൈര്യമായി നടന്നോളൂ'എന്ന് അവർ പ്രോത്സാഹിപ്പിച്ചു. യാത്രാ ഭ്രാന്തന്മാർക്ക് ഭാഷയും ദേശവുമില്ല.

3000 പടികളുണ്ട് ഈ വഴിയിൽ. ഈ വഴിയിൽ ഒന്നിലധികം ഗ്രാമങ്ങൾ (ഊരുകൾ) ഉണ്ട്. അവ തമ്മിൽ ബന്ധിപ്പിക്കുന്ന പാതയാണ് ഈ പടികൾ. അവയിലൂടെ നമ്മൾ കിതച്ചും ക്ഷീണിച്ചും നടന്ന് പോകുമ്പോൾ അവിടുള്ള ചെറിയ കുട്ടികൾ വലിയ ചാക്കൊക്കെ തലയിൽ വച്ച് 'ഇതൊക്കെ എന്ത്'എന്ന ഭാവത്തിൽ ഓടി മല കയറിപ്പോകുന്നു. ഞങ്ങളെത്ര മല കണ്ടു, ഞങ്ങൾ നടന്നോളാം എന്നൊക്കെയുള്ള അഹങ്കാരം പതുക്കെ അലിഞ്ഞ് പോകും അത് കണ്ടാൽ.

ഇവിടെ വരുന്ന വിനോദ സഞ്ചാരികൾക്ക് ഒരു

പ്രവേശന ഫീസുണ്ട്. അത് ഗ്രാമത്തലവനാണ് വാങ്ങുന്നത്. അയാളുടെ വീട് വഴിയരികിലാണ്. തലവൻ എന്ന് യാതൊരു ഭാവവുമില്ലാത്ത ഒരു മനുഷ്യൻ. ഞങ്ങളുടെ ഫീസ് വാങ്ങിയിട്ട് അയാളും ഒരു ചാക്കുമെടുത്ത് കൂടെ വന്നു. പുഴയിൽ നിന്നെന്തോ ആവശ്യത്തിന് മണ്ണെടുത്ത് ചാക്കിലാക്കി തലയിൽ വച്ച് കൊണ്ട് പോകുന്നത് കണ്ടു, ഗ്രാമത്തലവൻ! സേവകരില്ലാത്ത രാജാവ്.

ഇന്ത്യൻ റബ്ബർ എന്നറിയപ്പെടുന്ന ഒരുതരം മരത്തിന്റെ വേരുകളാണ് ഇവിടുള്ളവർ പാലം പണിയാൻ ഉപയോഗിക്കുന്നത്. ഈ വൃക്ഷത്തിന്റെ വേരുകൾ പുറമേക്ക് വളരും. പുഴക്കരയിൽ വളരുന്ന മരത്തിന്റെ വേരുകൾ ഒന്ന് രണ്ടെണ്ണം കയറും മറ്റുമുപയോഗിച്ച് മറുകരയിൽ എത്തിക്കയാണ് ആദ്യപടി. അതേ പോലെ അക്കരയുള്ള മരത്തിന്റെ വേരിങ്ങോട്ടും. ഈ വേരു വളർന്ന് മറുകരയെത്താൻ പത്ത് വർഷത്തോളമെടുക്കുമത്രേ. വേരപ്പുറത്തെത്തി ഉറച്ചാൽ പിന്നെ അവക്കിടയിൽ ചെറു വേരുകളും മുളയും മറ്റും പാകിയാണ് ജീവനുള്ള പാലം സഞ്ചാരയോഗ്യമാക്കുന്നത്. പ്രകൃതിയും മനുഷ്യനും ഒന്നിച്ചുണ്ടാക്കിയ തൂക്ക് പാലത്തിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കാം. ചിലയിടങ്ങളിൽ ഒരിടത്ത് രണ്ട് പാലങ്ങൾ – ഡബിൾ ഡെക്കർ പാലം– ഉണ്ടാക്കിയിട്ടുണ്ട്. അനന്യമായ കാഴ്ചകൾ. വനത്തെ വിശുദ്ധമായി കരുതുന്ന ഗോത്രങ്ങളാണ് ഇവിടെ താമസം. നമുക്ക് വെറും കാഴ്ചയായ ഈ പാലങ്ങൾ അവരുടെ അനുദിന ജീവിതത്തിന്റെ രക്തധമനികളാണ്.

നോംഗ്രിയാറ്റ് എന്ന ഗ്രാമമാണ് ഡബിൾ ഡക്കർ പാലത്തിന്റെ ഇടം. അവിടെ സുന്ദരമായ ഒരു വെള്ളച്ചാട്ടമുണ്ട്. അവിടെ ഇറങ്ങി കുളിക്കാം. നോംഗ്രിയറ്റിൽ ഗോത്ര വർഗ്ഗക്കാർ നടത്തുന്ന ഹോംസ്റ്റേകളും കണ്ടു. ചില വിദേശികൾ ഇവിടെ വന്ന് താമസിക്കുന്നുണ്ട്. മടങ്ങുമ്പോൾ ബംഗ്ളൂരിൽ നിന്ന് വന്ന രണ്ട് മലയാളികൾ ഹോം സ്റ്റെ അന്വേഷിച്ച് പോകുന്നതും കണ്ടു. ഇനിയൊരു യാത്രക്ക് അതൊന്ന് പരീക്ഷിക്കണം എന്ന് മനസ്സിൽ കുറിച്ചിട്ടു.

നോംഗ്രിയറ്റിൽ ലീനസ് പ്ളേസ് എന്ന ഒരു കൊച്ച് ചായക്കടയുണ്ട്. നടപ്പിന്റെ ക്ഷീണമകറ്റാൻ നൂഡിൽസും മുട്ടപൊരിച്ചതും. വിശപ്പിന്റെയും തളർച്ചയുടെയും രുചിക്കൂട്ടുകളിൽ അതൊക്കെ രാജകീയ ഭക്ഷണമാണ്. ലീനിസ് എന്ന സ്ത്രീയാണ് കടയുടമ. ചായക്കടക്കാരിയുടെ ഇംഗ്ലീഷ് കേട്ട് ഞങ്ങൾ അത്ഭുതപ്പെട്ടു എന്ന് പറഞ്ഞാൽ മതിയല്ലോ. സായിപ്പ് മാറി നിൽക്കും.

മേഘാലയയിൽ ഓരോ ഗ്രാമത്തിലും വ്യത്യസ്ത ഭാഷകളാണെത്രെ. നമ്മുടെ പടികൾ തുടങ്ങിയ ഊരായ റ്റിൺറയിലെ ഭാഷയല്ല പടികൾ അവസാനിക്കുന്ന നോംഗ്രിയാറ്റിലെ ഭാഷ. അതിൽ നിന്നും മാറ്റമുണ്ട് അടുത്ത ഗ്രാമമായ ഉംസിയാങിന്. ഇവിടെ വന്ന ക്രിസ്ത്യൻ പാതിരിമാർ പൊതു ഭാഷയായി വളർത്തിയത് ഇംഗ്ലീഷാണ്. അതിനാൽ ഇവിടുത്തുകാർ ഇംഗ്ലീഷ് ഒരു പ്രാദേശിക ഭാഷ പോലെ കൈകാര്യം ചെയ്യുമത്രെ. മാത്രമല്ല പ്രാദേശികഭാഷയായ ഖാസിയുടെ ലിപിയും ഇംഗ്ലീഷിൽ തന്നെയാണ്.

വേരുപാലങ്ങൾ കണ്ടുള്ള മടക്കയാത്ര കഠിനം തന്നെയാണ്. 3000 പടികൾ ഒറ്റയടിക്ക് നടന്ന് കയറണം. വഴിയുടെ കാഠിന്യം മാറ്റാൻ സ്റ്റെഡി ഒരു കഥ പറഞ്ഞു. അവരുടെ മനുഷ്യോല്പത്തി പുരാണം.

പണ്ട്, വളരെ പണ്ട്, ഭൂമിയിലെ കാര്യങ്ങൾ നോക്കി നടത്താൻ ദേവകളുടെ ഇടയിൽ നിന്നൊരു ഗോത്രത്തെ താഴേക്കയച്ചു. അവർക്ക് ഇടക്കൊക്കെ സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്യുന്നതിന് ഒരു മഹാവൃക്ഷം മലമുകളിൽ ഭൂമിയേയും സ്വർഗ്ഗത്തെയും ബന്ധിപ്പിച്ച് തലയുയർത്തി നിന്നിരുന്നു.

എന്നാൽ കാലക്രമേണ ഭൂമിയിൽ ധർമച്യുതി വന്നു. വിണ്ണിന്റെ അധിപതി അതിനൊക്കെ ഭൂമിയിലുള്ളവരെ ശിക്ഷിച്ച് തുടങ്ങി. ഈ മരത്തിൽ കൂടി വന്നാണല്ലോ സ്വർഗ്ഗം ഭൂമിയിൽ തന്റെ നിയമം നടപ്പിലാക്കുന്നത്. അതിനാൽ മരം മുറിച്ച് സ്വതന്ത്രരാകാൻ ഭൂമിനിവാസികൾ തീരുമാനിച്ചു. അവർ കൂട്ടം ചേർന്ന് മഹാവൃക്ഷത്തിന്റെ തായ്ത്തടി വെട്ടിത്തുടങ്ങി. ഒരു പകൽ മുഴുവൻ വെട്ടിയിട്ടും എങ്ങുമെത്തിയില്ല. ബാക്കി നാളെ എന്നു കരുതി അവർ വിശ്രമിക്കാൻ തുടങ്ങി. രാവിലെ വന്നപ്പോൾ തലേന്ന് വെട്ടിയ വെട്ടൊന്നും കാണാനില്ല. തായ്ത്തടി ഒരു ലംഘനവുമില്ലാതെ നിൽക്കുന്നു. അന്നവർ പൂർവാധികം ശക്തിയോടെ കൂടുതൽ ഭാഗം മുറിച്ചു. രാത്രി വിശ്രമിച്ച് വന്നപ്പോൾ കഥ പഴയത് തന്നെ. മരത്തിലെ മുറിവ് പൂർണമായും അപ്രത്യക്ഷം. പല ദിവസങ്ങളിൽ ഈ പ്രക്രിയ തുടർന്നു. ഇതെന്ത് മറിമായം എന്നറിയാൻ ഒരു രാത്രിയിൽ അവർ ഒളിച്ചിരുന്ന് മരത്തെ നിരീക്ഷിച്ചു.

ഒടുവിൽ അവർ കണ്ട് പിടിച്ചു. രാത്രി അവർ വിശ്രമിക്കാൻ പോകുമ്പോൾ മരത്തിനടുത്ത് ഒരു കടുവ വന്നെത്തുന്നു. പകൽ അവർ മഴുവിനുണ്ടാക്കിയ മുറിവുകൾ കടുവ പതുക്കെ നക്കിതോർത്തിക്കൊടുക്കുന്നു. കടുവ നക്കുന്നിടത്തെ മുറിവുകൾ ഉടനടി കൂടി മരം പഴയ മട്ടാകുന്നു.

അടുത്ത പകൽ അവർ മരം മുറിച്ചിട്ട് മഴുവിന്റെ വായ്ത്തല പുറത്തേക്ക് വച്ച് മരത്തിലെ മുറിവിൽ അട വച്ചു. രാത്രി വീണ്ടും കടുവ വന്നു. പക്ഷെ

അതിനു മരത്തിന്റെ മുറിവിൽ നക്കാൻ സാധിച്ചില്ല. മുറിവിൽ നക്കുമ്പോൾ മഴുവിന്റെ വായ്ത്തല കൊണ്ടു നാക്ക് മുറിയുന്നു. പല തരത്തിൽ ശ്രമിച്ചിട്ട് പരാജിതനായ കടുവ കണ്ണീരോടെ മടങ്ങി. അങ്ങനെ അങ്ങനെ, പല നാളുകൾ കൊണ്ട് മനുഷ്യൻ തായ് വൃക്ഷത്തിന്റെ കട വെട്ടിയിട്ടു. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധം അവസാനിപ്പിച്ച പ്രബല പാപം.

നമ്മുടെ നാടിന്റെ സംസ്കാരത്തിൽ പ്രകൃതിക്കും പച്ചപ്പിനും എത്ര ഉന്നതമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്! മണ്ണിനു വിണ്ണിലേക്കുള്ള പൊക്കിൾക്കൊടി ബന്ധമായി മരത്തെ കാണുന്ന, മരം മുറിക്കുന്നതിനെ സ്വർഗ്ഗവുമായി നമുക്കുള്ള ബന്ധമറ്റുപോകുന്നതുമായി താരതമ്യം ചെയ്യുന്ന, പ്രകൃതിമേലുള്ള ആക്രമണത്തെ മൃഗങ്ങൾ പോലും ചെറുത്ത് തോൽപ്പിക്കുമെന്ന് കരുതുന്ന, തന്റെ ബുദ്ധി അത്തരം ചെറുത്ത് നിൽപ്പുകളെ അതിജീവിക്കാൻ ദുരുപയോഗം ചെയ്യുന്ന മനുഷ്യനെ പാപിയായി കാണുന്ന; സംസ്കാരം!

രാത്രിയായി മടങ്ങി റ്റിൺറയിലെത്തുമ്പോൾ, സ്റ്റെഡി എന്ന ഒരു സുഹൃത്തിനെക്കൂടി ഈ യാത്ര നൽകി. ഈ ലേഖനം എഴുതി മുഴുവിക്കുന്നത് നൊംഗ്രിയാറ്റിലേക്കു പോയി അഞ്ച് മാസം കഴിഞ്ഞാണ്. ഇടക്കൊക്കെ സ്റ്റെഡി ഫോൺ ചെയ്യും. പരീക്ഷയൊക്കെ കഴിഞ്ഞ് റിസൾട്ടും കാത്തിരിക്കയാണ് അയാൾ. അധികം വൈകാതെ ബിരുദം നേടി ഒരു നല്ല ജോലി നേടണമെന്ന സ്വപ്നവുമായി നടക്കുന്ന അദ്ധ്വാനിയായ ചെറുപ്പക്കാരൻ.

### പരിസമാപ്തി

അടുത്ത ദിവസം രാവിലെ ഗുവഹാത്തിക്ക് മടങ്ങി. അവിടെ നിന്ന് വൈകിട്ടുള്ള വിമാനത്തിൽ വീണ്ടും ചെന്നൈ വഴി കൊച്ചിയിലേക്ക്, യാത്രകളെ പ്രണയിക്കുന്നവർ വീട്ടിലേക്ക് മടങ്ങുന്നില്ല. വീട്ടിലെത്തുന്നത് മറ്റൊരു യാത്രക്ക് തയ്യാറാകാൻ വേണ്ടി മാത്രമാണ്. വീടാണ് ഏറ്റവും പ്രിയപ്പെട്ട ഇടത്താവളം. കണ്ട് തീർക്കാനാവാത്തത്ര രാജ്യങ്ങൾ, ദേശങ്ങൾ, ആസ്വദിച്ച് തീർക്കാനാവാത്തത്ര അനുഭവ ലോകങ്ങൾ.....അവയൊക്കെ എവിടെയോ നിന്ന് മാടിവിളിക്കുമ്പോൾ ഏത് യാത്രയാണ് പൂർത്തിയാവുന്നത്!●

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
### 2017 നവംബർ/ഡിസംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.11.17 | MUSICAL EVENING | By Sri.C. JAYARAM | | 943 |
| 23.11.17 | Lekshmi Devi.P.Nair | Sri. R.P. Nair | 'സംഭവാമിയുഗേ യുഗേ' | 944 |
| 30.11.17 | S. Sreekumar | Dr.Sundhari.G.Menon | Mind-What is Mind? How to conquer the mind | 945 |
| 07.12.17 | Know Each other | Sri.K.Vijayan | IFFI, 2017 | 946 |

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്
## 92-ാമത് സ്ഥാപകദിനവും കുടുംബസംഗമവും

**എറണാകുളം കരയോഗത്തിന്റെ 92-ാമത് സ്ഥാപകദിനവും കുടുംബസംഗമവും 2017 ഡിസംബർ 25 ന് രാവിലെ 10 മണിക്ക് ടി.ഡി.എം ഹാളിൽ ആരംഭിക്കും. കുടുംബസംഗമത്തിൽ പരിപാടി അവതരിപ്പിക്കുവാൻ താല്പര്യമുള്ളവർ നവംബർ 25 നു മുമ്പ് ശ്രീമതി ലക്ഷ്മി മോഹനുമായി ബന്ധപ്പെടുക. ഫോൺ: 9447068757. വിശദമായ കാര്യപരിപാടി അടുത്ത കരയോഗ സൗഹൃദത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.**

**ജനറൽ സെക്രട്ടറി**

# ഉണ്ണിയുടെ ധർമ്മസങ്കടം

**ഭവാനി, ചൈത്രം**

കുറച്ചു നാൾ മുൻപ് ഞാൻ ഒരു കുട്ടിയെ കാണാൻ ഇടയായി. ഒരു കൗമാരക്കാരനായിരുന്നു. അവന്റെ മുഖഭാവത്തിൽ നിന്നും അവൻ കടുത്ത മാനസിക സംഘർഷത്തിലാണെന്ന് തോന്നി. എന്തോ മാനസിക ആഘാതത്തിന്റെ ഫലമായി വൈകാരികമായും തളർന്നിരിക്കുന്നു. കുട്ടിയുടെ സമനില തെറ്റിയിരിക്കുന്നതുപോലെ.

ഒന്നുകൂടി ശ്രദ്ധിച്ചപ്പോൾ കുട്ടിയുടെ ശരീരഭാഷ വിചിത്രമായിരുന്നു. തോളുകൾ രണ്ടും ഇടിഞ്ഞു താഴ്ന്ന്, കണ്ണുകൾ തുറിച്ച്, നാക്ക് പുറത്തേക്കിട്ട് ഒരു ബീഭത്സാവസ്ഥ. ഈ കാഴ്ച എന്നെയും നടുക്കി. എന്നിൽ ഒരു മാനസിക ആഘാതം സൃഷ്ടിച്ചു. ആദ്യമായിട്ടാണ് ഇങ്ങനെ ഒരു കാഴ്ച കാണുന്നത്.

ക്രമേണ ഞാൻ സ്വയം ശാന്തമാക്കിക്കൊണ്ട് കുട്ടിയോട് സംസാരിക്കുകയും, പതുക്കെ മനസ്സു തുറക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ഒരിക്കൽ അച്ഛനമ്മമാരോടൊപ്പം അമ്മൂമ്മയും അമ്മാവനും താമസിക്കുന്ന അമ്മവീട്ടിൽ വന്നപ്പോൾ അമ്മൂമ്മ ആശുപത്രിയിലായിരുന്നു. പക്ഷെ അമ്മാവൻ ഉണ്ടായിരുന്നു. അമ്മാവൻ അന്തർമുഖനാണെങ്കിലും ഇവനുമായി വലിയ കൂട്ടായിരുന്നു. മറ്റൊരു ദിവസം വീട്ടിൽ വന്നപ്പോൾ വീടു പൂട്ടിയിട്ടിരുന്നു. പാതി തുറന്നിരുന്ന ജനാലയിലൂടെ നോക്കിയപ്പോൾ കണ്ടത് അമ്മാവൻ മച്ചിൽ തൂങ്ങി നില്ക്കുന്നതാണ്.

ഭയപ്പെട്ടു നിലവിളിച്ചു, പെട്ടെന്ന് പോലീസിനെ വിളിക്കാൻ തോന്നി, വിളിച്ചു. അച്ഛനെയും അമ്മയെയും വിവരം അറിയിച്ചു. അയൽവീട്ടുകാരെ വിളിച്ചെങ്കിലും അവർ ജനാലയിൽ കൂടി നോക്കി നിന്നതല്ലാതെ അകത്തു കടക്കാൻ കൂട്ടാക്കിയില്ല. നിർന്നിമേഷനായി നിന്നുപോയ എനിക്ക് മുന്നിൽ സമയം ഞാനറിയാതെ അതിവേഗം കടന്നു പോകുന്നുണ്ടായിരുന്നു. എന്റെ പ്രിയങ്കരനായ അമ്മാവൻ യാത്രയായി.

പക്ഷെ വിചിത്രമെന്ന് പറയട്ടെ. വന്നവർ അമ്മാവനെ രക്ഷിക്കാൻ ശ്രമിക്കാത്തതിനു എന്നെകുറ്റപ്പെടുത്താൻ തുടങ്ങി. ക്രമേണ ചർച്ച അദ്ദേഹത്തിന്റെ മാനസിക പ്രശ്നങ്ങൾക്ക് ചികിത്സിക്കാത്തതിനും കൂടിയായി. കുട്ടിക്ക് കുറ്റപ്പെടുത്തൽ സഹിക്കാൻ പറ്റിയില്ല. താൻ തെറ്റുകാരനാണോയെന്ന് അവനു തന്നെ സംശയമായി.

ഇത്രയും വിവരിക്കുന്നതിനിടയിലും അവൻ ഇടയ്ക്കിടെ കരയുന്നുണ്ടായിരുന്നു. അച്ഛനും അമ്മയും വന്നപ്പോഴാണ് സമാധാനമായത്. എന്നാലും ഒന്നിലും ശ്രദ്ധിക്കാൻ പറ്റുന്നില്ല. സ്വസ്തത നഷ്ടപ്പെട്ടപോലെ! ഒറ്റക്കിരിക്കാനൊ, തനിച്ച് കിടക്കാനൊ, അടുത്തു വരുന്ന പരീക്ഷകൾക്ക് പഠിക്കാനൊ എന്തിന് ദിനചര്യകൾ പോലും ഭാരമായി തോന്നുന്നു. അമ്മാവൻ പോയ വഴി തന്നെ സ്വീകരിച്ചാലോ എന്നു പോലും ചിന്തിച്ചു. ഇങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് കൗൺസിലിങ്ങിനെ പറ്റി ഒരു സുഹൃത്ത് പറഞ്ഞത്.

ഈ പിരിമുറുക്കത്തിൽ കുട്ടിയെ തടസ്സപ്പെടുത്താതെ, ശ്രദ്ധയോടെ, കുറ്റപ്പെടുത്താതെ അവന് പറയുവാനുള്ളതെല്ലാം കേട്ടു. കരച്ചിലിനിടയിൽ മുറിഞ്ഞവാക്കുകളിലൂടെയുമാണ് ഇത്രയും പറഞ്ഞത്. പറഞ്ഞു കഴിഞ്ഞപ്പോൾ ഒരു മൗനവും പിന്നെ ഒരു നിശ്വാസവും, പതിയെ അവന്റെ ഭാവങ്ങൾ ഓരോന്നായി മാറി തുടങ്ങി. മുഖത്തേ പേശികൾ അയഞ്ഞു. ഇടിഞ്ഞ തോളുകൾ നേരേയായി കണ്ണുകളിലെ പേടി കുറഞ്ഞു.

പിന്നെയാണ് കുട്ടിയുടെ പ്രശ്നങ്ങളെ പറ്റി ഒരു ആശയ വിനിമയം നടത്തിയത്. അവൻ പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി വിശകലനം ചെയ്തു. പൂട്ടിയ വാതിൽ തുറക്കാൻ കഴിയില്ല എന്നതും, അച്ഛനമ്മമാരേയും പോലീസിനേയും സമയോചിതമായി അറിയിക്കേണ്ടതുപോലെ അവൻ അറിയിച്ചുവെന്നുമുള്ള വസ്തുതയും, അവനാൽ ചെയ്യാൻ കഴിയുന്നതെല്ലാം അവൻ ചെയ്തുവെന്നതും അയൽവാസികളുടെ വാക്കുകൾക്ക് യാതൊരു വിലയും കല്പിക്കേണ്ടതില്ല എന്നതും അവന് സ്വയം ബോധ്യമായി. അല്പസമയത്തിനുള്ളിൽ തന്നെ കുട്ടിയുടെ ചിന്താഗതിക്കും, ഭാവത്തിനും, പെരുമാറ്റത്തിലും മാറ്റമുണ്ടായി. ഇനി മോനെ സഹായിക്കാൻ അച്ഛനും അമ്മയും എപ്പോഴുമുണ്ടാകുമെന്നു കൂടി മനസ്സിലാക്കിയപ്പോൾ അവൻ ആകെ സന്തോഷവാനായി. ഇനി ഞാൻ മിടുക്കനായി നന്നായി പഠിച്ചുകൊള്ളാമെന്ന് അവൻ ഉറപ്പ് തരികയും ചെയ്തു. അച്ചനമ്മമാരെയും, പോലീസിനെയും ഉടനെ

**(ശേഷം 45-ാം പേജിൽ)**

# ചില ദൈവ നിശ്ചയങ്ങൾ

പറവൂർ ബാബു (ഫോൺ:9961252196)

ബാങ്കിൽ നിന്നും കാർഷിക വായ്പ എടുത്താണ് രാമേട്ടൻ, തരിശിട്ട പാടത്ത് കൃഷിയിറക്കിയത്. പഞ്ചായത്ത് മെമ്പർമാരും നാട്ടുകാരും രാമേട്ടന് വേണ്ട പ്രോത്സാഹനം നൽകി. 'രാമേട്ടൻ നാടിന്റെ സ്വന്തം ഹരിതം രാമേട്ടനാണെന്ന്' പഞ്ചായത്ത് പ്രസിഡന്റ് നാടു മുഴുവൻ പ്രസംഗിച്ചു. ഒരു പാരമ്പര്യ തൊഴിൽ എന്ന നിലയ്ക്ക് കൃഷിയോട് രാമേട്ടന് വൈകാരികമായ ബന്ധമാണ് ഉണ്ടായിരുന്നത്. രാമേട്ടന്റെ മുത്തച്ഛൻ നാട്ടിലെ അറിയപ്പെടുന്ന കർഷകനായിരുന്നു. അതുകൊണ്ടു തന്നെയാണ് പ്രായമായിട്ടും അദ്ദേഹം കാർഷികവൃത്തിയിലേക്ക് മടങ്ങാൻ തീരുമാനിച്ചത്. മകളും ഭാര്യയും എതിർത്തെങ്കിലും രാമേട്ടൻ കൂട്ടാക്കിയില്ല.

കുറെക്കാലം ഭൂമി തരിശായിക്കിടന്നപ്പോൾ ഭൂമാഫിയ സംഘത്തിൽപ്പെട്ടവർ രാമേട്ടനെ സമീപിച്ചിരുന്നു. സ്ഥലം വിൽക്കുന്നുണ്ടോ എന്നന്വേഷിച്ച്. 'കൃഷിഭൂമി വിൽക്കാൻ പാടില്ല എന്നാണ് നിയമം.' ഓ..അതൊക്കെ അങ്ങനെ കെടക്കും...എട്ക്കാനാളുണ്ട്. എറണാകൊളത്ത്ള്ള പാർട്ടിയാ.

'കൃഷി നടത്താനാ?'

'പിന്നെ....അവർക്ക് പ്രാന്തല്ലേ....ഇതേയ് റിസോർട്ട് പണിയാനാ'

'ഭൂമി ഞാൻ വിക്കണില്ല.'

'അങ്ങനെയങ്ങ് തീർത്ത് പറയാതെ...നല്ലവെല വാങ്ങിത്തരാം'.

'വേണ്ട...'

'ഒന്നാലോചിക്ക്. ഞങ്ങളിനീം വരാം'

ശല്യം സഹിക്ക വയ്യാതായപ്പൊ രാമേട്ടൻ പാടത്ത് ബോർഡ് സ്ഥാപിച്ചു 'ഭൂമി വിൽക്കുന്നില്ല.'

പലരും അത് കണ്ട് ചിരിച്ചു. ചിലർ രാമേട്ടന് 'ചിന്നനാണ്.' എന്നു വരെ പറഞ്ഞു.

'നല്ല കാശ് തരാവോങ്കില് കൊട്ത്താലെന്താ?'

രാമേട്ടന്റെ ഭാര്യ ശാന്ത തിരക്കി.

'ഫ...! കൃഷി ഭൂമി വിറ്റ് തിന്ന പാരമ്പര്യംന്റെ കുടുമ്മക്കാർക്കില്ല'

രാമേട്ടൻ അലറുന്ന സ്വരത്തിൽ അതു പറഞ്ഞപ്പോൾ ശാന്ത അടങ്ങി. എന്നാലും പതിവ് പരിഭവം പറയാനും നെഞ്ചത്തടിക്കാനും വിലപിക്കാനും അവർ മറന്നില്ല.

'കുടുമ്മത്തില് കെട്ട് പ്രായായ പെൺകൊച്ച്ണ്ട് എന്നോർക്കാതെ ഇങ്ങോരെന്തിനുള്ള പുറപ്പടാ ദേവീ...?'

അവർ തിരക്കി. രാമേട്ടൻ മറുപടിയൊന്നും പറഞ്ഞില്ല.

'ന്റെ തോന്ന്യാവിലമ്മേ.....ഇങ്ങനെയൊരാളെയാണല്ലോ നീ എന്റെ കെട്ട്യോനായിട്ട് തന്നത്'.

രാമേട്ടൻ കുപ്പായമെടുത്തിട്ട് പുറത്തേക്കിറങ്ങി. ഭാര്യയുടെ പ്രാക്കും പരിഭവവും പരാതിയും കേൾക്കാതിരിക്കാൻ.......

കെടാമംഗലം വായനശാലക്കു മുന്നിൽ വച്ച് രാമേട്ടൻ യദൃശ്ചയാ കൃഷി ഓഫീസറെ കണ്ടു. സ്ഥലം മാറ്റം കിട്ടി വന്നയാളാണ്. ചെറുപ്പക്കാരൻ. കൃഷിയോട് ആഭിമുഖ്യമുള്ള ഉദ്യോഗസ്ഥൻ.

അദ്ദേഹമാണ് തരിശിട്ട പാടത്ത് കൃഷിയിറക്കാൻ രാമേട്ടനെ പ്രേരിപ്പിച്ചത്. അങ്ങനെയാണ് രാമേട്ടൻ വായ്പയെടുത്തതും കൃഷി ഇറക്കിയതും. പ്രതീക്ഷയോടെ.

ആദ്യഘട്ടം നല്ല വിളവ് കിട്ടി. അതോടെ രാമേട്ടന് ആത്മവിശ്വാസം വർദ്ധിച്ചു. മണ്ണ് ചതിക്കില്ലെന്ന് രാമേട്ടൻ ഏവരോടും പറഞ്ഞു. പേൾ എസ്.ബക്കിന്റെ 'നല്ല ഭൂമി' എന്ന കൃതി വായനശാലയിൽ നിന്നും വാങ്ങി വായിച്ചു.. രണ്ടാം വട്ടം, പാടത്ത് വീണ്ടും കൃഷിയിറക്കി. എന്നാൽ കാലാവസ്ഥാ വ്യതിയാനം മൂലം മഴ കുറഞ്ഞത് ഇരുട്ടടിയായി. ഉദ്ദേശിച്ച വിളവ് കിട്ടിയില്ല.

കൃഷി നഷ്ടത്തിലായി. രാമേട്ടൻ ദു:ഖിതനായി

'കാലം മോശാ നായരേ'

ചായപ്പീടികക്കാരൻ പാപ്പു പറഞ്ഞു.

രാമേട്ടൻ മറുപടിയായി മൂളി. പാപ്പു ചായയടിച്ച് ഗ്ലാസിൽ പകർന്ന് രാമേട്ടന്റെ മുന്നിൽ വച്ചു.

'മണ്ണിനേം മനുഷ്യനേം കാലാവസ്ഥേം ഒന്നും വിശ്വസിക്കാനൊക്കുകേലാ.... എല്ലാറ്റിനും തലതിരിവാ'

'അങ്ങനെ എഴ്തിതള്ളാതെ പാപ്പൂ'

'പിന്നെ'?

'നല്ലൊരു കാലം വരൂന്ന് വിശ്വാസോണ്ട് എനിക്ക്'.

'എപ്പവരാനാ....? നമ്മള് ചത്തിട്ടോ?.'

'അങ്ങനെയെങ്കിൽ അങ്ങനെ....നന്മ കെടാത്ത കൊറച്ച് മനുഷ്യര് ഇന്നും ഭൂമില് ബാക്കിണ്ട്.'

ചായ കുടിച്ചിരിക്കവെ രാമേട്ടൻ പറഞ്ഞു.

'ശരിയാണ്...എന്നാലും കൈവിട്ട കളിവേണ്ട.'

രാമേട്ടൻ തലയാട്ടി സമ്മതിച്ചു. പാപ്പു ഡസ്ക്ക് തുടച്ചു.

മൂന്നാം വട്ടവും കൃഷി നഷ്ടത്തിലായി. കാര്യങ്ങൾ തകിടം മറിഞ്ഞു. ബാങ്കിലെ വായ്പയുടെ തിരിച്ചടവ് തെറ്റി.നോട്ടീസ് വന്നു. കുടിശ്ശിക തീർക്കാൻ ഒരു വഴിയും കാണാതെ രാമേട്ടൻ വിഷമിച്ചു. പണ്ട് നല്ലതു പറഞ്ഞവർ മാറി നിന്ന് കുറ്റപ്പെടുത്താൻ തുടങ്ങി. പലരോടും സഹായം ചോദിച്ചെങ്കിലും അവരൊക്കെയും കൈമലർത്തി. കൃഷി ഓഫീസർ സ്ഥലം മാറ്റം വാങ്ങി അയാളുടെ നാട്ടിലേക്ക് പോയി.

കാലം തെറ്റി മഴ പെയ്തു. കണ്ണീർ മഴ........

രാമേട്ടൻ ബാങ്കിലേക്കു ചെന്നു. മുതലും പലിശയും പിഴപ്പലിശയും കൂട്ടി മാനേജർ രാമേട്ടനോട് പറഞ്ഞു.

'ഉടനെ അടച്ചില്ലെങ്കില് ബാങ്കിന് നടപടിയെടുക്കേണ്ടി വരും'

രാമേട്ടൻ സത്യസ്ഥിതി വിസ്തരിച്ചു.

'ഇതൊന്നും ഞങ്ങൾക്കറിയേണ്ട.'

ബാങ്ക് മാനേജർ തീർത്തു പറഞ്ഞു. നിരാശനായി രാമേട്ടൻ ബാങ്കിൽ നിന്നിറങ്ങി. ഒടുവിൽ മനസ്സില്ലാ മനസ്സോടെ പാടം വില്ക്കാൻ നിശ്ചയിച്ചു. പക്ഷെ...നടന്നില്ല. പഞ്ചായത്ത് എതിർപ്പുമായി വന്നു. ഒടുവിൽ ബാങ്ക് രാമേട്ടന്റെ വീടിനു മുന്നിൽ ജപ്തി നോട്ടീസ് പതിച്ചു. മാനം കെട്ട രാമേട്ടൻ ഒടുവിൽ തീരുമാനിച്ചു.

ജീവിതം അവസാനിപ്പിക്കുക.

നഗരത്തിലേക്ക് വണ്ടി കയറുമ്പോ ആത്മഹത്യയ്ക്കായി മനസ്സിനെ പാകപ്പെടുത്തുകയായിരുന്നു. മറ്റൊരു വഴിയും അയാൾക്കു മുന്നിലില്ലായിരുന്നു. ഭാര്യയും മകളും വഴിയാധാരമാവുന്നത് കണ്ടു നിൽക്കാനുള്ള ശേഷി രാമേട്ടനുണ്ടായിരുന്നില്ല.

കീടനാശിനി വാങ്ങി നാട്ടിൽ വണ്ടിയിറങ്ങി വീട്ടിലേക്ക് നടക്കുന്നതിനിടയിലാണ് രാമേട്ടൻ നാരായണൻ എമ്പ്രാന്തിരിയെക്കണ്ടത്. കാലിന് സ്വാധീനക്കുറവുള്ള മനുഷ്യൻ. നാട്ടിലെ ക്ഷേത്രത്തിൽ നിത്യപൂജയുണ്ട്. ഒഴിവു സമയത്ത് ലോട്ടറി വില്പനയും.

എമ്പ്രാന്തിരി തിരക്കി

'എവിടെ പോയി?'

'പട്ടണംവരെ'

'എന്തേ?'

'ഇത്തിരി കീടനാശിനി വാങ്ങാൻ'

'പച്ചക്കറിക്ക് തളിയ്ക്കാനായിരിക്കും'

അല്ല.

'പിന്നെ?'

എമ്പ്രാന്തിരി രാമേട്ടനെ മിഴിച്ചു നോക്കി.

'കുടിച്ച് ചാവാൻ...'

'രാമാ.....ന്താ ഞാനീ കേക്കണേ...നാരായണാ'

'സത്യാ'

'രാമന് പ്രാന്തുണ്ടോ?'

രാമേട്ടൻ മിണ്ടാതെ നിന്നു. നിസ്സഹായതയോടെ.

'താൻ മരിച്ചോണ്ട് തീര്വോ തന്റെ പ്രശ്നങ്ങള്? തന്റെയാത്മാവിന് ശാന്തീണ്ടാവില്ല...കൂട്ടത്തിൽ ജീവിച്ചിരിക്കണോർക്കും. പിന്നെ ചീത്തപ്പേര് വേറെ. ഒന്നൂല്ലെങ്കിലും കെട്ട് പ്രായായി നിക്കണ ഒരു പെങ്കുട്ട്യേല്ലേ തനിക്ക്...അതിന്റെ കാര്യോങ്കിലും ഓർക്കണ്ടേ...അതിന്റെ മൊഖമോർത്താൽ തനിക്ക് ചാവാൻ തോന്ന്വോ?'

എമ്പ്രാന്തിരി ചോദിച്ചു.

രാമേട്ടന് മറുപടിയൊന്നും പറയാനുണ്ടായിരുന്നില്ല. എങ്കിലും ഒടുവിൽ അയാൾ തിരക്കി

ഞാനെന്തു വേണം?

'ഏറ്റോം എറക്കോം....എല്ലാര്ടേം ജീവിതത്തില്ണ്ട്. താനീ വേണ്ടാത്ത ചിന്ത കളയ്. എന്നിട്ട്

ഇന്നത്തെ ഈ ലോട്ടറി ഒരെണ്ണം അങ്ങട് പിടിക്ക്.'

എനിക്ക് വേണ്ട

'അങ്ങനെ പറയരുത്'

'ഞാനൊരു ഭാഗ്യം കെട്ടോനാ'

'അത് തീരുമാനിക്കണത് രാമനല്ല. നമ്മടെ തോന്ന്യാവിലമ്മ്യാ...

നാളെ ഇതൊക്കെ അമ്മ മാറ്റും.'

എമ്പ്രാന്തിരി രാമേട്ടന് ലോട്ടറി നീട്ടി. അയാൾ മനസ്സില്ലാ മനസ്സോടെ അത് വാങ്ങി.

'തരാൻ കാശില്ല.'

'ഞാൻ ചോദിച്ചില്ലല്ലോ'

എമ്പ്രാന്തിരി ചിരിച്ചുകൊണ്ട് പറഞ്ഞു. രാമേട്ടന്റെ കണ്ണ് നിറഞ്ഞു.

'ഇതടിച്ചിട്ട് തന്നാമതി ഇതിന്റെ വെല...അത് വരെ ചാവാൻ പോണ തീരുമാനം മാറ്റിയങ്ങട് വക്ക്യാ...ന്താരാമാ?'

രാമൻ നായർ നിശ്ശബ്ദനായി ശിരസ്സു കുനിച്ചു നിന്നു.

'ഇന്നുച്ചക്ക് നറുക്കെടുപ്പാ.....അതറിഞ്ഞിട്ട് രണ്ടാലൊന്ന് തീരുമാനിക്കാം. തോന്ന്യകാവിലമ്മ....കാത്തോളണേ.....'

എമ്പ്രാന്തിരി പ്രാർത്ഥനയോടെ നടന്നു. രാമേട്ടൻ വീട്ടിലേയ്ക്കും.

ഏതാണ്ട് നാലുമണി നേരത്ത് ഉമ്മറത്തിരിക്കുമ്പോഴാണ് മുന്നിലെ പാടത്തോടു ചേർന്നുള്ള ചെമ്മണ്ണു വഴിയിലൂടെ ഒരാൾ ഓടി വരുന്നത് കണ്ടത്. കസേര വിട്ടെഴുന്നേറ്റു. സൂക്ഷിച്ചു നോക്കി. പാപ്പുവാണ്...എന്താണോ കാര്യം? എന്തോ അത്യാപത്ത് നടന്നിരിക്കണു. ശാന്തേം മോളേം കാണാനില്ല. വീടു വരെ പോകുന്നുവെന്ന് തലേന്ന് പറഞ്ഞിരുന്നെങ്കിലും എപ്പഴാ ഏതു നേരത്താ എന്നൊന്നും പറഞ്ഞില്ല. ഉച്ചക്ക് വീട്ടിലെത്തുമ്പോൾ രണ്ടാളേം കാണാനില്ല. ഈശ്വരാ....കഷ്ടകാലം വരണത് ഉരുള് പൊട്ടണ പോലാണ്....

എല്ലാം തകർത്തേ അടങ്ങൂ.

രാമേട്ടന്റെ ശരീരം വിറച്ചു. തൊണ്ട വരണ്ടു. നെഞ്ചിൽ ഒരു പൂത്തിരി കത്തുന്നപോലെ തോന്നി. വീഴാതിരിക്കാൻ തൂണിൽ പിടിച്ചു.പാപ്പു വന്നപ്പോഴേക്കും രാമേട്ടൻ കോലായിൽ കുഴഞ്ഞു വീണു.

'രാമേട്ടാ....'എന്നൊരു വിളിയോടെ പാപ്പു വരാന്തയിലേക്ക് ഓടിക്കയറി. രാമേട്ടനെ കുലുക്കി വിളിക്കാൻ തുടങ്ങി.

'രാമേട്ടാ....എണീക്ക്.നിങ്ങള് പറഞ്ഞത് ശര്യന്ന്യാ..ഇന്നത്തെ ലോട്ടറീടെ അമ്പത് ലക്ഷം രാമേട്ടന് അടിച്ചിരിക്കുന്നു.' രാമേട്ടൻ അതുകേട്ടിട്ടെന്നോണം ശിരസ്സ് ഒന്നനക്കി. തുറിച്ച കണ്ണുകളാൽ പാപ്പുവിനെത്തന്നെ നോക്കി. പെട്ടെന്ന് ശിരസ്സ് ഒരുവശത്തേക്ക് ചരിഞ്ഞു. ശരീരം നിശ്ചലമായി.

'രാമേട്ടാ...' എന്നൊരു വിലാപം പാപ്പുവിൽ നിന്നും ഉയർന്നു. അപ്പോൾ രാമേട്ടനെ കാണാനും ലോട്ടറിയടിച്ചതിന്റെ ആഹ്ലാദം പങ്കുവയ്ക്കാനും ഒരാൾക്കൂട്ടം തന്നെ ചെമ്മണ്ണുപാതയിലൂടെ അവിടേക്ക് വന്നു കൊണ്ടിരുന്നു.....●

**15.11.2017 മുതൽ എല്ലാ ബുധനാഴ്ചകളിലും ഉച്ചക്ക് 3 മണിക്ക് ശ്രീദേവീ ഭാഗവത പാരായണം ഉണ്ടായിരിക്കും**

## ൯-ാം ചരമവാർഷികം

**04. 12 .2017**



**കെ.കെ.ബാലകൃഷ്ണമേനോൻ**

**(കുണ്ടുവേലിൽ) ചന്ദ്രകാന്തം**

**ആലപ്പാട്ട് ക്രോസ് റോഡ്, രവിപുരം**

# പ്ലൂട്ടോയുടെ പതനം

സി.രാമചന്ദ്രൻ (ഫോൺ:9995820684)

ശാസ്ത്രലോകത്തിൽ നിലനില്ക്കുന്ന എട്ടുഗ്രഹങ്ങളെക്കുറിച്ചാണ് ഇതുവരെ വിവരിക്കുകയുണ്ടായത്. അടുത്തൊരു കാലം വരെ പ്ലൂട്ടോ എന്ന ഒരു ഗ്രഹവും ഇതിൽ ഉൾപ്പെട്ടിരുന്നു; അങ്ങിനെ ഒൻപതു ഗ്രഹങ്ങളുണ്ടായിരുന്നു. ഇന്റർനാഷണൽ അസ്ട്രോണമിക്കൽ സൊസൈറ്റി, ഗ്രഹങ്ങൾക്ക് യുക്തിഭദ്രമായ നിർവ്വചനം രൂപീകരിച്ചപ്പോൾ പ്ലൂട്ടോ പുറത്തുപോകുകയാണുണ്ടായത്. പ്ലൂട്ടോ എങ്ങിനെ അകത്തായി എന്നും പിന്നീട് പുറത്തായി എന്നതും രസകരമായ ഒരു കഥയാണ്.

ചൊവ്വ ഗ്രഹത്തിലെ ജീവികളെ കണ്ടെത്തുക എന്നതായിരുന്നു പെർസിവൽ ലോവെൽ എന്ന ശാസ്ത്രജ്ഞന്റെ ജീവിത ലക്ഷ്യം. അതു സാക്ഷാത്ക്കരിക്കാൻ സാധ്യതയില്ല എന്ന് തിരിച്ചറിഞ്ഞപ്പോഴാണ് അദ്ദേഹം ഒൻപതാമത്തെ ഗ്രഹത്തെ കണ്ടെത്തുക എന്ന ലക്ഷ്യത്തിലേയ്ക്കു തിരിഞ്ഞത്. യൂറാനസ്സിന്റെ അനുസരണയില്ലായ്മ നെപ്ട്യൂണിനെ കണ്ടുപിടിക്കുവാൻ സഹായകമായതുപോലെ നെപ്ട്യൂണിനു വല്ല അനുസരണക്കേടുമുണ്ടോ എന്നു കണ്ടുപിടിക്കാനായിരുന്നു ആദ്യശ്രമം.

1915 മാർച്ച് 19, ഏപ്രിൽ 7 എന്നീ തീയതികളിൽ ഫ്ളാഗ് സ്റ്റാഫ് ലോവെൽ നിരീക്ഷണ കേന്ദ്രത്തിലെ ഒൻപതിഞ്ചു ടെലസ്കോപ്പിന്റെ ഫോട്ടോഗ്രാഫിക് പ്ലേറ്റുകളിൽ പതിഞ്ഞ ഒരു ചെറിയ പാട് ലോവെൽ എന്നല്ല നിരീക്ഷണ കേന്ദ്രത്തിലെ ആരും ശ്രദ്ധിച്ചില്ല. സത്യത്തിൽ ആരും തിരിച്ചറിയാതെ രക്ഷപ്പെട്ട ഒൻപതാമത് 'ഗ്രഹ'മായിരുന്നു അത്. ജീവിത ലക്ഷ്യം നേടാതെ അസംതൃപ്ത മനസ്സോടെ ലോവെൽ 1916 നവംബറിൽ ഹൃദയാഘാതം മൂലം മരിച്ചു.

ലോവെൽ നിരീക്ഷണാലയത്തിലെ പുതിയ മേധാവി മെൽവിൻ സ്ലിഫർ പുതിയൊരു വാനനിരീക്ഷകനുവേണ്ടിയുള്ള അന്വേഷണം തുടങ്ങി. മിഡ് വെസ്റ്റിലെ ഒരു തോട്ടം സൂക്ഷിപ്പുകാരനായ ക്ലൈഡ് ടോംബാഗ് എന്ന ഇരുപത്തിരണ്ടുവയസ്സു മാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരൻ സ്വന്തമായി ടെലസ്കോപ്പു നിർമ്മിക്കുകയും ആകാശനിരീക്ഷണം ചെയ്യുകയും ചെയ്യുന്നതായി സ്ലിഫറുടെ അറിവിൽ പെട്ടു. അയാളെ കണ്ടുപിടിക്കുകയും ഗൗരവമേറിയ ഒരു ദൗത്യമേല്പിക്കുവാൻ തയ്യാറാണെന്നറിയിക്കുകയും ചെയ്തപ്പോൾ ടോംബാഗ് അതു സസന്തോഷം സമ്മതിച്ചു. കാനാസിൽ നിന്ന് അരിസോണയിലേക്ക് മകനെ തീവണ്ടിയിൽ യാത്രയയക്കുമ്പോൾ അച്ഛൻ പറഞ്ഞു 'അരിസോണയിലെ സുന്ദരികളുടെ വലയിൽ നീ വീണുപോകരുത്'. സുന്ദരിയായ ഒരു 'ഗ്രഹ'ത്തെയാണ് മകൻ വലയിൽ വീഴ്ത്തുവാൻ പോകുന്നതെന്ന് പിതാവിനും പുത്രനും അന്നു നിശ്ചയമില്ലായിരുന്നു.

കൂടുതൽ വിസ്തീർണ്ണമുള്ള പ്രദേശങ്ങൾ നിരീക്ഷിക്കുവാൻ കെല്പുള്ള ഒരു പതിമൂന്നിഞ്ചു ടെലസ്കോപ്പാണ് ടോംബാഗിനു ലഭിച്ചത്. 1929 ഏപ്രിൽ മാസത്തിലാണ് ടോംബാഗ് ദൂരദർശിനിയുടെ നിയന്ത്രണമേറ്റെടുത്തത്. മിഥുനം രാശിയുടെ പടമെടുക്കുമ്പോൾ അന്വേഷണവിധേയമായ വസ്തുവിന്റെ ചിത്രം പതിഞ്ഞിരുന്നു എങ്കിലും അന്നും അതു തിരിച്ചറിഞ്ഞില്ല. ടോംബാഗ് പുതിയൊരു തന്ത്രം മെനഞ്ഞു; ദിവസേന ഓരോ രാശിയുടെ മുമ്മൂന്നു പടങ്ങളെടുത്തു പരിശോധിക്കുക. 1930 ജനുവരി 21ന് മിഥുനം രാശിയിലെ 'ഡെൽട്ട ജമിനോറം' എന്ന ഒരു ഭാഗത്തിന്റെ പടമെടുത്തു. 23, 29 തീയതികളിലും അതു തുടർന്നു. അപരിചിതമായ ഒരു വസ്തുവിന്റെ മങ്ങിയ ഛായ അതിലെല്ലാമുണ്ടായിരുന്നു. ആശ്ചര്യഭരിതനായ ടോംബാഗ്, സ്ലീഫറുടെ ഓഫീസിലേയ്ക്ക് ഓടിക്കയറി വിളിച്ചു പറഞ്ഞു; ഞാനവനെ പിടിച്ചു, എന്റെ വലയിൽ അവൻ വീണു.

ഫെബ്രുവരി 20ന് കുറേക്കൂടി വലിയ ദൂരദർശിനിയിലൂടെ അദ്ദേഹം അതിനെ കൂടുതൽ വ്യക്തതയോടെ കണ്ടു. ലോവെൽ പ്രവചിച്ചതിന്റെ പത്തിലൊന്നു പ്രകാശം മാത്രമേ അതിനുണ്ടായിരുന്നുള്ളു.1930 മാർച്ച് 13ന് ലോവെലിന്റെ 75-ാം ജന്മദിനവും, യൂറാനസ് കണ്ടുപിടിച്ചതിന്റെ 149-ാം വാർഷികവും ഏകീകരിക്കുന്ന ദിവസം പുതിയ ഗ്രഹത്തെ കണ്ടുപിടിച്ച പ്രഖ്യാപനം നടന്നു. ലോകത്തിലെ പ്രധാനപത്രങ്ങളിലെല്ലാം അത് മുൻപേജിൽ നാലു കോളം വാർത്തയായി വരികയും ചെയ്തു.

പുതിയ ഗ്രഹത്തിന് നാമകരണം ചെയ്യുവാൻ ആയിരക്കണക്കിനു പേരുകൾ നിർദ്ദേശിക്കപ്പെട്ടു. ലോവേലിന്റെ ഭാര്യ കോൺസ്റ്റാൻസ് അതിന് ലോ

വെലിന്റെ പേരു നല്കണമെന്നു വാശി പിടിച്ചു. എന്നാൽ ചുരുക്കപ്പട്ടികയിൽ മൂന്നു പേരുകളേ അവശേഷിച്ചിരുന്നുള്ളു: മിനർവ, ക്രോണസ്, പ്ലൂട്ടോ. വിവേകത്തിന്റെ ദേവതയായ മിനർവയുടെ പേര് ഇതിനകം തന്നെ ഒരു അസ്റ്ററോയ്ഡി (ഛിന്നഗ്രഹം) നു നൽകിയിരുന്നു; അതൊഴിവാക്കി യുറാനസ്സിന്റെ മകനും നെപ്ട്യൂണിന്റെ അച്ഛനുമായ ക്രോണസ്സിന്റെ പേരു നിർദ്ദേശിച്ച ജാഫേഴ്സൺ ജാക്സൺ, ഭൂമി പ്രപഞ്ചകേന്ദ്രത്തിലാണെന്ന് അന്നും കരുതിയിരുന്ന ഒരു ജ്യോതിഷ വിശ്വാസിയായിരുന്നു. അതല്ലെങ്കിൽ ആ പേര് സ്വീകരിക്കുമായിരുന്നുവത്രേ! പ്ലൂട്ടോ എന്ന പേര് സ്ഥിരീകരിക്കപ്പെട്ടു. അധോലോകദേവത, പെർസിവൽ ലൊവേലിന്റെ ആദ്യാക്ഷരങ്ങൾ അതിൽ അടങ്ങിയിട്ടുമുണ്ട്.

2006 ആഗസ്റ്റിൽ ചേർന്ന ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയന്റെ സമ്മേളനം ഗ്രഹങ്ങൾക്ക് കൃത്യമായ നിർവ്വചനമുണ്ടാക്കി. ഇതനുസരിച്ച്

എ. സൂര്യനു ചുറ്റും പ്രദക്ഷിണം വയ്ക്കുന്നതും (ബി) ആവശ്യത്തിനു ദ്രവ്യമാനമുള്ളതും (സി) ഗുരുത്വാകർഷണത്തിലൂടെ ദൃഢതയാർന്ന ഉരുണ്ട ആകൃതി കൈവരിച്ചതും (ഡി) അന്യവസ്തുക്കളില്ലാതെ തെളിഞ്ഞ ഭ്രമണപഥമുള്ളതുമായ ഗോളങ്ങളാണ് ഗ്രഹങ്ങൾ.

ഇതിൻപ്രകാരം പ്ലൂട്ടോയ്ക്കുള്ള അയോഗ്യത ഇവയാണ്.

1. അത് ചാരോൺ എന്ന സമാന ഗോളവുമായി പരസ്പരം ഭ്രമണം ചെയ്യുകയാൽ പഥചഞ്ചലനമാണ്.

2. അത് നെപ്ട്യൂണിന്റെ ഭ്രമണപഥത്തിലേയ്ക്ക് കടന്നു കയറുന്നു.

3. എല്ലാ ഗ്രഹങ്ങളും സൂര്യനെ ചുറ്റുന്ന തലത്തിൽ നിന്ന് അത് വളരെയേറെ വ്യതിചലിക്കുന്നു.

4. സൗരയൂഥത്തിലെ അനവധി ഉപഗ്രഹങ്ങൾ പോലും പ്ലൂട്ടോയേക്കാൾ വലുതാണ്.

അന്നത്തെ സമ്മേളനം പ്ലൂട്ടോയെ വാമനഗ്രഹം എന്ന ചെറിയ ഗോളങ്ങളുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്.

ഈ വിവരമറിഞ്ഞ ടോംബാഗിന്റെ ഭാര്യ പാട്രിഷ്യ എഡ്സൺ ദിവസം മുഴുവൻ സങ്കടപ്പെട്ടു കരഞ്ഞുവത്രേ! അവർ 2012ൽ അന്തരിച്ചു. ടോംബാഗ് അന്തരിച്ചത് 1997ലാണ്.

***അടിസ്ഥാന വിവരങ്ങൾ:***

| | |
|---|---|
| *സൂര്യനിൽ നിന്നുള്ള ശരാശരി ദൂരം* | *: 590 കോടി കി.മീറ്റർ* |
| *പരിക്രമണകാലം* | *: 248 വർഷം* |
| *ഭ്രമണകാലം* | *: 6 ദിവസം 9 മണിക്കൂർ* |
| *പരിക്രമണവേഗം* | *: 4.7 കി.മീറ്റർ/സെക്കന്റ്* |
| *ശരാശരി ഉപരിതല താപം* | *: മൈനസ് 230°C* |
| *വ്യാസം* | *: 2300 കി.മീറ്റർ* |
| *സാന്ദ്രത* | *: 1.8ഗ്രാം/സി.സി●* |

# നായർ സാംസ്ക്കാരിക സംഗമം

***നായർ ബ്രിഗേഡിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി എറണാകുളം ടി.ഡി.എം ഹാളിൽ നടന്ന പ്രഭാഷണ പരമ്പര ജസ്റ്റിസ് (റിട്ട.) കെ.നാരായണകുറുപ്പ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ പ്രശസ്ത അഭിനേത്രിയും ടി.വി.അവതാരകയുമായ ശ്രീമതി.വിധുബാല 'ആധുനിക കുടുംബ ബന്ധങ്ങളിലെ പാകപ്പിഴകൾ നായർ കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ' എന്ന വിഷയം അവതരിപ്പിച്ചു. പ്രശസ്ത സാഹിത്യകാരൻ കെ.എൽ.മോഹനവർമ്മ 'ചരിത്രത്തിന്റെ പുനർവായന' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.***

***എറണാകുളം കരയോഗം ജനറൽ സെക്രട്ടറി ശ്രീ.രാമചന്ദ്രൻ (വേണു) അതിഥികളെ പൊന്നാടയണിയിച്ചു. നായർ ബ്രിഗേഡിന്റെ ആഭിമുഖ്യത്തിൽ സമുദായാംഗങ്ങളുടെ കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ പ്രൊഫഷണൽ വിദ്യാഭ്യാസ പദ്ധതിയെകുറിച്ച് നായർ ബ്രിഗേഡ് ചെയർമാൻ രഘുനാഥ് മേനോൻ വിശദീകരിച്ചു. വേൾഡ് കർത്ത കോൺഫറൻസ് അദ്ധ്യക്ഷനും, നായർ ബ്രിഗേഡ് പ്രവാസി വിഭാഗം പ്രസിഡന്റുമായ ശ്രീ.കെ.എൻ.കെ.കർത്തായും സന്നിഹിതനായിരുന്നു.***

***എറണാകുളം കരയോഗവുമായി സംയോജിച്ചു നടത്തിയ നായർ സാംസ്ക്കാരിക സംഗമത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.***

# ഹാപ്പി മദേഴ്സ് ഡേ

ഡോ.കെ.ഹരിഹരൻ, ഫോൺ: 98473 13322

കഴിഞ്ഞ മെയ് ആദ്യവാരം ഞാനും ഭാര്യയും പട്ടണത്തിലേയ്ക്കു വന്നത് ഒരു സ്നേഹിതന്റെ മകളുടെ വിവാഹത്തിൽ പങ്കു ചേരാനാണ്. വിവാഹശേഷം ടൗണിലുള്ള ഒരു പ്രമുഖ ഷോപ്പിംഗ്മാളിൽ കയറി, അല്ലറ ചില്ലറ പർച്ചേസുകൾ നടത്തി. അവിടെ എല്ലായിടത്തും വലിയ തിക്കും തിരക്കുമാണ്. മിക്ക കടകളുടേയും മുൻപിൽ 'ഹാപ്പി മദേഴ്സ് ഡെ' എന്നു എഴുതിവെച്ചിരിക്കുന്നു. അച്ഛനും മക്കളും സമ്മാനപ്പൊതികളുമായി കടകളിൽ നിന്നും ഇറങ്ങി പോകുന്നു.

മെയ് മാസം രണ്ടാം ഞായറാഴ്ച മദേഴ്സ് ഡെ ആയി പണ്ടു സായിപ്പന്മാർ ആഘോഷിച്ചിരുന്നു. സായിപ്പ് തുടങ്ങിവെച്ചു ഉപേക്ഷിച്ചു തുടങ്ങിയ ഈ ഡേ ആഘോഷങ്ങള് തപ്പി പിടിച്ചെടുത്ത് കൊണ്ടാടാൻ മലയാളികളായ നമ്മുടെ യുവാക്കൾ കാണിക്കുന്ന ഉത്സാഹം പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. സായിപ്പിനെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ജീവിതത്തിലെ ഒരു ഘടകമേ അല്ലാത്ത സ്വന്തം മാതാവിനെ ഓർക്കാൻ ഒരു ദിവസം. അതായിരുന്നു മദേഴ്സ് ഡേയ്ക്ക് പിറകിലെ അവരുടെ സങ്കല്പം. അമ്മയോടുള്ള സ്നേഹം ഒരു ആശംസയിലൂടെ അല്ലെങ്കിൽ ഒരു റോസാപ്പൂവിലൂടെ പ്രകടിപ്പിക്കാം എന്നു കരുതുന്ന സായിപ്പിന് അമ്മയുടെ മുലപ്പാലിന്റെ മാധുര്യവും വിലയും അറിയില്ല. അതാണ് അവരുടെ സംസ്ക്കാരം, ജീവിത ശൈലി. എന്നാൽ അമ്മയെ ദൈവമായി കരുതുന്ന, ആരാധിക്കുന്ന പാരമ്പര്യത്തിന് ഉടമകളായ നമ്മൾ ഈ പൊങ്ങച്ചങ്ങളുടേയും പ്രകടനങ്ങളുടേയും പിറകേ പോകുന്നത് നമ്മളുടെ സംസ്കാരത്തിന് യോജിച്ചതല്ല.

അമ്മയെ ഓർമ്മിക്കാൻ ഒരു ദിനം. ആ ഒരു ദിവസത്തെ ആഘോഷത്തോടെ തീരുന്നതല്ല അമ്മയോടുള്ള നമ്മുടെ കടമ. ഒരമ്മയ്ക്ക് മക്കളെ കാണാനും അവരുടെ സ്വരം കേൾക്കാനും ഉള്ള ആവേശവും അവകാശവും വളരെ വലുതാണ്, അത് വാക്കുകൾക്കും അതീതമാണ്. അവർ ഒരിക്കലും മക്കളുടെ സമ്മാനപ്പൊതിയിലോ പണത്തിലോ തൃപ്തരാവില്ല. മക്കളുടെ നല്ല ഭാവിക്കു വേണ്ടി അവരെപ്പോഴും പ്രാർത്ഥനയിൽ മുഴുകിയിരിക്കും. തന്റെ മക്കൾ സുഖമായും സന്തോഷമായും ജീവിക്കുന്നു എന്ന അറിവു തന്നെ മതിയാകും സ്നേഹമയിയായ ഒരമ്മക്കു സന്തോഷിക്കാൻ.

പത്തുമാസത്തോളം വയറ്റിലിട്ട് അതിലെ ഓരോ ചലനങ്ങളേയും സസൂക്ഷ്മതയോടെ താലോലിച്ച്, വേദനകൾ കടിച്ചമർത്തി പ്രസവിച്ച്, വളർത്തി വലുതാക്കി, വളർച്ചയുടെ ഓരോ പടവുകളിലും മാറി നിന്ന് നോക്കി ആസ്വദിച്ച് ഒരു നിലയിലെത്തുന്നതു വരെ ആ അമ്മ ഊണിലും ഉറക്കത്തിലും നമ്മൾക്ക് താങ്ങും തണലുമായി എപ്പോഴും കൂടെ ഉണ്ടാകും. പെട്ടെന്നൊരു ദിവസം ആ ബന്ധത്തിന്റെ ഇഴകൾ പൊട്ടി വേർപെടുമ്പോൾ ആ മാതൃഹൃദയം വേദനിക്കും. ദിവസങ്ങളും മാസങ്ങളും ഒന്നുമറിയാതെ ജീവിതം വെട്ടിപ്പിടിക്കാൻ ഓടുന്നതിനിടയിൽ നാം പലതും വിട്ടുപോകുന്നു, കൂട്ടത്തിൽ പാവം അച്ഛനും അമ്മയും അതിൽ പെട്ടുപോകുന്നു. പിന്നെ അവരെ ഓർക്കാനായി നാം ഒരു ദിവസം മാറ്റിവെയ്ക്കുന്നു. ആ ദിവസത്തിന്റെ ഓമനപേരാണ് 'മദേഴ്സ് ഡെ'.

ആരേയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല, ജീവിതത്തിന്റെ അഥവ കാലത്തിന്റെ അനിവാര്യതയാണത്. എന്നാൽ യാതൊരു സാഹചര്യക്കുറവുകളും ഇല്ലാതിരുന്നിട്ടും അച്ഛനമ്മമാരെ സൗകര്യപൂർവ്വം വിസ്മരിക്കുന്ന എത്രയോ ആൾക്കാരുണ്ട് നമ്മുടെ നാട്ടിൽ. അവരുടെ സർവ്വസ്വവും പിടിച്ചു വാങ്ങി അനുഭവിച്ചിട്ട് കൂസലില്ലാതെ നിഷ്ക്കരുണം സ്വന്തം മാതാപിതാക്കളെ നിന്ദിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന ധാരാളമാളുകളുണ്ട്. വയസ്സായ മാതാപിതാക്കളെ പരിചരിക്കണമെങ്കിൽ നമ്മൾ കുറച്ചു ത്യാഗങ്ങൾ സഹിക്കുവാൻ തയ്യാറാകണം, സുഖങ്ങൾ കുറെയൊക്കെ ത്യജിക്കണം, വിനോദങ്ങളും ഒത്തുചേരലും ഒക്കെ കുറക്കേണ്ടിയും വരും. എന്നാൽ അതിനൊക്കെ ഉപരിയായി സ്വന്തം അച്ഛനമ്മമാരോടൊത്ത് കുറച്ചുനേരം ചിലവഴിക്കാനും കുശലം പറയുവാനും ഒരു നേരം ഭക്ഷണം കഴിക്കുവാനും ഒക്കെ ആ സമയം ചിലവഴിച്ചാൽ അവർ എന്നും സന്തുഷ്ടരായിരിക്കും. നമ്മൾ എവിടെ ആയിരുന്നാലും അവരോട് ദിവസവും ഒരു നല്ല വാക്ക്, ഒരു ക്ഷേമാന്വേഷണം നടത്തുവാൻ കഴിയുമെങ്കിൽ ഒരു ജീവിതം മുഴുവൻ സ്വന്തം മക്കൾക്കു വേണ്ടി ഉഴിഞ്ഞു മാറ്റിവെച്ച അവരുടെ മനസ്സുകൾ നിറയും,

അവർ സന്തോഷിക്കും.

വികാരപരമായി എന്നെ ഏറ്റവും കൂടുതൽ സ്വാധീനിക്കുകയും ഈ നല്ല ജീവിതത്തിലേയ്ക്ക് കൈപിടിച്ചു കയറ്റുകയും നയിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയാണ് എന്റെ അമ്മ. എന്റെ എല്ലാ അവസ്ഥകളിലും കൂടെ നിന്ന് സഹായിച്ച അമ്മയെ ലഭിച്ചതാണ് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം. ഞാനിന്നു ജീവിച്ചിരിക്കുന്നതു തന്നെ ആ അമ്മയുടെ കാരുണ്യം കൊണ്ടു മാത്രം. ഒരു സ്വപ്നമെന്നപോലെ ആ സംഭവം ഇന്നും എന്റെ മുമ്പിൽ തെളിഞ്ഞു നില്ക്കുന്നു.

ചെറുപ്പത്തിൽ ഏതാണ്ട് ആറു വയസ്സു പ്രായം, ഞാനന്ന് രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഓണ പരീക്ഷ തുടങ്ങിയ ദിവസം, കണക്കു പരീക്ഷ ആയിരുന്നു. അമ്മ പഠിപ്പിച്ചു വിട്ട എല്ലാ കണക്കുകളും നന്നായി ചെയ്യാനും, നൂറിൽ നൂറു മാർക്കു വാങ്ങാനും കഴിഞ്ഞു. സ്ലേറ്റിൽ ടീച്ചർ ഇട്ടുതന്ന മാർക്കുമായി വീട്ടിലേയ്ക്ക് ഓടി എത്തി. വീടിന്റെ മുറ്റം നിറയെ കപ്പ പറിച്ചു കൂട്ടി ഇട്ടിരിക്കുന്നു. പണിക്കു നിൽക്കുന്ന സ്ത്രീകൾ കപ്പ അരിഞ്ഞു വെയിലത്തു നിരത്തി ഇടുകയാണ്. അമ്മ അടുക്കളയിൽ തേയ്ക്കാനുള്ള വെളിച്ചെണ്ണ മുറുക്കുന്നു. കുരുമുളകിന്റേയും തുളസി ഇലയുടേയും വെന്ത മണം. അടുക്കളയിൽ നിന്നിരുന്ന അമ്മയെ മാർക്കു കാണിച്ചു കൊടുത്തു. അമ്മ തന്നെ വാരിയെടുത്തു ഉമ്മവെച്ചു, അവിടെ ഉണ്ടായിരുന്ന എല്ലാവരേയും മാർക്കു കാണിച്ച് അമ്മ സന്തോഷം പങ്കിട്ടു. പിന്നീട് എന്നെ കുളിപ്പിക്കുവാനായി വെളിച്ചെണ്ണ ദേഹം മുഴുവൻ പുരട്ടി എന്നിട്ട് കുപ്പിയിലെ ബാക്കി എണ്ണ കയ്യിൽ തന്നിട്ട് സ്റ്റോറിലെ അലമാരയിൽ കൊണ്ടുപോയി വെയ്ക്കാൻ പറഞ്ഞു.

ഞാൻ കുപ്പിയുമായി രണ്ടു ചുവടു വെച്ചുകാണും പെട്ടെന്നവിടെ വീണു. കുപ്പി പൊട്ടി എണ്ണ തറയിൽ ഒഴുകി. എഴുന്നേൽക്കാൻ ശ്രമിച്ച എനിക്ക് അവിടെ നിന്നും അനങ്ങാൻ കഴിഞ്ഞില്ല. കരയുന്ന ശബ്ദം കേട്ട് എല്ലാവരും ഓടി എത്തി. അമ്മ എന്നെ പിടിച്ചുയർത്തി നിറുത്താൻ ശ്രമിച്ചു. പക്ഷെ എനിക്കു നില്ക്കാൻ സാധിക്കുന്നില്ല. എന്റെ കാലും കൈകളും തളർന്നിരിക്കുന്നു. അമ്മ എന്നെ കോരിയെടുത്തു കട്ടിലിൽ കൊണ്ടുവന്നു കിടത്തി. എന്തു ചെയ്യണമെന്നറിയാതെ അമ്മ അന്ധാളിച്ചു നിൽക്കുന്നു. അച്ഛൻ സ്ഥലത്തില്ല. അവിടെ കൂടിയിരുന്ന സ്ത്രീകളിലാരോ പറയുന്നതു കേട്ടു "മോന് തളർവാതം പിടിച്ചിരിക്കുന്നു. എത്രയും പെട്ടെന്ന് വൈദ്യരെ കൊണ്ടുപോയി കാണിച്ചോളൂ"ഉടൻ തന്നെ അമ്മ എന്നേയും എടുത്ത് വീട്ടിൽ നിന്നും ഏതാണ്ട് രണ്ടുകിലോമീറ്റർ ദൂരെയുള്ള വൈദ്യശാലയിലേയ്ക്കു പോയി. വൈദ്യരോട് സംഭവിച്ചതെല്ലാം അമ്മ വിവരിച്ചു പറഞ്ഞു. അദ്ദേഹം എന്നെ പരിശോധിച്ചു. കൈകളും കാലുകളും പിടിച്ചു നോക്കി എന്നിട്ട് അദ്ദേഹം പറഞ്ഞു.

'ശരീരം തളർന്നു പോയിരിക്കുന്നു. ശരിയാകാൻ സമയമെടുക്കും.'

അതുകേട്ട മാത്രയിൽ ഒരക്ഷരം ഉരിയാടാൻ കഴിയാതെ അമ്മ എന്നെയും മടിയിൽ വെച്ച് അവിടെ തളർന്നിരുന്നു. അമ്മയുടെ സങ്കടം കണ്ടിട്ടാകണം വൈദ്യർ അമ്മയെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. രോഗം ചികിത്സിച്ചു മാറ്റാവുന്നതേ ഉള്ളൂ എന്നദ്ദേഹം അമ്മയ്ക്കുറപ്പു കൊടുത്തു. പിന്നെ സ്വന്തം കസേരയിൽ പോയി ഇരുന്ന് മരുന്നുകൾ കുറിച്ചു.

ആവർത്തിച്ച എണ്ണ, കഷായം, കുഴമ്പ്, സൂപ്പ് അങ്ങനെ പല വിധത്തിലുള്ള മരുന്നുകൾ അദ്ദേഹം കുറിച്ച് അമ്മയുടെ കയ്യിൽ കൊടുത്തു. കുറെ മരുന്നുകൾ അവിടെ നിന്നും വാങ്ങി ബാക്കി വീട്ടിൽ ഉണ്ടാക്കണമെന്നു പറഞ്ഞു. നല്ല പത്ഥ്യവും നിഷ്ക്കർഷിച്ചു. ഓരോ ആഴ്ചയിലും അമ്മ എന്നേയും എടുത്ത് രണ്ടു കിലോമീറ്റർ നടന്ന് വൈദ്യരെ കാണിക്കാൻ വൈദ്യശാലയിൽ വന്നു പൊയ്ക്കൊണ്ടിരുന്നു. അതുകഴിഞ്ഞ് സൂപ്പും കഷായവും തയ്യാറാക്കുവാനുള്ള മരുന്നുകൾ വാങ്ങാൻ അങ്ങാടിയിലേക്ക്. അങ്ങനെ എന്നെ ശുശ്രൂഷിക്കാൻ അമ്മ ചെയ്ത പ്രയത്നങ്ങൾ എത്രമാത്രം കഠിനമായിരുന്നു. എന്തായാലും അമ്മയുടെ കഠിനപ്രയത്നംകൊണ്ട്, ശുശ്രൂഷകൊണ്ട്, ദൈവാധീനം കൊണ്ട് വൈദ്യരുടെ ചികിത്സ ഫലിച്ചു. അഞ്ചാറുമാസം കൊണ്ട് എന്റെ അസുഖങ്ങൾ പൂർണ്ണമായി മാറി, സ്കൂളിൽ പോകാൻ തുടങ്ങി. അംഗവൈകല്ല്യങ്ങളൊന്നും ഇല്ലാതെ അസുഖം പൂർണ്ണമായി വളരെ വേഗം മാറിയതിൽ വൈദ്യർ അമ്മയെ പുകഴ്ത്തുന്നുണ്ടായിരുന്നു. ശരീരം തളർന്നിരുന്നു എങ്കിലും കാണാനും കേൾക്കാനും എല്ലാം മനസ്സിലാക്കാനുമുള്ള കഴിവും എനിക്കു നഷ്ടപ്പെട്ടിരുന്നില്ല.

എന്റെ കൂടപ്പിറപ്പുകൾ മറ്റുനാലുപേരും ഞാനും വീട്ടിൽ നിന്ന് ഏകദേശം ഒരുകിലോമീറ്റർ അകലെയുള്ള സ്ക്കൂളിലാണ് പഠിച്ചിരുന്നത്. ഞങ്ങളെ എല്ലാവരേയും സ്കൂളിൽ വിട്ടു കഴിഞ്ഞാൽ അമ്മ പറമ്പിലേക്കിറങ്ങും കൃഷികൾ ചെയ്യാൻ. ഏതാണ്ട് മൂന്ന് ഏക്കർ പുരയിടത്തിൽ വിവിധ തരം കൃഷികൾ ഉണ്ടായിരുന്നു. മിക്കവാറും ദിവസങ്ങളിൽ രണ്ടോ മൂന്നോ പണിക്കാരുമുണ്ടാകും കിളക്കാനും

വളമിടാനും നടാനുമൊക്കെ ആയി. പണിക്കാർക്ക് ആഹാരം ഉണ്ടാക്കി കൊടുക്കുവാനും പണികൾക്ക് മേൽനോട്ടം വഹിക്കുവാനും അമ്മ തന്നെ വേണം. അച്ഛൻ ഒരിക്കലും ഈ പ്രാരബ്ധങ്ങളിലൊന്നും പങ്കാളിയാകുന്നത് കണ്ടിട്ടില്ല. അച്ഛൻ എല്ലാ ശനിയാഴ്ചയും വീട്ടിൽ വരും തിങ്കളാഴ്ച രാവിലെ ജോലി സ്ഥലത്തേയ്ക്ക് വണ്ടി കയറും. ഇതാണ് പതിവ്.

വർഷങ്ങൾ കടന്നുപോയി. മൂത്ത സഹോദരിയെ വിവാഹം കഴിച്ചയച്ചു. ചേട്ടന്മാരിലൊരാൾ എഞ്ചിനീയറിംങ്ങിനും മറ്റയാൾ പോസ്റ്റ് ഗ്രാഡുവേഷനും ദൂരെയുള്ള കോളേജുകളിൽ ഹോസ്റ്റലിൽ നിന്നു പഠനം തുടർന്നു. ഞാൻ പത്താംക്ലാസ്സിലും പഠിക്കുന്നു. വീട്ടിൽ കഷ്ടപ്പാടുകൾ തുടങ്ങി. അച്ഛന്റെ ശമ്പളം കൊണ്ടു മാത്രം കുട്ടികളുടെ പഠനവും വീട്ടുചെലവുകളും നടത്താൻ ബുദ്ധിമുട്ടി. അതിനും പരിഹാരം അമ്മ കണ്ടു പിടിച്ചു. കറവയുള്ള രണ്ടു പശുക്കളെ വാങ്ങി. പാൽ വീടിനടുത്തുള്ള സൊസൈറ്റി മുഖാന്തിരം വിറ്റഴിച്ചു. അമ്മ തന്നെ രണ്ടു പശുക്കളേയും കറക്കുമായിരുന്നു. ഞാനും എന്റെ ഇളയ സഹോദരിയും പശുക്കളെ തീറ്റാനും പുല്ലു പറിക്കുവാനും ഒക്കെ അമ്മയെ സഹായിച്ചു. അതിനെ കുളിപ്പിക്കുവാനും പറമ്പിലേക്ക് അഴിച്ചു കെട്ടാനും ഒക്കെ എന്റെ സഹായം അമ്മയ്ക്കുണ്ടായിരുന്നു. പശുവിനേയും അതിന്റെ കിടാങ്ങളേയും എനിക്ക് ഒരുപാട് ഇഷ്ടമായിരുന്നു. അവർക്കും എന്നെ ഇഷ്ടമായി ഒഴിവു സമയമെല്ലാം ഞാൻ അവരുമായി ചിലവഴിച്ചു.

പത്താംക്ലാസ്സു കഴിഞ്ഞ് ഞാൻ കോളേജിൽ പ്രീഡിഗ്രിയ്ക്ക് ചേർന്നു. എല്ലാവരുടേയും അഭിപ്രായപ്രകാരം ഫസ്റ്റു ഗ്രൂപ്പാണ് എടുത്തത്. അമ്മയുടെ ആഗ്രഹമായിരുന്നു ഞാൻ ഒരു എഞ്ചിനീയർ ആകണമെന്ന്. അത് അങ്ങനെ തന്നെ സംഭവിച്ചു. പ്രിഡിഗ്രിക്കു നല്ല മാർക്കോടെ എനിക്ക് പാസാകാൻ കഴിഞ്ഞു. കേരളത്തിലെ ഏറ്റവും മികച്ച എൻജിനീയറിംഗ് കോളേജിൽ അഡ്മിഷനും കിട്ടി. അപ്പോഴേയ്ക്കും ചേട്ടന്മാരുടെ പഠിത്തം കഴിഞ്ഞിരുന്നു. രണ്ടുപേർക്കും താമസിയാതെ നല്ല ജോലിയും ലഭിച്ചു. അതോടെ വീട്ടിലെ പ്രാരാബ്ധങ്ങൾ മാറുമെന്ന് അമ്മ വിശ്വസിച്ചിരിക്കണം. പക്ഷെ ജോലിയ്ക്കു കയറിയ ചേട്ടന്മാർ വലിയ സഹായങ്ങളൊന്നും വീട്ടിൽ ചെയ്യാൻ തയ്യാറായില്ല എന്നതാണ് വാസ്തവം. അമ്മയും ഇളയ സഹോദരിയും എന്നെ പഠിപ്പിക്കുവാൻ വീണ്ടും അദ്ധ്വാനിച്ചു. പരിമിതമായ വരുമാനത്തിൽ ഞാൻ പഠിച്ചു. ഞാൻ കോഴ്സ് കംപ്ലീറ്റു ചെയ്യുന്നതിനു മുമ്പായി ചേട്ടന്മാർ രണ്ടുപേരും വിവാഹിതരായി.

ഞാൻ നല്ല നിലയിൽ തന്നെ എൻജിനീറിംഗ് പാസ്സായി. അധികം താമസിയാതെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു പബ്ലിക് സെക്ടർ കമ്പനിയിൽ അസിസ്റ്റൻഡ് എൻജിനീയറായി ഞാൻ ജോലിയിൽ പ്രവേശിച്ചു. എന്റെ ആദ്യശമ്പളം അമ്മയുടേയും അച്ഛന്റേയും കൈയിൽ വെച്ചു കൊടുക്കുമ്പോൾ അവരുടെ കണ്ണുകളിൽ നിന്നും സന്തോഷാശ്രുക്കൾ അടർന്നു വീഴുന്നതു ഞാൻ കണ്ടു. പിന്നെ എന്റെ ശ്രമം എന്റെ പെങ്ങളെ വിവാഹം കഴിപ്പിച്ചയയ്ക്കാനുള്ള പണം സ്വരൂപിക്കുക എന്നതായിരുന്നു. അതിനായി അമ്മയോടു ചിട്ടി ചേരാൻ പറഞ്ഞു. അതിന്റെ തവണകൾ മുടക്കം കൂടാതെ ഞാൻ അടച്ചുകൊണ്ടിരുന്നു. ആർഭാടമായി അവളുടെ വിവാഹവും നടത്തി. താമസിയാതെ അവൾ ഭർത്താവുമൊത്ത് ജോലിസ്ഥലത്തേക്ക് പോയി.

അതിനോടകം എന്റെ അമ്മ ജോലി ചെയ്തു തളർന്നിരുന്നു. ഒരമ്മയുടെ കടമകളെല്ലാം അവർ നിറവേറ്റി കഴിഞ്ഞിരുന്നു. മക്കളെ എല്ലാവരേയും പഠിപ്പിച്ചു നല്ല സ്ഥാനങ്ങളിലെത്തിച്ചിരുന്നു. ഇനിയും ഒരാഗ്രഹം കൂടി ആ അമ്മയ്ക്കുണ്ടായിരുന്നു. എന്റെ കല്ല്യാണം കഴിഞ്ഞ് ഞങ്ങളോടൊത്തൊരു ജീവിതം. അതു തന്നെയാണ് ഞാനും ആഗ്രഹിച്ചത്. താമസിയാതെ ഞാനും വിവാഹിതനായി. അമ്മയുടെ ആഗ്രഹമനുസരിച്ച് എന്റെ കൂടെ വന്നു താമസിക്കാൻ രണ്ടുപേരേയും ഞാൻ നിർബന്ധിച്ചു എങ്കിലും എന്റെ കുടുംബത്തിന്റെ സ്വസ്ഥതയ്ക്കും ഭദ്രതയ്ക്കും അത് ദോഷം വല്ലതുമുണ്ടാക്കിയാലോ എന്ന ആശങ്ക അവരെ അതിൽ നിന്നും പിൻതിരിപ്പിച്ചു. അവർ നാട്ടിൽ തന്നെ താമസം തുടർന്നു. അച്ഛന്റെ വരുമാനവും പറമ്പിൽ നിന്നുള്ള മറ്റു വരുമാനങ്ങളും ധാരാളമായിരുന്നു അവർക്കു സുഖമായി ജീവിക്കാൻ എങ്കിലും എല്ലാമാസവും ഒരു തുക ഞാൻ അമ്മയുടെ കൈയ്യിൽ കൊടുക്കുമായിരുന്നു. മുടങ്ങാതെ അവരെ വന്നു കാണുകയും ചെയ്യുമായിരുന്നു. ഒരിക്കലും ഞാനതിന് വിഘ്നം വരുത്തിയിട്ടില്ല. ചേട്ടന്മാരിൽ നിന്നും അവർക്കൊന്നും പ്രതീക്ഷിക്കുവാൻ ഉണ്ടായിരുന്നില്ല. പക്ഷെ ആണ്ടിലൊരിക്കൽ ഞങ്ങളെല്ലാവരും ഒത്തുചേരുമായിരുന്നു.

അങ്ങനെ ഇരിക്കെ ഒരു ദിവസം അമ്മയുടെ ഫോൺവിളി വന്നു അച്ഛനെ ഒരു ബൈക്ക് തട്ടിയെന്നും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു എന്നും ഞാൻ പെട്ടെന്ന് ലീവും എടുത്ത് ഉടൻ ഹോസ്പിറ്റലിൽ എത്തി ഡോക്ടറുമായി സംസാരിച്ചു. വലിയ

കുഴപ്പമൊന്നുമില്ലെന്നും ഹിപ്പിൽ ചെറിയ പൊട്ടലുണ്ടെന്നും പറഞ്ഞു. അതുകൊണ്ട് കാലു മുഴുവനായി പ്ലാസ്റ്റർ ഇട്ടു. പ്രമേഹത്തിന്റെ അസുഖമുള്ളതുകൊണ്ട് സൂക്ഷിക്കണമെന്നും പറഞ്ഞു. പക്ഷെ ഉദ്ദേശിച്ച ഫലം കിട്ടാത്തതിനാൽ ഹിപ്പ് ജോയിന്റ് ഓപ്പറേറ്റു ചെയ്തു. അമ്മ അച്ഛനേയും ശുശ്രൂഷിച്ച് ഹോസ്പിറ്റലിൽ തന്നെ കഴിഞ്ഞു കൂടി. വീട്ടിൽ തിരികെ എത്തി അഞ്ചാറുമാസം കഴിഞ്ഞപ്പോൾ അച്ഛന്റെ കാൽപാദത്തിൽ പഴുപ്പു കയറി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്തു. മുട്ടിനു താഴെ വെച്ചു കാൽ മുറിച്ചു കളഞ്ഞു. രണ്ടുമാസത്തോളം അച്ഛനവിടെ കിടക്കേണ്ടി വന്നു.

അതിനുശേഷം അച്ഛനേയും അമ്മയേയും തനിച്ചാക്കാൻ എന്റെ മനസ്സനുവദിച്ചില്ല. അവരെ എന്റെ വീട്ടിലേയ്ക്കു കൊണ്ടു വന്നു. പിറ്റേ വർഷം പെങ്ങൾ നാട്ടിൽ വരുന്നുണ്ടെന്ന് അറിയിച്ചു. അച്ഛനും അമ്മയ്ക്കും അവളുടെ കൂടെ നാട്ടിൽ പോയി നിന്നാൽ കൊള്ളാമെന്നാഗ്രഹം പറഞ്ഞു. അതനുസരിച്ചു വേണ്ട ഒരുക്കങ്ങൾ ചെയ്തു. ട്രെയിനിൽ വന്നിറങ്ങിയ പെങ്ങളേയും കുട്ടികളേയും രാവിലെ സ്റ്റേഷനിൽ നിന്നും കൂട്ടി കൊണ്ടു വന്നു. നാട്ടിലേയ്ക്കു പോകാനായി അച്ഛന്റേയും അമ്മയുടേയും ബാഗുകൾ വണ്ടിയിൽ കയറ്റി വെച്ചുകൊണ്ടിരിക്കുമ്പോൾ പെങ്ങൾ വീട്ടിനുള്ളിൽ നിന്നും ഉറക്കേ വിളിച്ചു. ഞാൻ അകത്തു ചെന്നപ്പോൾ അമ്മ നെഞ്ചും തിരുമ്മി കസേരയിൽ ഇരുന്നു വിഷമിക്കുന്നു. സമയം കളയാതെ അമ്മയെ കാറിൽ കയറ്റി ഹോസ്പിറ്റലിലെത്തിച്ചു. ഡോക്ടർ അമ്മയ്ക്ക് ഒരു ഇൻജക്ഷൻ കൊടുത്ത് ഒബ്സർവേഷൻ റൂമിൽ കിടത്തി. പത്തുമിനിറ്റിനകം അമ്മയ്ക്കു വീണ്ടും നെഞ്ചു വേദന ഉണ്ടായി നേഴ്സുമാരും, ഡോക്ടറും അമ്മയുടെ നെഞ്ചിൽ ശക്തിയായി മാസ്സേജ് ചെയ്തു പക്ഷെ ജീവൻ രക്ഷിക്കുവാൻ അവർക്കു കഴിഞ്ഞില്ല. എന്റെ കൺമുൻപിൽ വെച്ച് ആ കണ്ണുകൾ എന്നന്നേയ്ക്കുമായി അടഞ്ഞു. എന്റെ സർവ്വസ്വവുമായിരുന്ന അമ്മ ഞങ്ങളെ വിട്ടുപോയി. ചേട്ടന്മാരെ വിവരം അറിയിച്ചു. ശവശരീരം നാട്ടിൽ എത്തിച്ചു സംസ്ക്കരിച്ചു. കർമ്മങ്ങളെല്ലാം യഥാവിധി കഴിഞ്ഞ് അച്ഛനെ മൂത്ത സഹോദരി കൂടെ കൊണ്ടുപോയി. ഒരു വർഷം തികയുന്നതിനു മുമ്പ് അച്ഛനും മരിച്ചു. ഞങ്ങൾ അനാഥരായി.

അച്ഛനേയും അമ്മയേയും സംരക്ഷിച്ചതിൽ കുറവുകൾ വല്ലതും ഉണ്ടായിരുന്നുവോ എന്ന സംശയം ഇപ്പോഴും എന്റെ മനസ്സിൽ നിലനിൽക്കുന്നു. അവർ സമാധാനമായി പരിഭവങ്ങളൊന്നുമില്ലാതെയാണ് ഈ ലോകം ഉപേക്ഷിച്ചുപോയത് എന്നു വിശ്വസിക്കുന്നു. പക്ഷെ ഞാനൊരിക്കലും എന്റെ കടമകൾ പൂർണ്ണമായി നിറവേറ്റി എന്നു വിചാരിക്കുന്നില്ല. പലതും കൂടുതലായി ചെയ്യാമായിരുന്നു. ജീവിതത്തിൽ ഒരു പരിഭവവും പറയാതെ കാണിക്കാതെ വയറ്റിൽ പത്തുമാസം ചുമന്നതിന്റെ ഒരു കണക്കും പറയാതെ തന്റെ കടമകളെല്ലാം യഥാവിധി നിർവ്വഹിച്ച് മക്കളെ എല്ലാവരേയും വളർത്തി വലുതാക്കി നല്ല നിലയിലെത്തിച്ച ഈ മാതാവിന് പകരം വെയ്ക്കാൻ ഈ ലോകത്തിൽ വേറെ ഒന്നുമില്ല.

ഇന്നും എന്റെ അമ്മയെ ഓർക്കുവാനും ആദരിക്കുവാനും ഒരു ദിവസം മാത്രമല്ല ഉള്ളത്, വർഷത്തിൽ മുന്നൂറ്റി അറുപത്തി അഞ്ചു ദിവസവും അവരെ ഞാൻ സ്മരിക്കുന്നു, എന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. എന്റെ കാണപ്പെട്ട ദൈവം അമ്മയാണ്.

'അമ്മയല്ലാതൊരു ദൈവമുണ്ടോ
അതിലും വലിയൊരു കോവിലുണ്ടോ'

എന്ന കവി വചനം എല്ലാ അർത്ഥത്തിലും ഞാൻ ഉൾക്കൊള്ളുന്നു.

പണ്ട് ആരോ ഒരാൾ പ്രവാചകനായ നബിയോടു ചോദിച്ചു.

'സ്വർഗ്ഗം എവിടെ ആണ്'

അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെ ആയിരുന്നു.

'സ്വർഗ്ഗം അമ്മയുടെ കാൽകീഴിലാണ്'

ഒരു മനുഷ്യന്റെ വിജയത്തിനു പിന്നിൽ ഒരു സ്ത്രീ ഉണ്ടാകും എന്ന് ഒരു ചൊല്ലുണ്ട്. ആരായിരിക്കും ആ സ്ത്രീ? ഭാര്യയാണ് എന്നർത്ഥത്തിലാണ് ആ വിശ്വാസമെങ്കിൽ അത് എപ്പോഴും ശരിയാകണമെന്നില്ല. ഭാര്യ പുരുഷനെ വിജയിപ്പിക്കണമെങ്കിൽ അവരെ ജീവിതം മുഴുവൻ കൂടെ നിറുത്തണം, കൂടെ ജീവിക്കണം, സംരക്ഷിക്കണം. മറിച്ച് തിരിച്ചൊന്നും ആഗ്രഹിക്കാതെ നിസ്സാർത്ഥമായി നമ്മെ പരിചരിക്കുവാനും സംരക്ഷിക്കുവാനും നമ്മുടെ തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ച് തിരുത്തി വിജയത്തിന്റെ കൊടുമുടികളിലേയ്ക്കു നയിക്കുന്ന ആ രണ്ടു കൈകൾ അമ്മയുടേതാണ്.

നമ്മുടെ നാട്ടിൽ എല്ലാ ദിവസവും എപ്പോഴും മഴ പെയ്തു കൊണ്ടിരിക്കുന്ന ചില സ്ഥലങ്ങളുണ്ട്. ആ സ്ഥലത്തിന്റെ പേരാണ് വൃദ്ധസദനങ്ങൾ. അവിടെ സ്വന്തം മക്കളാൽ വിസ്മരിക്കപ്പെട്ട് ഉപേക്ഷിക്കപ്പെട്ട് മക്കളുടെ സാമീപ്യവും പരിചരണവും ആഗ്രഹിച്ചു മനസ്സുരുകി കഴിയുന്ന ഒട്ടനേകം അച്ഛനമ്മമാരുണ്ട്. അവരുടെ കണ്ണുനീർ വീണ് അവിടം

**(ശേഷം 63-ാം പേജിൽ)**

# നിങ്ങൾ മരിക്കുമ്പോൾ ആരെല്ലാം കരയും?

യു.എസ്.രവീന്ദ്രൻ, ഫോൺ:94961 20978

ഒരച്ഛൻ മകനോട് പറയുകയായിരുന്നു 'മോനേ, മോൻ ജനിച്ചപ്പോൾ ഉറക്കെ കരഞ്ഞുകൊണ്ടാണ് ജനിച്ചത്. മോന്റെ കരച്ചിൽ കേട്ടപ്പോൾ മോന്റെ അമ്മ സന്തോഷിച്ചു, അച്ഛൻ സന്തോഷിച്ചു, കുടുംബം മുഴുവൻ സന്തോഷിച്ചു, ലോകം മുഴുവൻ സന്തോഷിച്ചു, മോൻ വലുതാകുമ്പോൾ നല്ലൊരു ജീവിതം നയിക്കണം, മോൻ കരഞ്ഞു കൊണ്ട് ജനിച്ചപ്പോൾ സന്തോഷിച്ച ലോകം മോൻ സന്തോഷത്തോടെ മരിക്കുമ്പോൾ കരയണം.'

ജീവിതം യഥാർത്ഥത്തിൽ എന്താണെന്ന് മറന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത്. നമുക്ക് ഒരാളെ എളുപ്പത്തിൽ വേണമെങ്കിൽ ചന്ദ്രനിലേക്ക് വരെ അയയ്ക്കാം. പക്ഷെ സ്വന്തം നാട്ടിൽ വഴിയിൽ കൂടെ നടന്നു പോകുമ്പോൾ ഒരു പരിചിതനെ കണ്ടുമുട്ടാൻ പ്രയാസമാണ്. എല്ലാവരും അപരിചിതർ. ലോകത്തിന്റെ എതു മൂലയിലേക്കും കൃതകൃത്യതയോടെ ഒരു മിസൈൽ തൊടുത്തു വിടാനുള്ള വിദ്യ നമ്മുടെ കൈവശമുണ്ട്. പക്ഷെ സ്വന്തം മക്കളുമൊരുമിച്ച് അടുത്തുള്ള അമ്പലത്തിലേയ്ക്കോ ലൈബ്രറിയിലേയ്ക്കോ പോകുന്നതിന് എല്ലാവർക്കും സൗകര്യമുള്ള ഒരു ദിവസവും സമയവും കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുന്നു. നമുക്ക് ഇ-മെയിൽ സൗകര്യങ്ങളുണ്ട്, ഫാക്സ് സൗകര്യങ്ങളുണ്ട്, ഡിജിറ്റൽ ഫോണുകളുണ്ട്. എല്ലായ്പ്പോഴും ആരെങ്കിലുമായൊക്കെ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. എങ്കിലും 'മാനുഷിക ബന്ധങ്ങൾ'വളരെ വിരളമാണ്, അഥവാ നഷ്ടപ്പെട്ടു കഴിഞ്ഞു. അസ്തിത്വത്തിന്റെ ഉദ്ദേശ്യം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ പരമപ്രധാനമായ കാര്യങ്ങൾ നമ്മുടെ ധാരണയുടെയും കാഴ്ചയുടെയും അപ്പുറത്തായിക്കഴിഞ്ഞു.

വായനക്കാരെ, നിങ്ങളോട് ബഹുമാനപൂർവ്വം ഒന്നു ചോദിക്കട്ടെ 'നിങ്ങൾ മരിച്ചാൽ ആരെല്ലാം കരയും"'?. എല്ലാ അവസരങ്ങളും ഉള്ള ഈ മനോഹരമായ ഭൂമിയിൽ എത്ര പേരെ സ്വാധീനിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ട്? നിങ്ങളെ പിൻതുടരുന്ന നിങ്ങളുടെ തലമുറകളിൽ എന്ത് സ്വാധീനം നിങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുണ്ടായിട്ടുണ്ട് ? നിങ്ങൾ അന്തിമശ്വാസം വലിക്കുമ്പോൾ ലോകത്തിന് എന്ത് സമ്മാനം /സംഭാവനയാണ് ബാക്കി വച്ചിട്ട് പോകുന്നത്? ജീവിതത്തിന് ഒരു സ്വഭാവമുണ്ട്. നിങ്ങൾ ജീവിതത്തിന്റെ മേൽ പ്രവർത്തിച്ചില്ലെങ്കിൽ ജീവിതം നിങ്ങളുടെ മേൽ പ്രവർത്തിക്കും. ദിവസങ്ങൾ ആഴ്ചകളായി തീരും, ആഴ്ചകൾ മാസങ്ങളായി തീരും, മാസങ്ങൾ കൊല്ലങ്ങളായി തീരും. അധികം താമസിയാതെ കാലം കഴിഞ്ഞു പോകും. അവസാനം എങ്ങിനെയൊക്കെയോ ജീവിച്ച അർദ്ധ ജീവിതത്തെ ഓർത്ത് ദു:ഖിച്ച് വിട പറയും.

മരണശയ്യയിലായിരുന്ന ബർണാഡ്ഷായോട് സുഹൃത്ത് ചോദിച്ചു 'ഒരിക്കൽ കൂടി മനുഷ്യ ജീവിതം കിട്ടുകയാണെങ്കിൽ താങ്കൾ എന്തു ചെയ്യും'?. ഒരു ദീർഘനിശ്വാസത്തോടെ അദ്ദേഹം മറുപടി പറഞ്ഞു. 'ഈ ജീവിതത്തിൽ പലതാകാമായിരുന്നിട്ടും ആകാതെ പോയ എനിക്ക് പലതാകാമായിരുന്ന ആ ജീവിതമാണ് ഇഷ്ടം'. പലതാകാമായിരുന്നിട്ടും ഒന്നുമാകാതെ പോയ നമ്മൾക്കും ശിഷ്ട ജീവിതത്തിൽ ഒന്നു മാറി ചിന്തിച്ചു കൂടെ?

ജീവിതത്തിൽ വ്യത്യസ്ത പാതകളിൽ സഞ്ചരിക്കുന്നവരാണെങ്കിലും -വിദ്യാഭ്യാസം, ബിസിനസ്സ്, രാഷ്ട്രീയം-എല്ലാവർക്കും പൊതുവെ ഒരു ചോദ്യമുണ്ട് 'എന്റെ ജീവിതം കുറെക്കൂടി അർത്ഥവത്താക്കാൻ, ധന്യമാക്കാൻ എങ്ങിനെ പറ്റും'.? എന്റെ കർമ്മങ്ങളിലൂടെ എങ്ങനെ ലോകത്തിന് ഒരു സംഭാവന നൽകാൻ കഴിയും? ഇനിയും വൈകുന്നതിന് മുമ്പ് എനിക്ക് എങ്ങനെ കാര്യങ്ങൾ കുറച്ചു കൂടി ലളിതമാക്കാൻ പറ്റും? ഉത്തരവും ലളിതമാണ്. ഉൾവിളികളെ ശ്രദ്ധിക്കുക. നിങ്ങളുടെ ഒരു വിളി കേൾക്കാൻ നല്ല ഗുണങ്ങൾ, വിലപിടിപ്പുള്ള കഴിവുകൾ നിങ്ങളുടെ ഉള്ളിൽ തന്നെ കാത്തു കിടപ്പുണ്ട്. ഓരോരുത്തരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പ്രത്യേക പ്രത്യേക ഉദ്ദേശ്യങ്ങളോട് കൂടിയാണ്-അവരവരുടെ മഹത്തരമായ മാനുഷിക സിദ്ധികളുടെ പൂർ

ത്തീകരണത്തിന്; അതേ സമയം സമൂഹത്തിന്റെ മൂല്യവർദ്ധനവിനും. ഇതിനർത്ഥം ഇപ്പോഴത്തെ ജോലികൾ ഉപേക്ഷിക്കണമെന്നല്ല. ഇപ്പോൾ ചെയ്യുന്ന കർമ്മങ്ങളിലേക്ക് കൂടുതൽ അർപ്പണബോധത്തോടെ മനസ്സിനെ കൊണ്ടുവരിക നന്നായി ചെയ്യാൻ കഴിയുന്ന ജോലികൾ കൂടുതൽ നന്നായി ചെയ്യുക. അതായത് നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർ ചെയ്യാൻ വേണ്ടി കാത്തുനിൽക്കാതിരിക്കുക. മഹാത്മജി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. നിങ്ങൾ ലോകത്തിന് ഒരു മാറ്റം ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങൾ തന്നെ ഒരു മാറ്റമായിരിക്കുക. അങ്ങിനെയായാൽ നിങ്ങളുടെ ജീവിതം തന്നെ മാറിയിരിക്കും.

അർത്ഥപൂർണ്ണമായ ജീവിതം നല്ല പ്രവർത്തിയുടേയും ദയയുടേയും ശൃംഖലകൊണ്ട് തീർത്തതാണ്. ദിവസത്തിൽ ഒരാളുടെ മുഖത്തെങ്കിലും പുഞ്ചിരി കൊണ്ടുവരുവാൻ നിങ്ങൾക്കു കഴിഞ്ഞാൽ നിങ്ങളുടെ മാനസികാവസ്ഥ പ്രകാശാത്മകമാകുന്നു -ആ ഒരാൾ തികച്ചും അപരിചിതൻ ആയാൽക്കൂടി. ദയ എന്നത് ലോകത്തു നിങ്ങൾ നിറഞ്ഞിരിക്കുന്ന സ്ഥലത്തിനുള്ള വാടകയാണ്. അപരിചിതരോടുപോലും കാരുണ്യത്തോടും ക്രിയാത്മകമായും പെരുമാറുക. പിന്നിൽ വരുന്ന വാഹനത്തിനു കൂടി ടോൾ നൽകുക, യാത്ര ചെയ്യുമ്പോൾ ആവശ്യക്കാർക്ക് സീറ്റ് ഒഴിഞ്ഞുകൊടുക്കുക, ഒരാൾക്ക് ഒരു നേരത്തെ ഭക്ഷണം വാങ്ങി കൊടുക്കുക, മറ്റുള്ളവർ നിങ്ങളോട് നമസ്ക്കാരം പറയുന്നതിന് മുമ്പു തന്നെ അവരോട് നമസ്കാരം പറയുക എന്നതെല്ലാം മാറ്റങ്ങൾ തുടങ്ങിവെയ്ക്കാൻ പറ്റിയ പ്രവർത്തനങ്ങളാണ്. ഒരു നല്ല പ്രവർത്തി ചെയ്തയാളെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയുമാവാം.

പഴയ ഒരു കഥയുണ്ട് രോഗികളായ രണ്ടു സുഹൃത്തുക്കളുടെ കഥ. ആശുപത്രിയിലെ ഒരു മുറിയിൽ ജനൽ ഭാഗത്തു കിടന്നിരുന്ന ഒരാൾ എതിർവശത്ത് കൈകാലുകൾ തളർന്ന് ചലിക്കാനാകാതെ ശയ്യാവലംബിയായ മറ്റേയാൾ. ആദ്യത്തെ രോഗി ജനൽപുറത്തെ കാഴ്ചകൾ മറ്റേയാൾക്ക് വിവരിച്ചു കൊടുക്കാറുണ്ട്. 'അവിടെ നല്ല ഒരു പൂന്തോട്ടമുണ്ട്. അതിലിൽ നിറയെ പൂക്കളുള്ള പല ചെടികളുമുണ്ട്. പൂന്തോട്ടത്തിൽക്കൂടി ആളുകൾ കളിച്ച് ചിരിച്ച് നടന്നു പോകുന്നു. പൂമ്പാറ്റകൾ പാറിക്കളിക്കുന്നു'തുടങ്ങിയ വർണ്ണനകൾ മിക്കവാറും എല്ലാ ദിവസങ്ങളും ഉണ്ടായിരുന്നു. പിറ്റേദിവസങ്ങളിലും പൂന്തോട്ടത്തിൽ നടക്കുന്ന മറ്റു കാഴ്ചകൾ വിവരിച്ചു. 'കുട്ടികൾ കളിക്കുന്നു. എന്തോ ആഘോഷമാണെന്ന് തോന്നുന്നു പൂന്തോട്ടമെല്ലാം ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. വർണദീപങ്ങൾകൊണ്ട് പ്രകാശപൂരിതമായിരിക്കുന്നു.' ഇങ്ങനെയുള്ള വിശേഷങ്ങൾ കേട്ടു കേട്ട് എനിക്കിതൊന്നും കഴിയാതെ ഇവിടെ കിടപ്പാണല്ലോ, എന്ന് ഓർത്തു ദു:ഖിച്ച് രണ്ടാമത്തെ രോഗി കഴിച്ചുകൂട്ടി. അടുത്ത ദിവസങ്ങളിൽ പുറം കാഴ്ചകൾ ആദ്യത്തെ രോഗി ജനാലിൽക്കൂടി വിവരിക്കുമ്പോൾ അയാളോട് അനങ്ങാൻ വയ്യാതെ കിടക്കുന്ന രോഗിക്ക് അസൂയയും ദേഷ്യവും വെറുപ്പും തോന്നിത്തുടങ്ങി. ഒരു ദിവസം ജനൽഭാഗത്ത് കിടക്കുന്ന രോഗിക്ക് ചുമയും ശ്വാസതടസ്സവും അനുഭവപ്പെട്ട് ബോധരഹിതനായി. എന്നാൽ അയാളോടുള്ള വെറുപ്പ് മൂലം നഴ്സിനെ വിളിക്കാനുള്ള എമർജൻസി ബട്ടൻ അമർത്തുവാൻ മറ്റേ രോഗി കൂട്ടാക്കിയില്ല. ജനൽ വശത്തു കിടന്നിരുന്ന രോഗി മരിച്ചു പോയി. മൃതദേഹം മുറിയിൽ നിന്നും കൊണ്ടുപോയി. തളർന്നു കിടന്നിരുന്ന രോഗിക്ക് വീൽചെയറിൽ കഷ്ടിച്ച് അങ്ങോട്ടും ഇങ്ങോട്ടും നീങ്ങാമെന്നായി. അയാൾ ജനൽപുറത്തെ കാഴ്ചകൾ കാണാൻ പഴയ സുഹൃത്തു കിടന്നിരുന്ന ബെഡ്ഡിനടുത്ത കർട്ടൻ മാറ്റി നോക്കി. അവിടെ കണ്ടത് ഉയർന്നു നിൽക്കുന്ന ഒരു ഇഷ്ടിക മതിൽ മാത്രം. പൂന്തോട്ടമില്ല, പൂക്കളില്ല, ശലഭങ്ങൾ ഇല്ല, കുട്ടികളുമില്ല. താൻ തീരെ അവശാവസ്ഥയിൽ കിടക്കുമ്പോൾ തന്നെ സന്തോഷിപ്പിക്കാനും, ആകാംക്ഷയും ആശയും നൽകുന്നതിനുവേണ്ടി മെനഞ്ഞെടുത്ത ഭാവനാപരമായ പ്രകൃതി ദൃശ്യങ്ങളാണ് പഴയ സുഹൃത്ത് വിവരിച്ചു കൊണ്ടിരുന്നത്. നിസ്വാർത്ഥ സ്നേഹത്തിന്റെ ഉത്തമ ദൃഷ്ടാന്തം.

ഈ കഥ നമ്മുടെ കാഴ്ചപ്പാടുകളെ ഗതി തിരിച്ചുവിടാൻ സഹായിച്ചേക്കും. പ്രശ്നങ്ങൾ തരണം ചെയ്യേണ്ടി വരുമ്പോൾ കാഴ്ചപ്പാടുകളുടെ ഗതി മാറ്റി നിഷേധാത്മകമായ ചിന്ത വെടിഞ്ഞ് കുറേക്കൂടി ബുദ്ധിപരമായി പ്രശ്നത്തെ എങ്ങിനെ നേരിടാം എന്ന് സ്വയം ചോദിക്കുക. നിത്യതയുടെ കാൻവാസിൽ ജീവിതം ഒരു നിഴൽ മാത്രമാണ്. ഈ ഭൂമിയിൽ മനുഷ്യജീവിതം ക്ഷണികമാണ്. അതുകൊണ്ട് ബുദ്ധിപൂർവ്വം ജീവിതയാത്ര ആസ്വദിക്കുക. 'മാനവസേവ മാധവസേവ' എന്ന് നമ്മൾ പറയാറുണ്ടല്ലോ. ഇതേ അർത്ഥത്തിൽ ആൽബെർട്ട് ഷെറ്റ്സർ പറഞ്ഞിട്ടുണ്ട് "മനുഷ്യസേവനമെന്ന മതത്തിനേക്കാൾ ഉത്കൃഷ്ടമായ ഉയർന്ന മതമില്ല. പൊതു നന്മക്കു വേണ്ടി പ്രവർത്തിക്കുക എന്നതാണ് മഹത്തായ വിശ്വാസ പ്രമാണം."ചൈനക്കാരുടെ ഒരു പഴഞ്ചൊല്ലുണ്ട്. റോസാപ്പൂ തരുന്ന കൈകളിൽ

റോസാപ്പൂവിന്റെ സുഗന്ധം കുറച്ചെങ്കിലും പറ്റി നിൽക്കും. സഫലീകൃത ജീവിതത്തിനുള്ള ഒരു പാഠമാണ് വെട്ടിപ്പിടിക്കാനുള്ള മത്സരങ്ങളിൽ നിന്നും പ്രസക്തിയും മഹത്വവും നേടാനുള്ള അർപ്പണത്തിലേക്ക് ഉയരുക എന്നത്. മഹത്വം സൃഷ്ടിക്കാനുള്ള വഴി സ്വയം ചോദിക്കുക. എനിക്ക് എങ്ങിനെയൊക്കെ സേവനം ചെയ്യാം. മഹാന്മാരായ നേതാക്കന്മാർ, ചിന്തകർ, മനുഷ്യ സ്നേഹികൾ എല്ലാം സ്വാർത്ഥ ജീവിതം ഉപേക്ഷിച്ച് നിസ്വാർത്ഥ സേവനത്തിന് ഇറങ്ങി തിരിച്ചവരാണ്. അതിൽ നിന്നും അവർക്ക് എന്തെന്നില്ലാത്ത സന്തോഷവും സംതൃപ്തിയും അവാച്യമായ അനുഭൂതിയും ലഭിച്ചിരുന്നു. മനുഷ്യരാശി എന്ന സത്യത്തിന്റെ പ്രാധാന്യം അവർക്ക് മനസ്സിലായിരുന്നു. വിജയം നേടിയെടുക്കാൻ കഴിയുകയില്ല. അത് പരിശ്രമത്തിന്റെ വഴിയേ വരുന്നതാണ്. സേവനത്തിന്റേയും ലോകത്തിന് മൂല്യവർദ്ധനവുണ്ടാക്കിയതിന്റേയും ഒരു പ്രത്യുൽപ്പന്നമായി അപ്രതീക്ഷിതമായി എന്നാൽ തീർച്ചയായും വിജയം ഒഴുകിയെത്തുന്നു. സേവനത്തിന്റെ മഹത്വം മറ്റാരേക്കാളും ഗാന്ധിജിക്ക് അറിയാമായിരുന്നു. ഒരു ട്രെയിൻ യാത്രക്കിടയിൽ ട്രെയിൻ നിറുത്തിയിട്ടിരുന്ന സമയത്ത് അബദ്ധവശാൽ ഗാന്ധിജിയുടെ ഒരു കാലിലെ ചെരുപ്പ് ഊരി താഴെ പാളത്തിൽ വീണു. താഴെ ഇറങ്ങി എടുക്കാൻ കൂട്ടാക്കാതെ അദ്ദേഹം മറ്റേ ചെരുപ്പ് ഊരി ആദ്യം വീണു പോയ ചെരുപ്പിന്റെ അടുത്തേക്കിട്ടു. എന്താണിങ്ങിനെ ചെയ്തത് എന്ന് സഹയാത്രികർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു 'ഏതെങ്കിലും പാവങ്ങൾക്ക് ആദ്യത്തെ ചെരുപ്പ് കിട്ടുകയാണെങ്കിൽ ഇതും കൂടി കിട്ടിയാൽ ഉപയോഗിക്കാമല്ലോ'.

പലരും മരണം അടുത്തു വരുന്നതുവരെ ജീവിതം എന്താണെന്ന് അറിയാൻ ശ്രമിക്കാറില്ല. ചെറുപ്പത്തിൽ സമൂഹത്തിന്റെ പ്രതീക്ഷക്കൊത്ത് ഉയരാൻ പ്രയത്നിക്കുന്നു. വലിയ വലിയ സന്തോഷങ്ങൾ തേടിപോകുന്നു. സ്വന്തം കുഞ്ഞുങ്ങളുമൊത്ത് മഴയുള്ള ദിവസം പാർക്കിൽപോയി ഡാൻസു ചെയ്യുവാൻ മറന്നുപോകുന്നു. ഒരു റോസച്ചെടി നടാൻ മറന്നു പോകുന്നു. ലോകത്തിലെ ഏറ്റവും വലിയ കൊടുമുടി മനുഷ്യൻ കീഴടക്കി. പക്ഷെ സ്വന്തം മനസ്സു കീഴടക്കിയില്ല. വലിയ വലിയ ഉയരങ്ങളുള്ള കെട്ടിടങ്ങൾ പണിതു, പക്ഷെ മനസംയമനക്ഷമത താണുപോയി. ഇഷ്ടം പോലെ ആഡംബര വസ്തുക്കൾ വാങ്ങിക്കൂട്ടി. പക്ഷെ സന്തോഷത്തിന്റെ കാര്യത്തിൽ ദരിദ്രർ. മനസ്സു നിറയെ ചിന്തകൾ, പക്ഷെ ഒഴിഞ്ഞ ആത്മാവ്.

മരണശയ്യയിൽ ആകുന്നതുവരെ ജീവിതത്തിന്റെ അർത്ഥവും ജീവിതത്തിൽ ഓരോരുത്തരും ചെയ്തു തീർക്കേണ്ട കടമകളും എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ കാത്തു നിൽക്കരുത്. പലപ്പോഴും നമ്മൾ ജീവിതം പിന്നോട്ട് ജീവിക്കുവാൻ ശ്രമിക്കുന്നു. സന്തോഷം തരുന്ന വസ്തുക്കൾ വാങ്ങി കൂട്ടുവാൻ പാടുപെടുന്നു. സന്തോഷം എന്ന വികാരം എത്തിപ്പിടിക്കേണ്ട ഒന്നല്ല. സ്വന്തം മനസ്സിൽ സൃഷ്ടിച്ചെടുക്കാവുന്ന അവസ്ഥയാണ്. സമ്പൂർണ്ണതയും സന്തോഷവും അന്തരാത്മാവിൽ നിന്നും വരേണ്ടതാണ്. അത് ഉണ്ടാകുന്നത് നിങ്ങളുടെ കഴിവ് മറ്റുള്ളവരിൽ ഒരു മാറ്റം വരുത്തുവാൻ ഉപയോഗിക്കുമ്പോളാണ് സ്വന്തം ജീവിതത്തിൽ നിന്നും എല്ലാ കോലാഹലങ്ങളും ഇല്ലാതാകുമ്പോൾ ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം വ്യക്തമാകും. ചുരുക്കത്തിൽ പറഞ്ഞാൽ ജീവിതത്തിന്റെ ഉദ്ദേശ്യം ഉദ്ദേശ്യമുള്ള ഒരു ജീവിതമാണ്. വായനക്കാരേ, വിജ്ഞാനപ്രദവും, സന്തോഷപ്രദവും സമ്പൂർണ്ണതയുമുള്ള ഒരു ജീവിതം നിങ്ങൾക്ക് ഞാൻ നേരുന്നു. ഇനിയുള്ള നിങ്ങളുടെ കർമ്മ പഥത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ധാരാളം സുഹൃത്തുക്കളെ കണ്ടു മുട്ടട്ടെ.

ജോർജ്ജ് ബർണാഡ്ഷായുടെ കുറച്ചു വാചകങ്ങൾ കൂടി ചേർത്തുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ 'ജീവിതത്തിലെ യഥാർത്ഥ ആനന്ദം ഇതാണ് ഒരു നല്ല കാര്യം എന്ന് നിങ്ങൾക്കു തോന്നുന്നതിനു വേണ്ടി അതിനെ ഉപയോഗിക്കുക. എന്തെന്നാൽ ജീവിതം പ്രകൃതി കനിഞ്ഞു നൽകിയ ഊർജ്ജമാണ്. ദു:ഖങ്ങളുടേയും പരാതികളുടേയും പിന്നാലെ പോകാതിരിക്കുക. അവ ഒരിക്കലും സന്തോഷവും സമാധാനവും തരില്ല. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ജീവിതം സമൂഹത്തിനുള്ളതാണെന്നാണ് എന്റെ അഭിപ്രായം. സമൂഹത്തിനു വേണ്ടി ഇഷ്ടമുള്ളത് ചെയ്യുക എന്നത് പ്രകൃതി എനിക്കു നൽകിയ ആനുകൂല്യമാണ്. മരിക്കുമ്പോൾ ഞാൻ എന്നെ പരിപൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ടാകണം. കൂടുതൽ ജോലി ചെയ്യുന്തോറും കൂടുതൽ ഞാൻ ജീവിക്കുന്നു. ജീവിതം ജീവിതത്തിനു വേണ്ടി ഞാൻ ആസ്വദിക്കുന്നു. ജീവിതം എനിക്ക് ഒരു ചെറിയ മെഴുകുതിരിയല്ല. അത് ശക്തിയേറിയ ടോർച്ചാണ്. ഏറ്റവും നല്ല പ്രകാശത്തോടു കൂടി ഞാൻ അത് തെളിയിച്ചു കൊണ്ടേയിരിക്കും. അടുത്ത തലമുറക്ക് കൈമാറുന്നതു വരെ'●

# മഹാത്മജിയെ കണ്ടെത്തൽ

**ഡോ.ശാന്തകുമാരി.സി**

മഹത്തുക്കളുടെ ജീവിതം കൊണ്ട് ധന്യമായ ഭാരതത്തിൽ യഥാർത്ഥമായ മഹത്ത്വത്തെ ക്കുറിച്ചറിയുവാൻ സുലഭമായുണ്ടാകുന്ന സൗകര്യങ്ങൾ നാം വേണ്ടപോലെ ഉപയോഗിക്കാറില്ല. അത്തരം ജീവിതത്തിൽ അസാധാരണമായ വിധം ചെയ്തത് എന്ന് വിശ്വസിക്കപ്പെടുന്ന കാര്യങ്ങൾ എണ്ണിപ്പറയുന്നതോടെ വേണ്ടതൊക്കെ ചെയ്തുവെന്ന് കൃതകൃത്യരാവുന്നു. മഹത്ത്വത്തിന്റെ മാനദണ്ഡം ഓരോ കാലത്തും മാറി മാറി അംഗീകരിക്കപ്പെടുന്നതോ, അന്നേ വരെ ശ്രേഷ്ഠമെന്ന് വിചാരിച്ചിരുന്നതിനെ അവഹേളിക്കുന്നത് 'യഥാർത്ഥമായ' തെന്ന് അവനവൻ സങ്കൽപ്പിക്കുന്ന മഹത്ത്വത്തിലേക്ക് കടക്കുവാൻ ആവശ്യമാണെന്ന തോന്നലായിരിക്കാം അതിനു കാരണം. കാലത്തിനനുസരിച്ച് നീങ്ങാതെ ഭൂതകാലമയവിറക്കി കഴിയുന്നത് വ്യർത്ഥമാണെന്നും ആധുനികന് തോന്നാം.

ജീവിതത്തെ പ്രയോജനകരവും പ്രശാന്തവുമാക്കാൻ പുരുഷാർത്ഥ ചതുഷ്ടയം സാധിക്കുന്നതിലായിരുന്നു പഴയകാല ചിന്ത. അന്ന് ധർമ്മാർത്ഥ കാമമോക്ഷങ്ങൾ തേടുന്നതും നേടുന്നതും ജീവിത മാഹാത്മ്യത്തിന് ബാധകമായിരുന്നു.പിൽക്കാലത്ത് ഉണ്ടായ പരിതസ്ഥിതിയിൽ ഇത് ഇണങ്ങാതായി. അങ്ങനെ കാലോചിതമായ വ്യഖ്യാനങ്ങളും വിധികളും നിർദ്ദേശങ്ങളും ശാസന വിധികളും ഉണ്ടായി. അതോടെ പഴയ വിധികളും ധർമ്മ സംഹിതകളും മാറി. പുതിയ പ്രമാണങ്ങളും നിർദ്ദേശങ്ങളും അതിനെ സംരക്ഷിക്കാനുണ്ടാവുകയും ചെയ്തു.

ജീവിതത്തിനനുയോജ്യമായ നൂതന സംവിധാനക്രമങ്ങൾ അതുവരെ ഉണ്ടായിരുന്ന മൗലിക വിശ്വാസങ്ങൾക്ക് ഇളക്കം തട്ടാതെ തന്നെ ആവിഷ്ക്കരിക്കപ്പെട്ട കഥയാണ് മതങ്ങളുടേത്. ദീർഘദർശികളായ ധിഷണാശാലികൾ ജീവിതം പാളിപ്പോകാതിരിക്കാൻ പുതിയ ആശയസംഹിതകളും ആചാരവിധികളും കൊണ്ടു വന്നു. സനാതനധർമ്മങ്ങളാചരിച്ച് കപിലവസ്തുവിൽ കഴിച്ചു കൂട്ടിയ സിദ്ധാർത്ഥൻ ബുദ്ധനായ കഥയും, മുഹമ്മദിന്റെയും ക്രിസ്തുവിന്റെയും കഥകളും ഈ തത്ത്വത്തിന് തെളിവാണ്. ഇപ്രകാരം ജീവിത ബോധത്തിനനുസരിച്ച് വിശ്വാസ പ്രമാണങ്ങളും ആചാരാനുഷ്ഠാനങ്ങളും മാറി വന്നാലും ജീവിത ഭദ്രതയുടെ മൗലികമായ അടിസ്ഥാനത്തിന് മാറ്റം വന്നില്ല. ധർമ്മം നിലനിർത്താനും അധർമ്മത്തെ നിരോധിക്കാനും എല്ലാ മതങ്ങളും അനുശാസിക്കുന്നു. ആത്മാവിന്റെ കേവല ശക്തിയായി ഈശ്വരനെ സങ്കല്പിച്ച് ആത്മവിശ്വാസം നിലനിർത്താൻ എല്ലാ മതങ്ങളും ആവശ്യപ്പെടുന്നു. പരസ്പരം സ്നേഹിക്കാനും പരസ്നേഹം പുലർത്താനും ആഹ്വാനം ചെയ്യുന്നു.

സാഹചര്യങ്ങളുടെ അഭേദ്യമായ ആവശ്യമാണ് ധിഷണാശാലികളെ, സേവനോൽസുകരെ, സൃഷ്ടിക്കുന്നത്. 'ഒപ്പം പുതിയ ആസൂത്രണവും സംവിധാനങ്ങളും സാഹചര്യങ്ങളേയും സൃഷ്ടിക്കുന്നു. ജീവിത പുരോഗതിക്ക് ഈ രണ്ടു സൃഷ്ടികളും ആവശ്യമാണ്. മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടിയാണ് എന്ന് വിചാരിക്കുന്നത് ചിന്താപരമായ അരാജകത്വമാണ്. ഇവർക്കു വേണ്ടിയാണ്' പെരുത്ത നൂറ്റാണ്ടിലൊരിക്കൽ മാത്രം ജീവിതത്തിന്റെ സ്രഷ്ടാക്കളുണ്ടാകുന്നത്. മതത്തിന്റെ ശക്തിക്ക് ചിലപ്പോഴെങ്കിലും ഉലച്ചിൽ തട്ടുമ്പോൾ ഇതിനെ തിരായി മതത്തെ പുതുക്കി പ്രതിഷ്ഠിച്ചില്ലെങ്കിൽ ജീവിതഭദ്രത തകർന്നുപോകും.

ജീവിത ഭ്രമണത്തിന്റെ നിയന്ത്രണം ധർമ്മം, വിശ്വാസം, സ്നേഹം ഈ മൂന്ന് ബിന്ദുക്കളാൽ നിയന്ത്രിച്ചിരിക്കുന്നു. എല്ലാ മതങ്ങളിലും ഇതു തന്നെയാണ് രീതി. ഭാരതത്തിൽ കുറെക്കാലമായി ഈ പ്രമാണങ്ങൾ താറുമാറായിപ്പോയപ്പോൾ അവ പുനഃസ്ഥാപിക്കേണ്ടത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അത്യാവശ്യമായിരുന്നു. എന്നാൽ അങ്ങനെ ഒരു സാംസ്ക്കാരിക ഭദ്രത ഉണ്ടായാൽ അതിവിടുത്തെ ഭരണാധികാരികൾക്ക് ആപല്ക്കരമായതിനാൽ അവർ അതിന് പ്രതികൂലിക്കുന്നത് സ്വഭാവികം. വിഷയലോലുപത, വേഷവിധാനം, അധികാരവിലാസം ഇവയൊക്കെ ജനങ്ങളെ അമ്പരിപ്പിക്കുവാൻ പര്യാപ്തം. പഴയ വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്ന, പുതിയ മതസമ്മർദ്ദങ്ങൾ, സ്വമതസ്നേഹം അന്യമതദ്വേഷം, ഭരണ കക്ഷികളുടെ പ്രോത്സാഹനം. വിശ്വാസം മാറി ആചാരം വ്യതിചലിച്ചു ജീവിതപ്പശുവിനെ കെട്ടിയ കയർ കുറ്റിയറ്റു പശു കയറുമായി കാടുകയറി.

ഈ അവസ്ഥയിൽ ഭാരതീയരെ മോചിപ്പിക്കാനെത്തിയ ശക്തിയായിരുന്നു ഗാന്ധിജി. ഭാരതത്തിലെ തകർന്നുപോകുന്ന ജീവിതത്തിന്റെ ദയനീയത മഹാത്മജിയെ ജീവിതദർശന പ്രവാചകനാക്കി. സ്വന്തം കഴിവുകളെല്ലാം ജനങ്ങളുടെ ഉദ്ധാരണ

ത്തിന് സമർപ്പിയ്ക്കാനുറച്ചു. മനുഷ്യസ്നേഹത്തിന്റെ പ്രചോദനമാണ് മഹാത്മജിയെ സൃഷ്ടിച്ചത്. അവിടെ ആദർശവാനും കർമ്മധീരനും ഉയർന്നു. സാധാരണക്കാരിൽ സാധാരണക്കാരനായി, ശ്രേയസ്സുകളെല്ലാം ഉപേക്ഷിച്ചു. ആ ത്യാഗം തന്നെയാണ് ഗാന്ധിജിയുടെ പരിവേഷം. നല്ല മനുഷ്യജീവിതമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ജീവിതത്തെ വ്യവസ്ഥാപനം ചെയ്യാനാണ് അദ്ദേഹം പരിശ്രമിച്ചത്. ധർമ്മം വിശ്വാസം, സ്നേഹം ഈ ജീവിത മൂല്യങ്ങളുടെ ചോദന ഉൾക്കൊണ്ടായിരുന്നു ഗാന്ധിജിയുടെ എല്ലാ പ്രവർത്തനങ്ങളും. ഇതൊരു പുതിയ മതം തന്നെയായിരുന്നു. ആദർശ ധീരനായ അദ്ദേഹത്തിന്റെ വ്യക്തിത്വം പ്രകാശിപ്പിക്കുന്ന ഒരു പാധി മാത്രമാണ് രാഷ്ട്രീയമായ അടിമത്തത്തിൽ നിന്ന് ഭാരതീയരെ മോചിപ്പിച്ചു എന്നത്.

എന്താണ് ആ ദർശനത്തിന്റെ പൂർണ്ണത? ജനങ്ങളെ ഏകീകരിക്കുന്നതിനു വേണ്ട ഏതു പ്രവർത്തനത്തിനും അടിസ്ഥാനപരമായ ചില അംഗീകാരങ്ങൾ വേണമെന്നുള്ള ബോധം അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തികളിലും ധാർമ്മിക ശക്തിയുണ്ടാക്കി. ധർമ്മത്തിന്റെ ശക്തികൊണ്ടു പ്രതിയോഗിയെ നേരിട്ട യോഗി. അചഞ്ചലമായ ആസ്തിത്വബോധം, മൃത്യുവിനെ മധുരീകരിച്ച മഹൽസിദ്ധി.

മനുഷ്യസ്നേഹപ്രചോദിതമായ യജ്ഞമായിരുന്നു ആ ജീവിതം. ആ യജ്ഞത്തിലെ ഉൽക്കൃഷ്ട ഭാവങ്ങളെയാണ് നാം ആദരിക്കുന്നത്. അദ്ദേഹത്തെ യുഗപ്രഭാവനാക്കുന്നതും ഈ ഭാവങ്ങളാണ്. പ്രതിപക്ഷത്തിനുപോലും ഈ യജ്ഞത്തിൽ ബഹുമാനം തോന്നി. അതുകൊണ്ടാണല്ലോ അവർ കീഴടങ്ങിയതും. അവരുടെ എല്ലാ പരീക്ഷണങ്ങളിലും ഒന്നൊന്നായി അദ്ദേഹം വിജയിച്ചു.

താൻ ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം നല്ല കാര്യത്തിനാവണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ആ ജീവിതം സത്യാന്വേഷണ പരീക്ഷകളായതിതുകൊണ്ടാണ്. അക്രമരഹിതമായ മാർഗ്ഗത്തിലൂടെ നേടേണ്ടതു നേടിയ ആ സിദ്ധി അത്ഭുത സിദ്ധി തന്നെയായിരുന്നു. നിസ്സഹകരണം, ഉപവാസം, സത്യാഗ്രഹം, ബഹിഷ്ക്കരണം എല്ലാം മനുഷ്യ നന്മയ്ക്കു വേണ്ടി മാത്രം. പ്രയോഗസാഫല്യം തികഞ്ഞ ആ ദിവ്യായുധം കോഴിയെക്കൊല്ലുവാൻ പാശുപതം എന്ന പോലെ ദുരുപയോഗപ്പെടുത്തുന്നു ആധുനിക കാലത്ത് ചിലരെങ്കിലും അദ്ദേഹത്തിൽ അപരാധം ചാർത്തിയെങ്കിൽ ആ മാർഗ്ഗങ്ങൾ വേണ്ടപോലെ വേണ്ടിടത്ത് പ്രയോഗിക്കാനറിയാത്തതുകൊണ്ടാണ്. അന്നദ്ദേഹം ആ തത്ത്വം പ്രയോഗിച്ചു വിജയിച്ചു.

വൈദേശിക ഭരണമെന്ന അന്ധകാരയുഗത്തിലെ വെളിച്ചമായിരുന്നു ഗാന്ധിജി. സ്വതന്ത്രഭാരതത്തെ സ്വന്തം ആദർശങ്ങൾക്കനുസരിച്ച് നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അനുയായികൾ അദ്ദേഹത്തിന്റെ നേട്ടങ്ങളെ ചൂണ്ടിക്കാട്ടി രാഷ്ട്രപിതാവാക്കി 'രാജഘട്ടി'ൽ പ്രതിഷ്ഠിച്ച് ചുമതലകളിൽ നിന്ന് പിന്മാറി.

തന്റെ ആദർശങ്ങളുടെ അപ്രായോഗികത ഗാന്ധിജിക്ക് ബോധ്യമായിരുന്നിരിക്കണം. സ്വതന്ത്രഭാരതത്തിന്റെ ജനനം തന്നെ അദ്ദേഹം കരുതിയ നിലയിലായില്ല. നേതൃത്വം ഉപേക്ഷിച്ച് സ്വാതന്ത്ര്യത്തിൽ പ്രകടമായ പങ്കു വഹിക്കാതെ ശാന്തി പ്രവർത്തനം മുന്നിൽ കണ്ടു. രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. ജീവിതവും മനുഷ്യത്വവും രക്ഷിക്കലായിരുന്നു. അനുയായികളുടെ അനർഹതയും ആദർശങ്ങൾക്കെതിരായ രക്തധാരയും അദ്ദേഹത്തെ നിരാശനാക്കി. പക്ഷെ സ്വന്തം പ്രമാണങ്ങൾ അദ്ദേഹത്തിനെന്നും ശക്തിയായിരുന്നു.

പിൻഗാമികൾ എന്തുചെയ്തു? ദാരുണമായ ആ ജീവിതവിരാമത്തിനുശേഷം അതിലൂടെ നടന്നു വന്ന് ഉയർന്ന പദവി നേടിയവർ എന്തു ചെയ്തു? അതു ഘാതകന്റെ കൊലയെക്കാൾ ഭീകരമായിരുന്നില്ലേ! അദ്ദേഹത്തിന്റെ ദിവ്യായുധങ്ങൾ ഇന്നവർ കളിപ്പാട്ടമാക്കിയിരിക്കുന്നു. കല്ലേറും പഠിപ്പുമുടക്കും ഘോഷയാത്രകളായി നീങ്ങുന്നു, രക്ഷിക്കേണ്ടവരെ പകൽ വെളിച്ചത്തു തന്നെ കുത്തിക്കൊല്ലുന്നു, ഈശ്വരനെ ശിക്ഷിക്കുന്നു, മിഥ്യാചാരത്തെ സദാചാരമാക്കുന്ന ഒരു ജീവിതത്തിലേക്ക് നാമിന്ന് അധഃപതിച്ചു പോയിരിക്കുന്നു. ആർക്കും ആരേയും എന്തും ചെയ്യാവുന്ന ഈ ഭ്രാന്താലയത്തിൽ ഭദ്രതയും ശാന്തിയും ഇനിയൊരിക്കൽ എങ്ങനെ ഉണ്ടാവും? ആരുണ്ടാക്കും? ആസ്വദിക്കാനല്ലെങ്കിലും അനുഭവിക്കാനുള്ളതെങ്കിലും ആവേണ്ടതല്ലേ നാം വില മതിക്കുന്ന ഈ ജീവിതം.

വീണ്ടും ജീവിതത്തെ ഭദ്രതയിൽ ഉറപ്പിക്കണം. അദ്ദേഹത്തിന്റെ പുതിയ മതത്തിന് ഇന്ന് പ്രായോഗികത കുറഞ്ഞിരിക്കാം. മാറിയ കാലത്ത് ആ മൂല്യങ്ങൾക്കും കാലോചിതമായ മാറ്റം നാം നല്കണം. നമുക്ക് ആ പൈതൃകം ഏറ്റു വാങ്ങാം. ആ അനർഘരത്നങ്ങളെ, തത്ത്വങ്ങളെ, ധർമ്മം, വിശ്വാസം, സ്നേഹം ഇവ നൽകി ജനങ്ങളെ ശാന്തിയിലേയ്ക്ക് നയിക്കാം. ഒരുപാടുകാര്യങ്ങൾ ഭാരതത്തിന് ചെയ്തു തീർക്കാനുള്ള സമയമാണിത്. അദ്ദേഹത്തിന്റെ ദിവ്യരത്നങ്ങളെക്കൊണ്ടു കാലോചിതമായ ദർശനവും സംവിധാനവും നാം കണ്ടെത്തണം. അത്തരം പ്രായോഗിക മാർഗ്ഗങ്ങളിലൂടെ മനുഷ്യക്ഷേമത്തിന്റെ സ്വർഗ്ഗത്തിലെത്താനും, എത്തിക്കാനുമുള്ള, മഹത്തായ പ്രേരണയത്രേ മഹാത്മജിയെക്കുറിച്ചുള്ള അനുസ്മരണയും ആരാധനയും●

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

### ശ്ലോകം 13

ത്വന്മായാ ത്രിഗുണാത്മികാ ഗുണസമത്വത്താൽ പ്രധാനാഖ്യയായ്

ബ്രഹ്മാണ്ഡം ത്രിഗുണാധികൻ ത്വയിലയിക്കെത്താനുമില്ലാതെയാം

നിർമ്മാണോൽസുകനായ് ഭവാൻ മിഴി തുറന്നീടുന്ന നേരം രജ-

സ്സമ്മർദ്ദാൽ ഗുണസാമ്യ മറ്റു ചലനം സംജാതമാം മായയായ്

### പദാർത്ഥം:

ത്വന്മായാ= അവിടുത്തെ മായ

ത്രിഗുണാത്മികാ=ത്രിഗുണസ്വരൂപിണി (സത്വരജസ് തമോഗുണങ്ങൾ)

ഗുണസമത്വത്താൽ = മൂന്നു ഗുണങ്ങളും സമമായിരിക്കുന്ന അവസ്ഥകൊണ്ട്

പ്രധാനാ = പ്രധാനാ എന്ന സാംഖ്യനിർവചനം

ആഖ്യയായ് = പേരുള്ളവളായി

ബ്രഹ്മാണ്ഡം= ബ്രഹ്മമാകുന്ന മുട്ട

ത്രിഗുണാധികൻ = ത്രിഗുണത്തിനും അപ്പുറത്തുള്ളവൻ, പുരുഷൻ

ത്വയി = നിന്നിൽ

ലയിക്കെത്താനും = ലയിച്ചു ചേരുന്ന സമയത്ത്

നിർമ്മാണോൽസുകൻ= നിർമ്മിക്കാൻ ഉൽസാഹമുള്ളവൻ

രജസമ്മർദ്ദാൽ=രജോഗുണത്തിന്റെ തള്ളിച്ചയാൽ

ഗുണസാമ്യമറ്റു=ത്രിഗുണങ്ങളുടെ സമാവസ്ഥ മുറിഞ്ഞു പോയിട്ട്

ചലനം സംജാതമാം=ചലനം എല്ലാവിധത്തിലും തുടങ്ങും

മായയായ്= മായാരൂപത്തിൽ

### ശ്ലോകാർത്ഥം:

അവിടുത്തെ മായ ത്രിഗുണങ്ങളുടെ സമാവസ്ഥ കൊണ്ട് 'പ്രധാനാ' എന്ന് പേരുള്ളവളായി ത്രിഗുണങ്ങൾക്കും മുകളിലായ അങ്ങയിൽ ലയിക്കുമ്പോൾ ബ്രഹ്മാണ്ഡം ഇല്ലാതെയാവും. നിർമ്മാണത്തിൽ, ഉൽസുകനായി അങ്ങ് കണ്ണു തുറക്കുമ്പോൾ രജസ്സിന്റെ തള്ളിച്ചയാൽ ത്രിഗുണങ്ങളുടെ സമാവസ്ഥ നശിച്ച് ചലനം (സൃ, സര് = ചലിക്കുക. സം+സൃ=സംസാരം) മായയായി പൂർണ്ണമായി എല്ലാവിധത്തിലും ജനിക്കുന്നു.

### വ്യാഖ്യാ:

ഉപാസനാ മൂർത്തികളില്ലെന്നു വാദിക്കുന്ന സാംഖ്യന്മാരെ, സഗുണോപാസനയിലേക്ക് ഒരൊറ്റ ശ്ലോകം കൊണ്ട് കെട്ടിയിട്ട ഈ ശ്ലോകമല്ലേ ഈ ഗ്രന്ഥത്തിലെ മായപ്പൊന്മാൻ!.

ത്രിഗുണാത്മികാ. ത്രിഗുണ. സത്വാദി മൂന്നു ഗുണങ്ങളും. ആത്മികാ ആത്മാവായിട്ടുള്ളവൾ. യാതൊന്നാണോ എല്ലാ കാരണങ്ങൾക്കും കാരണമായിരിക്കുന്നത് അത് ആത്മാ. അതിൽ നിന്ന്, ശ്വാസം (അന്) ചലനം (അത്) വീശൽ (കാറ്റ് വീശുന്നത്) (വാ) ഉണ്ടാകുന്നതുകൊണ്ട്. അതുതന്നെ എല്ലാ നിലനില്പിന്റെയും കാരണം. 'ഹേതൂർന്നാ കാരണം ബീജം നിദാനന്ത്വാദികാരണം ക്ഷേത്രജ്ഞ ആത്മാ പുരുഷ: പ്രധാനം പ്രകൃതി:...'(അമരം: 1.കാല.31) എന്നതുകൊണ്ട് ആത്മാ തന്നെ കാരണകാരണം, ആദികാരണം. അങ്ങനെയുള്ള ആത്മാവ് യാതൊരാൾക്കാണോ, ത്രിഗുണങ്ങൾ ആയിരിക്കുന്നത് അവൾ ത്രിഗുണാത്മികാ.

ത്വന്മായാ. നിന്റെ, ഹരിയുടെ മായ അങ്ങനെയുള്ളവളാണ്. നിന്റെ മായ ത്രിഗുണാത്മികയാണ്. 'നിന്റെ' എന്ന് ഷഷ്ഠീ വിഭക്തിയിൽ പറഞ്ഞതുകൊണ്ട്, മായ നിന്റെ ഗുണമാണെന്നു വരുന്നു. നിന്റെ ഗുണമായ ആ മായ തന്നെ 'ത്രിഗുണാത്മിക' യാണ്. ഗുണസമത്വത്താൽ. ത്രിഗുണങ്ങളും സമാവസ്ഥയിൽ തുല്യാവസ്ഥയിൽ ഒന്നും അധികമായി നിൽക്കാത്ത അവസ്ഥയിൽ. പ്രധാനാഖ്യയായ്. പ്രധാനാ എന്ന് പേരുള്ളവളായി. 'പ്രധാനാ' എന്ന പദം സാംഖ്യന്റെ പ്രയോഗമാണ്. പ്രകൃതി, മഹദ് അഹങ്കാരാദി മൂന്ന് തത്വങ്ങൾ സാംഖ്യരുടെ ഇരുപത്തിനാലു തത്ത്വങ്ങളിൽ ആദ്യത്തെ മൂന്നു തത്വങ്ങൾ. അതിൽ, പ്രകൃതി മൂലതത്ത്വം. പരിണാമത്തിൽ ഏറ്റവും പ്രധാന ഉപകരണമായതുകൊണ്ട് അവൾക്ക് സാംഖ്യർ, പ്രധാന എന്നും പേരിട്ടു. പരിണാമത്തിനു മുമ്പ്

അപ്രത്യക്ഷീകൃതമായതുകൊണ്ട് അവൾക്കവർ 'അവ്യക്താ' എന്നും പേരിട്ടു. പ്രകൃതിയും അവളുടെ പരിണിതങ്ങളും സംയുക്തങ്ങളാകകൊണ്ട് (നൈയായികന്റെ 'സംയുക്തം') അവളാകുന്ന വിഷയത്തെ അറിയാനുള്ള വിഷയി പുരുഷൻ. അനുഭവങ്ങൾ ഖണ്ഡങ്ങളായി വരിക കൊണ്ട്, അവയെ കൂട്ടിയിണക്കി അർത്ഥം നല്കാൻ ബോധമുള്ളവൻ പുരുഷൻ. പല ആത്മാക്കളില്ല, ഒന്നേയുള്ളായിരുന്നുവെങ്കിൽ ജനന മരണസുഖദു:ഖാദികൾ ഒരുമിച്ചായിരിക്കും എല്ലാവർക്കും വേദ്യം. പ്രത്യക്ഷത്തിൽ അങ്ങനെയല്ലാത്തതുകൊണ്ട് 'പുരുഷൻ' അനേകം. പ്രാപഞ്ചിക വസ്തുക്കളിൽ ക്രിയാത്മകത, നാശാത്മകത, ശാന്താത്മകത എന്നിങ്ങനെ ത്രിഗുണങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ അവസ്ഥ അധിക പ്രകടമായതുകൊണ്ട്, ആ പ്രാപഞ്ചിക വസ്തുക്കൾക്ക് കാരണമായ പ്രകൃതിയിലും,(പ്രധാന, അവ്യക്ത) ഈ മൂന്ന് അവസ്ഥകൾ ഉണ്ട്. അതു മൂന്നും തുല്യമായിരിക്കുന്ന അവസ്ഥ 'പ്രകൃതി'. അതുതന്നെ പ്രളയാവസ്ഥ. ഈ അപ്രാപഞ്ചികമായ അവസ്ഥയിലും സാംഖ്യന് പ്രകൃതി നിഷ്ക്രിയയല്ല. ത്രിഗുണങ്ങൾ തങ്ങളെ തന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു 'ബ്രഹ്മാണ്ഡം.' 'തവ കുക്ഷിതന്നിലഖിലബ്രഹ്മാണ്ഡവും സംസ്ഥിതം' (ഹരി.ഗു.തോ.2) എന്ന് ഗുരു തന്നെ മുൻപേ പറഞ്ഞുവെച്ചു. യാതൊന്നാണോ പ്രഭവസാമർത്ഥ്യമുള്ള, വിരിഞ്ഞ് പലതാകാൻ കഴിയുന്നത്, ആ ബ്രഹ്മമാകുന്ന അണ്ഡം അവിടുത്തെ കുക്ഷിയിൽ സ്ഥിതി ചെയ്യുന്ന അത്. 'ത്രിഗുണാധികൻ'. സത്വാദി മൂന്നുഗുണങ്ങൾക്കും അപ്പുറത്തുള്ളവൻ. ത്രിഗുണാത്മകനല്ല, ത്രിഗുണാധികൻ.'ത്വയി'. അങ്ങയിൽ 'ലയിക്കെത്താനുമില്ലാതെയാം'. ഒന്നായിത്തീരുമ്പോൾ ഇല്ലാതെയാകും. അവിടുത്തെ കുക്ഷിക്കകത്ത് സ്ഥിതി ചെയ്യുന്ന, നാനാപദാർത്ഥസംചയമായ പ്രപഞ്ചമായി പ്രപഞ്ചിക്കാൻ കഴിവുള്ള ആ മുട്ട അങ്ങയിൽത്തന്നെ ലയിച്ചില്ലാതെയാകും. പിന്നെ അങ്ങുമാത്രം! 'നിർമ്മാണോൽസുകനായ് ഭവാൻ മിഴി തുറന്നീടുന്ന നേരം.' അതിവിശിഷ്ടമായ, അതീന്ദ്രിയമായ ആ 'ലയാവസ്ഥ' പ്രളയാവസ്ഥയിൽ, അങ്ങ് വീണ്ടും നിർമ്മാണോൽസുകനാവുന്നു. ആ സമയം അങ്ങ് കൺ തുറക്കുന്നു. ആ നേരത്ത്.

'രജസ്സമ്മർദ്ദാൽ' ക്രിയാത്മക ശക്തിയുടെ എല്ലാവിധത്തിലുമുള്ള, കാലദിഗ്ഗുണാത്മകങ്ങളായ മർദ്ദം കൊണ്ട് 'ഗുണസാമ്യ'. ഗുണങ്ങളുടെ തുല്യാവസ്ഥ 'അറ്റു' മുറിഞ്ഞുപോയിട്ട്. 'ചലനം സംജാതമാം.' ചലനം തുടങ്ങുന്നു. 'മായയായ്' മായയായിട്ട്. സത്വ, രജ, തമോ ഗുണ സമാവസ്ഥയിൽ പ്രളയാവസ്ഥയിലുള്ള പ്രധാന, ആ സമാവസ്ഥ മുറിഞ്ഞുപോയിട്ട്, രജസ്സിന്റെ മാത്രം എല്ലാവിധത്തിലുമുള്ള മർദ്ദം കൊണ്ട് മായയായി സമ്യക്കായി, എല്ലാവിധത്തിലും ഭവിക്കുന്നു, ഉണ്ടായിത്തീരുന്നു. 'ത്വന്മായാ' എന്നു തുടങ്ങി 'മായയായ്' എന്നു തീരുന്ന ഈ ശ്ലോകം നോക്കുക. ഇതല്ലെങ്കിൽ പിന്നെന്തു മായ. ഒരൊറ്റ ശ്ലോകത്താൽ ശിഷ്യപ്രഭൃതികൾക്ക് മായ എന്താണെന്ന് 'മത്ചിത്തരൂപേണ...ഭവദാസനം' തരുന്ന എന്റെ ഗുരു നിഷ്കഞ്ചുകനായി എനിക്ക് പറഞ്ഞു തരുന്നു!! സാംഖ്യന് 'പ്രകൃതി' തന്നെ ഇരുപത്തിനാലു തത്ത്വങ്ങളിൽ, 'മായ'.ഗുണസാമ്യമുള്ള ആ 'പ്രധാന' തന്നെ ഒന്നാമത്തെ തത്വം കൗളന് മായ മുപ്പത്താറ് തത്ത്വങ്ങളിൽ ആറാമത്തെ തത്ത്വം. സാംഖ്യന്റെ 'പ്രധാന', ത്രിഗുണസമാവസ്ഥയിലുള്ളവൾ. അവൾ, ഹരിയുടെ കൺതുറക്കലിലൂടെ, കൗളന്റെ പഞ്ചകഞ്ചുക (അവിദ്യ മുതൽ നിയതി വരെ.) പരിമിതത്വം പുരുഷന് കൊടുക്കുന്ന മായായായി മാറുന്നു. വിഷ്ണു സഹസ്രനാമത്തിലെ 'പ്രധാന പുരുഷേശ്വര' എന്ന നാമത്തെ, ഇതിലും നന്നായി എങ്ങനെ വ്യാഖ്യാനിക്കാം? 'പ്രധാന' (പ്രകൃതി), 'പുരുഷ,' 'ഈശ്വര'

'പുരസ്താദ് പാർശ്വയോ:പൃഷ്ഠേ നമസ്കുര്യാമുപര്യധ:

സദാ മത്ചിത്ത രൂപേണ നിധേഹി ഭവദാസനം'

എന്നല്ലാതെ എന്റെ ഗുരുവായ ആ ഭഗവാനോട്, ഞാനെന്തപേക്ഷിക്കാൻ!!!!

**ശ്ലോകം 14**

അങ്ങീശാ ഗുണനിർഗ്ഗുണാധികനഖണ്ഡാനന്ദരൂപൻ ഗുണം

നീങ്ങിപ്പോം ത്രിഗുണത്തിനുള്ള തുലനാവസ്ഥക്കു പേർ നിർഗ്ഗുണം

തങ്ങില്ലങ്ങയിലീശ നിർഗ്ഗുണതയെന്നോരുന്ന വിദ്വാനഹോ

മുങ്ങീടുന്നിതു ചിദ്രസാംബുധിയിലമ്മായാ വിനിർമ്മുക്തനായ്

**പദാർത്ഥം**

അങ്ങീശാ= ഈശാ അങ്ങ്

ഗുണനിർഗ്ഗുണാധികൻ=ഗുണത്തിനും നിർഗ്ഗുണത്തിനും മുകളിലുള്ളവൻ

അഖണ്ഡാനന്ദരൂപൻ= നിലക്കാത്ത തുടർച്ചയായ ആനന്ദം രൂപമായവൻ

ഗുണം നീങ്ങിപ്പോം = സഗുണാവസ്ഥ, ഗുണം പ്രകടമായ അവസ്ഥ ഇല്ലാതെയാവും

ത്രിഗുണത്തിനുള്ള = സത്വരജസ്തമോഗുണങ്ങൾക്കുള്ള

തുലനാവസ്ഥ = തുല്യമായ അവസ്ഥ

നിർഗ്ഗുണം = നിർഗ്ഗുണം എന്ന്

തങ്ങില്ലങ്ങയിലീശ = അങ്ങയിൽ ചേരില്ല; നിലനിൽക്കില്ല

നിർഗ്ഗുണത = നിർഗ്ഗുണാവസ്ഥ

എന്നോരുന്ന = എന്ന് മനസ്സിലാക്കുന്ന

വിദ്വാൻ = അറിവുള്ളവൻ

അഹോ = അത്ഭുതദ്യോതകം

ചിദ്രസാംബുധി = ചിത്താകുന്ന അമൃതസാഗരം

മായാവിമുക്തനായ് = മായയിൽ നിന്നും സ്വതന്ത്രനായ്

### ശ്ലോകാർത്ഥം:

ഈശാ, അങ്ങ് ഗുണാവസ്ഥക്കും നിർഗ്ഗുണാവസ്ഥക്കും അതീതനായി തുടർച്ചയായി പ്രവഹിക്കുന്ന ആനന്ദം സ്വരൂപമായുള്ളവനാണ്. സത്വരജസ്തമോഗുണങ്ങൾ മൂന്നും തുല്യമായിരിക്കുന്ന അവസ്ഥയിൽ ഗുണം ഇല്ലാതാവുമ്പോൾ അതിനു നിർഗ്ഗുണം എന്നു പറയുന്നു. അങ്ങയിൽ നിർഗ്ഗുണാവസ്ഥയും ചേരില്ല എന്ന് അറിയുന്നവൻ വിദ്വാനാണ്. അവൻ, മായയിൽ നിന്ന് പൂർണ്ണമായും വിട്ട് ചിത്താകുന്ന അമൃത സാഗരത്തിൽ മുങ്ങുന്നു.

### വ്യാഖ്യാ:

ഈശ. എല്ലാത്തിന്റെയും അധിപൻ, ശക്തൻ, ഗുണനിർഗ്ഗുണാധികൻ, ഗുണത്തിനും നിർഗ്ഗുണത്തിനും മുകളിലുള്ളവൻ. ഗുണം സത്വരജസ്തമോഗുണങ്ങൾ. ഈ മൂന്നു ഗുണങ്ങൾക്കും മിതെയുള്ളവൻ അങ്ങ് തന്നെ നിർഗ്ഗുണത്തിനും മീതെയുള്ളവനാണ്. ഇത്രയും പറഞ്ഞുവച്ചിട്ട്, ഗുരു 'നിർഗ്ഗുണം' എന്ന ശ്ളോകത്തിന്റെ ഈ പാദത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്താണെന്ന് വിശദീകരിക്കുന്നു. ത്രിഗുണങ്ങൾക്കുള്ള തുലനാവസ്ഥ 'ഗുണം' ഇല്ലാതാവുന്ന അവസ്ഥയാണ്. അതിനെ നിർഗ്ഗുണം എന്നു പറയുന്നു. അങ്ങനെയുള്ള ഗുണങ്ങളുടെ തുലനാവസ്ഥക്കും മീതെയാണ് അങ്ങ്. പതിമൂന്നാം ശ്ലോകത്തിൽ: 'ത്വന്മായാ' ത്രിഗുണാത്മികാ ഗുണസമത്വത്താൽ പ്രാധാനാഖ്യയായ് (ഹ.ല: ഗു.തോ: 13) എന്നു പറഞ്ഞുവച്ചു. ഇവിടെ 'ത്രിഗുണത്തിനുള്ള തുലനാവസ്ഥക്കുപേർ നിർഗ്ഗുണം' എന്നും പറഞ്ഞു. അപ്പോൾ, പ്രധാന (പ്രകൃതി) നിർഗ്ഗുണമാണെന്നു വരും. എന്നാൽ പ്രകൃതി'ത്രിഗുണാത്മികാ' - ത്രിഗുണം ആത്മാവായവൾക്ക് നിർഗ്ഗുണമാവാൻ പറ്റില്ല. അതുകൊണ്ടാണ് ഗുരു ഇവിടെ 'നിർഗ്ഗുണം' നിർവ്വചിക്കുന്നത്. സത്വം പ്രകടമാവുമ്പോൾ സത്വഗുണി. രജസ് പ്രകടമാകുമ്പോൾ രജോഗുണി. തമസ് പ്രകടമാവുമ്പോൾ തമോഗുണി. മൂന്നും തുല്യമായി ഒന്നും പ്രകടമല്ലാതാവുമ്പോൾ നിർഗ്ഗുണി. അങ്ങനെയുള്ള മായക്കും, പ്രകൃതിക്കും, പ്രധാനക്കും അപ്പുറത്തുള്ളവൻ 'നിർഗ്ഗുണാധികൻ' പതിമൂന്നാം ശ്ലോകത്തിൽ തന്നെ..... ത്രിഗുണാധികൻ ത്വയി എന്നു പറഞ്ഞുവച്ചിട്ടുണ്ട്. 'അങ്ങ്....ഗുണ...അധികൻ' എന്ന്. ഇവിടെ വീണ്ടും അതുതന്നെ ആവർത്തിച്ചു. ഗുരു തുടരുന്നു...തങ്ങില്ലങ്ങയിലീശ 'നിർഗ്ഗുണത'. ഇങ്ങനെയുള്ള നിർഗ്ഗുണമായ മായ, പ്രകൃതി, പ്രധാന അങ്ങയിൽ തങ്ങില്ല. നിലനിൽക്കില്ല. ചേരില്ല. അതിനെല്ലാം 'അധികൻ' അപ്പുറത്തുള്ളവൻ ആണ് അങ്ങ്. ഇതറിയുന്നവൻ വിദ്വാനാണ്. അറിഞ്ഞവനാണ് എന്താണതിന്റെ ഫലം? ചിത്താകുന്ന (ചിത്'ഗുരുതോഷിണിയിൽ' മുൻപ് വ്യാഖ്യാനിച്ചുട്ടുണ്ട്.) അമൃതസാഗരത്തിൽ മുങ്ങുന്നു. അതെങ്ങിനെ! അങ്ങ് 'അഖണ്ഡാനന്ദരൂപൻ' ഇടതടവില്ലാതെ പ്രവഹിക്കുന്ന ആനന്ദം സ്വന്തം രൂപമായുള്ളവൻ. ചിത് തന്നെ ആനന്ദം. 'ചിദ്രസാംബുധി' തന്നെ 'അഖണ്ഡാനന്ദരൂപം.' അപ്പോൾ ആ വിദ്വാൻ 'മായാ വിനിർമ്മുക്തനാവുന്നു.' വിശേഷേണ നിശ്ശേഷം മുക്തൻ വിനിർമ്മുക്തൻ●

**(ഉണ്ണിയുടെ ധർമ്മസങ്കടം.....**
**27-ാം പേജിൽ നിന്ന് തടർച്ച)**

അറിയിച്ചതുകൊണ്ടും വെറുതെ കുറ്റപ്പെടുത്തുന്ന അയൽവാസികളുടെ വാക്കുകൾക്ക് വില കല്പിക്കണ്ട ആവശ്യമാണോ? 'ശരിയാണ് ഞാൻ വേണ്ടാതെ ചിന്തിച്ചു പോയി' എന്ന് അച്ഛനും അമ്മയും പേടിയും ഒറ്റപ്പെടുത്തലും മാറാൻ സഹായിക്കും. ഇനി ഞാൻ പഠിച്ചോളാം എന്ന് ഉറപ്പും തന്നു.

അവസാനം സ്വയം ഹത്യയെ പറ്റി എന്തു തോന്നുന്നു എന്നാരാഞ്ഞു, ഞാൻ ഒരിക്കലും ചെയ്യില്ല. വീട്ടുകാരേയും ബന്ധുക്കളെയും, സുഹൃത്തുക്കളെയും വേദനിപ്പിക്കുന്ന ആത്മഹത്യ ഒരിക്കലും പ്രശ്നപരിഹാരമല്ലയെന്നും അഭിപ്രായപ്പെട്ടു. കൂടാതെ ഭാവിജീവിതത്തിൽ ആത്മഹത്യാ പ്രതിരോധ രംഗത്തു ഞാൻ സജീവമായി പ്രവർത്തിക്കുമെന്ന് ഒരു പ്രതിജ്ഞയും ചെയ്തു. ഉണ്ണി ചിരിച്ചുകൊണ്ടു റ്റാറ്റയും പറഞ്ഞു യാത്രയായി. എനിക്കും ഉണ്ടായി ഒരു മന്ദഹാസം●

# ആരോഗ്യവും നല്ല ശീലങ്ങളും

എ.ശിവസുബ്രഹ്മണ്യം (ഫോൺ:9847034732)

## പച്ചക്കറികളും പഴവർഗ്ഗങ്ങളും

സസ്യാഹാരങ്ങൾ എളുപ്പത്തിൽ ദഹിക്കുന്നു. ഫലങ്ങൾ (Fruits) ഒരു മണിക്കൂർ, അന്നജം (Starch) മൂന്ന് മണിക്കൂർ, സസ്യ പ്രോട്ടീനുകൾ നാലുമണിക്കൂർ ദഹനത്തിന് എടുക്കുന്നു. മാംസാഹാരം ദഹിക്കാൻ കൂടുതൽ സമയമെടുക്കുന്നു. meat proteins ദഹിക്കാൻ 72 മണിക്കൂർ ആവശ്യമാണ്. മാംസാഹാരത്തിൽ നാരുകൾ കുറവും കൊഴുപ്പു കൂടുതലും ആണ്. പൊതുവെ സസ്യാഹാരികളിൽ മാംസാഹാരികളിലുള്ളതിൽ കുറവേ ശരീരത്തിൽ കൊഴുപ്പു കാണുകയുള്ളു. മാത്രമല്ല, മാംസാഹാരം രക്തത്തിലെ കൊളസ്ട്രോൾ കൂടാനും രക്തം പെട്ടെന്ന് കട്ടപിടിക്കാനുമുള്ള പ്രവണത വർദ്ധിപ്പിക്കുന്നു.

***സസ്യാഹാരം എളുപ്പത്തിൽ ദഹിക്കുകയും ശരീരത്തിൽ ആഗീരണം ചെയ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ മാംസാഹാരം ദഹിക്കാനും ശരീരത്തിൽ ആഗീരണം ചെയ്യുവാനും കൂടുതൽ സമയമെടുക്കുന്നു.***

മറ്റ് പോഷകങ്ങളും മാംസാഹാരത്തിൽ കുറവാണ്. ഉദാ:ധാതുലവണങ്ങൾ, വിറ്റാമിനുകൾ. അതേ സമയം കൊളസ്ട്രോളും യൂറിക് ആസിഡും മാംസഭക്ഷണത്തിൽ കൂടുതലാണ്.

സസ്യാഹാരങ്ങളിൽ കൊളസ്ട്രോൾ ഒട്ടും തന്നെയില്ല. മാത്രവുമല്ല അവയിലടങ്ങിയിരിക്കുന്ന ചില ഘടകങ്ങൾ കൊളസ്ട്രോൾ കുറയ്ക്കുകയും ചെയ്യുന്നു.

മാംസാഹാരത്തിൽ നിന്നു ലഭിക്കുന്ന പ്രോട്ടീനുകളെക്കാൾ മേന്മയേറിയതാണ് സസ്യാഹാരത്തിൽ നിന്നു ലഭിക്കുന്നവ. ഉദാ:ചെറുപയർ.

മാംസാഹാരം കൂടുതൽ കഴിക്കുകയും പച്ചക്കറികളും പഴവർഗ്ഗങ്ങളും വളരെ കുറച്ചു മാത്രം ഉപയോഗിക്കുകയും ചെയ്യുന്നവരിൽ ചില രോഗങ്ങൾ കൂടുതലായി ഉണ്ടാവുന്നതായി സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നു അവയിൽ ചിലത്,

ഹൃദ്രോഗങ്ങൾ

കുടലിലെ കാൻസർ

അന്നനാളത്തിലെ കാൻസർ

സ്തനാർബുദം

ദഹനപ്രശ്നങ്ങൾ

മലബന്ധം

ഫാറ്റിലിവർ

പിത്താശയക്കല്ലുകൾ

അർശസ്

അപ്പൻഡിസൈറ്റിസ്

***സസ്യഭുക്കായിരിക്കുന്നതാണ് ആരോഗ്യത്തിനും ഹൃദ്രോഗങ്ങൾ വരാതിരിക്കാനും നന്ന് എന്നതു ശരിതന്നെ, പക്ഷേ സസ്യഭുക്കായതുകൊണ്ട് മാത്രം ഹൃദയാഘാതം വരില്ലായെന്ന് വിചാരിക്കരുത്. സസ്യഭുക്കാണെങ്കിലും പൂരിതകൊഴുപ്പ് കൂടുതലടങ്ങിയ വെണ്ണ, നെയ്യ്, കട്ടത്തൈര്, ഐസ്ക്രീമുകൾ, എണ്ണയിൽ പാചകം ചെയ്തവ എന്നിവ യഥേഷ്ടം ഉപയോഗിച്ചാൽ ഹൃദ്രോഗ സാധ്യത മാംസഭുക്കിനു തുല്യമാവും. പച്ചക്കറികളാണെങ്കിലും അവ എണ്ണയിൽ പാചകം ചെയ്താൽ കൊളസ്ട്രോൾ കൂടാൻ കാരണമാകും.***

പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും സുലഭമായിട്ടുള്ള നാരുകളും വിറ്റാമിനുകളും ആന്റിഓക്സിഡന്റുകളും, (കരോട്ടിനോയിഡുകൾ, വിറ്റാമിൻ സി, ഫ്ളോവനോയ്ഡുകൾ) തുടങ്ങിയവ ക്യാൻസർ ഉണ്ടാകാതെ സംരക്ഷിക്കുന്നു. വൻകുടലിൽ ക്യാൻസർ ഉണ്ടാകാനുള്ള സാധ്യത സസ്യഭുക്കുകളിൽ കുറവായാണ് കാണുന്നത്. മാംസഭുക്കുകളിൽ കൂടുതലും. മാംസാഹാരം ദഹിക്കാൻ കൂടുതൽ സമയം എടുക്കുന്നതു കൊണ്ടും നാരുകൾ കുറവായതിനാലും അവയുടെ അവശിഷ്ടങ്ങൾ വൻകുടലിൽ കൂടുതൽ സമയം തങ്ങുന്നതിനാൽ, കുടലിന്റെ ഭിത്തിയുമായുള്ള സമ്പർക്കം വർദ്ധിക്കുന്നതാണ് കാരണം. മുകളിൽ സൂചിപ്പിച്ച പോഷകങ്ങൾ വാർദ്ധക്യ സംബന്ധമായ രോഗങ്ങളുടെ കാഠിന്യം കുറയ്ക്കുകയും ചെയ്യുന്നു.

സസ്യാഹാരങ്ങളിൽ പലതിനും ഔഷധമൂല്യങ്ങളുണ്ട്. ഉദാ:ജീരകം, മല്ലി, മഞ്ഞൾ, ഇഞ്ചി, ഉള്ളി, കുരുമുളക്. സസ്യാഹാരികളുടെ രക്തം ക്ഷാരപൂരിതമെങ്കിൽ മാംസാഹാരികളുടെ രക്തം അമ്ലപൂരിതമാണ്. അതുപോലെ തന്നെ സസ്യാഹാരങ്ങളിൽ സോഡിയം (ഉപ്പ്) വളരെ കുറവും പൊട്ടാസ്യം കൂ

ടുതലും ഉണ്ട്. ഇത് രക്തസമ്മർദ്ദം കൂടാതെ നിയന്ത്രിച്ചു നിർത്താൻ സഹായിക്കുന്നു.

സസ്യഭക്ഷണം പെട്ടെന്ന് ദഹിക്കുന്നുവെന്നു മാത്രമല്ല, ദഹനശേഷം പുറം തള്ളുന്ന അവശിഷ്ടങ്ങൾ വിഷമയമല്ലാത്തവയാണ്.

സസ്യാഹാരങ്ങളിൽ ധാരാളമായി അടങ്ങിയിരിക്കുന്ന നാരുകൾ ആരോഗ്യപരമായി നിരവധി പ്രയോജനങ്ങൾ ചെയ്യുന്നവയാണ്. കൊളസ്ട്രോളിന്റെ ആഗീരണം തടസ്സപ്പെടുത്തുന്നു. മലബന്ധം ഇല്ലാതാക്കുന്നു. വൻകുടലിന് ക്യാൻസറിൽ നിന്നും സംരക്ഷണം നല്കുന്നു.

ആരോഗ്യത്തിനാവശ്യമായ ഒട്ടുമിക്ക വിറ്റാമിനുകളും സസ്യാഹാരങ്ങളിൽ നിന്നു ലഭിക്കുന്നു. വിറ്റാമിൻ എ, വിറ്റാമിൻ ബി, റിബോഫ്ളാവിൻ, വിറ്റാമിൻ ബി 6, പാൻറ്റോത്തനിക് ആസിഡ്, ബയോടിൻ, വിറ്റാമിൻ ബി 12, ഫോളിക് ആസിഡ്, വിറ്റാമിൻ സി, വിറ്റാമിൻ ഡി, വിറ്റാമിൻ ഇ എന്നിവയും ധാതുക്കളായ ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ്, കോപ്പർ, സിങ്ക്, സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം, എന്നിവ, സസ്യാഹാരങ്ങളിൽ അടങ്ങിയിരിക്കുന്നു. ഇവയെ കൂടാതെയാണ് ഫൈറ്റോസ്റ്റിറോൾസ് എന്നു വിളിക്കുന്ന മറ്റൊരു കൂട്ടം പോഷകങ്ങൾ. സസ്യാഹാരങ്ങളിൽക്കൂടി ശരീരത്തിലെത്തുന്ന Ergosterol ആണ് ത്വക്കിൽ സൂര്യപ്രകാശം പതിക്കുമ്പോൾ വിറ്റാമിൻ ഡി ആയി മാറുന്നത്.

നിങ്ങളുടെ ശരീരത്തിലെ ഓരോ കോശങ്ങൾക്കും ആവശ്യമായ ഊർജ്ജം ഉത്പാദിപ്പിക്കാനാവശ്യമായ മുഴുവൻ പോഷകങ്ങളും പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്നു. ഭൂമിയിൽ നിന്നും വലിച്ചെടുക്കുന്ന ധാതുക്കളെ സസ്യങ്ങൾ ജൈവ ധാതുക്കളായി മാറ്റി ഭക്ഷണത്തിലൂടെ നമുക്ക് നല്കുന്നു. പഴങ്ങളും പച്ചക്കറികളും എത്രയും പുതുമയോടെയും വേവിക്കാതെയും ഭക്ഷിക്കുകയാണെങ്കിൽ അത്രയും നന്ന്. അവ രാസവളങ്ങളോ രാസകീടനാശിനികളോ ഉപയോഗിക്കാതെ ജൈവ വളമുപയോഗിച്ച് കൃഷി ചെയ്ത് ഉണ്ടാക്കിയവയാണെങ്കിൽ കൂടുതൽ നന്ന്. ഭൂമിയിലെ ധാതുക്കളുടെ ലഭ്യത അനുസരിച്ച് പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും ധാതുക്കളുടെ അളവും വ്യത്യാസപ്പെട്ടിരിക്കുന്നു.

മാംസഭക്ഷണം കഴിക്കുന്നവരിലാണ് ജീവിതശൈലീരോഗങ്ങളായ പ്രമേഹം, അമിതവണ്ണം, ഉയർന്ന കൊളസ്ട്രോൾ, ക്യാൻസർ എന്നിവ കൂടുതലായി കാണപ്പെടുന്നത്. വിവിധ ഗവേഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുള്ളതാണ് ഇത്. ഇതു മനസ്സിലാക്കിയിട്ടാവാം പടിഞ്ഞാറൻ രാജ്യങ്ങളിൽ നിരവധി പേർ സസ്യാഹാരങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

അതുകൊണ്ട് സസ്യാഹാരങ്ങൾ കഴിക്കുന്നത് ആരോഗ്യപരമായി ഒട്ടേറെ പ്രയോജനം ചെയ്യുമെന്ന് മനസ്സിലാക്കി അവ കൂടുതലായി ഭക്ഷണത്തിലുൾപ്പെടുത്തുകയും (പ്രത്യേകിച്ച് ധാന്യങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ) മാംസാഹാരങ്ങളുടെ അളവും പ്രാവശ്യവും ഫുഡ് പിരമിഡ് അനുസരിച്ച് ക്രമീകരിക്കുകയും പകരം മത്സ്യങ്ങൾ ഉപയോഗിക്കുകയും സാലഡുകൾക്ക് മെനുവിൽ സ്ഥാനം നല്കുകയും ചെയ്യുക.

**മനുഷ്യനെക്കാൾ ശക്തിയും ബലവുമുള്ള മൃഗങ്ങളായ ആനയും കുതിരയും**

**പൂർണ്ണ സസ്യാഹാരികളാണ്.**

മാംസാഹാരം കഴിച്ചാലെ നല്ല ശക്തിയും ആരോഗ്യവും ലഭിക്കുകയുള്ളുവെന്ന് പലരും വിശ്വസിക്കുന്നു. പക്ഷെ, പ്രകൃതിജന്യ സസ്യാഹാരം മാത്രം കഴിക്കുന്ന ആന, ആട്. പശു, കാള, കുതിര എന്നിവയ്ക്കൊക്കെ മനുഷ്യനെക്കാൾ ശക്തിയും നല്ല ആരോഗ്യവും നിലനിർത്താനാവുന്നില്ലേ? അവയ്ക്ക് പ്രമേഹമോ ഹൃദയാഘാതമോ ഉയർന്ന കൊളസ്ട്രോളോ ഉണ്ടാവിന്നില്ലല്ലോ? വളരെ അപൂർവ്വമായെ ക്യാൻസർ പോലും ഉണ്ടാവുന്നുള്ളൂ. വളരെ അപൂർവ്വമായെ സിസേറിയൻ ശസ്ത്രക്രിയ ആവശ്യമായി വരുന്നുള്ളു. അതുകൊണ്ട് പച്ചക്കറികളും പഴവർഗ്ഗങ്ങളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. എന്നാൽ ഇന്നു മാർക്കറ്റിൽ ലഭിക്കുന്നവയിൽ പലതരം വിഷാംശങ്ങൾ ഉള്ളതായി കാണുന്നു. കാരണം വാണിജ്യപരമായി ലാഭമുണ്ടാക്കാൻ വേണ്ടി മാത്രമാണ് ഇത് ചെയ്യുന്നത്. അതിന്റെ ദോഷഫലങ്ങൾ കുറയ്ക്കാൻ പഴങ്ങളുടെ തൊലി നീക്കം ചെയ്തതിനുശേഷം ഉപയോഗിക്കുക, വേവിക്കാത്ത സലാഡുകൾക്കും മറ്റും ഉപയോഗിക്കുന്ന പച്ചക്കറികൾ ഉപ്പുവെള്ളത്തിലോ വിനാഗിരി ലായനിയിലോ ഇട്ട ശേഷം വീണ്ടും നല്ല വെള്ളത്തിൽ കഴുകുക. വിഷമയം ഇല്ലാത്ത പച്ചക്കറികളും പഴവർഗ്ഗങ്ങളും നമുക്ക് ആവശ്യമുള്ളവ നമ്മുടെ വീടുകളിൽ തന്നെ ഉൽപ്പാദിപ്പിക്കാം, എങ്ങനെ? പച്ചക്കറി കൃഷി ശീലിക്കുക, സ്വയം പരിചയപ്പെടുക, പഠിക്കുക. വിഷമില്ലാത്ത പച്ചക്കറിയില്ലെങ്കിൽ മുകളിലത്തെ വിവരണങ്ങൾ ഒരു പ്രയോജനവും ചെയ്യില്ല. അതുകൊണ്ട് സ്വയം കൃഷിയിലൂടെ നമുക്ക് സാമ്പത്തിക ലാഭവും മാനസികോല്ലാസവും നല്ല വ്യായാമവും ലഭിക്കുക മാത്രമല്ല നമ്മുടെ ഏറ്റവും വലിയ സമ്പത്തായ ആരോഗ്യം

സംരക്ഷിക്കാനും സാധിക്കുന്നു. കൂടാതെ അവ തൃപ്തിയോടെയും രുചിയോടെയും നമുക്ക് കഴിക്കാം.

***വിഷമില്ലാത്ത പച്ചക്കറി ഇല്ലെങ്കിൽ മുകളിലത്തെ വിവരണങ്ങൾ ഒരു പ്രയോജനവും ചെയ്യില്ല. അതുകൊണ്ട് ജൈവകൃഷി ഓരോ വീട്ടിലും നടപ്പിലാക്കുക.***

**FAST FOOD /JUNK FOOD–കളുടെ ദോഷവശങ്ങൾ**

വാണിജ്യാടിസ്ഥാനത്തിൽ പെട്ടെന്ന് ഉണ്ടാക്കി ഉപഭോക്താവിനു നൽകുന്ന ഭക്ഷണങ്ങളെയാണ് Fast Food അഥവാ Junk Food എന്നു പറയുന്നത്.

പോഷക ഗുണങ്ങൾ വളരെ കുറവോ തീർത്തും പോഷക ഗുണമില്ലാത്തതോ ആണ് ഇവ. എന്നാൽ ഊർജ്ജം നൽകുവാനുള്ള ഘടകങ്ങൾ മാത്രമടങ്ങിയതും ആരോഗ്യകരമല്ലാത്ത കൊഴുപ്പും ഉപ്പും സമൃദ്ധമായുള്ളതുമാണ് ഇത്തരം ഭക്ഷണങ്ങൾ.

**ഫാസ്റ്റ് ഫുഡ് ദോഷം ചെയ്യുമോ?**

മുൻപ് പരാമർശിച്ച കാര്യങ്ങൾ, ഉയർന്നതോതിലുള്ള ഊർജ്ജം (കലോറി), കൊഴുപ്പ്, ഉപ്പ് തുടങ്ങിയ ഘടകങ്ങളാണ് വില്ലന്മാർ.

**1. പഠിക്കുവാനുള്ള കഴിവും ഓർമ്മശക്തിയും കുറയ്ക്കും.**

വിദ്യാർത്ഥികളിലെ പഠന വൈകല്യങ്ങൾക്ക് തുടക്കം കുറിക്കും. മസ്തിഷ്കത്തിലെ പെപ്പ്റെഡ് പ്രവർത്തനങ്ങൾ വഴിയാണ് ഓർമ്മശക്തി സുഗമമാക്കുവാനും പഠിക്കുവാനും നമുക്ക് സാധിക്കുന്നത്. ഭക്ഷണത്തിലെ ഉയർന്ന തോതിലുള്ള കലോറികൾ ഈ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു. ഫാസ്റ്റ് ഫുഡിൽ കലോറികൾ വളരെ കൂടുതലായിട്ടുണ്ട് എന്നോർക്കുക. ഇതിന്റെ ഫലമായി സംഭവിച്ചേക്കാവുന്ന മറ്റൊരു ഗുരുതര രോഗമുണ്ട്, ഡിമെൻഷ്യ-ഇവിടെ ഓർമ്മക്കുറവാണ് സംഭവിക്കുന്നത് എന്നോർക്കുക.

**2. അമിതമായ വിശപ്പുണ്ടാകും.**

Fast Food കഴിക്കുന്നവരിൽ അധീകരിച്ച വിശപ്പിനു സാദ്ധ്യതയുണ്ട്. അതിലടങ്ങിയിരിക്കുന്ന കൊഴുപ്പ് (Trasfat) തലച്ചോറിനും ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന സന്ദേശങ്ങൾ കാരണമാകുന്നു. സ്ഥിരമായി കഴിക്കുന്നവരിൽ ഒരുതരം അഡിക്ഷൻ ഉണ്ടാകുന്നു. Trasfat കൾ തന്നെയാണ് ഇത് സൃഷ്ടിക്കുന്നത്.

**3. വിഷാദരോഗത്തിനു സാദ്ധ്യത**

Fast Food നോടുള്ള addiction സൂചിപ്പിച്ചല്ലോ. സ്വാഭാവികമായും അത്തരം ഭക്ഷണം പിൻവലിക്കുന്ന/നിർത്തുന്ന സാഹചര്യത്തിൽ പിൻവലിക്കൽ ലക്ഷണങ്ങൾ ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ അവസ്ഥയിൽ വ്യക്തികൾ മാനസിക സമ്മർദ്ദത്തെ നേരിടാനും കൈകാര്യം ചെയ്യാനുള്ള കഴിവില്ലായ്മ പ്രകടമാക്കുന്നു. തൽഫലമായി വിഷാദരോഗം പിടിപെടാം.

മൈദാപോലെയുള്ള ശുദ്ധീകരിച്ച കാർബോഹൈഡ്രേറ്റുകൾ, ഉയർന്നതോതിലുള്ള പഞ്ചസാരയുടെ സാന്നിദ്ധ്യം, എല്ലാം ഫാസ്റ്റ് ഫുഡ് ഉപയോഗിക്കുന്നവരിൽ ക്ഷണികമായ ഉയർന്ന ഉത്തേജനം പ്രദാനം ചെയ്യും. എന്നാൽ പൊടുന്നനെ കുറയുന്ന പഞ്ചസാരയുടെ അളവ് ഉൽക്കണ്ഠയും, ആശയകുഴപ്പവും ഉണ്ടാക്കും. കൃത്യമായി രുചി നൽകുന്ന രാസപദാർത്ഥങ്ങൾ (ഉദാ: അജിനോമോട്ടോ) മാരക പദാർത്ഥങ്ങളാണെന്ന് പറയേണ്ടതില്ലല്ലോ. അതുകൊണ്ട് Fast Food / Junk Food കൾ പരമാവധി ഒഴിവാക്കുന്നതാണ് ആരോഗ്യ സംരക്ഷണത്തിന് ഏറ്റവും നല്ലത്●

# ആദരാഞ്ജലികൾ

**28.09.2017**



**എം. ദാമോദരൻ**

**ഫ്ളാറ്റ് നമ്പർ: എഫ്:2, വൈറ്റ് പേൾ**
**അബ്ദു ഹാജി റോഡ്**
**തമ്മനം, കൊച്ചി-32**

തുടർച്ച

# തോൽക്കാതിരിക്കാൻ

**പത്മജമേനോൻ, ഫോൺ: 8289887472**

സമയം മദ്ധ്യാഹ്നത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചേച്ചി പറഞ്ഞു നമ്മൾക്ക് മുകൾഭാഗത്തേക്ക് പോകാം. ഇവിടെ തിരക്കു വരുന്നു. മുകളിൽ എത്തിയപ്പോൾ വലിയ ഹാളും ചുറ്റും മുറികളും, ഒരു മുറിയിൽ ഒരമ്മ കട്ടിലിൽ കിടന്നുകൊണ്ട് പറയുന്നു, അവനെക്കൊണ്ട് സമ്മതിപ്പിക്കണം എന്നാലെ, അവന്റെ അച്ഛന്റെ ആത്മാവിന് ശാന്തി കിട്ടൂ. ചുറ്റും ആളുകൾ കൂടി നില്ക്കുന്നുണ്ട്. അടുത്ത മുറിയിൽ ശ്യാമവർണ്ണനായ ആൾ കണ്ണടച്ച് സോഫയിൽ തനിച്ചിരിക്കുന്നു. മൗനത്തിന്റെ തേങ്ങലുകൾ കൊണ്ട് ആ മുഖം വിവർണ്ണമായിരുന്നു. മറ്റൊരു മുറിയിൽ നല്ല വസ്ത്രങ്ങൾ അണിഞ്ഞ് കുറച്ചുപേർ നില്ക്കുന്നുണ്ട്. മരണവീട്ടിൽ ഇത്തരം വസ്ത്രമണിഞ്ഞ് വന്നതിനുള്ള കാരണം ചേച്ചി പറഞ്ഞു തന്നു. പാണ്ഡ്യൻ സമുദായത്തിൽപ്പെട്ട ഇവരുടെ ആചാരപ്രകാരം, അച്ഛന്റെ മരണാനന്തര കർമ്മങ്ങൾ ചെയ്യേണ്ടത് പുത്രനും ഭാര്യയും കൂടെയാണ്. അവിവാഹിതനായ മകനെ വിവാഹത്തിന് നിർബന്ധിക്കുകയാണ് അമ്മ. അവരുടെ ബന്ധുക്കൾ തന്റെ മക്കളെ വിവാഹാലോചനക്കായി കൊണ്ടുവന്നിരിക്കുകയാണ്.

ഞങ്ങൾ പതുക്കെ ടെറസ്സിൽ പോയി നിന്നു. അവിടെ നിന്നാൽ പഴനിമല നന്നായി കാണാം ഇത്രനാളായിട്ടും താൻ പഴനിമല ചവിട്ടിയിട്ടില്ല. ഇവിടെ നിന്നു നോക്കിയാൽ മല കാണാൻ എന്ത് ഭംഗിയാണ്. അപ്പോഴാണ് 'ഇന്ത പൊണ്ണിനെ എനക്ക് പിടിച്ചിരിക്ക്' എന്നു പറഞ്ഞ് ശ്യാമവർണ്ണമുള്ള ആൾ തന്റെ നേരെ വിരൽ ചൂണ്ടിയത്. നടുക്കത്തോടെ താൻ തിരിഞ്ഞ് നോക്കി. കൂടെ നിൽക്കുന്ന ഒരു സ്ത്രീ തന്റെ അടുത്ത് വന്ന് പറഞ്ഞു. 'വിജയ് പാണ്ഡ്യന് നിന്നെ വിവാഹം കഴിക്കാൻ താൽപര്യമാണെന്ന്'. വില കുറഞ്ഞ ഒരു കറുത്ത സാരിയും ഉടുത്ത് തലമുടി തുമ്പ് കെട്ടി കറുത്ത പൊട്ട് ഇട്ട് നില്ക്കുന്ന തന്നെ ഇഷ്ടപ്പെട്ടുവത്രെ. വിലപിടിപ്പുള്ള വസ്ത്രങ്ങൾ അണിഞ്ഞ് നില്ക്കുന്ന അവരെ ഇഷ്ടപ്പെട്ടില്ലേ........? തന്നെ പരിഹസിക്കുകയാണോ.......?അതാ......അയാൾ വീണ്ടും പറയുന്നു 'ഈ മലയാളി മങ്കയെ റൊമ്പെ പിടിച്ചിരിക്ക്'. അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി. അവൾ മുഖം പൊത്തി കുനിഞ്ഞ് ഇരുന്ന് തേങ്ങലടക്കിപ്പിടിച്ച് വിതുമ്പിക്കരഞ്ഞു.

'എന്തിനാ കരയുന്നേ' എന്ന ശബ്ദം കേട്ട് അവൾ തലയുയർത്തി നോക്കി, വിജയ് പാണ്ഡ്യൻ പറഞ്ഞു 'താൽപര്യമില്ലെങ്കിൽ വേണ്ട'.

അവൾ ഗദ്ഗദത്തോടെ പറഞ്ഞു. 'സാറിന് എന്നെ പറ്റി ഒന്നും അറിയില്ല. എന്റെ ശിരോലിഖിതം വളരെ വിചിത്രമാണ് ഒന്നും ഇല്ലയെനിക്ക് സ്വന്തമെന്ന് പറയാൻ ആരുമില്ല. വിധിയുടെ ക്രൂരഹസ്തത്താൽ ജീവിതത്തിൽ ഒറ്റപ്പെട്ടപ്പോഴും ആത്മഘാതത്തെ പറ്റി ഞാൻ ചിന്തിച്ചില്ല. ജീവിക്കണം. തോറ്റുകൊടുക്കാൻ എനിക്ക് മനസ്സില്ലായിരുന്നു. ഈ മനസ്സുറപ്പ് മാത്രമാണ് എന്റെ ആകെയുള്ള കൈമുതൽ' എന്ന് പറഞ്ഞു അവൾ കൈകൾ കൂപ്പി. വിജയ് പാണ്ഡ്യൻ പറഞ്ഞു വൈയക്തികമായനുഭവങ്ങളിലൂടെ കടന്നു വന്ന മഹേശ്വരിക്ക് ജീവിതത്തെ പറ്റി നല്ല അവബോധം ഉണ്ടായിരിക്കുന്നു. പ്രാജ്ഞലബിംബമായ പെണ്ണിനെ കണ്ടതിൽ സന്തോഷിക്കുന്നു. ഭാവി ദൂരങ്ങൾ നമ്മൾ ഒന്നിച്ചു നടക്കാൻ ഞാൻ തീരുമാനിച്ചു കഴിഞ്ഞു. അച്ഛന്റെ ശവദാഹത്തിനു മുമ്പു തന്നെ മകന്റെ വിവാഹ തീരുമാനവുമായി അവൾ ഓർത്തു നിലാവിന്റെ പിന്നിലെ അനന്തതയിൽ അലിയുന്ന ഇരുൾ നീലിമ. പ്രതീക്ഷയുടെ വെള്ളിവെളിച്ചത്തിൽ അലിഞ്ഞ് ഇല്ലാതാകുന്നത് വേദനയുടെ കൂരിരുളാണ്. കണ്ണുകൾ ഈറനണിഞ്ഞുകൊണ്ട് തന്നെ അവൾ യാത്ര പറഞ്ഞു നടന്നു. വിജയ് പാണ്ഡ്യന്റെ അമ്മക്കും അവളുടെ ശാലീനത വളരെ ഇഷ്ടമായി.

താമസിയാതെ മരണാന്തര ചടങ്ങുകൾ കഴിഞ്ഞ് കുറച്ചു ദിവസങ്ങൾക്കകം കൊടൈക്കനാലിൽ നിന്നും അരിച്ചെത്തുന്ന കുളിരേകിയ മഞ്ഞു തുള്ളികൾ പഴനിമലയെ ആവരണം ചെയ്തിരിക്കുന്ന വേളയിൽ ഉച്ചഭാഷിണിയിലൂടെ മുരുകന് സുപ്രഭാതം ചൊല്ലുന്നുണ്ടായിരുന്നു. അന്ന് വിജയ് പാണ്ഡ്യൻ പഴനിമല മുരുകന്റെ തിരുനടയിൽ വെച്ച് മഹേശ്വരിയുടെ കഴുത്തിൽ താലി ചാർത്തി. നേരിയ കസവിന്റെ മുണ്ടും നേര്യതും ഉടുത്ത് മുടിയിൽ അല്പം മുല്ലപ്പൂവും കഴുത്തിൽ അമ്മ തനിക്കായി തന്ന ചെറിയ സ്വർണ്ണമാലയും കാതിൽ ചേച്ചി തന്നിരുന്ന ചെറിയ ജിമിക്കയും ഇട്ട് കൈയ്യിൽ നിറച്ച് കുപ്പിവളകളും അണിഞ്ഞ് ഒരു ചെറിയ സിന്ദൂരവും തൊട്ട് നിന്നിരുന്ന തന്നെ വിജയ് പാണ്ഡ്യൻ കുതൂഹലത്തോടെ നോക്കുന്നുണ്ടായിരുന്നു.

ഭക്തജനങ്ങൾ 'ഹരോ ഹര'എന്നു പറഞ്ഞ്

പ്രദക്ഷിണം വെയ്ക്കുന്ന സമയത്ത് ചേച്ചി ഓടിവന്ന് കൈയ്യിൽ പിടിച്ച് പറഞ്ഞു 'കണ്ടോ!' തന്റെ ഊരിൽ വന്ത ആരുമൈ കവലപ്പെടാതെ പാക്കണ ഒരേ ഒരു കടവുൾ പഴനി ആണ്ടവൻ താൻ. 'പുരിഞ്ചിതാ'എന്നു പറഞ്ഞ് തന്റെ കവിളിൽ നുള്ളി. മഹേശ്വരിയുടെ കണ്ണുകൾ നനവാർന്നു. ശരിയാണ് ഒരുപാട് പരീക്ഷണങ്ങൾ തന്നു ഈ ശ്യാമവർണ്ണനെ തരുവാനാണ് കണ്ണൻ എന്നെ ഇവിടെ പഴനി ആണ്ടവന്റെ അടുത്ത് എത്തിച്ചത്. തൊഴുത് നമസ്ക്കരിച്ച് അവർ മലയിറങ്ങി. തികച്ചും അനാർഭാടമായിരുന്നു വിവാഹം. വിവാഹസദ്യ അടുത്തുള്ള ബാലമന്ദിരത്തിലെ കുട്ടികളോടൊപ്പം കഴിച്ചു. അത് അവളെ വളരെയധികം സന്തോഷിപ്പിച്ചു. പിന്നീട് വീട്ടിലെത്തിയ അവളെ അമ്മ സന്തോഷപൂർവ്വം സ്വീകരിച്ചു മുകളിലെ മുറിയിൽ കൊണ്ടുപോയി 'ഇതാണ് നിങ്ങളുടെ മുറി' എന്നു പറഞ്ഞ് അലമാരയെല്ലാം തുറന്നു കാണിച്ചു തന്നു. അതിലെല്ലാം നിറയെ ആഭരണങ്ങളും പട്ടുസാരിയും മറ്റുമായിരുന്നു താൻ ഏതോ മായാലോകത്ത് എത്തിയപോലെ അവൾക്ക് തോന്നി. 'കണ്ണാ കാത്തു കൊള്ളേണേ' എന്ന് അറിയാതെ പറഞ്ഞു പോയി. രാത്രി ഭക്ഷണം കഴിഞ്ഞപ്പോൾ 'അത്ത'എന്ന് വിജയ് പാണ്ഡ്യൻ വിളിച്ചിരുന്ന സ്ത്രീ വന്ന് പറഞ്ഞു കുറച്ചു ദൂരത്തുള്ള സ്ഥലത്തെ വീട്ടിലാണ് ആദ്യരാത്രി എന്നു പറഞ്ഞ് തന്നെയും കൊണ്ടു നടന്നു. ഓല മേഞ്ഞ സാമാന്യം വലിയ വീട്. ഇതാണ് ഇവരുടെ തറവാട് ഇവടെയാണ് അച്ഛനപ്പൂപ്പന്മാരുടെയെല്ലാം ആദ്യരാത്രി നടന്നിരുന്നത്. ഈ തറവാടിനെ ഇപ്പോഴും കേടു പറ്റാതെ ഭംഗിയായി സൂക്ഷിക്കുകയാണ്. അവൾ ആശ്ചര്യത്തോടെ നോക്കിക്കണ്ടു. വിജയ് പാണ്ഡ്യൻ അവിടെ ആരോടൊ സംസാരിച്ചിരിക്കുന്നു. വീടിന് ചുറ്റിലും ചിരാത് തെളിയിച്ചിട്ടുണ്ട്. അവളെ 'അത്ത'വിശാലമായ ഒരു മുറിയിൽ കൊണ്ടുപോയി ഇരുത്തി. അവിടെ വൈദ്യുതി ലൈറ്റ് ഇല്ലായിരുന്നു. ശരറാന്തലിന്റെ വെട്ടത്തിൽ പല നിഴൽ രൂപങ്ങളും അവളെ ഭയചകിതയാക്കി. ചാണകം മെഴുകിയ നിലത്ത് രണ്ടു വലിയ പായ വിരിച്ചിട്ടുണ്ട്. അതിൽ നിറയെ പിച്ചിപൂ വിതറിയിരിക്കുന്നു. പാലും പഴവുമെല്ലാം ഒരു ഭാഗത്ത് ഒരുക്കിവെച്ചിരിക്കുന്നു. അത്ത വീണ്ടും വന്ന് തന്റെ ചെവിയിൽ 'ശാന്തി മുഹൂർത്തം വിജയിന് അറിയാം നാളെ പിന്നിലുള്ള കുളത്തിൽ കുളിച്ചിട്ട് വീട്ടിലേക്ക് വരണം' എന്ന് പറഞ്ഞ് നടന്നു.

ചന്ദ്രതാപത്തിൽ ചാന്ദ്രസൗന്ദര്യം ഓലകൾക്കിടയിലൂടെ കാണാമായിരുന്നു. നിശാഗന്ധിയുടെ ചർച്ചിതവുമായി തെന്നൽ തന്നെ പുൽകി കടന്നുപോയപ്പോൾ അവൾ രാഗാർദ്രഭാവത്തോടെ പ്രതീക്ഷാഭരിതയായി കാത്തിരുന്നു. വിജയ് പാണ്ഡ്യൻ അടുത്ത് വന്ന് ചോദിച്ചു 'ക്ഷീണം തോന്നുന്നുണ്ടോ...'? ഇല്ല എന്നർത്ഥത്തിൽ അവൾ തലയാട്ടി. പൈതൃകങ്ങളെ തുടരുവാൻ എനിക്ക് വലിയ താല്പര്യമാണ് അതുകൊണ്ടാണ് ആദ്യരാത്രി ഇവിടെ തന്നെ മതി എന്നു വെച്ചത്. മഹേശ്വരിക്ക് എന്തും എന്നോട് തുറന്നു പറയാം. എന്തും ആവശ്യപ്പെടാം. അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു. ഈ തടാക കണ്ണുകളിൽ മഹേശ്വരി 'കളഭഗമിനി'ആയിട്ടുണ്ട് എന്നു പറഞ്ഞപ്പോൾ അവൾ മനസ്സിലാവാതെ അയാളെ നോക്കി. അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു സുന്ദരിയായിട്ടുണ്ടെന്നാണ് പറഞ്ഞത്. എനിക്ക് മലയാളം നന്നായി അറിയാം. ഇനിയൊരിക്കലും ഈ കണ്ണുകൾ നനയരുത്. എന്നു പറഞ്ഞു അവളെ ആലിംഗനം ചെയ്തപ്പോൾ കണ്ണുകൾ അറിയാതെ ആമീലനം ചെയ്തുപോയി. രാകേന്ദു രാവിൽ രാവിന്റെ സിരകളിൽ ശശാങ്കൻ തന്ത്രികൾ മീട്ടിയപ്പോൾ ....അവർക്കിടയിൽ ആയിരം ചിറകുള്ള മൗനമായിരുന്നു.

പിറ്റേന്നു തന്നെ അവർ ബലികർമ്മങ്ങൾ ചെയ്യുവാനായി കാശിയിലേക്ക് പോയി പിതൃകർമ്മങ്ങൾ എല്ലാം ഭംഗിയായി ചെയ്ത് തിരിച്ചുവരുന്ന വഴി. മഹേശ്വരി പറഞ്ഞു എനിക്ക് ഒരാഗ്രഹം സാധിച്ചു തരണമെന്ന്. അയാൾ സമ്മതഭാവത്തിൽ തലയാട്ടി. അടുത്ത ദിവസം അവർ രണ്ടുപേരും ധനുഷിന്റെ വീട്ടിലേക്ക് പോയി. ധനുഷ് 'ടീച്ചർ' എന്നു വിളിച്ച് ഓടി വന്ന് കെട്ടിപ്പിടിച്ചു. തളർന്നു കിടക്കുന്ന അമ്മയെ കണ്ട് ആശ്വസിപ്പിച്ചു. 'ഇവർക്ക് നല്ല ചികിത്സ കൊടുക്കണം അതാണ് എന്റെ ആഗ്രഹം' എന്ന് അവൾ വിജയ പാണ്ഡ്യനോട് പറഞ്ഞു. ചികിത്സക്ക് വേണ്ട എല്ലാ ഏർപ്പാടും ചെയ്യാം എന്ന് ഉറപ്പ് നല്കി അവർ യാത്രയായി. ധനുഷിന്റെ കണ്ണുകളിൽ നിർവചിക്കുവാൻ പറ്റാത്ത വികാരമായിരുന്നു. ധനുഷിന്റെ അച്ഛനും തൊഴുകൈകളോടെ നോക്കി നിന്നു.

താമസിയാതെ വിജയ്പാണ്ഡ്യന്റെ മൂന്നു കമ്പനികളുള്ളതും വ്യാപാരകേന്ദ്രവുമായ കോയമ്പത്തൂരിലേക്ക് യാത്രതിരിച്ചു. അവൾക്ക് യാത്ര പറയാൻ പകൽ വീട്ടിലെ ചേച്ചി മാത്രമേയുണ്ടായിരുന്നുള്ളൂ. ചേച്ചിക്ക് എപ്പോൾ വേണമെങ്കിലും അങ്ങോട്ടേയ്ക്ക് വരാം എന്നു പറഞ്ഞ് അവൾ ചേച്ചിയെ കെട്ടിപിടിച്ച് യാത്ര ചോദിച്ചു. വിജയ് പാണ്ഡ്യന്റെ വീടും സെറ്റപ്പും എല്ലാം സിനിമയിൽ കാണുന്നതുപോലെയായിരുന്നു. ജോലിക്കാരിയായിപോലും വരുവാൻ യോഗ്യതയില്ലാത്ത താൻ ഇവിടുത്തെ റാണിയായിരിക്കുന്നു. കണ്ണന്റെ നിറമുള്ള വിജയ്പാണ്ഡ്യന്റെ അകം മുഴുവനും സ്നേഹമായിരുന്നു. അദ്ദേഹം തനിക്കു നൽകിയ സംരക്ഷണവും, കരുതലും, സുരക്ഷിതത്വവും അകങ്കളിതമായ സ്നേഹവുമെല്ലാം സന്തോഷാരവത്തിന്റെ പരകോടിയിലായിരുന്നു. ജീ

വിതത്തിന്റെ ആരോഹണാവരോഹണത്തിൽ സ്വരരാഗതാളങ്ങൾ സപ്തസ്വരങ്ങളിലും മധുഗീതം അഭംഗുരം മീട്ടിക്കൊണ്ടിരുന്നു.

തന്റെ ജീവിതത്തിലെ ഈ പുനർജീവനം അനിർവചനീയമാണ്. അനൈക്യങ്ങൾ പെയ്തൊഴിഞ്ഞ ജീവിതത്തിൽ സുതാര്യതയുടെ, ശുഭാപ്തിയുടെ സൂര്യകിരണങ്ങൾ പതിയെ ദൃശ്യമായി തുടങ്ങി. കണ്ണൻ തനിക്കായി കരുതി വെച്ച ഈ സൗഭാഗ്യത്തിൽ മഹേശ്വരിയിൽ ഭയാശങ്കകൾ ഉരുണ്ടുകൂടി. സദാസമയവും കണ്ണാ – കാത്തുകൊള്ളേണേ എന്ന് പറഞ്ഞുക്കൊണ്ടിരുന്നു. ബന്ധങ്ങളുടെ സമവാക്യത്തിൽ വർണ്ണസങ്കലനം ചാലിച്ചുകൊണ്ട് ഒരുനാൾ തന്നിൽ ഉൽകൃഷ്ടമായ സൃഷ്ടിയുടെ ജീവൻ നാമ്പെടുത്തു. സമാനതകളില്ലാത്ത ആഹ്ലാദത്താൽ ഞങ്ങൾ ആ തനിമയെ ഉത്സുകരായി ഹർഷാരവത്തോടെ അതിന്റെ കാതൽ സ്പന്ദനത്തിനായ് കാത്തിരുന്നു. 'ഇന്തപ്പൊണ്ണിനെ എനക്ക് റൊമ്പ പിടിച്ചിരിക്ക്' എന്ന് വിജയ്പാണ്ഡ്യൻ ഇടയ്ക്കിടെ പറയുമായിരുന്നു. അത് ശ്രവിച്ച താൻ കുളിരണിഞ്ഞെങ്കിലും 'കാത്തുകൊള്ളണേ കണ്ണാ' എന്ന് പറഞ്ഞുകൊണ്ടിരുന്നു.

അങ്ങനെയിരിക്കുമ്പോൾ ആണ് വിജയ്പാണ്ഡ്യന് കടുത്ത പനി വന്നത്. ഓഫീസിൽ പോകാൻ പറ്റാതെ വീട്ടിൽ വിശ്രമിക്കുമ്പോൾ ഒരുഫോൺകോൾ വന്നു അത്യാവശ്യമായി പല പേപ്പറിലും ഒപ്പ് വയ്ക്കണം വിജയ്പാണ്ഡ്യൻ പറഞ്ഞു മനേജരോട് പേപ്പറുകളുമായി ഇങ്ങോട്ടേയ്ക്ക് വരുവാൻ. മാനേജരുമായി വിജയ്പാണ്ഡ്യൻ സംസാരിക്കുകയായിരുന്നു. അപ്പോഴാണ് തന്നെ വിളിച്ചത്. അങ്ങോട്ട് ചെന്ന താൻ ഇതികർത്തവ്യതാമൂഢയായി നിന്നുപോയി. അത് ജീവൻരാജ് ആയിരുന്നു. വിജയ്പാണ്ഡ്യൻ ചോദിച്ചു 'കണ്ടിട്ടുണ്ടോ എന്റെ ഭാര്യയെ, തന്റെ നാട്ടുകാരിയാണ്'. വിവർണ്ണനായ അയാൾ ഇല്ലാ എന്നർത്ഥത്തിൽ തലയാട്ടി. സുന്ദരനായ ജീവൻ രാജിന്റെ മുടിയെല്ലാം പോയി കഷണ്ടി കയറിയിരിക്കുന്നു. താൻ കണ്ടിട്ടുണ്ടോ...എന്നു ചോദിച്ചപ്പോൾ അവൾ വീഴാതിരിക്കാൻ കട്ടിലിൽ മുറുകെ പിടിച്ചു. ഓ......നീ പോയി ചായ കൊണ്ടുവരുവാൻ പറയൂ എന്നു പറഞ്ഞപ്പോൾ അവൾ ധൃതിയിൽ അടുക്കളയിലേക്ക് പോയി. വിജയ്പാണ്ഡ്യൻ പേപ്പേഴ്സിൽ എല്ലാം ഒപ്പ് വെച്ചു. ജീവൻ രാജിനോട് ചോദിക്കുന്നുണ്ടായിരുന്നു. എത്ര കുട്ടികൾ ഉണ്ടെന്ന് കുട്ടികൾ ഇല്ലാ എന്ന് ജീവൻരാജ് മറുപടി പറയുന്നു. മാത്രമല്ല ഞങ്ങൾ "Seperate" ആയി എന്ന് പറഞ്ഞത് ഞെട്ടലോടെയാണ് അവൾ കേട്ടത്. വിജയ്പാണ്ഡ്യൻ പറയുന്നു-ജീവിതത്തിൽ സുഖവും ദു:ഖവും എല്ലാം നമ്മളുടെ കാഴ്ചപ്പാടുകൾക്കനുസൃതമായിരിക്കും. ഉപരിപ്ലവത്തിന്റെ പിന്നാലെ പോകുന്നത് അനുചിതമാണ്. പരസ്പരധാരണ വിവാഹ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. ആത്മാർത്ഥ സ്നേഹമുള്ളയിടത്ത് ദൈവവും ഉണ്ടാകും. "All the best' എന്നു പറഞ്ഞു. യാത്ര പറഞ്ഞ് ഇറങ്ങാൻ നേരം വിജയ്പാണ്ഡ്യൻ പറഞ്ഞു 'താൻ എന്റെ ഭാര്യയോട് യാത്ര പറഞ്ഞില്ല എന്തായാലും തന്റെ നാട്ടുകാരിയല്ലേ' എന്ന് പറഞ്ഞ് തന്നെ വിളിച്ചു ജീവൻ രാജ് 'മാഡം' ഇറങ്ങട്ടെ എന്നു പറഞ്ഞപ്പോൾ അവൾ കാലത്തിന്റെ തിരിച്ചടിയെ പറ്റി ഓർത്തു. വാതിൽ കടന്ന് പുറത്ത് പോകാൻ നേരം വിജയ് പാണ്ഡ്യൻ വിളിച്ചു പറഞ്ഞു " Thank you for everything" എന്ന്.

മഹേശ്വരി പതിയെ ചെന്ന് വിജയ്പാണ്ഡ്യനുള്ള മരുന്ന് എടുത്ത് കൊടുത്തു. വിജയ് പാണ്ഡ്യൻ അവളെ കട്ടിലിൽ പിടിച്ചിരുത്തിക്കൊണ്ട് തലയിൽ തലോടി പറഞ്ഞു എനിക്ക് എല്ലാം അറിയാമായിരുന്നു. നിങ്ങളുടെ പ്രണയവും ഒടുവിൽ പണത്തിന്റെ കിലുകിലാരവത്തിൽ തന്നെ ജീവൻ രാജ് ഉപേക്ഷിച്ചു പോയതുമെല്ലാം. ICAI ക്ക് എന്നോടൊപ്പം പഠിച്ച സുരേഷിന്റെ വീട് തെക്കൻ ചിറ്റൂരിലായിരുന്നു. നമ്മുടെ വിവാഹഫോട്ടോ അയച്ചുകൊടുത്തപ്പോൾ അവൻ പറഞ്ഞതാണ് അവന് നിന്നെ പറ്റി നല്ലതു മാത്രമേ പറയാനുള്ളൂ. ഞാൻ നിന്നെ വിവാഹം ചെയ്തതിൽ അവൻ എന്നെ ഒരുപാട് അഭിനന്ദിച്ചു ആരോരുമില്ലാത്ത തന്നെ കിട്ടിയതിൽ ഞാൻ ഏറെ സന്തോഷവാനാണ്. ഈ സ്നേഹം എല്ലാം എനിക്ക് മൊത്തം കിട്ടുമല്ലോ........പകരം വീട്ടുന്നത് നല്ല ശീലമല്ല എന്നറിയാം പക്ഷെ ജീവൻരാജിന് ഒരു ചെറിയ ശിക്ഷകൊടുക്കണം അത് അവൻ അർഹിക്കുന്നുണ്ട്. അതുകൊണ്ടാണ് അയാളെകൊണ്ട് തന്നോട് യാത്ര ചോദിപ്പിച്ച് 'മാഡം' എന്ന് വിളിപ്പിച്ചത്. 'പണം' എന്ന രണ്ടക്ഷരം നിനക്കു നൽകിയ വേദനകൾക്ക് തിരിച്ചടിയെന്നോണം തന്റെ ഭർത്താവിന്റെ അല്ലെങ്കിൽ തന്റെ തന്നെ കമ്പനിയിൽ അയാൾ ജോലിക്കാരനായത് കാലത്തിന്റെ മധുരപ്രതികാരമായിരിക്കാം. പിന്നെ താങ്ക്സ് എന്നു പറഞ്ഞത് ഈ പെണ്ണിനെ ഉപേക്ഷിച്ചതിന്. അതുകൊണ്ടാണല്ലോ എനിക്ക് കിട്ടിയത്. ഞാൻ വർഷങ്ങളോളം കാത്തിരുന്നതും നിന്റെ വരവിനായിട്ടാണ്. അവളുടെ കണ്ണുകളിൽ നിന്ന് ഒഴുകിയെത്തിയ ജലധാര വിജയ്പാണ്ഡ്യന്റെ കവിളിനെ നനയിച്ചു. ചേർന്നിരുന്നു മൂർദ്ധാവിൽ ചുംബിച്ചുകൊണ്ട് അവൾ മൗനമായി പ്രാർത്ഥിച്ചു ഈ ഋതുവർണ്ണനെ എനിക്കായി തന്ന എന്റെ കണ്ണാ, ഞങ്ങളെ രക്ഷിക്കേണമേ......അപ്പോൾ വിജയ് പാണ്ഡ്യയുടെ ചുണ്ടുകൾ മന്ത്രിക്കുന്നുണ്ടായിരുന്നു 'ഇന്തപ്പൊണ്ണിനെ എനക്ക് റൊമ്പ പിടിച്ചിരിക്ക് എന്ന്'.............●

# കരളേ, കരളിന്റെ കരളേ

ഡോ.ദേവിദാസ് വെള്ളോടി, ഫോൺ:9747480903

തെറ്റിദ്ധരിക്കണ്ട, സിനിമപ്പാട്ട് പാടിയതല്ല. കരൾ (Liver) സംബന്ധമായ വിഷയത്തേക്കുറിച്ച് ചർച്ചചെയ്യാമെന്നു വെച്ചപ്പോൾ ഓർത്തുപോയതാണ് കരളേ.....എത്ര മധുരമായ പദം. എന്റെ കരളേ എന്നു വിളിക്കുമ്പോൾ എന്റെ ജീവനെ എന്നർത്ഥം വരുന്നു. ഒരർത്ഥത്തിൽ ചിന്തിച്ചാൽ ശരിയാണ്. ജീവൻ നിലനിൽക്കുവാൻ കരളിന്റെ പ്രവർത്തനം അത്യാവശ്യമാണ്.

## കരൾ (LIVER)

ശരീരത്തിലെ ഏറ്റവും വലിയ അവയവവും (organ) അതേ സമയം ഒരു ഗ്രന്ഥി കൂടിയാണ് കരൾ. ഉദരത്തിൽ വലതു വശത്തായി സ്ഥിതി ചെയ്യുന്ന കരൾ നമ്മുടെ ശരീരത്തിലെ ചയാപചയ പ്രക്രിയയെ (Metabolism)കാര്യമായി നിയന്ത്രിക്കുന്നു.

## പിത്തരസം (BILE)

ദഹനരസങ്ങളിലൊന്നായ പിത്തരസം (BILE) ഉൽപ്പാദിപ്പിക്കുന്നത് കരളിലാണ്. ഗാൾബ്ലാഡറിലാണ് (gall bladder) സൂക്ഷിക്കുന്നത്. കുടലിൽ നിന്നും സ്പീനിൽ (speen) നിന്നുമുള്ള സംഭരിച്ച പോഷകാംശങ്ങൾ (Nutrients) Portal vein വഴി കരളിലെത്തി ഒന്നു കൂടി ശുദ്ധീകരിക്കുകയും ക്രമീകരിക്കുകയും ചെയ്തശേഷമാണ് ശരീരത്തിലെ മറ്റു ഭാഗങ്ങളിലേക്ക് വിതരണം (circulate) ചെയ്യുന്നത് കരളിൽ ഉൽപാദിക്കുന്ന Bile (പിത്തരസം) gall bladder ൽ സൂക്ഷിക്കുകയും (ആവശ്യാനുസരണം) നാം ഭക്ഷണം കഴിക്കുമ്പോൾ അത് ചെറുകുടലിൽ എത്തുമ്പോൾ ദഹിപ്പിക്കുന്നതിനായി gall bladder ൽ നിന്ന് കുടലിലേക്ക് ശ്രവിക്കുകയും ചെയ്യുന്നു.

## കരൾ ഒരു ഫാക്ടറിയാണ്.

കരളിനെ നമുക്ക് ഒരു ഫാക്ടറിയോട് ഉപമിക്കാം. ശരീരത്തിനാവശ്യമായ മിക്ക പ്രോട്ടീനുകളും ഉൽപാദിപ്പിക്കുന്നത് കരളിലാണ്. Bile ഉൽപാദിപ്പിക്കുന്നു. ഭക്ഷണത്തിൽ നിന്ന് ലഭിക്കുന്ന അന്നജത്തെ (glucose) ഗ്ലൈക്കോജനാക്കി മാറ്റി സൂക്ഷിക്കുകയും ആവശ്യാനുസരണം ഊർജ്ജത്തിന്റെ ആവശ്യമുണ്ടാകുമ്പോൾ glucose ആക്കി മാറ്റുകയും ചെയ്യുന്നു. രക്തം കട്ട പിടിക്കുന്നതിനുള്ള ഘടകങ്ങൾ ലിവറിലാണ് ഉൽപാദിപ്പിക്കുന്നത്. രോഗപ്രതിരോധത്തിന് അത്യാവശ്യമായ അമിനോ ആസിഡുകൾ ഉൽപാദിപ്പിക്കുന്നു. കൊഴുപ്പ് (Fat) ശരീരത്തിലുടനീളം എത്തിക്കുന്നതിനുള്ള കൊളസ്ട്രോൾ (Cholestrol) ഉൽപാദിപ്പിക്കുന്നു. ചയാപചയ പ്രക്രിയയിലൂടെ (metabolism) വേർതിരിയുന്ന മാലിന്യങ്ങളെ (waste products) യൂറിയ (urea) ആക്കി മാറ്റി മൂത്രത്തിലൂടെ പുറം തള്ളുന്നു. നമ്മൾ കഴിക്കുന്ന ഔഷധങ്ങളിലെ വിഷാംശത്തെ വേർതിരിച്ച് കളയുന്നു. പോഷകാംശങ്ങളായ വിറ്റാമിനുകൾ, മിനറൽസ്, ഗ്ലൂക്കോസ് എന്നിവയെ സംഭരിച്ച് ആവശ്യാനുസരണം മറ്റു ശരീരഭാഗങ്ങളിലേക്ക് എത്തിച്ച് കൊടുക്കുന്നു. രക്തത്തിൽ നിന്ന് ബാക്ടീരിയ (Bacteria) കളെ വേർതിരിച്ച് പകർച്ച വ്യാധികളെ തടയുന്നു. ഇപ്പോൾ നേരത്തെ പാടിയ കരളേ എന്ന പാട്ട് അന്വർത്ഥമാകുന്നു അല്ലേ.

പണ്ടൊക്കെ ഒരാൾക്ക് ലിവർ സിറോസിസ് (Liver Cirrhosis) വന്നാൽ അയാൾ കള്ളുകുടിച്ചു വന്നതാണെന്ന് പറയുമായിരുന്നു. എന്നാൽ ഇപ്പോൾ കൊച്ചു കുട്ടികൾ, ശുദ്ധബ്രാഹ്മണർ, സ്ത്രീകൾ എന്നിങ്ങനെ ആർക്കും വരാവുന്ന ഒരു അസുഖമായി മാറിയിരിക്കുന്നു. എന്താണ് ഇങ്ങനെ കരൾ കേടുവരുവാനുള്ള കാരണങ്ങൾ എന്ന് പരിശോധിക്കാം.

## എന്താണ് കരൾരോഗം (LIVER DISEASE)

നേരത്തെ മുകളിൽ വിശദീകരിച്ച കരളിന്റെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കാത്തതിനെ ചുരുക്കത്തിൽ കരൾരോഗം (LIVER DISEASE) എന്ന് വിശേഷിപ്പിക്കാം.

നശിച്ചുപോയ കോശങ്ങളെ അതേ രീതിയിൽ പുനർജീവിപ്പിക്കുവാൻ കഴിവുള്ള ഏക അവയവം നമ്മുടെ കരളാണ്. എന്നിട്ടും കരൾ രോഗങ്ങൾ വന്ന് പരിപൂർണ്ണമായി കരൾ നശിക്കണമെങ്കിൽ അതിന്റെ കാരണത്തിന്റെ കാഠിന്യം ആലോചിച്ചു നോക്കൂ. കരളിനുണ്ടാകുന്ന തകരാറുമൂലം പിത്തരസത്തിന്റെ ആധിക്യം അതുപോലെ തന്നെ Fat metabolism പ്രോട്ടീൻ ഉൽപാദനം, പോഷകാംശങ്ങളുടെ ഉൽപാദനം, രോഗപ്രതിരോധശേഷി എന്നിവ ഇല്ലാതാകുന്നു.

### 1. HEPATITIS

കരളിനുണ്ടാകുന്ന വീക്കം, പിത്തരസത്തിന്റെ ഒഴുക്ക് തടസ്സപ്പെടൽ വൈറസ് തുടങ്ങിയ കാരണങ്ങളാൽ കരളിനുണ്ടാകുന്ന നീർക്കെട്ട്, കരളിന്റെ പ്രവർത്തനവൈകല്യം എന്നിവയെ സാമാന്യമായി

ഹെപ്പറ്റൈറ്റീസ് എന്ന് പറയാം. A,B,C,D,E,G എന്നിങ്ങനെ വൈറസുകളാലുണ്ടാകുന്ന Hepatitis (കരൾവീക്കം) തരംതിരിച്ചിട്ടുണ്ടെങ്കിലും A,B,C എന്നിവയാണ് വളരെ സാധാരണമായി കാണാറുള്ളത്. വൈറസ് B.C.എന്നിവ നീണ്ടു നിൽക്കുന്ന കരൾ വീക്കത്തിന് കാരണമാകുന്നു.

## ലക്ഷണങ്ങൾ:

അമിതമായ ക്ഷീണം എല്ലാ കരൾ രോഗങ്ങളിലും ലക്ഷണമാണ്. കടുത്ത മഞ്ഞനിറത്തിലുള്ള മൂത്രം, മഞ്ഞയോ വെള്ളയോ നിറത്തിലുള്ള മലം, കണ്ണുകൾക്ക് മഞ്ഞനിറം എന്നിവ സാമാന്യലക്ഷണമാണ്. രക്തപരിശോധനയിലൂടെ കൃത്യമായി രോഗനിർണ്ണയം നടത്താം.

നീണ്ടു നിൽക്കുന്ന ചികിത്സകൾ ആവശ്യമായി വരും.

Hepatitis B യ്ക്കും C യ്ക്കും കുത്തിവെപ്പ് വാക്സിൻ ലഭ്യമാണ്.

**2. Non Alcoholic Fatty Liver Disease**

കരളിൽ കൊഴുപ്പ് കൂടുതൽ അടിഞ്ഞു കൂടുന്നതുമൂലമുണ്ടാകുന്ന അവസ്ഥയാണിത്. 40-50 വയസ്സിനുള്ളിലാണ് മിക്കവരിലും ഈ അസുഖം കണ്ടു തുടങ്ങുക. തുടക്കത്തിൽ ഗൗരവമായെടുക്കാറില്ലെങ്കിലും ശ്രദ്ധക്കുറവിനാൽ കരളിന്റെ നാശത്തിലേക്ക് വഴിവെച്ചേക്കാം.

## ലക്ഷണങ്ങൾ

കരൾ വലുതാകുക (Enlarged)
ക്ഷീണം
കരളിന്റെ വലതുവശത്തായി വേദന തോന്നുക
വയറിൽ കരളിന്റെ ഭാഗത്ത് തടിപ്പ് തോന്നാം
പുരുഷന്മാരിൽ ചിലപ്പോൾ Breasts വലുതായിരിക്കും
മഞ്ഞപിത്ത ലക്ഷണങ്ങൾ കണ്ടെന്നു വരാം.

### കാരണങ്ങൾ

അമിതവണ്ണം, അധികമായ ഭക്ഷണക്രമം, ഇൻസുലിൻ റെസിസ്റ്റൻസ്, അനിയന്ത്രിതമായ പ്രമേഹം, രക്തത്തിൽ അധികമായി കൊളസ്ട്രോൾ ഉണ്ടാകുക.

### കരുതൽ വേണ്ടത് (RISK FACTORS)

അധികമായ പ്രമേഹം, അധികമായുള്ള tryglycerides, അമിതവണ്ണം, ഹൈപ്പോതൈറോയ്ഡ് രോഗം, സ്ത്രീകളിൽ പോളിസിസ്റ്റിക് ഓവറിയൻ സിഡ്രോം, ഹൈപ്പർ തൈറോയ്ഡ് എന്നിവയുള്ളവർ വളരെ ശ്രദ്ധിച്ച് കരൾ രോഗത്തെ നിയന്ത്രണത്തിലാക്കണം.

## 3. JAUNDICE (മഞ്ഞപ്പിത്തം)

തൊലിക്കും കണ്ണുകൾക്കും മഞ്ഞനിറമുണ്ടാകുക, മൂത്രത്തിൽ അമിതമായി പിത്തരസം കാണുക, രക്തത്തിൽ അമിതമായി പിത്തരസം (Bile) കാണുക എന്നിവയാൽ തിരിച്ചറിയാം.രക്തകോശാണുക്കളിൽ നിന്ന് ഹിമോഗ്ലോബിൻ വേർതിരിച്ചെടുക്കുമ്പോഴുണ്ടാകുന്ന മാലിന്യമാണ് (waste) Bilirubin. ബിലിറൂബിൻ കൂടുതലുണ്ടായാൽ അത് ലീക്കായി ചുറ്റുപാടുമുള്ള കോശങ്ങളെ മഞ്ഞനിറമുള്ളതാക്കി മാറ്റുന്നു. നമ്മുടെ മലത്തിന് നിറം നൽകുന്നത് ബിലിറൂബിനാണ്. ബിലിറൂബിന്റെ കൂടുതലായുള്ള ഉൽപാദനമോ, അതിന്റെ ശരിയല്ലാത്ത രീതിയിലുള്ള നിഷ്കാസനമോ (Disposal) മഞ്ഞപ്പിത്തത്തിലേക്ക് നയിക്കുന്നു. അനീമിയ, Bile duct നുണ്ടാകുന്ന തടസ്സം, കരളിലെ നീർക്കെട്ട് തുടങ്ങി ഒരുപാട് കാരണങ്ങളാൽ മഞ്ഞപ്പിത്തമുണ്ടാകാം.

## CIRROSIS (സിറോസിസ്)

'സിറോസിസ' എന്നു കേൾക്കുമ്പോൾ തന്നെ പേടിയാകും. കരളിലെ കോശങ്ങളുടെ സ്ഥിരമായ (Permanent) നാശ (damage) CIRROSIS ത്തിലേക്ക് നയിക്കുന്നു.

## ലക്ഷണങ്ങൾ

കരളിന്റെ പ്രവർത്തന വൈകല്യത്താലുള്ള ക്ഷീണം, തളർച്ച, വിളർച്ച, തുടങ്ങിയ എല്ലാ ലക്ഷണങ്ങളും കാണാം. മതിയായി ചികിത്സിക്കാതിരുന്ന എല്ലാ കരൾ രോഗങ്ങളും 'CIRROSIS' ആയി തീരുവാനുള്ള സാധ്യതയുണ്ട്.കരളിലെ നീർക്കെട്ട്, രക്തസ്രാവം, മഹോദരം (Ascitis) രോഗാണുബാധ, വിവിധതരം വൈറസുകളുടെ ബാധ, കരളിലെ ക്യാൻസർ എന്നിവ CIRROSIS ന്റെ ഏറ്റവും കൂടിയ അനന്തര ഫലങ്ങളായി വരാം.

കരളിലെ കോശങ്ങൾക്ക് പറ്റിയ കേടുപാടുകൾ കൂടുതലാക്കാതെ നോക്കലാണ് CIRROSIS നുള്ള ചികിത്സ. കാരണം കോശങ്ങളുടെ പുനർജീവനം സാധ്യമാകുന്നില്ല. ഏറ്റവും ആപൽഘട്ടത്തിൽ കരൾ മാറ്റി വെയ്ക്കേണ്ടി വരും.

## മദ്യപാനജന്യകരൾ രോഗം:

അമിത മദ്യപാനം മൂലം കരളിനുണ്ടാകുന്ന നീർക്കെട്ട്, കേടുപാടുകൾ ഗുരുതരമായി അവസാനം CIRROSIS ലേക്ക് നയിക്കുന്നു. നേരിട്ടല്ലാതെ മദ്യപാനം മൂലം ഉണ്ടാകുന്ന റോഡ് അപകടങ്ങൾ മൂലമുള്ള മരണസംഖ്യ ഏകദേശം 50% വരും.

## ALCOHOL ABUSE & ALCOHOLISM

മദ്യപാനം അവസരത്തിലും അനവസരത്തിലും സ്ഥിരമായി ചെയ്യുന്നത് ALCOHOL ABUSE ആയി പറയാം. മദ്യത്തിന് അടിമപ്പെട്ട് മദ്യമില്ലാതെ ജീവി

ക്കാൻ കഴിയാത്ത മാനസിക അവസ്ഥയിലെത്തുന്നതിനെ ALCOHOLISM എന്ന് പറയാം. ALCOHOLISM ലെത്തിയാൽ മാനസിക പിരിമുറുക്കം, depression (വിഷാദം) Anxicty (അമിതമായ ആകാംക്ഷ) എന്നിവ കാരണം സ്വന്തം ജീവിത്തെയും കുടുംബജീവിതത്തെയും ദോഷകരമായി ബാധിക്കുന്നു. മാത്രമല്ല കരളിന്റെ ആരോഗ്യം കുറഞ്ഞ് വന്ന് അവസാനം 'CIRROSIS' ലേക്ക് എത്തിപ്പെടാവുന്നതുമാണ്.

കൂടുതലുള്ള മദ്യപാനം കരളിലെ കോശങ്ങളെ നശിപ്പിക്കുന്നു. കോശങ്ങൾ പുനർജീവിക്കപ്പെടുന്നു (rebuild). പക്ഷെ തുടർച്ചയായ മദ്യപാനം കരളിലെ കോശങ്ങളുടെ സ്ഥിരമായ നാശത്തിലേക്ക് (SCARRING, LIVER CIRROSIS) നയിക്കുന്നു.

### ഒരാൾക്ക് എത്ര മദ്യം കഴിക്കാം, എത്ര കൂടുതൽ കഴിച്ചാൽ ഹാനികരം

സാധാരണ ചോദിക്കുന്ന ചോദ്യമാണ്. മദ്യം കഴിക്കാതിരിക്കുന്നതു തന്നെയാണ് നല്ലത്. സ്വന്തം ആരോഗ്യം, നല്ല കുടുംബജീവിതം, പ്രവർത്തിക്കാനുള്ള ഉഷാർ, സാമ്പത്തിക ലാഭം എന്നിവ ഇതിന്റെ ഗുണങ്ങളാണ്. പക്ഷെ സ്ഥിരമായി മദ്യം കഴിക്കുന്ന ഒരു സംസ്ക്കാരമുള്ള രാജ്യത്ത് ഒരു ദിവസം 8 ഔൺസിൽ കൂടുതൽ മദ്യം കഴിച്ചാൽ 20 വർഷം കൊണ്ട് "CIRROSIS" വരും എന്നൊരു കണക്കുണ്ട്. നമ്മുടെ നാട്ടിൽ വ്യാജ മദ്യം ഒഴുകുന്നിടത്ത് ഇത് ബാധകമല്ല. മദ്യപിക്കുന്നവർ ഇടക്കിടക്ക് ലിവർ ഫങ്ഷൻ ടെസ്റ്റ് (LFT) Blood Test ചെയ്യുന്നത് നല്ലതാണ്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ തോന്നിയാൽ ഉടനെ ഫിസിഷ്യനെ കാണാനും മരുന്നു കഴിക്കുവാനും മദ്യപാനം നിറുത്തുവാനും തീരുമാനിക്കണം. കരൾ തകരാറു വന്ന് CIRROSIS ആയി തീർന്ന ശേഷം വീണ്ടും മദ്യപിക്കുക എന്നത് ആത്മഹത്യക്കു തുല്യമാണ്.

## ചികിത്സ

ആകെക്കൂടെ പേടിതോന്നുന്നുണ്ടല്ലേ? വേണം പേടിക്കണം. നാം എന്ത് കഴിക്കാൻ തീരുമാനിക്കുമ്പോഴും ഇതെന്റെ ആരോഗ്യത്തിന് നല്ലതാണോ എന്ന് വിമർശിച്ച് കഴിക്കുന്നതോ, കുടിക്കുന്നതോ കൊള്ളാം.

## അമിതമായ മരുന്നുസേവ:

മദ്യപാനംപോലെ തന്നെ കരളിനെ നശിപ്പിക്കുന്നു. വേദനസംഹാരികൾ അത്യാവശ്യം മാത്രം കഴിക്കുക. ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം കഴിക്കുക എന്നത് വ്രതമാക്കുക.

**മഞ്ഞപ്പിത്തം (Jaundice)** ചില സാധാരണ വൈറസുകൾ മുഖാന്തിരം വരുന്നത് രണ്ടാഴ്ചക്കുള്ളിൽ തന്നെ സാധാരണ ഗതിയിലാകും. വിശ്രമം മാത്രം മതിയാകും. പക്ഷെ സാധാരണ മഞ്ഞപ്പിത്തമാണെന്ന് ആരു തീരുമാനിക്കും. സ്വയം തീരുമാനിക്കരുത്. വ്യാജവൈദ്യന്മാരുടെ അടുത്ത് പോകരുത്. മറ്റുള്ളവർ പറയുന്ന മരുന്നുകൾ വാങ്ങി കഴിക്കരുത്. നിങ്ങളുടെ ഫിസിഷ്യൻ വേണ്ട രക്തപരിശോധന നടത്തി നിർദ്ദേശങ്ങൾ തരും. രക്തപരിശോധനയിൽ Biluribin, SGOT, SGPT എന്നിവ കൂടുതലായിട്ടുണ്ടെങ്കിൽ അത് നോർമലായി എന്ന് ഉറപ്പ് വരുത്തി മാത്രം മരുന്നുകളും പത്ഥ്യവും പിൻവലിക്കുക. സാധാരണ എല്ലാ കരൾ രോഗങ്ങളിലും മെഴുക്ക് (Oil), കുറഞ്ഞ ഭക്ഷണം തന്നെയാണ് യോജിക്കുക.

Hepatitis, Cirrosis തുടങ്ങിയ രോഗങ്ങളിൽ വളരെ ഫലപ്രദമായ ആയുർവ്വേദ ചികിത്സകൾ ലഭ്യമാണ്. പക്ഷെ വൈദ്യനിർദ്ദേശാനുസരണം മാത്രം കഴിക്കുക. മദ്യപാനം ഒഴിവാക്കുക, അസുഖം കണ്ടാൽ പരിപൂർണ്ണമായി നിർത്തുക.

## പത്ഥ്യം:

സാചുറേറ്റഡ് ഫാറ്റ് (Saturated Fat) അടങ്ങിയ നെയ്യ്, വെണ്ണ, ക്രീം മറ്റു പാൽ ഉൽപന്നങ്ങൾ മാംസവർഗങ്ങൾ, എണ്ണയിൽ വറുത്ത ഭക്ഷണങ്ങൾ എന്നിവ കഴിക്കരുത്. കേക്ക്, സോഡ തുടങ്ങിയ കാർബണേറ്റഡ് ഡ്രിങ്സ്, പാക്കു ചെയ്ത പാനിയങ്ങൾ, കൂടുതൽ ഉപ്പുള്ള ഭക്ഷണം എന്നിവ കഴിക്കരുത്. വെള്ളുള്ളി, മുന്തിരി, ബീറ്റ്റൂട്ട്, കാരറ്റ്, ഗ്രീൻ ടീ, ഇലക്കറികൾ, ആപ്പിൾ, നാരങ്ങവർഗ്ഗങ്ങൾ, കാബേജ്, മഞ്ഞൾ എന്നിവ നല്ലതാണ്.

ഫാറ്റിലിവർ: കണ്ട് തുടങ്ങിയാൽ (അൾട്രാ സൗണ്ട് ടെസ്റ്റിൽ ഫാറ്റിലിവർ ആണെന്ന് കണ്ടാൽ) മറ്റു രക്തപരിശോധനയിൽ നോർമലാണെങ്കിലും പത്ഥ്യം നോക്കുന്നത് നല്ലതാണ്. ഫാറ്റ് (Oil) കുറഞ്ഞ ഭക്ഷണം, എണ്ണയിൽ വറുക്കാത്ത ഭക്ഷണം, പാൽക്രീമുകൾ, ശരീരഭാരം വർദ്ധിപ്പിക്കുന്ന ഭക്ഷണങ്ങൾ എന്നിവ ഒഴിവാക്കുക തന്നെ വേണം. പച്ചക്കറികളും പഴവർഗങ്ങളും വിനിഗറും വെള്ളവും ചേർത്തതിൽ ഇട്ട് വെച്ച് പലതവണ കഴുകി മാത്രം ഉപയോഗിക്കുക. കേടു വന്ന മത്സ്യം ഒരിക്കലും ഉപയോഗിക്കരുത്. ഐസ്ക്രീം, കേക്ക്, ക്രീമുകൾ എന്നിവ പരിപൂർണ്ണമായി ഒഴിവാക്കുക.

## ഉപസംഹാരം:

സാധാരണ കാണാറുള്ള കരൾ രോഗങ്ങളെക്കുറിച്ച് മാത്രമായി സാമാന്യമായിട്ടാണ് ഇവിടെ പ്രതിപാദിച്ചത്. എല്ലാവരോടുമായി ഒരപേക്ഷയുണ്ട്. സ്വയം ചികിത്സിക്കരുത് മറ്റുള്ളവർക്ക് വൈദ്യം നിർദ്ദേശിക്കരുത്. ശാസ്ത്രീയ ചികിത്സാ രീതികൾ ഉപയോഗിക്കുക●

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)

ചിത്തവൃത്തികൾ ഏതൊക്കെയാണെന്ന വിവരണം കഴിഞ്ഞു. അവരുടെ നിരോധമാണ് യോഗം എന്നാണല്ലോ മുനി ആദ്യം പറഞ്ഞുവെച്ചത്. നിരോധം എങ്ങനെ സാധിക്കും എന്നതാണ് ഇനി അറിയേണ്ടത്. അതാണ് 12-ാമത് സൂത്രത്തിൽ ചുരുക്കി പറയുന്നത്. അഭ്യാസ വൈരാഗ്യാഭ്യാ തന്നിരോധ: പാ-യോ-ഗ്യ1-12 അഭ്യാസ വൈരാഗ്യങ്ങളെക്കൊണ്ട് അവയെ (തത്) നിരോധിക്കാം (നിരോധ:) അഭ്യാസത്തിനും വൈരാഗ്യത്തിനും തുല്യപ്രാധാന്യമാണ് നൽകിയിരിക്കുന്നത്. ദ്വിവചനമാണ് പ്രയോഗിച്ചിരിക്കുന്നത് ഈ ഓരോ വാക്കിനേയും പിന്നീട് വിസ്തരിക്കുന്നുമുണ്ട്.

ഇതേ കാര്യം സാംഖ്യ ദർശനത്തിൽ തലതിരിച്ചു പറഞ്ഞിട്ടുണ്ട്-'വൈരാഗ്യാദഭ്യാസാത്ച'(ക്കു) ഭഗവത്ഗീതയിൽ അതേ ക്രമത്തിൽത്തന്നെ പറഞ്ഞിരിക്കുന്നു -'അഭ്യാസേനതുകൗന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ'(6-35).

ഒരു പക്ഷിക്കു പറക്കണമെങ്കിൽ രണ്ടു ചിറകുകൾ ആവശ്യമാണ് ഒറ്റച്ചിറകൻ പക്ഷി നിന്ന നിൽപ്പിൽ കറങ്ങുകയേയുള്ളു. ഉയരാനോ മുന്നോട്ടു കുതിക്കാനോ പറ്റില്ല. സമാധിയിലേക്ക് പറക്കാൻ ചിത്തപ്പക്ഷിക്ക് അഭ്യാസം, വൈരാഗ്യം എന്നീ രണ്ടു ചിറകുകൾ വേണം.

ഒരു ക്രിയ ആവർത്തിച്ചു ചെയ്യുന്നത് അഭ്യാസം ഈ ക്രിയ അനുശാസിക്കും. വായിച്ചറിഞ്ഞു ചെയ്താൽ മതിയോ. എല്ലാവർക്കും ഒരേ ക്രിയ തന്നെയാണോ വിധിച്ചത്. അല്ല എന്നാണ് ഉത്തരം വ്യക്തിയുടെ സ്വഭാവം, പ്രായം, താല്പര്യം, പ്രകൃതി ഇതൊക്കെ പരിഗണിച്ച് ഗുരു നിശ്ചയിക്കുന്നു. ഏറ്റവും അനുയോജ്യമായ മാർഗ്ഗം അത് വ്യക്തി ഇഷ്ടപ്പെടാം, മറിച്ചാകാം. ഇഷ്ടമല്ല പ്രധാനം, പഥ്യമാണ്, അനുയോജ്യതയാണ്. ഭോഗവസ്തു സ്വാദുള്ളതാവാം. മരുന്ന് ദുസ്വാദുള്ളതും. പക്ഷെ രോഗം മാറാൻ മരുന്നു തന്നെ വേണം അപ്പോൾ ഗുരുപദിഷ്ടമാർഗത്തിന്റെ അഭ്യാസമാണ് അഭികാമ്യം എന്നർഥം.

അഭ്യാസം ഗുരു മനസ്സോടെ പോര. ഹൃദയം മുഴുവനും അർപ്പിച്ച് ഇഷ്ടത്തോടെ ചെയ്യണം മാത്രവുമല്ല യാന്ത്രികാഭ്യാസം പോരാ, മനസ്സും, പ്രാണനും, ശ്വാസവും എല്ലാം കൊടുത്തുകൊണ്ട് അഭ്യാസം നടക്കണം. സൂക്ഷ്മത വേണം മാനസികാഭ്യാസം നിരന്തരമായി നടക്കണം. പ്രകൃതിയും (matter) പുരുഷനും (spirit) ഭിന്നമാണ് എന്ന് നിരന്തരം മനസ്സിൽ ജപിച്ചുകൊണ്ടിരിക്കണം.

പതഞ്ജലി രണ്ടാമധ്യായത്തിലാണ്, സാധനാപാദത്തിലാണ് അഭ്യാസത്തെപ്പറ്റി വിചാരണ നടത്തുന്നത്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ അഷ്ടാംഗയോഗത്തെ അവിടെ പരിചയപ്പെടുത്തുന്നു. അവയുടെ അഭ്യാസമാണ് യഥാർഥ അഭ്യാസം. യമങ്ങൾ, അഞ്ചെണ്ണം - അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം. ഒരു ആരുരുക്ഷു (യോഗയിൽ കയറാൻ, പ്രവേശിക്കാൻ ആഗ്രഹിക്കുന്നവൻ) ഈ അഞ്ചും അഭ്യസിക്കണം. അവരുടെ സാമൂഹ്യമായ പെരുമാറ്റം ഇതിനനുസൃതമാവണം ഇവ വിസ്തരിക്കാൻ ഇവിടെ ഉദ്ദേശമില്ല.പക്ഷെ 5 യമവും 5 നിയമവും അടക്കം എട്ടംഗങ്ങളെയും അഭ്യസിച്ചാൽ മാത്രമേ ജീവിതത്തിൽ നിരന്തരം പ്രാവർത്തികമാക്കിയാൽ മാത്രമേ കയറിപ്പോകാൻ പറ്റൂ.

പ്രപത്തിയോഗമെന്നൊരു സമ്പ്രദായമുണ്ട് എന്തിനേയും സമർപ്പണബുദ്ധിയോടെ ചെയ്യുക എന്നു താല്പര്യം ഈശ്വരൻ എനിക്ക് എല്ലാം അനുകൂലമാക്കിത്തരും, ദോഷം വരുത്തില്ല, എന്നെ രക്ഷിക്കും എന്ന വിശ്വാസം പ്രപത്തിയോഗത്തിന്റെ ഭാഗമാണ്. എന്നുവെച്ച് മടിപിടിച്ചിരക്കലല്ല, അഭ്യാസം ചെയ്യുമ്പോൾ മനസ്സ് ഈശ്വരാർപ്പിതമാവണമെന്നു മാത്രം.

വ്യാസൻ തന്റെ ഭാഷ്യത്തിൽ ചിത്തത്തെ നദിയായി കാണിച്ചിരിക്കുന്നു അത് ഒഴുകിക്കൊണ്ടിരിക്കും അത് രണ്ടായി പിരിയുന്ന സന്ദർഭമുണ്ടാവും. ചിത്തം കൊണ്ട് മുക്തനാകാനും ബദ്ധനാകാനും സാധിക്കുമെന്നു താല്പര്യം. ഇവിടെയാണ് വൈരാഗ്യത്തിന്റെ പ്രാധാന്യം 'വിഗത:രാഗ:വൈരാഗ്യം' എന്നു ശാസ്ത്രം. രാഗമില്ലായ്മയാണ് വൈരാഗ്യം. വൈരാഗ്യം എന്നാൽ ദേഷ്യം പക എന്നൊക്കെ മലയാളത്തിൽ അർഥമുണ്ട്. അതുമായി ഈ വൈരാഗ്യത്തിന് ഒരു ബന്ധവുമില്ല സുഖത്തോടുള്ള ഒട്ടലാണ് രാഗം. അതില്ലാതാവലാണ് വൈരാഗ്യം. വിവേകത്തോടെയുള്ള ജ്ഞാനമാർഗ്ഗത്തിലുള്ള സഞ്ചാരമാണ് വൈരാഗ്യമുണ്ടാക്കിത്തരിക.

ചിത്തനദി വിഷയസുഖത്തിന്റെ വഴിയിലൂടെ, രാഗത്തിന്റെ മാർഗത്തിലൂടെ അവിവേകത്തിലൂടെ തിരിഞ്ഞാൽ അജ്ഞാനാവൃതമായ സംസാരസാഗരത്തിൽ ചെന്നു പതിക്കും. ഈ മാർഗം കുറച്ചു എളു

പ്പമാണ്. അഭ്യാസത്തിന്റെ ആവശ്യമില്ല. എന്നാൽ പുർവാർജിത സൽകർമ്മഫലമായി അത് വിവേകത്തിന്റെ മാർഗത്തിലൂടെ, വൈരാഗ്യത്തിന്റെ സഹായത്തോടെ തിരിഞ്ഞാൽ അത് വിഷയതാല്പര്യത്തെ വരട്ടിക്കളയും. മംഗളകരമായ മോക്ഷപാതയിലേക്കു തിരിയും. വൈരാഗ്യം നിലനിൽക്കാൻ അഭ്യാസം ചെയ്തുകൊണ്ടിരിക്കണമെന്നു മാത്രം. സാധാരണ സുഖവസ്തുക്കളിൽ മാത്രമല്ല വിരസത അഥവാ വൈരാഗ്യം വേണ്ടത്. യോഗയിൽ നിന്നു തന്നെ ഉയർന്നു വരുന്ന സിദ്ധികളിലും രാഗം പാടില്ല. അതിലും വൈരാഗ്യം വേണം. അതിന് അഭ്യാസം വേണം. ഒരു തരത്തിൽ അഭ്യാസം വിജയിച്ചോ എന്നറിയാൻ ഒരുവന്റെ വൈരാഗ്യത്തിന്റെ അളവുനോക്കിയാൽ മതി എന്നു വേണമെങ്കിൽ പറയാം.

വൈരാഗ്യം വിധ്വംസകവും അഭ്യാസം വിധായകവുമാണ്. എന്നു പറഞ്ഞാൽ? വയലിലെ പുല്ലു പറിച്ചുകളയുന്നത് വിധ്വംസകമാണ്. അതിൽ വിത്തു വിതക്കുന്നത് വിധായകവും. മാങ്ങയിൽ മധുരമുണ്ട്. അത് മാങ്ങയുടെതല്ല, നമ്മുടെ ആത്മാവിന്റെ മാധുര്യം അതിലേക്ക് സന്നിവേശിപ്പിച്ചതാണെന്നറിഞ്ഞ് അകത്തെ മാധുര്യത്തെ ആസ്വദിക്കാൻ പഠിക്കുകയും വെറും ബാഹ്യവസ്തുക്കൾക്ക് തനതായ മാധുര്യമില്ലെന്നറിഞ്ഞ് അവയെ ത്യജിക്കാൻ പഠിക്കുകയും ചെയ്യുന്നതാണ് വൈരാഗ്യം. ഇത്തരം നല്ലകാര്യങ്ങളെ വീണ്ടും വീണ്ടും ചിന്തിക്കുന്നത് അഭ്യാസവും●

# 2017 ഒക്ടോബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**മാലതി അമ്മ പണിക്കത്ത്**
L/0424, ശോഭാ വിഹാർ
കാരക്കാട്ട് റോഡ്, കൊച്ചി-682016



**മാലതി അമ്മ എം.**
L/1623, തെക്കേ മാറായിൽ (H)
ചിറ്റൂർ റോഡ്, കൊച്ചി 682011.



**ഡോ. തങ്കം എസ്. നായർ**
L/0874, സുകൃതം, 39/875 എ
മാണിക്കത്ത് ക്രോസ്സ് റോഡ്
രവിപുരം, കൊച്ചി 682016.



**അരവിന്ദാക്ഷൻ പി.**
L/2062, എൽ 3, ജവഹർ എമറാൾഡ്
സുഭാഷ് ചന്ദ്രബോസ് റോഡ്
കടവന്ത്ര, കൊച്ചി 682020



**കേണൽ എ.സി.മേനോൻ**
L/0762, ഡി 3, മുല്ലോത്ത് അമ്പാടി
എൻക്ലേവ്, അമ്പാടി ലെയിൻ
ചിറ്റൂർ റോഡ്, കൊച്ചി 682011

**ലതിക എ**
L/4941, ആരവള്ളിൽ
39/2810, വാരിയം റോഡ്
കൊച്ചി 682016.

വൃശ്ചികം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

# മാസഫലം

**2017 നവംബർ 16 മുതൽ ഡിസംബർ15 വരെ**

Tel : TDM -2361160,
Mob : 9447696190, 9447354306

**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** ഭൂമി വാങ്ങുവാനും ഭൂമിയുമായി ബന്ധപ്പെട്ട ഇടപാടുകളിൽ സാമ്പത്തിക നേട്ടമുണ്ടാകുവാനും അവസരം വന്നു ചേരും. ധനപരമായി കാലം മോശമാവില്ല. കുടുംബത്തിലെ നാഗദൈവങ്ങൾക്ക് ആചാരപൂർവമുള്ള വഴിപാടുകൾ നടത്തേണ്ടതാണ്. സ്നേഹബന്ധങ്ങൾ മനോദുരിതത്തിനും ധനനഷ്ടത്തിനും ഇടയാക്കും. ദേവീ മാഹാത്മ്യം വായിക്കുന്നതും ദേവീ ധ്യാനവും ദോഷങ്ങൾ കുറയ്ക്കും.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** രോഗദുരിതങ്ങൾക്ക് ശമനം കിട്ടും. കായിക കലാവിനോദങ്ങളിൽ ഏർപ്പെട്ടു വിജയിക്കും. സന്തോഷത്തിലിരുന്ന സ്നേഹബന്ധങ്ങൾ പെട്ടെന്ന് വേർപെട്ടു പോകാം. മനസ്വസ്ഥത കുറയും, സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അപമാനത്തിനും, അപവാദത്തിനും വകയുണ്ട്. ലളിത സഹസ്രനാമം ജപിക്കുക. ശനീശ്വര സ്തോത്രത്താൽ അർച്ചന നടത്തുക.



